KOTTAYAM PUBLIC LIBRARY
MP3
Call No. ANN-H Acc. No. 71051
Author അന്നി ജോസഫ്
Title ഹണി

17861

KOTTAYAM PUBLIC LIBRARY ★ KOTTAYAM.

# ഫണി

DISTRIBUTING LIBRARY
No. ..................
KOTTAYAM

ആനി ജോസഫ്

MALAYALAM

# HANI

NOVEL

Annie Joseph

First Impression 1000 Copies

May 1971

Rights Reserved by the Publishers

**Sree Narasimha Vilasom Book Depot,**
**Thuravoor**

Printed at

Sree Venkatesha Printers, Thuravoor

4-00

# ഹണി

79059

നോവൽ

~~17861~~

ആനി ജോസഫ്

DISTRIBUTING LIBRARY
No. ...... ......
KOTTAYAM

9969

ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ
തുറവൂർ. കേരളം.
4-00

## ആനിയുടെ കൃതികൾ

* ചിരിക്കുന്ന ചെന്നായ്
* മരണപേടകം
* മൂന്നു കോളേജുകുമാരികളുടെ കഥ

ഹണി

MF3

MF3
ANN-H

79059

* സ്കൂൾ ലൈബ്രറികളുടെ ഉപയോഗത്തിനായി
കേരളാ ഗവൺമെൻറ് അംഗീകരിച്ചത്.

KOTTAYAM PUBLIC LIBRARY * KOTTAYAM.

# 1

മെഡിക്കൽകോളേജാസ്പത്രിയിലെ ഒരു ക്ലാക്കാണു് ഹണി. ചില ദിവസങ്ങളിൽ വളരെ വൈകിയിട്ടേ അവൾക്കു് അവിടെനിന്നു പോകുവാൻ കഴിയുമായിരുന്നുള്ളൂ. അവൾക്കു് പലതും എഴുതുവാനും ടൈപ്പുചെയ്യുവാനും ഉണ്ടാകും. ഡോക്ടർ നോബിൾ ആയിരുന്നു അവിടത്തെ പ്രധാന ശസ്ത്രക്രിയാവിദഗ്ദ്ധൻ. അദ്ദേഹം അന്നു് വളരെ നേരത്തേ വീട്ടിൽ പോകുവാൻ അവൾക്കു് അനുവാദം നൽകി.

അവൾ നന്ദിപറഞ്ഞുകൊണ്ടു് തിരിഞ്ഞുനടന്നു. ആ ചീഫ്സർജ്ജൻെറ മുഖത്തു പ്രത്യക്ഷപ്പെട്ട നേരിയ പുഞ്ചിരി അവൾ കാണുകയുണ്ടായില്ല.

ചവിട്ടുപടികൾ ഇറങ്ങുമ്പോൾ അവൾ കൌസല്ല്യയെ കണ്ടു. ചീഫ്സർജ്ജൻെറ നഴ്സ്. "എനിക്കു ഇന്നു നേരത്തേ പോകുവാൻ അനുവാദം കിട്ടി. ഞാൻ വളരെ സന്തോഷിക്കുന്നു."

"അതിനു നീ എനിയ്ക്കാണു് നന്ദി പറയേണ്ടതു കുട്ടീ. നീ വില്ല്യിയുടെകൂടെ സിനിമാ കാണുവാൻ പോകുന്നതായി ഞാൻ അദ്ദേഹത്തെ അറിയിച്ചു."

"എന്തു്? അദ്ദേഹം വില്ലിയെ അറിയുകപോലുമി ല്ലല്ലോ."

"ഇല്ല, ഞാനും അറിയില്ല. പക്ഷേ, നിൻെറ കണ്ണുകളിൽ ഈയിടെ കാണാറുള്ള ഒരു പ്രത്യേക പ്രകാശംകൊണ്ടാണു് ഞാൻ മനസ്സിലാക്കിയതു്. ആ വിവരം ഞാൻ ഡോക്ടറദ്ദേഹത്തോടു പറഞ്ഞു. ഞങ്ങളും യൌവനം കടന്നുവന്നവരാണു കുട്ടീ." അവളുടെ പൂങ്കവിളിൽ നുള്ളിക്കൊണ്ടു് ആ മദ്ധ്യവയസ്ക പറഞ്ഞു. "വേഗം പൊല്ലു, നിന്നെ കാത്തു് അയാൾ അക്ഷമനായി നില്ക്കുയായിരിക്കും."

ഹെന്നി ആസ്പത്രിയുടെ വളപ്പിൽ ഒരു കോണിൽ കിടന്ന തൻെറ ചെറിയ കാറിൽ കയറി. അവൾ പുഞ്ചിരിയോടുകൂടി തിരിഞ്ഞു് ആസ്പത്രിയെ ഒന്നു വീക്ഷിച്ചു. കാർ സ്റ്റാർട്ടുചെയ്തു അവളുടെ കൈകാൾ പ്രവൎത്തനനിരതമായതുപോലെ ഹൃദയവും ചലിച്ചുകൊണ്ടിരുന്നു.

തൻെറ സഹോദരനായ പീററിൻെറകൂടെയാണു് ആദ്യം വില്ലി അവരുടെ ഗൃഹത്തിൽ വന്നതു്. "പാലക്കാട്ടുകാരനായ എൻെറ ഒരു സ്നേഹിതൻ" പീററർ അയാളെ അമ്മയ്ക്കും സഹോദരിയ്ക്കും പരിചയപ്പെടുത്തി. പ്രഥമദർശനത്തിൽതന്നെ അവൾ അയാളെ ഇഷ്ടപ്പെട്ടു. എന്താണയാൾക്കുള്ള പ്രത്യേകത? ഒന്നുകിൽ അയാളുടെ മുഴങ്ങുന്ന ശബ്ദമാവാം. അയാൾ അത്രയ്ക്കു വലിയ സുന്ദരനല്ല. നീണ്ട നാസികയും കറുത്തുതടിച്ച പുരികങ്ങളും അയാൾക്കുണ്ടു്. അയാളുടെ മന്ദഹാസ

തിന്നും എന്തോ ഒരു പ്രത്യേകത അവൾക്കു തോന്നി. ഫണി അയാളിൽ ആകൃഷ്ടയായി.

"അയാളുടെ ജോലിയെന്തു്?" അവൾ ചേട്ടനോടു് ആരാഞ്ഞു.

"എണ്ണഗവേഷകൻ." അയാൾ അത്ര വലിയ താല്പര്യത്തോടുകൂടിയല്ല അങ്ങനെ പറഞ്ഞതു്. തന്റെ സഹോദരനു് ഒരു ഉദ്യോഗം നൽകിയിരിക്കുന്നതും ആ മനുഷ്യനാണു്.

വില്ലിയും ഫണിയും അവരുടെ സ്വീകരണമുറിയിൽ ഇരിക്കയാണു്. ആ അവസരത്തിൽ അവളുടെയും മാതാവിന്റെയും കൃതജ്ഞത പ്രകടിപ്പിക്കുവാൻ അവൾ ശ്രമിച്ചു. "ചേട്ടന്റെ കാര്യത്തിൽ നിങ്ങൾ ചെയ്തതു് വലിയ ഒരു ഉപകാരമാണു്. ഒരുതരത്തിലും ഒരു പ്രയോജനവുമില്ലാത്ത വിധത്തിലായിരുന്നു യുദ്ധാനന്തരമുള്ള ചേട്ടന്റെ ജീവിതം. ഞാനും അമ്മയും വളരെ വിഷമിക്കയായിരുന്നു."

"പീററിനു ലഭിച്ചിരിക്കുന്നതു് നല്ല ഒരു ജോലിയല്ല. ജോലിക്കാരുടെ ഒരു മേൽനോട്ടം മാത്രമാണു്." അയാൾ അവരുടെ ജോലി വിവരിച്ചു പറഞ്ഞുകേൾപ്പിച്ചു. അയാളുടെ ജോലിക്കാർ പുറമ്പോക്കുഭൂമികളിലും ചതുപ്പുനിലങ്ങളിലും പ്രവർത്തനത്തിലേർപ്പെടുന്നു. വെടിമരുന്നിനു തീ കൊടുക്കുക, ശബ്ദതരംഗങ്ങൾ അതിന്റെ പ്രത്യേക യന്ത്രം ഉപയോഗിച്ചു പിടിച്ചെടുക്കുക, എണ്ണ എവിടെനിന്നാണു് ഖനനം ചെയ്യുവാൻ

സാധിക്കുക എന്നു മനസ്സിലാക്കുക മുതലായവയാണു് അവരുടെ ജോലികൾ.

"പീറററിനു ഞാൻ ഒരു ഉപകാരം ചെയ്തു എന്നു പറയുന്നതിലും ഭേദം അയാൾ എനിക്കു് ഉപകരിച്ചു എന്നുള്ളതാണു്." വില്ലിയുടെ കറുത്ത നയനങ്ങൾ അവളുടെ നയനങ്ങളിൽ തറച്ചു.

ഒഴിവുദിവസങ്ങളായ ശനിയും ഞായറും വില്ലി അവളുടെ ഗൃഹത്തിൽ കഴിഞ്ഞുകൂടി. പിറെറ ആഴ്ചയും അയാൾ അവിടെയെത്തി. അയാൾ അവളിൽ അനുരക്തനാണെന്നു മനസ്സിലാക്കുവാൻ അധികം കാലതാമസമുണ്ടായില്ല. ഒരു ദിവസം അവളുടെ ഇരുകരങ്ങളും ഗ്രഹിച്ചുകൊണ്ടു് അയാൾ പറഞ്ഞു: "ഹണീ, ഞാൻ നാട്ടിലേയ്ക്കു പോവുകയാണു്. ജോലിക്കാരുടെ കൂടെ ഞാൻ വരികയില്ല. ഞാൻ നേരേ വന്നു നിന്നെ കണ്ടുകൊള്ളാം."

അതെ, അവളുടെ കാമുകൻ അന്നുവരും...ഒന്നോ രണ്ടോ മണിക്കൂറിനകം അയാൾ വന്നെത്തും. അവളുടെ ഹൃദയസ്ഥിതി അവൾക്കറിയാം. എന്നാൽ പരഹൃദയജ്ഞാനം അവൾക്കില്ല.

## 2

എണ്ണ കുഴിച്ചെടുക്കുന്ന ഒരു പട്ടണമായിരുന്ന കാലത്തു് അവളുടെ പിതാവു് പണികഴിപ്പിച്ചതാണു് ആ ഭവനം. ഗേററു് കടന്നാൽ ഗൃഹത്തിൻെറ പൂമുഖത്തിനു സമീപംവരെ കാറു ചെല്ലുവാൻ തക്കവണ്ണം ഒരു പാത നിർമ്മിച്ചിരുന്നു. അവൾ മന്ദം കാർ ഗേററിനുള്ളിലേയ്ക്കു കടത്തി.

"മകളെ, വില്ലി ഫോണിൽ വിളിച്ചിരുന്നു. അയാൾ ഇപ്പോൾ വരും." ഹണിയുടെ ഹൃദയം ആഹ്ലാദനിർഭരമായി. അവൾ അമ്മയുടെ കണ്ണുകളിലേയ്ക്കു് ഉററുനോക്കി. തൻെറ കണ്ണുകൾപോലെതന്നെയുള്ള നയനങ്ങൾ. തൻെറ സുഖത്തിനും സന്തോഷത്തിനും മാത്രം ആഗ്രഹിക്കുന്ന അമ്മ.

പിതാവിൻ്റെ അകാലനിര്യാണത്തിനുശേഷം ഒരു ഏകാന്തത ആ നയനങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അവൾ അമ്മയെ കെട്ടിപ്പിടിച്ചു് ആ കവിൾത്തടങ്ങളിൽ ചുംബിച്ചു.

"അമ്മെ, ചേട്ടനും വരുന്നുണ്ടോ?"

"ഉവ്വ്", അവനും വരുമെന്നാണു പറഞ്ഞിരിക്കുന്നതു്." ആ മാതാവിൻെറ നേത്രങ്ങൾ പ്രകാശിതങ്ങളായി. "വില്ലിയും ഭക്ഷണത്തിനു വന്നിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ എപ്പോഴും നമ്മുടെകൂടെ ഭക്ഷണം കഴിക്കുന്നതു ശരിയല്ലെന്നു കരുതിയായിരിക്കാം അയാൾ വരാത്തതു്. പീററിനു് അയാൾ ചെയ്തിരിക്കുന്ന ഉപകാരമോക്കുമ്പോൾ അതൊരു ബുദ്ധിമുട്ടല്ല."

ഹണി അമ്മയുടെ തോളിൽ സ്നേഹപൂർവ്വം തൻ്റെ കൈകൾ അർപ്പിച്ചു. അവൾ അടുക്കളയിലേയ്ക്കു ചെന്നു. കമല പാചകവൃത്തിയിൽ ഏർപ്പെട്ടിരുന്നു. ഹണിയുടെ സമവയസ്കയായ ആ പെൺകുട്ടി ഒരു ഹരിജനബാലികയായിരുന്നു. ഹണിയുടെ മാതാവും ആ അനാഥബാലികയെ അതിയായി സ്നേഹിച്ചിരുന്നു.

"കുളിമുറിയിൽ ചൂടുവെള്ളം തയ്യാറാക്കിവെച്ചിട്ടുണ്ട്." കമല പുഞ്ചിരിയോടെ അവളോടു പറഞ്ഞു.

കമലയുടെ തോളിൽ കരം അമർത്തി സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് അവൾ മുകളിലേയ്ക്കു കയറിപ്പോയി. അവളുടെ മുറിയിലെ ജാലകത്തിൽക്കൂടി നോക്കിയാൽ പൂന്തോട്ടം കാണാം. അവളുടെ ജനനിയുടെ ആശാകേന്ദ്രമായിരുന്നു ആ പൂന്തോപ്പ്. പലതരം റോസാപുഷ്പങ്ങൾ പരിമളസൗരഭ്യം വിതറിക്കൊണ്ട് നിരന്നുനിന്നിരുന്നു. പിച്ചി, മുല്ല മുതലായ നിരവധി ചെടികൾ അവിടെ കാണാം. അവളുടെ അമ്മ നട്ടുപിടിപ്പിച്ച ഒരു തേന്മാവ് നിറയെ പൂക്കുലകളുമായി ഒരു ഭാഗത്തു നില്ക്കുന്നു. ആ തോട്ടത്തിൽവെച്ചാണ് ഫണി ആദ്യമായി അവളുടെ കാമുകനെ ദർശിച്ചത്.

തന്റെ ഹൃദയചോരൻ ഇപ്പോൾ വരുന്നുണ്ടാകും. അവളുടെ ഹൃദയം ആനന്ദഭരിതമായി. ഭിത്തിയിൽ തൂക്കിയിരുന്ന വലിയ നിലക്കണ്ണാടിയിൽ അവൾ തന്റെ രൂപം നോക്കി. അവളുടെ നയനങ്ങൾ വികസിതങ്ങളായി; അധരങ്ങൾ വിടർന്നു. ജീവിക്കുന്നതു് എത്ര ആനന്ദകരമാണ്. അവൾ ജീവിതത്തിൽ എപ്പോഴെങ്കിലും ഇത്രയും ആനന്ദം അനുഭവിച്ചിട്ടുണ്ടോ? അതാ കേൾക്കുന്നു താഴത്തെ നിലയിൽ അമ്മയുടെ ഏകാന്തമായ കാലടിശബ്ദം. അമ്മ വാതുക്കൽ മകനെ പ്രതീക്ഷിച്ച് കൂടക്കൂടെ നോക്കുകയാണ്. ഫണിയുടെ ആനന്ദം മങ്ങി. ആഹ്ലാദതിരത്തള്ളലിലും വിഷമപ്രശ്നം!

കൊല്ലങ്ങളം തന്നെ പലതായി തൻെറ അമ്മ ആ ഗൃഹത്തിൽ ഏകയായി താമസിക്കുവാൻ തുടങ്ങിയിട്ട്.

ഫണി കുളിയും വസ്ത്രധാരണവും കഴിഞ്ഞു താഴത്തെ നിലയിൽ വന്നപ്പോൾ പീററർ വന്നിട്ടുണ്ടായിരുന്നു. അമ്മയും മകനും തമ്മിൽ എന്തോ കാര്യത്തെപ്പററി ഗൌരവമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

"എന്താ ഫണീ?" അയാളുടെ മുഖത്ത് സ്വാഭാവികമായി കാണാറുള്ള ഗൌരവഭാവത്തിൽ സഹോദരിയോടും കുശലാന്വേഷണം ചെയ്തു.

"അമ്മെ, ഞാൻ വന്നതു് ആ കാര്യത്തിനാണെന്നു പറഞ്ഞല്ലൊ. ഇനിയും അതിൽ വല്ലതും എവിടെയെങ്കിലും കാണുമോ?'' അയാൾ ചോദിച്ചു.

"ഉണ്ടു മകനെ. നിലവറയിൽ കാണണം. വരൂ, നമുക്കു നോക്കാം.'' അമ്മ മുൻപേ നടന്നു. മകൻ അവരെ പിൻതുടൎന്നു അടുക്കളയുടെ സമീപംവരെ ഫണിയും അവരെ അനുഗമിച്ചു.

''നിലവറയിൽ അവർ എന്താണന്വേഷിക്കുന്നതു് കമലെ?'' അവൾ പരിചാരികയോടന്വേഷിച്ചു.

"ചേട്ടൻെറ പെയിൻറിംഗുപെട്ടി. അതിനുവേണ്ടിയാണു വന്നിരിക്കുന്നതു്. ആ പട്ടണത്തിൽ എന്തോ വരയ്ക്കുവാൻ പോകയാണെന്നു പറയണതു കേട്ടു."

"ഓ, വാസ്തവമോ?'' ഫണിയും കമലയും ആനന്ദമോദനസൂചകമായി പുഞ്ചിരിതൂകി. യുദ്ധത്തിനു മുൻപ് പീററർ ഒരു ചിത്രകാരനായി ഉയൎന്നുവരികയായി

രുന്നു. എന്നാൽ യുദ്ധാനന്തരം പെയിൻറിംഗുബ്രഷ് കൈകൊണ്ടു തൊടുകപോലും ചെയ്തിട്ടില്ല. അടക്കളത്തിൽ നേരിടേണ്ടിവന്ന തിക്താനുഭവങ്ങൾ അയാളെ ആകെ തകർത്തുകളഞ്ഞിരുന്നു. ഒരു പുതിയ മനുഷ്യനായിത്തീർന്നിരുന്നു പീററർ. എന്തോ ഒരു മാനസികപരിവർത്തനം ഉണ്ടായതിൻെറ ലക്ഷ്യമായിരുന്നു ഇപ്പോൾ പെയിൻറിംഗുസാധനങ്ങൾ അന്വേഷിച്ചുവന്നിരിക്കുന്നതു്.

സഹോദരനും മാതാവും നിലവറയിൽനിന്നു പുറത്തുവന്നു. ഛായാഗ്രഹണോപാധികൾ അടങ്ങിയ പെട്ടി പീറററിൻെറ കയ്യിൽ കണ്ടു.

"എന്താ, ചേട്ടൻ ആ സ്ഥലത്തിൻെറ രൂപഭംഗി വരയ്ക്കുവാൻ പോകയാണോ?" ഹണി ചോദിച്ചു.

"അല്ല, ഞാൻ ഒരാളെ വരയ്ക്കുവാൻ പോകയാണു്."

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഹണിയും മാതാവു് മാഗ്ഗററും അയാളോടു വിശേഷിച്ചൊന്നും ചോദിച്ചില്ല. പീററർ സ്വയം തൻെറ ജോലിയെപ്പററി ഓരോന്നു പറഞ്ഞു തുടങ്ങി:

"അമ്മേ, ഈ ജോലി എനിക്കിഷ്ടപ്പെട്ടു. ചതുപ്പുനിലങ്ങളിലും മററും ഇറങ്ങിനടക്കുന്നതു വളരെ ക്ലേശകരമാണു്. എന്നാലും ആ ഗ്രാമം വളരെ ഭംഗിയുള്ളതാണു്. അവിടത്തെ ആളുകളും നല്ലവരാണു്."

അയാളുടെ നയനങ്ങൾ ആർദ്രങ്ങളായി. കൂടുതൽ താല്പര്യത്തോടെ പറഞ്ഞുതുടങ്ങി. "വാസ്തവം പറക

കയാണെങ്കിൽ ഞാൻ അവരിൽ ചിലരുടെ കൂടെയാ താമസിക്കുന്നതു്. ഒരു വൃദ്ധയും അവരുടെ ദൗഹിത്രിയും. പട്ടണത്തിൽനിന്നും കുറച്ചകലെ അവക്കു കുറെ കൃഷിഭൂമിയുണ്ടു്. അതിനു സമീപമാണു ഞങ്ങളുടെ ജോലിക്കാരും. ചതുപ്പുനിലങ്ങളാണു കൂടുതൽ. ഒഴിവുള്ള സമയം ചിലപ്പോൾ കൃഷികാര്യങ്ങൾക്കായി ഞാൻ അവരെ സഹായിക്കാറുണ്ടു്."

അമ്മയും മകളും മകൻ കാണാതെ പരസ്പരം നോക്കി. പീറററിൻെറ സ്വഭാവത്തിൽ വന്നിരിക്കുന്ന മാററം! ആ ഗ്രാമവാസികളെ അയാൾ ഇഷ്ടപ്പെടുന്നു. വില്ലി കാരണമാണു് ഇതെല്ലാം സംഭവിച്ചിരിക്കുന്നതു്. അതു് ഒരു കടപ്പാടായി പീററർ കരുതുന്നുമുണ്ടു്. പീററർ സഹോദരിയെ നോക്കി ചിരിച്ചുകൊണ്ടു പറഞ്ഞു: വില്ലിയുടെ നില വളരെ ഉയന്നതാണു്. എനിക്കു വേണ്ടതെല്ലാം അയാൾ ചെയ്യുന്നുണ്ടു്. യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ അയാൾ എങ്ങനെയായിരുന്നു എന്നു് എനിക്കറിയാം. ഞാൻ ബഹുമാനിച്ചിരുന്ന ഒരേഒരു മേലുദ്യോഗസ്ഥൻ!''

## 3

പുറത്തു മണിയടിച്ചു. ഫണി ചാടിയെണീററു. "അദ്ദേഹമായിരിക്കും." വാതിൽ തുറക്കുവാനായി അവൾ നടകൊണ്ടു. അതാ ആ വലിയ മനുഷ്യൻ വാതു

കൽ നില്ക്കുന്നു. അയാളുടെ കറുത്ത നയനങ്ങൾ അവളുടെ നയനങ്ങളോടിണഞ്ഞു.

"എൻെറ സന്ദേശം ലഭിച്ചിരിക്കുമല്ലോ, ഫണി?"

"ഉവ്വ്. അമ്മയും ചേട്ടനും ഉണ്ണുകയാണു്. അകത്തു വന്നാലും."

അവളെ പിൻതുടൎന്നു് അയാൾ ഭക്ഷണമുറിയിലെത്തി. പീററർ ചിരിച്ചുകൊണ്ടു് എണീററു.

"ഹാ! വില്ലി വന്നോ? ഞങ്ങൾ നിങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. പീററർ അവൻെറ ജോലി ഇഷ്ടപ്പെടുന്നതായി പറഞ്ഞു."

"പീററർ നല്ലവണ്ണം ജോലി ചെയ്യുന്നുണ്ടു്. എല്ലാവരും അയാളെ ഇഷ്ടപ്പെടുന്നു. പീറററിൻെറ തൂക്കവും ഒന്നുരണ്ടു റാത്തൽ കൂടിയിട്ടുണ്ടെന്നു ഞാൻ കരുതുന്നു."

പീറററിനെക്കാൾ അല്പംകൂടി ഉയരമുണ്ടു് വില്ലിക്കു്. ചിരിച്ചുകൊണ്ടുനിന്ന വില്ലിയെ ഫണി നിന്നിമേഷയായി നോക്കിനിന്നു. അയാളിൽ എന്തോ കാന്തശക്തിയുണ്ടു്. മുറിയ്ക്കുതന്നെ ഒരു വ്യത്യാസം. ശക്തിയും ശാന്തിയും അയാളിൽനിന്നു നിർഗ്ഗമിക്കുന്നതായി അവൾക്കു തോന്നി.

"ഞങ്ങളുടെകൂടെ എന്തെങ്കിലും അല്പം ഭക്ഷണം കഴിക്കണം." ഫണിയുടെ മാതാവു് ആഗതനെ ക്ഷണിച്ചു.

"വേണ്ട അമ്മെ, ഞാൻ ഇപ്പോൾ ഹോട്ടലിൽനി

ന്നും ഭക്ഷണം കഴിച്ചതേയുള്ളൂ. ഹെണിയുടെ ഊണു കഴിയുന്നതുവരെ ഞാൻ കാത്തിരിക്കാം.''

"ഞാൻ ഭക്ഷണം കഴിച്ചു. ഞാൻ വില്ലിയുടെകൂടെ പുറത്തു പോകട്ടെ, അമ്മെ. വേഗം വരാം. ചേട്ടൻ ഇപ്പോൾ പോകയില്ലല്ലൊ?"

"ഞാനും ഇപ്പോൾതന്നെ പോകും." പീററർ ഉത്തരമേകി.

അമ്മയുടെ കവിളിൽ ചുംബിച്ചശേഷം ഹെണി വില്ലിയുടെ കൂടെയിറങ്ങി. കാറിൽ കയറിയപ്പോൾ വില്ലി അവളുടെ മുഖത്തെ ഭാവരസം സൂക്ഷിച്ചുനോക്കി. "അമ്മയെപ്പററി പീററിന് ഒരു ചിന്തയുമില്ലെന്നു തോന്നുന്നുണ്ടോ?"

"ഓ, ഇന്നു രാത്രിയെങ്കിലും ചേട്ടന് ഇവിടെ താമസിക്കാമായിരുന്നു. ഈയിടെ ചേട്ടനെ വളരെ അപൂർവ്വമായാണു അമ്മ കാണുന്നതു്. ചേട്ടനു് എന്തോ ഒരു പരിവത്തനം വന്നിട്ടുള്ളതിൽ അമ്മ സന്തോഷിക്കുന്നു. അതുകൊണ്ടു സാരമില്ല."

"നാം തമ്മിൽ കണ്ടിട്ടു വളരെ നാളായപോലെ തോന്നുന്നു, ഹെണി. നാം ഒരുമിച്ചുള്ള സമയം ഒരു മിനിട്ടുപോലെയും കടന്നുപോകുന്നു.''

വില്ലി മന്ദം കാറോടിച്ചു. പിന്നിലെ സീററിൽ ഇരുന്നിരുന്ന ഹെണിയുടെ തലമുടി കാററിൽ പാറിപ്പറന്നു.

അവരുടെ മദ്ധ്യത്തിൽ നിശ്ശബ്ദത കളിയാടി. വാക്കുകൾക്കതീതമായ വിധത്തിൽ അവരുടെ ഹൃദയം

വികാരനിർഭരമായിരുന്നു. അവൾ കണ്ണുകളടച്ചു നിശ്ചലയായി ഇരുന്നു. അയാളുടെ കാറിന്റെ മണം അവൾക്കിഷ്ടമായിരുന്നു. എന്തോ ഒരു ആകർഷകത്വം അതിനുമുണ്ടു്. അയാളുടെ ചെറിയ ചലനങ്ങൾ അവൾക്കിഷ്ടമാണു്. സിഗററ വലിക്കുന്ന വിധം, തലമുടി കൈകൊണ്ടു തലോടുന്നതു് മുതലായവയ്ക്കു് ഒരു പ്രത്യേകത തോന്നി. ഇങ്ങനെ അയാളുടെ സമീപം ഇരുന്നു് എന്നും കാറോടിച്ചുപോയിരുന്നെങ്കിൽ!

കാർ ഒരരുവിയുടെ തീരത്തെത്തി. ഇരുവരും കാറിൽനിന്നിറങ്ങി. മനോജ്ഞമായ സ്ഥലം. പക്ഷികൾ കളകൂജനം പുറപ്പെടുവിച്ചുകൊണ്ടു് സ്വച്ഛന്ദം വിഹരിക്കുന്നതു് ദൃഷ്ടികളിൽപെട്ടു. ഹൃദയംതുറന്നു സംസാരിക്കാൻ പററിയ വിജനസ്ഥലം.

വില്ലി അവളുടെ കരം ഗ്രഹിച്ചു. അവൾ തന്റെ കമിതാവിനോടു ചേർന്നുനടന്നു. അവർ ആ അരുവിക്കരയിൽ ആററിലേയ്ക്കു ചാഞ്ഞുനിന്നിരുന്ന ഒരു മാവിന്റെ ശീതളച്ഛായയിൽ ഇരുന്നു. അവക്കു് പലതും പറയാനുണ്ടായിരുന്നു. വികാരനിർഭരമായിരുന്നു അവരുടെ ഹൃദയങ്ങൾ. അവളുടെ ഇരുകരങ്ങളും തന്റെ കൈത്തലത്തിൽ വെച്ചുകൊണ്ടു് അയാൾ ഏറെനേരം മൗനമായിരുന്നു.

"ഫണീ, എന്റെ ഹൃദയത്തിൽ ഇനി മററാക്കും സ്ഥാനമില്ല. നിനക്കതറിയാമല്ലോ.'' അയാൾ നിശ്ശബ്ദത ഭഞ്ജിച്ചുകൊണ്ടു പറഞ്ഞു.

"എനിക്കും അപ്രകാരംതന്നെ." ലജ്ജാവനമ്രമുഖിയായി ഫണി ഉത്തരം നൽകി.

"ഫണീ, നമ്മുടെ വിവാഹം ഉടനെ നടത്തണം. കാത്തിരിക്കുവാൻ എനിക്കു ക്ഷമയില്ല."

അവരം ചിന്താധീനയായി. പല ഉത്തരവാദിത്വങ്ങളും പ്രശ്നങ്ങളും അവരംക്കുണ്ടു്.

"ഒരു നാടോടിയുടെ വിവാഹാഭ്യർത്ഥനയാണു്. എൻെറ ജോലിക്കാർ ഇന്നു് ഇവിടെയാണെങ്കിൽ നാളെ മറെറാരു സ്ഥലത്തായിരിക്കും. അതോ, വിജനവും ശൂന്യവുമായ സ്ഥലങ്ങരം. നീ എൻെറകൂടെ ഉണ്ടായിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു, ഫണീ."

അവളുടെ നയനങ്ങരം കൂമ്പിയിരുന്നു. എന്തുകൊണ്ടു് അവരംക്കു സ്വതന്ത്രയായിക്കൂടാ? എല്ലാ ബന്ധങ്ങളും അറത്തുകളഞ്ഞു് അയാളുടെകൂടെ പോയാലൊ?

"ഞങ്ങരം ഇപ്പോരം താവളമടിച്ചിരിക്കുന്ന സ്ഥലത്തു് ഒരു ഗൃഹം കിട്ടുന്നതിനായി ഞാൻ വളരെ അന്വേഷിച്ചു. പക്ഷെ, ഹോട്ടലല്ലാതെ മറെറാന്നും കിട്ടാനില്ല. അവിടം നിനക്കു പററിയതായിരിക്കയില്ല."

"അങ്ങു താമസിക്കുന്നതു് എവിടെയായാലും അവിടെ താമസിക്കുന്നതാണു് എനിക്കിഷ്ടം."

"നിൻെറ സ്വരത്തിൽ എന്തോ ഒന്നു് അന്തർലീനമായിട്ടുണ്ടു്. അതെന്താണു ഫണീ?" അയാളുടെ കയ്യിലമർന്നിരുന്ന അവളുടെ മൃദുലകരം വിറയ്ക്കുന്നതായി തോന്നി. "നിൻെറ അമ്മയെപ്പററി ഓർത്തു വിഷമിക്കയാണോ? എനിക്കിപ്പോരം നല്ല ആദായം ലഭിച്ചുവരു

ന്നുണ്ടു്. അതുകൊണ്ടു് നീ ആ കാര്യത്തെപ്പററി വ്യാകുലപ്പെടേണ്ട.”

“അതുകൊണ്ടല്ല വില്ലി. എന്റെ അപ്പൻ അമ്മയ്ക്കു വേണ്ടിടത്തോളം സമ്പാദിച്ചുകൊടുത്തിട്ടുണ്ടു്. അപ്പന്റെ മരണാനന്തരം അമ്മ മിക്കവാറും ഏകാന്തജീവിതം നയിക്കുകയാണു്. അതിനെപ്പററി ഞാൻ വേദനപ്പെടുന്നു. എന്റെ ഹൃദയത്തിൽനിന്നു് അതു് നിഷ്കാസനം ചെയ്യുവാൻ സാധിക്കുന്നില്ല.”

“ഓമനെ, അമ്മ നമ്മുടെകൂടെ പോരികയില്ലെ?” അവളുടെ താടിക്കു പിടിച്ചു മുഖമുയർത്തി ആ നീലമിഴികളിലേയ്ക്കു നോക്കിക്കൊണ്ടു് അയാൾ ചോദിച്ചു.

“വില്ലി, അങ്ങു വളരെ ഉദാരനാണു്. പക്ഷെ... പക്ഷെ, എനിക്കു തോന്നുന്നില്ല.” കൈത്തലത്തിൽ മുഖാബ്ജമമർത്തിക്കൊണ്ടു് അവൾ മുരണ്ടു: “ഞാൻ അമ്മയോടു സംസാരിച്ചുനോക്കാം.”

## 4

അവൾ ഉണർന്നു് പ്രഭാതകൃത്യങ്ങളെല്ലാം കഴിഞ്ഞു് താഴത്തെനിലയിൽ വന്നപ്പോൾ അമ്മ പ്രാതൽ വിളമ്പുകയായിരുന്നു.

“ഇന്നു ശനിയാഴ്ചയല്ലെ ഹണി. അതുകൊണ്ടാണു ഞാൻ നിന്നെ ഉണർത്താതിരുന്നതു്.”

ഹണി ജാലകത്തിലൂടെ പുറത്തേയ്ക്കു നോക്കിനി

ല്പയാണ്. അവളുടെ മാതാവ് സ്നേഹിച്ചിരുന്ന തോട്ടത്തിലേയ്ക്കാണ് അവൾ നോക്കിയതു്. മുല്ലവള്ളികൾ പടർന്ന നികുഞ്ജത്തിലേയ്ക്കും അവൾ നോക്കി. മുല്ലപ്പൂക്കൾ നിറയെ വിടർന്നുനിന്നിരുന്നു. സായംകാലവേളകളിൽ തയ്യൽസാധനങ്ങളുമായി അമ്മ വിശ്രമിക്കാറുള്ളതും അവിടെയാണ്.

മാതാവിനെ ഉപദ്രവിക്കാമോ? താൻ എങ്ങനെ അവരെ ഉപദ്രവിക്കും? അവൾ ചിന്തിച്ചു.

അക്കാര്യം പറയുന്നതു ശരിയാണോ? ജീവിതം ഇങ്ങനെയായല്ലോ. ഭക്ഷണസമയത്തു് പല പ്രാവശ്യവും അവൾ അതു പറയുവാൻ ശ്രമിച്ചതാണ്. പക്ഷേ, നാവു പൊന്തിയില്ല. അമ്മയോടുകൂടി ചില ഗാർഹിക ജോലികളിൽ അവൾ വ്യാപൃതയായി. അപ്പോഴാണ് ഫോൺബെല്ലടിച്ചതു്. "ഞാൻ ചെല്ലാം അമ്മേ." അവൾ ഫോണിരിക്കുന്ന മുറിയിലേയ്ക്കോടി.

"ഹലൊ, ഹണീ. നീ ഇപ്പോഴും എന്നെ സ്നേഹിക്കുന്നുണ്ടോ?" ഫോണിൽകൂടി വില്ലിയുടെ മുഴങ്ങുന്ന സ്വരം അവൾ ശ്രവിച്ചു.

"ഓ, വില്ലീ, അങ്ങെവിടെയാണ്?"

"ഞാൻ ഒരു ഹോട്ടലിൽനിന്നാണ് ഫോൺചെയ്യുന്നതു്. നമുക്കു് ഈ പട്ടണത്തിന്റെ മദ്ധ്യത്തിലുള്ള ആ ഇടിഞ്ഞുപൊളിഞ്ഞ കോട്ട കാണുവാൻ പോയാലെന്താ? ആ സ്ഥലം നീ കണ്ടുകാണുകയില്ല."

"എനിക്കു വളരെ സന്തോഷംതന്നെ. ഇന്നത്തെ

ദിവസം നമുക്ക് അവിടെ ചെലവഴിക്കാം. ഉച്ചയ്ക്കുള്ള ആഹാരം ഞാൻ കൊണ്ടുവരാം.''

"കൊള്ളാം അരമണിക്കൂറിനുള്ളിൽ ഞാൻ അവിടെ എത്തുന്നതാണ്."

അവൾ അടുക്കളയിലേയ്ക്കു ചെന്നു. "അമ്മേ, വില്ലി എന്നെ ആ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന കോട്ട കാണുവാൻ വിളിക്കുന്നു. ഞാൻ പോകുന്നതു് അമ്മയ്ക്കിഷ്ടമാണോ?"

"പോകൂ മകളെ. നിൻെറ സന്തോഷമാണ് ഞാൻ ആഗ്രഹിക്കുന്നതു്. ആ 'പിക്‌നിക്' കൂടയിൽ അല്പം ചില ഭക്ഷണസാധനങ്ങളും എടുത്തുകൊള്ളൂ'' മകളിൽ പരിപൂർണ്ണ വിശ്വാസമർപ്പിച്ചിരുന്ന ആ മാതാവു പറഞ്ഞു.

അമ്മ അവളുടെ സഹായത്തിനെത്തി. ഹണി റൊട്ടിയിൽ വെണ്ണയും ജാമും പുരട്ടിയെടുത്തു. കുറെ പഴങ്ങളും കൂടയിൽ നിറച്ചു. അമ്മ ചൂടുകപ്പിയിൽ കാപ്പി പകൻ്റു മകളുടെ കയ്യിൽ കൊടുത്തു.

"ഹണീ, വില്ലിയും നീയും തമ്മിലുള്ള സ്നേഹം അത്രമാത്രം ഗാഢതയുള്ളതാണോ?"

ഹണി ഞെട്ടി. കയ്യിലിരുന്ന ഫ്ളാസ്ക് നിലത്തു വീണുപോകുമെന്നു തോന്നി. അമ്മ മേശയുടെ മറുഭാഗത്തുനിന്നും അവളുടെ സമീപത്തെത്തി. മകളുടെ ചുമലിൽ കരമർപ്പിച്ചുകൊണ്ടു് ഹണിയുടെ നയനങ്ങളിലേയ്ക്കു ശാന്തമെങ്കിലും തുളഞ്ഞുകയറുന്നവിധം നോക്കി.

"എൻെറ മകളെ എനിക്കറിയാം. ആ നിമിഷം

തന്നെ ഞാൻ എല്ലാം മനസ്സിലാക്കിയിട്ടുണ്ടു്. ഫണ്ണീ, എന്തുകൊണ്ടാണ് നീ ഇന്നു രാവിലെ ദുഃഖിതയായിരുന്നതു്? എന്നെപ്പററി ചിന്തിച്ചാണോ?" 79059

അമ്മയുടെ മുഖത്തേയ്ക്കു നോക്കുവാൻ അവൾക്കു കഴിഞ്ഞില്ല. "അമ്മെ, എന്തു പറയണമെന്നു് എനിക്കറിഞ്ഞുകൂടാ.''

"നിൻെറ ഹൃദയം നിനക്കറിഞ്ഞുകൂടെന്നോ?"

"അതെനിക്കറിയാം.'' അവളുടെ നയനങ്ങൾ വികസിതങ്ങളായി. അവൾ അമ്മയുടെ നേരെ നോക്കി. ''ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു. ഉടൻതന്നെ വിവാഹം നടത്തണമെന്നാണു് അദ്ദേഹം പറയുന്നതു്. എവിടെയ്ക്കെങ്കിലും ഞാൻ പോകേണ്ടിവരും. പല സ്ഥലങ്ങളിലായിരിക്കും. അമ്മകൂടെ ഞങ്ങളുടെകൂടെ വരണമെന്നു വില്ലി പറയുന്നു.''

മാർഗ്ഗററിൻെറ വിശാലമായ ഫാലപ്രദേശത്തു് രണ്ടു ചാലുകൾ കാണപ്പെട്ടു. ''അയാൾ ഉദാരനും ആലോചനയുള്ളവനുമാണു്. പക്ഷെ, ഇതു് എൻെറ വീടാണു്. ഞാൻ ഈ ഭവനവുമായി എന്തുമാത്രം ബന്ധപ്പെട്ടിട്ടുണ്ടെന്നു് നിനക്കറിയാമല്ലൊ." ആ മാതാവു് ഫണ്ണിയുടെ ഭുജങ്ങളിൽ പിടിച്ചുകൊണ്ടു തുടർന്നു അവളുടെ നയനങ്ങളിൽ ദയയും ആർദ്രതനിറഞ്ഞ പ്രമോദരസവും സ്ഫുരിച്ചു.

"നിൻെറ ജീവിതം ഇപ്പോൾ ആരംഭിച്ചിട്ടേയുള്ളു. അതിൻെറകൂടെ എൻെറ ജീവിതഭാരവും നീ ഭരമേല്പിക്കണമെന്നോ? നിൻെറ വിഷമപ്രശ്നങ്ങളുടെകൂടെ എൻെറ

വിഷമതകളും ഏറെറടുക്കുകയോ? നിൻെറ ബാല്യകാലം മുതൽതന്നെ ഉത്തരവാദിത്വബോധം നിനക്കുണ്ടായിരുന്നു. അതു കുറച്ചല്ല, ഏററവുമധികം." ഹണിയുടെ ചുവന്നുതുടുത്ത കവിൾത്തടം തലോടിക്കൊണ്ടു് ആ അമ്മ തുടർന്നു.

"മകളെ, നീ എൻെറ അഭിമാനപാത്രമാണു്. നീ സന്തുഷ്ടയല്ലെങ്കിൽ എനിക്കു് എന്തു സന്തോഷമാണുണ്ടാവുക? ഞാൻ നിനക്കൊരു ഭാരമായിത്തീരുകയാണെങ്കിൽ എനിക്കു് ഒരു നിമിഷത്തെ മനസ്സമാധാനംപോലും ഉണ്ടാകയില്ല. എനിക്കു നല്ല ആരോഗ്യമുണ്ടു്. ഒരു ഭവനവും വേലക്കാരിയായി കമലയുമുണ്ടു്. എന്തെങ്കിലും വിഷമപ്രശ്നങ്ങളുണ്ടായാൽ ഞാൻ തന്നെ അതു നേരിട്ടുകൊള്ളാം. നീ വില്ലിയുടെകൂടെ പോകുക. അയാളോടു വിശ്വസ്തത പാലിക്കുക. അങ്ങനെ സന്തുഷ്ടയായി ജീവിക്കണം. ഇത്രമാത്രമാണു് എനിക്കു പറയുവാനുള്ളതു്."

"ഹാ അമ്മെ! എനിക്കു പറഞ്ഞറിയിക്കുവാൻ വയ്യാ. ഒട്ടും കഴിയുന്നില്ല. ഒരു കാലത്തു് ഞാനും അമ്മയെപ്പോലെയാകണം എന്നു ഞാൻ ആഗ്രഹിക്കുന്നു." അമ്മയെ ആലിംഗനംചെയ്തുകൊണ്ടു് ഹണി പറഞ്ഞു.

"നീ എന്താണു പറയുന്നതു്? നീ എന്നെപ്പോലെ തന്നെയാണു്. അതാണു് എന്നെ വേദനിപ്പിക്കുന്നതു്." മകളുടെ ആശ്ലേഷത്തിൽനിന്നും വിമുക്തയായി പിക്നിക്കുകൂട അവളുടെ കയ്യിൽ കൊടുത്തുകൊണ്ടു് മരിയ

17861
PUBLIC LIBRARY * KOTTAYAM.

പറഞ്ഞു. വാതുക്കൽ മണിയടിച്ചു. "ഞാൻതന്നെ വില്ലിയെ കൂട്ടിക്കൊണ്ടുവരാം."

അടുക്കളയുടെ ജാലകത്തിൽക്കൂടെ ഹെൻറി നോക്കിക്കൊണ്ടുനിന്നു. മരിയ വില്ലിയുടെ കൈകൾ പിടിച്ചുകൊണ്ട് പറഞ്ഞു: "വില്ലീ, അവൾ ഇപ്പോഴാണ് എന്നോട് എല്ലാം വിവരവും പറഞ്ഞത്. നിന്നേക്കാൾ ഉത്തമനായ ഒരു ജാമാതാവിനെ ഇനി എനിക്കു ലഭിക്കയില്ല. എന്നെ നിങ്ങളുടെകൂടെ കൊണ്ടുപോകണമെന്നു പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. പക്ഷേ, പീററ‍റിനുവേണ്ടി ഞാനീ ഭവനം പരിരക്ഷിക്കേണ്ടതല്ലേ?"

ഹെൻറി കടന്നുവന്നപ്പോൾ വില്ലി എന്തോ പറയുവാൻ തുനിയുകയായിരുന്നു. അയാളുടെ നയനങ്ങളിൽ ആനന്ദവും ആശ്ചര്യവും തളംകെട്ടി നിന്നിരുന്നു.

"ഇനി നിങ്ങൾ പോകൂ മക്കളെ. ഇന്ന് എല്ലാംകൊണ്ടും നല്ല ഒരു ദിവസമാണ്."

വില്ലിയും ഹെൻറിയും അമ്മയുടെ അനുഗ്രഹാശിസ്സുകളോടെ കാറിൽ കയറി. കാർ വിട്ടപ്പോഴും അമ്മ സസ്നേഹം അവരെ നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. അവരുടെ കൈകൾ കണ്ണുകൾക്കു മുകളിൽ മറ പിടിച്ചിരുന്നു. നയനങ്ങളിൽ നിറയുന്ന അശ്രുകണങ്ങൾ അവർ കാണാതിരിക്കുവാൻ വേണ്ടിയായിരുന്നു അത്.

## 5

ഒരു കാലത്തു് വളരെ പ്രതാപത്തോടെ തലപൊക്കിനിന്ന ആ കോട്ടയുടെ ഗേററിൽ അവർ എത്തി. ടിപ്പുസുൽത്താൻെറ ആക്രമണം മൂലമാണു് ആ കോട്ട ഛിന്നഭിന്നമായതു്. ആ ജീർണ്ണാവശിഷ്ടത്തിനിടയിലൂടെ അവർ നടന്നു. അവിടവിടെ ചില ചെറിയ ജലാശയങ്ങളും കാണപ്പെട്ടു. വളരെ വിസ്തീർണ്ണമായ പ്രദേശം. ശത്രുക്കളുടെ നേരെ കോട്ടയ്ക്കുള്ളിൽനിന്നു വെടിവെയ്ക്കുവാൻവേണ്ടി നിർമ്മിച്ചിരുന്ന ദ്വാരങ്ങൾ വില്ലി ഹെണിയെ കാണിച്ചു. ഇപ്പോൾ മറെറന്തോ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന കുതിരലായവും അവർ കണ്ടു. വിദേശത്തുനിന്നു വന്നവരും മററു സന്ദർശകരും അവിടെ നടപ്പുണ്ടു്. പല കാമിനീകാമുകന്മാരേയും കൂട്ടത്തിൽ കാണാതിരുന്നില്ല. പുതുതായി വിവാഹിതരായ വധൂവരന്മാരും ഓരോ കാഴ്ചകൾ കണ്ടു് ആനന്ദഭരിതരായി നടന്നിരുന്നു. അവർ നടന്നുനടന്നു് അല്പം അകലെയുള്ള ഒരു പൊയ്കയുടെ അടുത്തെത്തി. അനേകം താമരമുകുളങ്ങളും പുഷ്പങ്ങളും അതിൽ കാണപ്പെട്ടു. അതിൻെറ ചുററിനുമുള്ള കാഴ്ചകളും മനോഹരമായിരുന്നു. വളരെ കൊല്ലത്തെ പഴക്കമുള്ള ഒരു മാവു്, ഏതാനും മാവുകൾ കൂടിനില്ക്കുന്ന പ്രതീതി തോന്നിക്കുമാറുള്ള മുഴുത്ത ശിഖരങ്ങളോടെ നിലംപററിക്കിടന്നിരുന്നു.

ആ താമരപ്പൊയ്കയുടെ തീരത്തു് അവർ ഇരുന്നു. "ജീർണ്ണാവസ്ഥയിലെങ്കിലും എന്തു മനോഹരമായ സ്ഥ

ലം! എന്തെല്ലാം തരത്തിലുള്ള പക്ഷികഠം! ഒരു ഭയവും കൂടാതെ അവ പാടിപ്പറന്നു നടക്കുന്നതു കണ്ടില്ലേ? ഇതുപോലൊരു സ്ഥലം ഞാൻ കണ്ടിട്ടില്ല.''

"ദാ, അങ്ങകലെ കാണുന്ന ആ സ്ഥലം കണ്ടോ? എന്റെ പ്രവൎത്തനകേന്ദ്രമാണു് അതു്.''

"അവിടെ പോയാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു.''

"ശരി, നമുക്കവിടെ പോകാം ഹണി.''

പക്ഷെ, ഇരുവരും അനങ്ങിയില്ല. രാവിലെമുതൽ ഹണിയും വില്ലിയും അവരുടെ വിവാഹത്തെപ്പററിയുള്ള ചിന്തയിലായിരുന്നു. മധുവിധുവിനു മൂന്നു ദിവസത്തിൽ കൂടുതൽ എടുക്കുവാൻ നിവൃത്തിയില്ല. വില്ലിയുടെ ജോലി അതിനു നിവൃത്തിയില്ലാത്ത വിധമാണു്. മൂന്നാഴ്ചകഠക്കുള്ളിൽ വിവാഹം നടത്തണം. ആസ്പത്രിയിലെ ഉദ്യോഗത്തിൽനിന്നും ഹണി വിടവാങ്ങണം. വില്ലി അക്ഷമനാണു്. ചുരുങ്ങിയ തോതിൽ വിവാഹം നടത്താനാണു് ഉദ്ദേശമെങ്കിലും വളരെ ഒരുക്കങ്ങഠം ചെയ്യേണ്ടിയിരിക്കുന്നു.

അവർ അവിടെത്തന്നെയിരുന്നു ലഘുഭക്ഷണം കഴിച്ചു. കിടങ്ങു കടക്കുവാൻ ഇട്ടിരുന്ന പാലത്തിന്റെ അരികു ചേൎന്നു് അവർ നിന്നു.

"ഇന്നലെ എല്ലാം ഒരു സ്വപ്നംപോലെ തോന്നി. എന്നാൽ ഇന്നു യാഥാൎത്ഥ്യമായിത്തീൎന്നിരിക്കുന്നു." വില്ലി മെല്ലെ പറഞ്ഞു.

"അതെ." അയാഠം പറഞ്ഞതിന്റെ അൎത്ഥം അ

വൾക്ക മനസ്സിലായി. ഇതുവരെയും സ്വപ്നം കണ്ടുകൊണ്ടിരുന്ന കാര്യം ഇതാ സാധിതമാകാൻ പോകുന്നു. അഗോചരമെങ്കിലും അത്ഭുതങ്ങൾ നിറഞ്ഞ ഒരു ജീവിതം അവൾ മുന്നിൽ കണ്ടു. വർണ്ണനാതീതമായ കൃതജ്ഞത അമ്മയോട്ട് അവൾക്ക തോന്നി. അമ്മയുടെ നിസ്വാത്ഥത താൻ എപ്പോഴും സ്മരിക്കണം. യഥാത്ഥ പ്രേമത്തിൻെറ തീക്ഷ്ണത അവൾക്കറിയാം. അവർ കാട്ടിയ ദീപം തനിക്ക മർഗ്ഗദശിയാകട്ടെ.

വില്ലിയുടെ ഹൃദയവും വികാരനിർഭരമായിരുന്നു. അയാൾ സമീപസ്ഥിതമായിരുന്ന പൊയ്കയിൽനിന്നു് ഒരു വിടൎന്ന പുഷ്പം പറിച്ചെടുത്തു.

ഹണി കൈ നീട്ടി അതു വാങ്ങി. "എന്തു ഭംഗിയായിരിക്കുന്നു! ഇതു നമ്മുടെ പൂവാകട്ടെ. ഇതിൻെറ അത്ഥമെന്തു്?"

"ഒരിക്കൽ ഒരു വൃദ്ധ പറഞ്ഞതു ഞാനോക്കുന്നു. ജലത്തിൻെറ അഗാധതയിൽനിന്നു വളരുന്ന എന്തായാലും അതു വിശ്വസ്തതയെ സൂചിപ്പിക്കുന്നു എന്നു് ആ സ്ത്രീ പറയുകയുണ്ടായി."

"വിശ്വസ്തത." ഹണി പറഞ്ഞു. ഒരിക്കലും അവൾ ആ നിമിഷം വിസ്മരിക്കയില്ല. പുഷ്പം കയ്യിൽ പിടിച്ചുകൊണ്ടു് തോളോടുതോൾ ചേൎന്നുനിന്ന ആ അനർഘനിമിഷം!

അവർ കാറിൽ കയറി. കുട്ടികളെപ്പോലെ അവർ പലതും സംസാരിച്ചുകൊണ്ടിരുന്നു കാറിൽവച്ചു് വില്ലി ആ ലില്ലിപുഷ്പം അവളുടെ ചുരുണ്ട നിബിഡമായ

കേശഭാരത്തിൽ തിരുകുന്നതിനു ശ്രമിച്ചു. അവളുടെ പ്രതിഷേധം വകവയ്ക്കാതെ അയാഠം ആ കുസുമം അയാളുടെ കലാബോധമനുസരിച്ചു് അവളുടെ തലമുടിയിൽ തിരുകി

വില്ലി കാറോടിക്കുന്നതിനിടയിൽ പല നേരമ്പോക്കുകളും പറഞ്ഞു. അങ്ങനെ ഇരുവരും സന്തോഷത്തോടെ ചിരിച്ചുകൊണ്ടു യാത്രതുടന്നു.

കുറച്ചുകലെനിന്നും ഘണ്ടാനാദം മുഴങ്ങുന്നതു് അവഠം കേട്ടു. "അതെന്താണു്?"

"അതു് അവിടത്തെ മണിമാളികയിലുള്ള ഘടികാരമാണു്. ഓരോ മണിക്കൂറും അടിക്കുന്നതു കേഠക്കാം. ഞങ്ങളുടെ ആഫീസുമുറിയുടെ നേരെ മുകളിലാണു്. എപ്പോഠം മണിയടിച്ചാലും ഞാനും മുകുന്ദനും ഞെട്ടിപ്പോകും."

"മുകുന്ദൻ ആരാണു ?"

"എൻെറ മേലുദ്യോഗസ്ഥൻ. ഒരു പ്രധാന ജോലിയുടെ മേൽനോട്ടം വഹിക്കുന്നതയാളാണു്. നിനക്കുടനെതന്നെ അയാളെ കാണാം. അധികം സംസാരിക്കുന്ന പ്രകൃതമല്ല. പക്ഷെ നല്ല ഒരു മനുഷ്യൻ.''

''അങ്ങു് അദ്ദേഹത്തെ ഇഷ്ടപ്പെടുന്നോ?"

"ഞങ്ങഠം സ്നേഹമായി കഴിയുന്നു.'' വില്ലി തൊണ്ട തെളിച്ചുകൊണ്ടു പറഞ്ഞു. "മുകുന്ദൻ നല്ലയാളാണു്, എന്നാൽ അയാളുടെ ഭാര്യ ജയ അങ്ങനെയല്ല. സത്യം പറയുകയാണെങ്കിൽ ഞാനും അവളും തമ്മിൽ വളരെ

അടുത്തു കഴിയുകയായിരുന്നു. മുകുന്ദനുമായി അവൾ പരിചയപ്പെടുന്നതിനു മുൻപായിരുന്നു അതു്."

"ഓ."

ഹണിയുടെ രണ്ടുകൈകളും പിടിച്ചു് ആ നീലനയനങ്ങളിൽ സൂക്ഷിച്ചുകൊണ്ടു് അയാൾ പറഞ്ഞു. "നീ അങ്ങനെ അത്ഭുതമാകേണ്ട. ഇപ്പോൾ യാതൊന്നും ഇല്ല. എന്നാൽ ജയ ഇപ്പോഴും ആ മനോഭാവത്തോടുകൂടിയാണു പെരുമാറുന്നതു്."

ഹണിക്കു് ഒന്നും ആലോചിക്കുവാൻ കഴിഞ്ഞില്ല. "ആ മനോഭാവമൊ?"

"അതെ, ഒരു വിധത്തിൽ പറഞ്ഞാൽ സ്നേഹപ്രകടനം.....എങ്ങനെ പറയണമെന്നു് എനിക്കറിഞ്ഞുകൂടാ. ഞാൻ അവളെ നേരത്തെ വിസ്മരിച്ചുകഴിഞ്ഞു. അവൾ ദുരാഗ്രഹിയാണു്; ധനത്തെ സ്നേഹിക്കുന്നവൾ. ഞാൻ കാരണമാണു് മുകുന്ദനുമായി പരിചയപ്പെട്ടതു്. അയാൾ പണത്തിന്റെ പുറത്തിരിക്കയാണെന്നു ധരിച്ചുകൊണ്ടാണു് അവൾ അയാളെ പിടികൂടിയതു്. ധനദാഹം അവളെ പെട്ടെന്നു് എന്തു തീരുമാനമെടുക്കുന്നതിനും പ്രേരിപ്പിക്കുന്നു."

അയാളുടെ ഹൃദയം തുറന്നുള്ള സംസാരം അവളുടെ മനസ്സിനെ വലയം ചെയ്തിരുന്ന കൂരിരുൾ നിശ്ശേഷം നീങ്ങുന്നതിനു സഹായിച്ചു. വില്ലിയുടെ ഒരു കരം കാറിനെ നിയന്ത്രിച്ചുകൊണ്ടിരുന്നു സ്വതന്ത്രമായ മറ്റെ കൈ അവളുടെ കരം ഗ്രഹിച്ചിരുന്നു. അങ്ങനെ അവർ യാത്രതുടർന്നു. പല കടകളുടെയും മുൻപിൽകൂടി അവർ കടന്നുപോയി. അന്നു് തണുപ്പുള്ള ദിവസമായിരുന്നതു

കൊണ്ടു് വലിയ ഗൃഹങ്ങളുടെ മുററത്തു് ചില സ്ത്രീകരം വെയിൽ കാഞ്ഞുകൊണ്ടിരിക്കുന്നതും അവർ കണ്ടു.

"ഇതാ നാം എത്തിക്കഴിഞ്ഞു." ഒരു ഹോട്ടലിൻെറ മുൻപിൽ കാർ നിർത്തിക്കൊണ്ടു വില്ലി പറഞ്ഞു. "പ്രകാശ് ഹോട്ടൽ" എന്നു പേരെഴുതിയിരുന്ന ആ കെട്ടിടം വളരെ പഴക്കമേറിയ ഒന്നായിരുന്നു. ചുററിലും വരാന്തയും കാണപ്പെട്ടു.

മന്ദഃസ്മരവദനയായി അവരം പുറത്തിറങ്ങി. ഹോട്ടലും വരാന്തയും ജനശൂന്യമായിരുന്നു. ഒരു പഴയ മേശയുടെ ചുററും ഏതാനും കസേരകരം അവരംകണ്ടു. വരാന്തയുടെ ഭിത്തിയിൽ താഴ്ന്നതരത്തിലുള്ള കുറെ കിടക്കകരം വെയിലേല്ക്കുവാൻ തൂക്കിയിട്ടിരുന്നു. വലത്തുവശത്തു് മണിമാളികയുടെ താഴെയായി ഓഫീസു കെട്ടിടം കാണപ്പെട്ടു. അതിനടുത്തു് ഏതാനും ട്രക്കുകരം കിടന്നിരുന്നു. ഒന്നിൽ നിലം കുഴിക്കുന്നതിനുള്ള യന്ത്രവും മററു സാമഗ്രികളും കാണപ്പെട്ടു. ഒരു വാഹനത്തിൻെറ മുൻവശത്തു് 'അപകടം—ഡൈനാമൈററ്' എന്നും എഴുതിയിരുന്നു.

"ഇതൊക്കെയാണു് ഞങ്ങളുടെ പില സാമഗ്രികരം. ഡൈനാമൈററ് ബോർഡു കണ്ടു നീ ഭയപ്പെടേണ്ട. അതു പട്ടണത്തിനു വെളിയിലാണു സൂക്ഷിച്ചിരിക്കുന്നതു്. ജോലിക്കാർ എവിടെയോ പോയിരിക്കയാണു്." പെട്ടെന്നു് അയാളുടെ സംസാരം നിന്നു. ഓഫീസുകെട്ടിടത്തിൽനിന്നും ഏതാനുംവാര അകലെ

ഒരു പുതിയ കാർ കിടക്കുന്നതു് വില്ലിയുടെ ദൃഷ്ടിയിൽ പെട്ടു.

"ഹാ ജയ ഇവിടെ എവിടെയോ ഉണ്ടു്." കെട്ടിടത്തിൽനിന്നും രണ്ടുപേർ പുറത്തിറങ്ങി കാറിൻെറ നേക്കു നടക്കുന്നതു് കണ്ടു. വില്ലിയേയും ഹണിയേയും അവർ കണ്ടില്ലെന്നു തോന്നി. മദ്ധ്യവയസ്കനായ ഒരു മനുഷ്യൻ. വിസ്തൃതമായ ഭുജവലയങ്ങളും, പരന്ന മുഖവും, ചെറിയ നയനങ്ങളും അയാളുടെ പ്രത്യേകതകളായിരുന്നു. അയാളുടെകൂടെ കണ്ടതു് ഏകദേശം ഇരുപത്തഞ്ചു വയസ്സു പ്രായം കാണുന്ന ഒരു തരുണി. കൃശഗാത്രിയും ഭംഗിയായി വസ്ത്രധാരണം ചെയ്തിരുന്നവളുമായിരുന്നു അവൾ. അവളുടെ തലമുടി പരിഷ്കൃതരീതിയിൽ കെട്ടിവെച്ചിരുന്നു. കറുത്തനീണ്ട ലോചനങ്ങളുള്ള ഒരു സുന്ദരി. പക്ഷെ, അവളുടെ വീക്ഷണഗതിയിൽ എന്തോ ഒരു അപാകത തോന്നും.

"മുകുന്ദനും ഭാര്യയും. എന്തോ കുഴപ്പമുണ്ടു്. നമുക്കു് അവരുടെ അടുത്തേയ്ക്കു ചെല്ലാം."

വില്ലിയെ പിൻതുടൎന്നു് ഹണിയും കാറിനടുത്തേയ്ക്കു ചെന്നു. ജയ ഡ്രൈവറിൻെറ സീററിൽ കയറി ഇരിക്കാൻ പോകയായിരുന്നു. മുകുന്ദൻ കാർ തുറന്നു പിടിച്ചിരുന്നു.

അത്ഭുതത്തോടെ അവൾ വില്ലിയുടെ നേരേ തിരിഞ്ഞു. "വില്ലി സ്ഥലത്തില്ലെന്നാണു ഞാൻ കരുതിയിരുന്നതു്."

"ഇതാ ഞാൻ പുതിയ ഒരാളെയും കൊണ്ടുവന്നിട്ടു

ണ്ടു്. ഞാൻ വിവാഹം ചെയ്യാൻപോകുന്ന പെൺകുട്ടി. ഹണി, ഇതു മുകുന്ദനും ഭാര്യയുമാണു്."

മുകുന്ദന്റെ കണ്ണുകളിൽ പ്രത്യക്ഷപ്പെട്ട രൂക്ഷത മാറി. "ഹാ! ഇതൊരതിശയംതന്നെ. നിങ്ങറം എന്തു കൊണ്ടാണു് ഞങ്ങളെ അറിയിക്കാതിരുന്നതു്?''

ജയയാകട്ടെ ഇരുവരെയും തുറിച്ചുനോക്കിക്കൊണ്ടിരുന്നു. അവളുടെ വിലോചനങ്ങറംക്കു കുറെക്കൂടി ദൈർഘ്യം വന്നതായി തോന്നി. "എന്താ വില്ലി എന്നോടുപോലും പറയാതിരുന്നതു്? ഹണിയെ ഞാൻ മുൻപു കണ്ടിട്ടുള്ളതുപോലെ തോന്നുന്നു. പീററിന്റെ ബന്ധത്തിൽപ്പെട്ടതാണോ?"

''അതെ, പീററിന്റെ സഹോദരി.''

ജയ കാറിൽനിന്നും പുറത്തിറങ്ങി. ''ഞങ്ങറം അല്പം അന്ധാളിച്ചുപോയി. എന്നാണു നിങ്ങളുടെ വിവാഹം?" ചിരിച്ചുകൊണ്ടു് ജയ ചോദിച്ചു.

"മൂന്നാഴ്ചകറംക്കുള്ളിൽ. അതുതന്നെ വളരെ നീണ്ടതായി എനിക്കു തോന്നുന്നു. പക്ഷേ, ഹണിക്കു്, ആസ്പത്രിയിൽനിന്നും വിടുതൽ വാങ്ങണം.'' വില്ലി പറഞ്ഞു.

വില്ലിയുടെ തോളിൽ കരമർപ്പിച്ചുകൊണ്ടു് മുകുന്ദൻ പറഞ്ഞു. "ഞങ്ങളുടെ അഭിനന്ദനങ്ങറം! സകല ഭാവുകങ്ങളും ആശംസിക്കുന്നു. നമുക്കു് ഇതു കൊണ്ടാടണം. ഞങ്ങളുടെക്കൂടെ 'റിവർവ്യൂ' ഹോട്ടലിലേയ്ക്കു പോകാം."

"വരൂ, അവക്കു് നമ്മുടെക്കൂടെ നടക്കുന്നതിനു് ഇ

ഷ്ടമുണ്ടാകയില്ല. വില്ലിക്ക് ഇവിടമെല്ലാം കൊണ്ടുനടന്ന് ഫണിയെ കാണിക്കണമെന്നുണ്ടാകും." ജയ ഭർത്താവിനോടു പറഞ്ഞു. അവളുടെ വാക്കുകളുടെ കാക്ശ്യം മാററുന്നതിനായി ഫണിയുടെ കൈക്കു പിടിച്ചുകൊണ്ടു ജയ തുടൎന്നു: "ഞങ്ങളുടെ കൂട്ടത്തിൽ ഒരു സ്ത്രീകൂടെ വന്നതിൽ സന്തോഷിക്കുന്നു. ഇവിടത്തെ ജീവിതം വളരെ ക്ലേശകരമാണു്."

"നിനക്കു് ഒരു ക്ലേശവുമില്ല. എപ്പോഴാണു് നിനക്കു് ഏതെങ്കിലും തരത്തിലുള്ള ക്ലേശങ്ങൾ ഉണ്ടായിട്ടുള്ളതു്?" മുകുന്ദൻ പറഞ്ഞു.

ജയയുടെ ഭംഗിയുള്ള പുരികക്കൊടികൾ വളഞ്ഞു. "എൻെറ ഭർത്താവിനു ഇഷ്ടപ്പെടുന്നില്ല. ഞാൻ ഇവിടെ അദ്ദേഹത്തിൻെറകൂടെ ഈ ഹോട്ടലിൽ താമസിക്കാത്തതാണു കാരണം. കുറച്ചകലെ എനിക്കൊരു വീട്ടുണ്ടു്."

"അവിടെനിന്നും അധികം വിദൂരത്തിലല്ല എൻെറ ഭവനം." ഫണി പറഞ്ഞു. ജയ അവൾ താമസിക്കുന്ന സ്ഥലത്തിൻെറ മേൽവിലാസം പറഞ്ഞുകൊടുത്തു. പട്ടണത്തിലെ ഏററവും ആർഭാടമായ ഒരു സ്ഥലം. "ആ സ്ഥലവും എനിക്കിഷ്ടം തോന്നുന്നില്ല."

"വരൂ വില്ലീ, നമുക്കു് ഈ ഹോട്ടലിൽനിന്നുതന്നെ എന്തെങ്കിലും കുടിക്കാം." വില്ലിയെ അവിടേയ്ക്കു ക്ഷണിച്ചുകൊണ്ടു് മുകുന്ദൻ പറഞ്ഞു.

# 6

ഫണിയും ജയയും അവരെ പിൻതുടൎന്നു. ഫണി വളരെ കുറച്ചേ സംസാരിച്ചുള്ളു. മുകുന്ദനെയും ഭാൎയ്യയേയുംപററി അവൾക്കു കുഴഞ്ഞ ഒരു അഭിപ്രായമാണു തോന്നിയതു്. മുകുന്ദനെ ഒരു നല്ല മനുഷ്യനായി അവൾ കണക്കാക്കി. പക്ഷെ, ഞരമ്പുസംബന്ധമായ എന്തോ തകരാറ് അയാൾക്കുള്ളതുപോലെയായിരുന്നു അയാളുടെ പെരുമാററം. അയാളുടെ പത്നി ആകൎഷണീയയും അതേസമയം അകൽച്ച തോന്നിപ്പിക്കുന്നവളുമായിരുന്നു. നല്ലവളായി ആദ്യം തോന്നിപ്പിക്കുന്നവളായിരുന്നെങ്കിലും ഒരു രാജ്ഞിയുടെ ഭാവഹാവാദികളുണ്ടവൾക്കു്. വില്ലിയോടുള്ള അവളുടെ പെരുമാററം എന്തോ ഒരു അധികാരശക്തിയുള്ളതുപോലെയുമായിരുന്നു. എന്നാലും ഈ ആളുകളുടെകൂടെയാണു താൻ കഴിയേണ്ടിയിരിക്കുന്നതു്. അതുകൊണ്ടു് കഴിയുന്നതും അവരോടു് ഉററ സമ്പൎക്കം പുലത്തണമെന്നും അവൾ നിശ്ചയിച്ചു. പുറത്തെ വരാന്തയിൽ കിടന്നിരുന്ന മേശയുടെ ഇരുവശങ്ങളിലും അവർ ഇരുന്നു. ഫണിയുടെ സംരംഭം ഒരുവിധത്തിൽ വിജയിച്ചു എന്നുവേണം പറയുവാൻ. ജയയും സന്തുഷ്ടയായി കാണപ്പെട്ടു.

"ഞാൻ ഇവിടെ ഒരു അപരിചിതയെപ്പോലെയാണു കഴിഞ്ഞുകൂടിയതു്. ഇപ്പോൾ ഫണികൂടെ വരുന്നതുകൊണ്ടു് എനിക്കു വളരെ സന്തോഷമാണു്."

"എൻെറ സഹോദരൻ ഇവിടെ എവിടെയോ

ആണ്‌ താമസിക്കുന്നത്‌.'' ചായംതേച്ച നീണ്ട നഖങ്ങളുള്ള ജയയുടെ കരാംഗുലികളിൽ നോക്കിക്കൊണ്ടു് ഹണി പറഞ്ഞു.

"നിങ്ങളുടെ സഹോദരൻ വളരെ നല്ല ഒരാളാണു്. മിക്കവാറും കുട്ടികളെപ്പോലെയാണു പ്രകൃതം. അയാറം ഈ ജോലിയുമായി ബന്ധപ്പെട്ടവനല്ല."

അപ്പോഴേയ്ക്കും വില്ലിയും മുകുന്ദനും അവിടേയ്ക്കു കടന്നുവരുന്നതു് അവർ കണ്ടു. ''എന്റെ ഭർത്താവും വില്ലിയും അങ്ങനെയല്ല. അവർ ഈ ജോലി ഇഷ്ടപ്പെടുന്നു. അതിൽ അവർ നിമഗ്നരാകുകയും ചെയ്യുന്നു. മൂടപ്പെട്ടുകിടക്കുന്ന നിധിക്കുവേണ്ടി തിരയുന്ന കൊച്ചു കുട്ടികളെപ്പോലെയാണവർ. എണ്ണ കണ്ടുപിടിക്കയാണെങ്കിൽ അവക്ക്‌ അതിൽനിന്നും യാതൊന്നും ലഭിക്കയുമില്ല. അതു് ആശ്ചര്യകരമല്ലെ?''

ഹണിക്കു് ഒന്നും മനസ്സിലായില്ല. ''പിന്നെയും പ്രയത്നിക്കുവാൻ അതവരെ സഹായിക്കുന്നുണ്ടല്ലോ. കമ്പനി അതു മനസ്സിലാക്കി അവരെ പ്രോത്സാഹിപ്പിക്കയും ചെയ്യുകയില്ലെ?''

ജയ അവളെ തുറിച്ചുനോക്കി, അവളുടെ സംസാരം മനസ്സിലാകാത്തതുപോലെ. അപ്പോഴാണു് ഹോട്ടലിൽനിന്നും എന്തെങ്കിലും പാനീയം ലഭിക്കുന്നതിനായി പോയ പുരുഷന്മാർ അവരുടെ സമീപത്തെത്തിയതു്. "എന്താ കുടിക്കുവാൻ ഒന്നും കിട്ടിയില്ലെ?" ജയ കോട്ടുവായിട്ടുകൊണ്ടു ചോദിച്ചു.

"അവിടെ ഒരുത്തരേയും കണ്ടില്ല." അല്പം ദേഷ്യ ഭാവത്തിൽ മുകുന്ദൻ പറഞ്ഞു,

വില്ലി തൻെറ കാമുകിയുടെ ഭുജത്തിൽ സ്പർശിച്ചു. "എന്തിനെപ്പററിയാണു നിങ്ങരം സംസാരിച്ചുകൊണ്ടിരുന്നതു്?''

"മററുള്ളവക്കുവേണ്ടി നിങ്ങരം നേടുന്ന നിധിയെപ്പററി. ഇപ്പോരം നിങ്ങരം കണ്ടുപിടിച്ചതു് ആക്കുവേണ്ടിയാണെന്നു് ദൈവത്തിനുതന്നെ അറിയാം." ജയ പറഞ്ഞു.

പെട്ടെന്നു് അവിടെ നിശ്ശബ്ദത പരന്നു. മുകുന്ദനും വില്ലിയും ജയയെത്തന്നെ നോക്കി.

"ഒരു കഷ്കൻെറ നിലത്തു് ഇവർ എണ്ണ കണ്ടുപിടിച്ചുകഴിഞ്ഞു." തൻെറ സംസാരത്തിൻെറ പ്രതിഫലനത്തെപ്പററി മനസ്സിലാക്കാതെ ജയ തുടന്നു: "അവരുടെ കണ്ടുപിടുത്തം വെളിക്കായിട്ടില്ല. അവരുടെ ഉപകരണങ്ങരംകൊണ്ടു് എണ്ണ കണ്ടുപിടിച്ചുകഴിഞ്ഞു. പക്ഷെ, ആക്കും ആ വിവരം അറിഞ്ഞുകൂടാ.''

മുകുന്ദൻ ഒരു വലിയ ശബ്ദം പുറപ്പെടുവിച്ചു. അയാരം ഭാര്യയുടെ നേക്കുതിരിഞ്ഞു. ''നീ മിണ്ടാതിരിക്കുമോ?" അയാളുടെ വദനം ചുവന്നുതുടുത്തു. ''ഈ വാത്ത നിനക്കു് എവിടെനിന്നു കിട്ടി?"

"നിങ്ങളിൽനിന്നുതന്നെ." അല്പം അകന്നു് തൻെറ വില്ലിയുഗ്മങ്ങരം വളച്ചുകൊണ്ടു് ജയ പറഞ്ഞു: "നിങ്ങരം ഒരിക്കൽ ഫോണിൽ സംസാരിക്കുന്നതു് ഞാൻ കേട്ടു." ജയ അവളുടെ തൻേറടം വീണ്ടെടുത്തു.

അവരം ഫണിയുടെ നേരേ ആംഗ്യം കാണിച്ചു. "സാരമില്ല, ഫണി പിൻേറാ കുടുംബത്തെ അറിയുകയില്ല."

ആ കുടുംബനാമം കേട്ടതോടെ മുകുന്ദൻ ഒരു അപസ്മാരരോഗിയെപ്പോലെയായി.

അയാളുടെ മുഖം ഇടത്തോട്ടും വലത്തോട്ടും കോടി. വിജനമായ നടപ്പാതയിൽ അയാരം ദൃഷ്ടികരം പായിച്ചു, ആരെങ്കിലും സംസാരം കേട്ടിട്ടുണ്ടോ എന്നറിയുവാൻ. അയാരം ഭാര്യയുടെ നേർക്കുണഞ്ഞു. അയാളുടെ ഫാലപ്രദേശത്തു് ഞരമ്പുകരം തെളിഞ്ഞു കാണപ്പെട്ടു. "നിനക്കും അറിഞ്ഞുകൂടാ. അവർ ആരാണെന്നു് നിനക്കും അറിഞ്ഞുകൂടാ. ആ പേരു കേട്ടെങ്കിൽ അതു മറന്നുകളയു, അവർ ആരാണെന്നു് നിനക്കു് ഒരു രൂപവും കിട്ടുകയില്ല, മനസ്സിലായോ?" നിന്നെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു കൂട്ടർ ഇല്ല." അയാരം ഫണിയുടെ നേരെ തിരിഞ്ഞു് ഒരു ചിരി വരുത്തിക്കൊണ്ടു പറഞ്ഞു: "എൻെറ ഭാര്യ പറഞ്ഞതിനെപ്പററി ആരോടും പറയരുതു്. ഫണി പറയുകയില്ലെന്നു് എനിക്കറിയാം. അതെ, നിങ്ങരം ഇപ്പോരം ഞങ്ങളുടെ കൂട്ടത്തിൽ പെട്ടുപോയി. എനിക്കുവേണ്ടിയും വില്ലിക്കുവേണ്ടിയുമാണു് ഞാനിതു പറയുന്നതു". ഞങ്ങരം രണ്ടുപേരും മാത്രമേ ഈ വിവരം അറിഞ്ഞിട്ടുള്ളു. പുറത്തായാൽ ഞങ്ങളുടെ ജോലി നഷ്ടപ്പെടും."

"ഒരിക്കലും ഇല്ല." തടഞ്ഞുനിന്ന ശ്വാസം വിട്ടുകൊണ്ടു് ഫണി പറഞ്ഞു. വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യത്തിൽ താൻ അറിയാതെ ഇടപെട്ടല്ലോ

എന്ന കുററബോധം ഹെണിയ്ക്കുണ്ടായി. സമീപപ്രദേശത്തു് എന്നെ കണ്ടുപിടിച്ചു എന്നുള്ള വിവരം വളരെ ഭദ്രമായി സൂക്ഷിക്കേണ്ട ഒരു രഹസ്യമാണു്. വില്ലി അവളുടെ ഭുജത്തിൽ കരമർപ്പിച്ചു. എന്തോ സമാധാനം ലഭിച്ചതുപോലെ അതവൾക്കനുഭവപ്പെട്ടു.

അയാളുടെ സ്വതേയുള്ള മുഴങ്ങുന്ന ശബ്ദത്തിൽ വില്ലി പറഞ്ഞു. "അതു സാരമില്ല. എൻെറ ജീവിതം ഹെണിക്കുവേണ്ടി പണയംവെയ്ക്കാം" അയാൾ പുഞ്ചിരിതൂകി. ഹോട്ടലിനു നേരേ ചൂണ്ടിക്കൊണ്ടു് അയാൾ പറഞ്ഞു. "ഇവിടെനിന്നു പോകുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഹെണിയെ ഇവിടത്തെ മുറികളൊന്നും ഞാൻ ഇപ്പോൾ കാണിക്കുന്നില്ല. അതു് അടുത്ത പ്രാവശ്യമാകട്ടെ"

അങ്ങനെ അവിടെ ഉദയംചെയ്ത അസ്വാസ്ഥ്യം വില്ലി നീക്കി. ജയ എണീററു. "ഓ, ഞങ്ങൾ.... അല്ല ഞാൻ ഇപ്പോൾ അവിടെ എത്തേണ്ടതായിരുന്നു. ഒരു ലേലം നടക്കുന്നുണ്ടു്." അവൾ ഹെണിയോടു തിരിഞ്ഞു പറഞ്ഞു. "എൻെറ ഭർത്താവിൻെറ മര്യാദരഹിതമായ പെരുമാററത്തിൽ ക്ഷമിക്കണം."

"അദ്ദേഹം ഒട്ടുംതന്നെ മര്യാദരഹിതമായി പെരുമാറിയില്ല." മുകുന്ദൻെറ നേരെ മന്ദസ്മിതം പൊഴിച്ചുകൊണ്ടു് ഹെണി പറഞ്ഞു. "ഞാൻ എല്ലാം മനസ്സിലാക്കുന്നു. അടുത്തുതന്നെ നിങ്ങളെ ഇരുവരെയും കാണാമെന്നു ഞാൻ വിശ്വസിക്കുന്നു."

"ഞാനും അപ്രകാരം കരുതുന്നു." അയാളുടെ ഭാര്യ

വരാന്തയുടെ ചവിട്ടുപടികഠം ശബ്ദമുണ്ടാക്കി ചവിട്ടി യിറങ്ങിപ്പോകുന്നതു് നോക്കിക്കൊണ്ടു് മുകുന്ദൻ പറഞ്ഞു. ഒരു നിമിഷം ഒന്നും നിശ്ചയിക്കാത്തതുപോലെ അയാഠം നോക്കിനിന്നു. "അല്പം നിൽക്കു, ഞാനും വരു ന്നു" അയാഠം പത്നിയോടു വിളിച്ചുപറഞ്ഞു.

മുകുന്ദനും ജയയും കാറിൽ കയറി അതിവേഗം ഓടിച്ചുപോയി. വില്ലിയും ഹണിയും അവരുടെ കാറിൽ മെല്ലെ യാത്ര തുടങ്ങി. "ലാളിച്ചു വഷളായ ഒരു കുട്ടിയെപ്പോലെ തോന്നും അവഠം ചിലപ്പോഠം. ഈ എണ്ണ കണ്ടുപിടിച്ചതുമുതൽ മുകുന്ദൻ വളരെ വിഷമി ക്കയാണു്. വലിയ ഒരു കാര്യം. എന്തെങ്കിലും പുറത്തു വരുമോ എന്നാണു് അയാളുടെ ഭയം. ഈ വിവരം വെളിക്കായാൽ ഞാനും മുകുന്ദനും ആയിരിക്കും കുററ ക്കാർ. ഒരുത്തരും ഞങ്ങളെ ജോലിക്കെടുക്കുകയില്ല." വില്ലി പറഞ്ഞു.

ഒരു നിമിഷനേരത്തേയ്ക്കു് ഹണി നിശ്ശബ്ദയായി രുന്നു. അവഠം അപ്പോഴും വിഷണ്ണയായിരുന്നു. "നി ങ്ങഠം എണ്ണ കണ്ടുപിടിക്കുമ്പോഠം ആ സ്ഥലത്തിൻെറ ഉടമസ്ഥൻ ആ വിവരം അറികയില്ലേ?" അവഠം അ ന്വേഷിച്ചു.

"ഇല്ല, അവക്കു് ഒന്നും മനസ്സിലാകയില്ല." അവ രുടെ ചുറവപാടും നീണ്ടുകിടക്കുന്ന മാതളപ്പനിലങ്ങഠം ചൂണ്ടിക്കാട്ടിക്കൊണ്ടു് അയാഠം തുടൻ്നു: "ഞങ്ങഠം അവ രുടെ സ്ഥലങ്ങളിൽ ഗവേഷണം നടത്തുകയാണെന്നു് ക ഷകക്കറിയാം. ഞങ്ങഠം അവിടവിടെയായി അഗാധ

മായ കുഴികഠം കുഴിക്കും. അതിൽ ഡൈനാമെററ് ഇട്ടു പൊട്ടിച്ച് ശബ്ദതരംഗങ്ങഠം പിടിച്ചെടുക്കും. ഞങ്ങഠം എന്തു കണ്ടുപിടിച്ചു എന്ന വിവരം കക്ഷികർ മനസ്സിലാക്കുകയുമില്ല." അയാളുടെ നയനങ്ങഠം തിളങ്ങി. സിഗററ വലിച്ചുകൊണ്ടു തുടൻു: "ജോലിയിൽ ഞങ്ങഠം ആമഗ്നരാകും. ഓരോ ദിവസവും വ്യത്യാസങ്ങഠം കാണും. ഓരോ ദിവസത്തെ ജോലിക്കും വ്യത്യാസമുണ്ട്. ഞാൻ ഗാഢമായി ചിന്തിച്ച ചില പദ്ധതികഠം തയ്യാറാക്കും. എൻെറ ചില പദ്ധതികളോടു മുകന്ദൻ യോജിക്കാറുണ്ട്. സത്യംപറഞ്ഞാൽ ഞാനുമായി പങ്കുചേൎന്ന് ഈ വ്യവസായം സ്വതന്ത്രമായി തുടരുവാൻ അയാഠം ആഗ്രഹിക്കുന്നു.''

"വാസ്തവമോ?"

"മുകന്ദൻ സ്വയസമ്പാദ്യമായി പതിനായിരം ഉറപ്പിക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇത്തരക്കാരിയായ ഒരു ഭാൎയ്യയുള്ളപ്പോഠം അത്രയും മിച്ചം വച്ചതുതന്നെ വലിയ ഒരത്ഭുതമാണു്. എൻെറ ചില പദ്ധതികഠം പ്രായോഗികമാക്കിക്കൊണ്ടു് ഒരു ചെറിയ കമ്പനി തുടങ്ങുവാൻ അയാഠംക്കുദ്ദേശമുണ്ട്.''

"അങ്ങനെ ചെയ്യാമെന്നു് അങ്ങേയ്ക്കുറപ്പുണ്ടോ?"

വില്ലി അല്പനേരം ആലോചിച്ചിരുന്നു. "ഇപ്പോഠം തന്നെ എനിക്കതിനു് സൗകൎയ്യമില്ല; കമ്പനിയിലെ എല്ലാവരും എന്നെ ഇഷ്ടപ്പെടുന്നു. എൻെറ ഭാവി എനിക്കു കാണാവുന്നിടത്തോളം അവരിൽ നിക്ഷിപ്തമായിരിക്കുന്നു എന്നാണു് തോന്നുന്നതു്. കൂടാതെ, സ്വത

ന്ത്രനായി എന്തെങ്കിലും തുടങ്ങുന്നതിൻമുൻപ് ഫ്യനി ക്ക പലതും പഠിക്കേണ്ടിയിരിക്കുന്നു. 'ജിയോഫിഡിക്സ്' വളരെ കുഴഞ്ഞ ഒന്നാണ്. വളരെ പിരിവുകളും വളവുകളും അതിനുണ്ട്. ഞാൻ ഇപ്പോഴും പരിശീലനത്തിൽതന്നെയാണ്. ഞങ്ങളുപയോഗിക്കുന്ന സാമഗ്രികളെപ്പററി പറയാം." അയാറം 'ഓസിലോഗ്രാഫിനെയും ജിയോഫോണി'നെയും പററി വിവരിക്കുവാൻ തുടങ്ങി. അതിൽ മുഴുവനും തന്മഗ്നനായതുപോലെ കാണപ്പെട്ടു. പെട്ടെന്ന് അയാറം പൊട്ടിച്ചിരിച്ചുകൊണ്ടു "ഹാ! ഞാൻ ഇതെല്ലാം പറഞ്ഞു നിന്നെ ശല്യപ്പെടുത്തുകയാണ്."

ഫണി വില്ലിയുടെ കരം ഗ്രഹിച്ചു. "ഇല്ല വില്ലീ, എനിക്ക് ഒരു ശല്യവും തോന്നുന്നില്ല. ഈ ജോലിയിൽ അങ്ങ് എന്തുമാത്രം ലീനചിത്തനായിരിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു."

"എൻെറ സർവ്വവും ഈ ജോലിയിലാണ്. ഞാൻ തെരഞ്ഞെടുത്ത ഒരേഒരു ജീവിതമാർഗ്ഗം ഇതുതന്നെ. പക്ഷേ, എല്ലാ കാര്യങ്ങളുംപോലെ നാം അടുത്തു പെരുമാറുന്ന ആളുകളെ തെരഞ്ഞെടുക്കുന്നതു് വിഷമകരമാണ്. മുകുന്ദൻ, ഞാൻ തനിച്ചായിരുന്നപ്പോറം ഒരു കാര്യം പറയുകയുണ്ടായി. ജയയുടെ ഒരു സ്നേഹിതയാകുവാൻ നീ ശ്രമിക്കണമെന്ന് അയാറം പറഞ്ഞു."

"ഞാനോ?"

വില്ലി തല കുലുക്കി. "മുകുന്ദൻ കാര്യമായാണു പറഞ്ഞതു്. അവറം അസന്തുഷ്ടയും ചഞ്ചലമനസ്കയും

ആയതുകൊണ്ടു് അയാഠം വളരെ വിഷമിക്കുന്നുണ്ടു്. ഹെണിയെപ്പോലെ ഉത്തമയായ ഒരു സ്നേഹിതയെ ജയയ്ക്കു ലഭിച്ചിരുന്നെങ്കിൽ എന്നാണു് അയാഠം പറഞ്ഞതു്.''

ഹെണി സന്തുഷ്ടയും അതേസമയം അസ്വസ്ഥയുമായി. "ജയയെപ്പോലെയുള്ള ഒരു സ്ത്രീയോടു് കൂടുതൽ അടുക്കുന്നതു് കുറച്ചു വിഷമമാണു്."

വില്ലി ചിരിച്ചു. "നീ അതു മറന്നുകളയുക ഹെണീ. അയാഠം അവളെപ്പററി അത്യധികം ആകുലചിത്തനാണു്. അവരം നിർധനരായ മാതാപിതാക്കളിൽ നിന്നു ജനിച്ചു. പട്ടിണിയോടു പടവെട്ടി വളർന്നു. അവഠംക്കുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ മുകുന്ദൻ തയ്യാറാണു്."

വില്ലി ഒരു ഭാഗത്തേയ്ക്കു ചൂണ്ടിക്കാട്ടി. "ദാ, നോക്കു, ആ ഗേററ കാണുന്നില്ലേ? അവിടെയാണു് പീററർ താമസിക്കുന്നതു്. ആ വീട്ടുകാരുമായി പരിചയപ്പെടുവാൻ നീ ആഗ്രഹിക്കുന്നോ?"

''നമുക്കു് അങ്ങോട്ടു പോകാം.''

## 7

കാർ ഗേററ കടന്നു് അകത്തു പ്രവേശിച്ചു. കാർ പോകുന്നതിനുള്ള പാതയിൽക്കൂടെ കാർ മെല്ലെ ഓടിച്ചു. മിക്കവാറും വീണുകിടക്കുന്നമാതിരിയുള്ള വൻവൃക്ഷങ്ങഠം നിറഞ്ഞ ഒരു ചെറുവനം കടന്നു് വിസ്തൃത

മായ ആ പുരയിടത്തിൽക്കൂടി മുൻപോട്ടു നീങ്ങി. ഒരു ചെറുഗേഹത്തിനും കുറച്ചകലെ വെള്ളതേച്ച ഒരു കഷ്ടകഭവനം അവർ കണ്ടു. ആ ചെറുകുടിലിനും വലിയ ഭവനത്തിനുമിടയ്ക്കും കാറുകൾ കാണപ്പെട്ടു.

"ഒരു കുടികിടപ്പുകാരനാണ് ഈ ചെറിയ ഗൃഹത്തിൽ താമസിക്കുന്നതു്. അയാളാണ് ആ വൃദ്ധയുടെ കൃഷിസ്ഥലങ്ങളുടെ മേൽനോട്ടം വഹിക്കുന്നതു്. ആ സ്ത്രീ ആഭിജാത്യമുള്ളവളും വിശാലമനസ്കയും ആണ്. അതാ നില്ക്കുന്നു ആ വൃദ്ധസ്ത്രീ."

കൃശഗാത്രിയും പ്രായാനുസൃതം വസ്ത്രധാരണം ചെയ്തവളുമായ ഒരു വൃദ്ധ മുൻവശത്തെ തോട്ടത്തിൽ നില്ക്കുകയാണ്. തന്റെ റോസാപ്പൂക്കളുടെ ഇലകൾ തിന്നുന്ന പുഴുക്കളെ കണ്ടുപിടിച്ചു് കൊല്ലുകയായിരുന്നു അവർ. വില്ലി അവരുടെ സമീപം കാർ നിത്തി.

ആളെ മനസ്സിലാകാഞ്ഞ അവർ തല തിരിച്ചു നോക്കി. "ആരാണ്?"

"ഞാൻതന്നെ, വില്ലി. ഇതു പീററിന്റെ സഹോദരി ഹണി."

ആ വൃദ്ധസ്ത്രീ മുന്നോട്ടുവന്നു. "ഹാ! പീററിന്റെ സഹോദരിയോ? വളരെ സന്തോഷം. ഇതൊരതിശയം തന്നെ." അവരുടെ താരുണ്യദശയിൽ അവർ ഒരു സുന്ദരിയായിരുന്നിരിക്കണം. നല്ല നിറം. ചെറിയ വൃത്താകാരമായ വദനം. അവരുടെ ഭംഗിയുള്ള കണ്ണുകൾക്കു നല്ല കാഴ്ചയില്ലാത്തതുപോലെ തോന്നി. "കുഞ്ഞെ, ഏ

നിക്കു കണ്ണിന്നു നല്ല കാഴ്ചയില്ല. എന്താ വില്ലി വളരെ സന്തുഷ്ടനായതുപോലെ തോന്നുന്നല്ലോ."

"ഈ നില്ക്കുന്ന ഫണി എന്റെ ഭാവിഭാര്യയാണു്."

"ഹാ! അങ്ങനെയോ? എന്തു സന്തോഷം. ഞാൻ നിങ്ങൾക്കു രണ്ടുപേൎക്കും ഭാവുകം ആശംസിക്കുന്നു."

എല്ലാവരും ചിരിച്ചു. ഫണി ആ വൃദ്ധയെ ഇഷ്ടപ്പെട്ടു. നല്ല പ്രസരിപ്പുള്ളവരും സന്തുഷ്ടയുമാണവർ. തന്റെ മാതാവുമായി അവർ പരിചയപ്പെട്ടെങ്കിൽ എന്നു് അവൾ ആശിച്ചു.

"കുഞ്ഞിന്നു പീറററിനെ കാണണ്ടെ? ഞാൻ നിങ്ങളെ താമസിപ്പിക്കുകയാണു്. പീററർ അങ്ങു കാണുന്ന കച്ചിപ്പുരയുടെ പിന്നിലുണ്ടു്."

"ഹാ! ചേട്ടൻ ഇപ്പോഴും ഇവിടെയുണ്ടോ?"

"ആ യുവാവു വരയ്ക്കുകയാണു്. എന്റെ പൗത്രിയുടെ പടം. ഞങ്ങൾക്കു് എന്തുമാത്രം സന്തോഷമുണ്ടെന്നറിയാമോ" വെള്ളതേച്ച ഏതാനും കല്പടവുകൾ ഇറങ്ങി അവർ ഒരു താഴ്ന്ന സ്ഥലത്തെത്തി. നടന്നുപോകുന്ന പോക്കിൽ അവിടത്തെ അടുക്കും ചിട്ടയും, ശ്രദ്ധിക്കാതിരുന്നില്ല. എല്ലായിടവും വൃത്തിയായിരിക്കുന്നു. വൈക്കോൽപ്പുരയുടെ മുററംപോലും പരമുറിപോലെ തെളിഞ്ഞുകാണപ്പെട്ടു. അവർ കച്ചിപ്പുര ചുററി ചെല്ലുമ്പോൾ പീറററിന്റെ ശബ്ദം കേട്ടു. "ബീനാ, നീ അധികം ക്ഷീണിച്ചായിരിക്കും. ഇനി നമുക്കല്പം കാപ്പി കുടിച്ചിട്ടാകാം."

ഒരു അരയാൽവൃക്ഷത്തണലിൽ പീററർ ചാഞ്ഞി

രിക്കയാണു്. അയാാം വരച്ചിരുന്ന കാൻവാസ് മുൻപിൽ ഇരിക്കുന്നു. അരയാൽവൃക്ഷത്തിനു വളയമിട്ടതുപോലെ കാണപ്പെട്ട ഒരു കോൺക്രീററബെഞ്ചിൽ ഒരു പെൺകുട്ടി ഇരിക്കുന്നുണ്ടു്. പീററർ ചാടിയെണീററു. "ഹാ! ഹണീ! വില്ലീ! നിങ്ങാം എവിടെനിന്നു വരുന്നു?" അയാാം ആ പെൺകുട്ടിയുടെ നേരേ തിരിഞ്ഞു. "ബീനാ, നീ വില്ലിയെ അറിയുമല്ലോ? ഇതു് എൻെറ സഹോദരി ഹണിയാണു്. ഹണീ, ഇതാണു ബീനാ പിൻേറാ."

'പിൻേറാ' എന്ന കുലനാമം കേട്ടപ്പോാം ഹണി ഒന്നു ഞെട്ടങ്ങി. എണ്ണ കണ്ടുപിടിച്ചതിനെപ്പററി ജയ പറഞ്ഞ കുടുംബക്കാരെ അവാം സ്മരിച്ചു. ബീനാ ഹണിയേക്കാാം ചെറുപ്പമാണു്. സുന്ദരിയായ ഒരു കൃശഗാത്രി. വലിയമ്മയുടെ നിറവും അവാംക്കുണ്ടു്. അവളുടെ നയനങ്ങാം കറുത്തു വശ്യശക്തി നിറഞ്ഞതായിരുന്നു. അവാം ചിരിച്ചപ്പോാം പ്രത്യക്ഷപ്പെട്ട മുല്ലപ്പൂമൊട്ടുപോലെയുള്ള ദന്തനിര അവളുടെ ആ കൊച്ചുമുഖത്തിനു് ഒരു ഭൂഷണമായിരുന്നു. "ചേട്ടൻെറ സഹോദരിയെ കാണുവാൻ കഴിഞ്ഞതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. ഇദ്ദേഹം ചെയ്തിട്ടുള്ള ഉപകാരങ്ങാംക്കു ഞങ്ങാം എന്നും കൃതജ്ഞരാണു്."

"ഓ, ബീനാ, ഞാൻ എന്താണു ചെയ്തിരിക്കുന്നതു്? പ്രതിഫലംക്രൂടാതെ ഒരു ചിത്രം വരയ്ക്കുവാൻ തുടങ്ങിയതോ?" പീററർ പറഞ്ഞു.

"പക്ഷെ, ചേട്ടൻ ആരുടെയും പടം വരയ്ക്കുവാൻ അങ്ങനെ തുനിയാറില്ല." ഫണി പറഞ്ഞു.

ഫണിയ്ക്കു് ബീനായെ ഇഷ്ടമായി. അവശ നിഷ്കളങ്കയും അഹങ്കാരലേശമില്ലാത്തവളുമാണെന്നു ഫണിയ്ക്കു മനസ്സിലായി.

"ഓ, നോക്കൂ, ഈ ചേട്ടൻ ആ കിണറിൻെറ ചില ഭാഗങ്ങശ കേടുപാടുകശ തീൎത്തു. ഒരു പുതിയ രീതി പ്രയോഗിച്ചു നിലം ഉഴവു ചെയ്യുന്നതിനു ജോലിക്കാരെ ഉപദേശിക്കയും ചെയ്തു."

ആ തരുണി സംസാരിച്ചുകൊണ്ടിരുന്നപ്പോശ പീററർ അവളുടെ പ്രശാന്തവദനത്തിൻെറ ഓരോ ചലനവും ശ്രദ്ധിക്കുന്നതു് ഫണി കണ്ടു. "ഇതുതന്നെയല്ല, ഇനിയും പലതും ഇദ്ദേഹം ചെയ്തിട്ടുണ്ടു്."

"അതു ശരിയാണ്. ഞാൻ ഒരു കാട്ടുതാറാവിനെ വെടിവെച്ചു. എന്നാൽ അതു ബീനായുടെ വലിയമ്മയുടെ പ്രിയപ്പെട്ട താറാവായിരുന്നു എന്നുമാത്രം."

"ഓ, അതു സാരമില്ല. ഞങ്ങശ അതിനെ കൊല്ലുവാൻ കരുതിയിരിക്കുകയായിരുന്നു."

അവർ പൊട്ടിച്ചിരിച്ചു. "ഞാൻ ഒരു കഷ്കനാകേണ്ടതാണെന്നു തോന്നുന്നു. തൊഴിൽ തെരഞ്ഞെടുത്തതിൽ എനിക്കു തെററുപററി. ഇതാ ഫണീ, ഇതു നോക്കൂ. എൻെറ കലാവാസന നഷ്ടപ്പെട്ടതായി തോന്നുന്നില്ലേ?"

അവശ അയാളുടെ ചിത്രത്തിൽ കണ്ണോടിച്ചു. രൂപം വരച്ചുതുടങ്ങിയിട്ടേയുള്ളു. എന്നാൽ ബീനായുടെ

സുപ്രധാനമായ എന്തോ ഒന്നു് അതിൽ കാണുന്നു. അ തെ, അവളുടെ പ്രശാന്തമായ ഇരിപ്പു്; അവളുടെ ക രിംക്രുവള നയനങ്ങളിൽ തെളിഞ്ഞുകാണുന്ന ശാന്തത. ഇതായിരിക്കുമോ തന്റെ സഹോദരനെ അവളിലേക്കു് ആകർഷിച്ചിട്ടുള്ളതു്? തനിക്കു നഷ്ടപ്പെട്ടതെ ല്ലാം അവളിൽ അയാൾ കാണുന്നുണ്ടാകും. ശാന്തതയും സമാധാനവും, നിഷ്കളങ്കതയും അവളിൽനിന്നു വഴിയു ന്നതായി തോന്നി.

"ബീനാ, ഞാൻ ഒരു കാര്യം പറയാം." പീററർ ചിരിച്ചുകൊണ്ടു പറഞ്ഞു. "ഞാൻ ഇതു പൂർത്തിയാക്കി യാലുടനെ ഈ ചിത്രം ഒരു നല്ല വിലയ്ക്കു വില്ക്കും. അ തുകൊണ്ടു നിന്റെ വലിയമ്മയുടെ കണ്ണിനു വേണ്ട ചി കിത്സ ചെയ്യാം."

ബീനായുടെ മന്ദസ്മിതം അപ്രത്യക്ഷമായി. "വലി യമ്മയുടെ കണ്ണിനു ഭയങ്കരമായ തിമിരരോഗം ബാധി ച്ചിട്ടുണ്ടു്. വളരെ വിഷമകരമായ ഒരു ശസ്ത്രക്രിയ നട ത്തണമെന്നാണു് ഡോക്ടർമാരുടെ അഭിപ്രായം." ബീ നാ പറഞ്ഞു. പെട്ടെന്നു് അവൾ വിഷയം മാററി. "നമുക്കു് അകത്തുപോയി കാപ്പി കുടിക്കാം. വിശ്രമ ത്തിനുള്ള സമയമായെന്നു ചേട്ടൻ പറഞ്ഞുകൊണ്ടിരി ക്കയായിരുന്നു."

"അതെ." പറഞ്ഞു. "ബീനാ, നീ പോയി വേഗം കാപ്പി തയ്യാറാക്കൂ. ഞാൻ ചെന്നു വലിയമ്മയെ കൂട്ടി ക്കൊണ്ടു വരട്ടെ."

ആ അരയാൽവൃക്ഷത്തണലിൽ ഫണിയും വില്ലിയും തനിച്ചായി.

"പീററർ ഇപ്പോഠം വളരെ വ്യത്യാസപ്പെട്ടു കാണുന്നു." വില്ലി പറഞ്ഞു.

"ചേട്ടനെ ഞാൻ ഒരിക്കലും ഇതുപോലെ കണ്ടിട്ടില്ല. എനിക്കതിൽ വളരെ സന്തോഷമുണ്ട്."

വില്ലി മെല്ലെ അവളുടെ കരം ഗ്രഹിച്ചു. പക്ഷേ, അയാളുടെ നേത്രങ്ങഠം വിഷാദപൂർണ്ണമായി കാണപ്പെട്ടു.

"എന്തു്? എന്താണു കാര്യം?" ഫണി ആരാഞ്ഞു.

"ഞാൻ ജയയുടെ സംസാരത്തെപ്പററി ചിന്തിക്കയായിരുന്നു. ജീവിതം പ്രയാസങ്ങഠം നിറഞ്ഞതാണു്. ഒരു പുരുഷൻ അതൊന്നും ചിന്തിക്കയില്ല; എന്നാൽ ഒരു പെൺകുട്ടി!"

"ഓ, അതു സാരമില്ല" ഫണി തടഞ്ഞുപറഞ്ഞു. "ഞാൻ ഒന്നും കൂട്ടാക്കുന്നില്ല. എല്ലാവരും നല്ലവരായി എനിക്കു തോന്നുന്നു."

അയാളുടെ കണ്ണുകഠം അപ്പോഴും വിഷാദപൂർണ്ണമായിരുന്നു. "ഞാൻ ജീവിതത്തിൻെറ ബാഹ്യരൂപം മാത്രമേ നിന്നെ കാണിച്ചിട്ടുള്ളു. എന്തു പ്രയാസമേറിയതാണെന്നു നീ മനസ്സിലാക്കിയിട്ടില്ല. ആ ഹോട്ടൽ ഞാൻ നിന്നെ കാണിച്ചില്ല. പ്രത്യക്ഷത്തിൽ കാണുന്നതിൽനിന്നും എല്ലാം വിഭിന്നമാണു്."

"വ്യത്യസ്ഥമോ? അതു നമ്മുടെ ജീവിതമാണു്. എന്തുതന്നെയായാലും നമുക്കൊരുമിച്ചു് അതു നേരിടാം. പരസ്പരവിശ്വാസമാണാവശ്യം." ഫണി മൊഴിഞ്ഞു.

രണ്ടുപേരും തോളോടുതോൾ ചേൎന്നുനിന്നു. അവർ ആനന്ദനിർവൃതിയിൽ ലയിച്ചങ്ങനെ നിന്നുപോയി.

പലതും അവൾക്ക നല്കിയതാണു് ഈ ദിവസം. അവളുടെ മാതാവിൻെറ സ്നേഹാതിരേകം അവൾ ദർശിച്ചു; വില്ലിയുമായി ആ കിടങ്ങിനു സമീപമുള്ള ആ അനർഘനിമിഷം; വില്ലിയും അയാളുടെ തൊഴിലും തമ്മിലുള്ള താദാത്മ്യം; തൻെറ സഹോദരനിൽ ഒരു പുതിയ ആശാസ്ഫുരണം. അവളുടെ കേശഭാരത്തിൽ ചൂടിയിരുന്ന ലില്ലിപ്പുഷ്പം വില്ലിയുടെ തോളിൽ വീണിരുന്നു. അതെ, അതവരുടെ പുഷ്പമാണു്. ആ ദിവസത്തെ മറെറാരു സമ്മാനം. അവരുടെ അടയാളം. ആ പുഷ്പദളങ്ങളെനോക്കി അവൾ പുഞ്ചിരിതൂകി.

"എൻെറ സ്നേഹം നിന്നെപ്പോലെ പരിപൂൎണ്ണമായിരിക്കട്ടെ." അവൾ സ്വയം പറഞ്ഞു.

## 8

അന്നത്തെ ദിവസം ദൈർഘ്യമില്ലാതെ തോന്നിയെങ്കിൽ, അതിനടുത്ത രണ്ടു ദിവസങ്ങളും ഹണിയുക്ക വിശ്രമമില്ലാതെ പ്രവൃത്തിക്കേണ്ടിവന്നു. അവൾ ആസ്പത്രിയിൽ ജോലി രാജിവെയ്ക്കുന്നതിനു നോട്ടീസ്സു കൊടുത്തു. പലരുമായി കാണുകയും സംസാരിക്കുകയും ചെയ്യേണ്ടിയിരുന്നു. ആ പ്രായംചെന്ന നഴ്സും അവൾക്ക വളരെ സഹായം ചെയ്തുകൊടുത്തു.

വിവാഹസംബന്ധമായ പല ഒരുക്കങ്ങളും ചെയ്യേണ്ടതുണ്ട്. ഈ സന്ദർഭത്തിൽ വില്ലിയുടെ കമ്പനിയിൽ ജോലിത്തിരക്കുള്ള സമയമായിരുന്നു. അതുകാരണം അയാളുമായി യാതൊന്നും ആലോചിക്കുവാൻ അവൾക്കു കഴിഞ്ഞില്ല. അവളുടെ അമ്മതന്നെയാണു് എല്ലാക്കാര്യങ്ങളിലും അവൾക്കു സഹായമായുണ്ടായിരുന്നതു്. എല്ലാക്കാര്യങ്ങളിലും അവർ ശ്രദ്ധചെലുത്തി. അതിഥികളുടെ ലിസ്റ്റുണ്ടാക്കുക; പള്ളിയിൽ വേണ്ട ഏർപ്പാടുകൾ ചെയ്യുക; ക്ഷണക്കത്തുകൾ തയ്യാറാക്കുക മുതലായവയിലെല്ലാം അവർ മുൻകൈയെടുത്തു പ്രവൃത്തിച്ചു. വിവാഹസദ്യ; ഭവനം അലങ്കരിക്കുക തുടങ്ങി സർവ്വ കാര്യങ്ങളിലും ആ മാതാവിന്റെ ശ്രദ്ധ പതിഞ്ഞു,

ഹെണി ഷോപ്പിൽനിന്നു വാങ്ങേണ്ടവയെല്ലാം വാങ്ങി. അവൾക്കു പകരം ഒരു പെൺകുട്ടിയെ ആസ്പത്രിയിൽ അയച്ചതോടെ അവൾ സ്വതന്ത്രയായി.

ഒരു ദിവസം ജയ പെട്ടെന്നു് അവിടെ വന്നിറങ്ങി. ഹെണി ആശ്ചര്യഭരിതയായി. കല്യാണദിവസം ധരിക്കുന്നതിനു തന്റെ രത്നമാല കൊടുക്കാമെന്നു പറയുന്നതിനാണു് അവൾ വന്നതു്. ഇങ്ങനെ മറ്റൊരാളുടേ ആഭരണം ധരിക്കുന്നതിൽ ഹെന്നിയ്ക്കു താല്പര്യം തോന്നിയില്ല. എന്നാലും ജയ അതിനു സന്നദ്ധയായതിൽ അവൾക്കു സന്തോഷം തോന്നി. എല്ലാവരും തന്റെ ആനന്ദത്തിൽ പങ്കുകൊള്ളുന്നു. എന്നാൽ തന്റെ സഹോദരൻ മാത്രം വ്യത്യസ്ഥനായിരിക്കുന്നു. പീറ്റർ വീണ്ടും തന്റെ പഴയ രൂപം കൈക്കൊണ്ടിരിക്കുന്നു

ഉപേക്ഷ തന്നെയല്ല; ആ ശുദ്ധിനത്തെ അവഹേളിക്കു ന്ന തരത്തിൽ പൂർണ്ണമായ നിസ്സഹകരണം. സ്വഭവന സന്ദർശനവും അവൾ പെട്ടെന്നു നിർത്തി വിവാഹത്തി നുപോലും അയാളുടെ ആഗമനം ഉണ്ടാകയില്ലെന്നു തോ ന്നി. അമ്മയും ഇതിൽ ഉല്ക്കണ്ഠാകുലയായിരുന്നു.

"അവനാണു നിന്നെ പിടിച്ചേല്പിക്കേണ്ടതു്." ആ നല്ല മാതാവു് ഹണിയോടു പറഞ്ഞു. "അവൻ എങ്ങ നെയും വരേണ്ടതാണു്. നീ എന്നെ അവിടെ കൊണ്ടു പോകയാണെങ്കിൽ ഞാൻ അവനോടു സംസാരിക്കാം."

"വേണ്ട അമ്മെ, ഞാൻ സംസാരിച്ചുനോക്കട്ടെ." അവൾ പറഞ്ഞു. അമ്മയുടെ മനസ്സു വേദനിക്കരുതു് എന്നു് അവൾ ആഗ്രഹിച്ചു. വില്ലിയോടു് ഇതിനെ പ്പററി എന്തു പറയാനാണു്. അവൾ തൻെറ സഹോ ദരനെ കാണുന്നതിനുതന്നെ തീരുമാനിച്ചു. ആ വിദൂര മായ സ്ഥലത്തേയ്ക്കു് അവൾ പിറേറദിവസം ഉച്ചയ്ക്കു് കാറിൽ യാത്രയായി. പീററർ ജോലികഴിഞ്ഞു വരു മ്പോൾ കാണണം. അവൾ ഗേററ കടന്നു് അകത്തേ യ്ക്കു പ്രവേശിച്ചപ്പോൾ ബീനാ നേരേ വരുന്നതു കണ്ടു

"ഹാ! ചേച്ചി വന്നോ? വളരെ സന്തോഷം. ഞാൻ ആ കാണുന്ന കുളത്തിൽ കുളിച്ചുവരുമ്പോഴാണു് കാറിൻെറ ശബ്ദം കേട്ടതു്. ചേട്ടനെപ്പററി ഒന്നു ചോ ദിക്കണമെന്നു വിചാരിച്ചിരിക്കയായിരുന്നു. കല്യാണ ത്തിനുള്ള ഒരുക്കങ്ങളൊക്കെ നന്നായി നടക്കുന്നെന്നു ക രുതുന്നു."

"ചേട്ടൻ ഇവിടെയുണ്ടോ?" ഹണി ആരാഞ്ഞു.

"ഇല്ല, എന്നാൽ ഇപ്പോൾ വരും." അവർ ഭവനാന്തർഭാഗത്തേയ്ക്കു കടന്നു. ബീനായുടെ മാതാവു് മാഗ്ഗ്റററ് ഹെണിയെ കെട്ടിപ്പിടിച്ചു.

"കുഞ്ഞേ, ഊണു തയ്യാറായിട്ടുണ്ടു്. നീ സമയത്തു തന്നെ വന്നു. നമുക്കു് ഊണുകഴിക്കാം."

"നിങ്ങളുടെകൂടെ ഭക്ഷണം കഴിക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളു. പക്ഷേ, എനിക്കു വേഗം മടങ്ങേണ്ടിയിരിക്കുന്നു. ചേട്ടനെപ്പററി എന്തു ചോദിക്കണമെന്നാണു പറഞ്ഞതു്?"

ആ വൃദ്ധ തൻെറ ദൌഹിത്രിയുടെ നേരേ നോക്കി. കണ്ണു ചിമ്മി. "ഓ, ഒന്നുമില്ല. പീറററിനു ഒരു സമ്മാനം നൽകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എന്തായിരിക്കും അയാൾ ഇഷ്ടപ്പെടുക എന്നറിഞ്ഞാൽ കൊള്ളാമായിരുന്നു."

"സമ്മാനമോ?" ഹെണി ആശ്ചര്യസ്വരത്തിൽ ചോദിച്ചു.

വീണ്ടും തമ്മിൽ എന്തോ ആലോചിക്കുന്നതുപോലെ വൃദ്ധ ബീനായെ നോക്കി. "ഇല്ല, നമുക്കു് ഹെണിയോടു പറയാം. പീറററിൻെറ സഹോദരിയല്ലെ, രഹസ്യമായി സൂക്ഷിച്ചുകൊള്ളും." മാഗ്ഗ്റററ് ഹെണിയുടെ നേരേ തിരിഞ്ഞു. അവരുടെ സുന്ദരവദനത്തിൽ സന്തോഷവികാരങ്ങൾ പ്രത്യക്ഷപ്പെട്ടു. എനിക്കും ബീനായ്ക്കും അയാൾ നൽകിയ വിലയേറിയ ഉപദേശത്തിനാണു സമ്മാനം."

"എന്തിനാണു് ഉപദേശം?"

"ഞങ്ങളുടെ ഈ പുരയിടം വില്ക്കുന്നതിനു്." സന്തോഷംകൊണ്ടു് ഉയന്ന തന്റെ സ്വരം വളരെ താഴ്ത്തിക്കൊണ്ടു് അവർ പറഞ്ഞു. "കുറച്ചു നാളുകൾക്കുമുൻപു് ഒരു മനുഷ്യൻ ഇവിടെ വന്നിരുന്നു. ആരുടെയോ ഏജന്റാണു്. ഈ നില പുരയിടങ്ങൾക്ക ഒൻപതിനായിരം ഉറപ്പിക തരാമെന്നു് അയാൾ പറയുകയുണ്ടായി." അവരുടെ ശബ്ദം ആശ നിറഞ്ഞതായിരുന്നു. "എന്തു ചെയ്യണമെന്നു് ഞങ്ങൾക്കു് അറിഞ്ഞുകൂടായിരുന്നു. സമീപപ്രദേശങ്ങളിൽ എണ്ണഖനിയുണ്ടെന്ന കിംവദന്തിയും ഉണ്ടു്. എല്ലാം നിലമുടമകളുടേയും സ്ഥലങ്ങളിൽ ഡൈനാമൈററ് ഉപയോഗിച്ചു പരീക്ഷണങ്ങൾ നടത്തുന്നുണ്ടു്. അങ്ങനെയാണെങ്കിൽ ഏതെങ്കിലും ഭാഗത്തു് എണ്ണ കണ്ടുപിടിച്ചാലൊ? വില്ക്കണമോ വേണ്ടയോ എന്നായി ഞങ്ങളുടെ സംശയം." ആ വൃദ്ധവദനം കുട്ടികളെപ്പോലെയുള്ള നിസ്സഹാത തോന്നിക്കുകയാൽ ചുളുങ്ങി. "ഞങ്ങൾ പീററിന്റെ ഉപദേശം തേടി"

ഹണിയുടെ അധരങ്ങൾ വിടന്നു, മരവിച്ചതുപോലെ അവൾക്ക തോന്നി. "ചേട്ടൻ എന്തു പറഞ്ഞു."

"വില്ക്കുന്നതിനു പീററർ നിർദ്ദേശിച്ചു. അവരുടെ വൃദ്ധനയനങ്ങൾ തിളങ്ങി. "ഞങ്ങളുടെ സ്ഥലത്തെ പരിശോധന കഴിഞ്ഞെന്നും ഇവിടെ എണ്ണ കണ്ടുപിടിച്ചിട്ടില്ലെന്നും അയാൾ പറഞ്ഞു. അതുകാരണം യഥാൎത്ഥത്തിലുള്ള തോട്ടമുടസ്ഥൻ വന്നപ്പോൾ ഞങ്ങൾ അയാളുടെ വ്യവസ്ഥ അംഗീകരിച്ചു. ഒൻപതിനായിരം

ഉറപ്പിക്ക വാങ്ങി. ഒക്കല്ല, രൊക്കം പണം. ഇപ്പോറം എൻെറ കണ്ണിനു് ഓപ്പറേഷൻ നടത്താം."

ഒന്നും ശബ്ദിക്കാനാവാതെ ആശ്ചാചനാശക്തി പോലും നശിച്ചവളെപ്പോലെ ഫണ്ണി അതേനിലയിൽ നിന്നുപോയി. അവളുടെ നില കണ്ടു് ആ വൃദ്ധ തെററിദ്ധരിച്ചു. അവർ ക്ഷമാപണരൂപത്തിൽ പറഞ്ഞുതുടങ്ങി: "ഞങ്ങറം അങ്ങനെ ചോദിക്കരുതായിരുന്നു. അങ്ങനെയുള്ള രഹസ്യങ്ങറംപോലും പുറത്തു വരരുതെന്നുള്ളതു് എനിക്കറിയാമായിരുന്നു. പക്ഷെ, ഞങ്ങറം പീററിനെ അങ്ങനെയല്ല കരുതുന്നതു്. ഞങ്ങറംക്കു സമീപിക്കുവാൻ വേറെ ആരുമില്ലതാനും."

ബീനാ ഫണ്ണിയുടെ കൈക്കു പിടിച്ചു. "ഒരുത്തരോടും ഒരു വാക്കുപോലും പറകയില്ലെന്നു ഞങ്ങറം ശപഥം ചെയ്തിട്ടുണ്ടു്." അവറം കാര്യമായി പറഞ്ഞു. ഒരു കാറിൻെറ ശബ്ദം പുറത്തു കേട്ടു. "അതാ, ചേട്ടൻ വരുന്നു." അവറം ഫണ്ണിയുടെ കയ്യമർത്തി. "വേഗം ആലോചിക്കണം, ഞങ്ങറം എന്താണു് അദ്ദേഹത്തിനു കൊടുക്കേണ്ടതെന്നു്."

ഫണ്ണിയുടെ സംസാരശക്തി തിരിച്ചുവന്നു. അവറം പറഞ്ഞു: "ചേട്ടനു് ഒന്നും കൊടുക്കണമെന്നില്ല. അതിനെപ്പററി ആലോചിക്കയും വേണ്ട." ഫണ്ണി വാതുക്കലേയ്ക്കു തിരിഞ്ഞു. "എനിക്കു സമയമില്ല. ചേട്ടനോടു സംസാരിക്കാനുണ്ടു്. ദയവുചെയ്തു് ക്ഷമിക്കണം."

അവറം ചവിട്ടുപടികറം ഇറങ്ങി നടന്നു. പീററർ കാർ നിർത്തി ഇറങ്ങുന്നതു് ഫണ്ണി കണ്ടു. "ഹാ! ഫണ്ണി

യോ? നീ എവിടെനിന്നു വരുന്നു?'' അയാൾ അന്വേഷിച്ചു.

"ചേട്ടാ, എനിക്കു ചിലതു സംസാരിക്കുവാനുണ്ടു്. എൻെറ കാറിലേയ്ക്കു പോകാം.''

കൌതുകത്തോടെ അവളെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് അയാൾ പറഞ്ഞു: "ഞാൻ നിൻെറ വിവാഹത്തിനു വരികയില്ലെന്നു കരുതി വിഷമിച്ചിരിക്കയാണോ? ഇല്ല, നിന്നെ പള്ളിയിൽ കൊണ്ടുപോകുവാൻ ഞാൻ വരുന്നതാണു്."

അവർ കാറിൽ കയറുന്നതുവരെ ഹെണി ഒന്നും സംസാരിച്ചില്ല. "അവരുടെ സ്ഥലം വില്ക്കുന്നതിനു ചേട്ടൻ ഉപദേശിച്ചതായി ബീനായുടെ വലിയമ്മ എന്നോടു പറഞ്ഞു."

പീററിൻെറ മുഖം ഇരുണ്ടു. "അവർ അങ്ങനെ പറഞ്ഞോ?''

"ചേട്ടൻെറ ഉപദേശാനുസരണം അവർ ഒൻപതിനായിരം ഉറപ്പികയ്ക്കു് ഈ സ്ഥലം വില്പന നടത്തിയെന്നു പറഞ്ഞു."

പീററിന്റെ വദനത്തിൽ പ്രത്യക്ഷപ്പെട്ട മാററം കണ്ടു് ഹെണി സംസാരം നിർത്തി. അയാളുടെ മുഖം വിളറി; നാവുകൊണ്ടു് അധരങ്ങൾ നനച്ചു. പെട്ടെന്നു തന്നെ അയാൾ എന്തോ തീരുമാനമെടുത്തതുപോലെ തോന്നി. കാറിൽ ചാരിക്കിടന്നു് ഒരു സിഗററെറടുത്തു കത്തിച്ചു.

"നീ ഇതറിഞ്ഞതുകൊണ്ടു് ഞാൻ എല്ലാം തുറന്നു

പറയാം. ഇതു പുറത്താക്കരുതെന്നു് കരുതിക്കൊള്ളു ന്നം. നീ എന്റെ സഹോദരിയായതുകൊണ്ടു തുറന്നുപ റയുന്നതിൽ തെററില്ലെന്നു കരുതിയാണു് അവർ പറ ഞ്ഞിട്ടുള്ളതു്." അയാളുടെ ഭാവപ്രകൃതിയ്ക്കു് അല്പം അയവും അവളിൽ വിശ്വാസവും ഉള്ളതുപോലെ തോ ന്നി. "വസ്തു വിററ വിവരം അവർ നിഃന്നാട്ടു മാത്രമേ പറഞ്ഞിട്ടുള്ളു. നീ ഈ വിവരം വില്പിടയാടോ മററാ രോടെങ്കിലുമോ പറയുകയാണെങ്കിൽ വളരെ കുഴപ്പങ്ങ ളുണ്ടാകും." അയാളുടെ നയനങ്ങൾ രൂക്ഷങ്ങളായി കാ ണപ്പെട്ടു.

അവളുടെ അടുത്തേയ്ക്കു ചാഞ്ഞുകൊണ്ടു് അയാൾ തുടർന്നു: "ഇവരുടെ സ്ഥലത്തു് എന്നുയുണ്ടെന്നുള്ള വിവ രം എനിക്കു മനസ്സിലായി. ഞാൻ ചുററിനടന്നു പല തും കണ്ടും കേട്ടും ഗ്രഹിച്ചു. അതുകൊണ്ടു് നിന്റെ സഹോദരനാണു് ഈ സ്ഥലം വാങ്ങിക്കുവാൻപോകുന്ന തെന്നു് അറിയുന്നതു കൊള്ളാം."

അവൾ ഷോക്കേററതുപോലെ ഇരുന്നുപോയി. അനങ്ങുവാൻ വയ്യാ. കാറിന്റെ സ്റ്റീയറിംഗിൽ കയ്യമ ർത്തി, ആ ഭവനത്തിന്റെ ഗേററിലേയ്ക്കു തുറിച്ചുനോക്കി ക്കൊണ്ടു് ഒരു പ്രതിമയെപ്പോലെ അവൾ ഇരുന്നു.

"ഞാനാണു് ഈ സ്ഥലം വാങ്ങിച്ചതെന്നു് അവ ക്കറിഞ്ഞുകൂടാ. വിദൂരസ്ഥലത്തുള്ള ഒരു ഏജൻറുവഴ യാണു് ഇതു വാങ്ങിയതു്." കുറച്ചു വലിച്ച സിഗററു് അയാൾ ദൂരെയെറിഞ്ഞു.

"ആക്കും ഇതിൽ നഷ്ടമില്ല. ആ വൃദ്ധയുടെ കണ്ണീ

ന്ന് ഓപ്പറേഷൻ നടത്തണം. അതു് ഒഴിവാക്കുവാൻ നിവൃത്തിയില്ല. ഇതേ ഒരു മാർഗ്ഗമുള്ളു.

അയാൾ മുൻപിലുള്ള പാതയിലേയ്ക്കു തുറിച്ചു നോക്കിക്കൊണ്ടിരുന്നു. "ഇതാണോ തൻെറ സഹോദരൻ? ഒന്നിച്ചു കളിച്ചുവളന്ന സഹോദരനാണോ സമീപം ഇരുന്നുകൊണ്ടു് ഇതു പറയുന്നതു്?"

"ഞാൻ യുദ്ധകാലത്തു് ചില സത്യങ്ങൾ ഗ്രഹിച്ചു. ഒരു കലാകാരനാണു ഞാൻ ആരാണു കലാകാരന്മാരെ വിലമതിക്കുന്നതു്? ലോകാനുഭവങ്ങളിൽനിന്നു് എന്തെങ്കിലും നേടണമെന്നു ഞാൻ കരുതി എല്ലാവക്കും എപ്പോഴെങ്കിലും, ഒരു സന്ദർഭം ലഭിക്കാതിരിക്കയില്ല. ഇതെൻെറ സന്ദർഭമാണു്. ഞാൻ അതുപയോഗിക്കുകയും ചെയ്തു." അയാൾ കൈകൊണ്ടു പലപ്രാവശ്യം മുഖം തിരുമ്മി. "ഞാൻ വളരെ അവധാനപൂർവ്വം കരുക്കൾ നിരത്തി. ഒരു തോട്ടമുടമയുടെ ഏജൻറിനെക്കൊണ്ടു് സ്ഥലത്തിനു വില നിശ്ചയിപ്പിച്ചു. അവക്കു മററാരെങ്കിലും ഉപദേശം നൽകുന്നതിനില്ലെന്നു് എനിക്കറിയാമായിരുന്നു. പോരെങ്കിൽ ഞാൻ എണ്ണ ഖനനം ചെയ്യുന്ന കമ്പനിയിലെ ജീവനക്കാരനും." അയാൾ മുഖമമത്തി തടകി. "രഹസ്യം പാലിക്കാമെന്നു ഞാൻ അവരെക്കൊണ്ടു വാഗ്ദാനം ചെയ്യിച്ചു. സമീപപ്രദേശങ്ങളുപോലും എണ്ണ ഇല്ലെന്നു ഞാൻ അവരെ ധരിപ്പിച്ചു."

അയാൾ അവിടത്തെ വനപ്രദേശത്തേയ്ക്കു തൻെറ രൂക്ഷത കലന്ന നയനങ്ങൾ തിരിച്ചു. "ഇനി ആക്കും ഒന്നും ചെയ്യുവാൻ നിവൃത്തിയില്ല. പണം വാങ്ങിക്ക

ഴിഞ്ഞു. വില്പനയും നടന്നു. എണ്ണ ഖനനം ചെയ്യുന്നതി നുള്ള പരിപാടികഠം ഏഴെട്ടു മാസത്തേയ്ക്കു പ്രവൎത്തന പഥത്തിൽ വരികയില്ല. അപ്പോഴേയ്ക്കും ഞാൻ കമ്പ നിയിൽനിന്നു പോരികയും ചെയ്യും"

ഹെണിയുടെ തലച്ചോറ കുത്തേററതുപോലെ വേദ നിച്ചു. എന്നിട്ടും അവഠംക്കു് അനങ്ങുവാൻ കഴിയുന്നി ല്ല. സഹോദരൻ പറയുന്നതിൻെറ അൎത്ഥവ്യാപ്തി മന സ്സിലാക്കുവാൻ തൻെറ കഴിവിലും അതീതമാണെന്നു അവഠംക്കു് തോന്നി.

"ഞാൻ ഇതു നിന്നോടു പറയരുതായിരുന്നു. നീ ഇടയ്ക്കു കടന്നതുകൊണ്ടാണു് ഇതെല്ലാം പറ യേണ്ടിവന്നതു്. സാവധാനം എട്ടു മാസങ്ങഠംക്കുള്ളിൽ പുറത്തായാൽ മതിയാകുമായിരുന്നു. നിന്നെയും അമ്മ യെയും വിഷമിപ്പിക്കരുതെന്നാണു് എൻെറ ആഗ്രഹം. ഇതിൽ യാതൊരു അനീതിയുമില്ല. ഒരു കൊല്ലത്തിന കം നമ്മളെല്ലാം ഒരു നല്ല നിലയിലെത്തുമെന്നുള്ളതു തീൎച്ച."

അവളുടെ ശിരസ്സു പൊളിയുന്നതുപോലെ അവഠം ക്കനുഭവപ്പെട്ടു. അവളുടെ ശരീരം മുഴുവനും വേദനിച്ചു. വളരെ നേരത്തേയ്ക്കു ശബ്ദിക്കുവാൻതന്നെ അവഠംക്കു കഴിഞ്ഞില്ല.

"എനിക്കും വില്ലിക്കും ഇതു് എന്തൊരാഘാതമാ ണെന്നു ചേട്ടൻ അറിയുന്നുണ്ടോ?"

അയാഠം തിരിഞ്ഞു് അവളെ തുറിച്ചുനോക്കി. ഈ ആലോചന അയാഠംക്കു് തോന്നിയില്ലായിരിക്കാം.

അല്ലെങ്കിൽ ഇക്കാര്യം ഓർത്തിട്ടാകാം വിവാഹത്തിനു സന്നിഹിതനാകാതെ ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചിട്ടുള്ളതു്.

"ഓ, ഹണീ, നീ അയാളോടു പറയേണ്ട. അയാറം അറിയേണ്ടതില്ല. ഈ വിവരം അയാറം അറിയുമ്പോറം നിങ്ങളുടെ വിവാഹം കഴിഞ്ഞിട്ടു എട്ടു മാസങ്ങറം എങ്കിലും ആയിക്കാണും. ആദായത്തിൻെറ ഒരംശം അയാറംക്കും കൊടുക്കാം. ഞാൻ സ്വാർത്ഥതല്പരനല്ല."

അപ്പോഴാണു് ആദ്യമായി ഹണിയുടെ രോഷം പ്രകടമായതു്. "ചേട്ടാ, അദ്ദേഹം ചേട്ടൻെറ സ്നേഹിതനല്ലെ? ജോലി തന്നതും അദ്ദേഹമല്ലെ. ചേട്ടൻ ചെയ്യുന്നതിനെപ്പററി അദ്ദേഹത്തോടു ചോദിക്കാമായിരുന്നു. അപ്പോറം ചേട്ടനെപ്പററി എന്തു വിചാരിക്കുന്നു എന്നറിയാമായിരുന്നു."

"നീ ഒരു കാര്യം ശ്രദ്ധിച്ചു മനസ്സിലാക്കണം. അയാറം ഇതു മനസ്സിലാക്കുന്നപക്ഷം അയാറം നശിച്ചതു തന്നെ. നിനക്കു് അയാളോടു വിവരം പറയുവാൻ സാധിക്കയില്ല. നീ പറയുന്നപക്ഷം കമ്പനിയെ വിവരം ധരിപ്പിക്കുവാൻ അയാറം ബാദ്ധ്യസ്ഥനാകും. അതിൻെറ അർത്ഥം ജോലിയിൽനിന്നുള്ള ബഹിഷ്ക്കരണം. അയാളാണു് കമ്പനിരഹസ്യം പുറത്താക്കിയതെന്നു് അവർ ധരിക്കും."

"ചേട്ടനു് ഈ വിവരം എങ്ങനെ ലഭിച്ചു?"

"അതെൻെറ കാര്യം?"

"ഇതിനുള്ള പണമോ?"

"അതും എന്റെ കാര്യമാണു്." അയാൾ കതക് തുറന്നു പുറത്തിറങ്ങി വാതിൽ വലിച്ചടച്ചു.

"കാര്യം നടന്നുകഴിഞ്ഞു എന്നു് ഓർത്തുകൊള്ളണം. നിനക്കു് ഇനി ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. അതുകൊണ്ടും ഒട്ടും ക്ലേശിക്കേണ്ട. ഒന്നും അറിയാത്തതുപോലെ നടന്നാൽ മതി. അതു നിനക്കായി വിട്ടിരിക്കുന്നു."

## 9

അവൾ എങ്ങനെ സ്വഭവനത്തിലെത്തി എന്നവൾക്കുതന്നെ അറിഞ്ഞുകൂടാ. അവൾ അമ്മയോടു സംസാരിച്ചു. പീററർ കല്യാണത്തിനു തന്റെ കത്തവ്യം നിറവേററുവാൻ വരുമെന്നു മാത്രം അവരോടു പറഞ്ഞു. ഒരപകടത്തിൽ ഷോക്കേററതുപോലെ യാന്ത്രികമായിരുന്നു അവളുടെ പെരുമാററം. ഹെന്നി കിടക്കയിൽ പോയിരുന്നു. തലയ്ക്കു ചുററികകൊണ്ടടിക്കുന്നതുപോലെ അവൾക്കു തോന്നി.

താൻ എന്തുചെയ്യണം? അന്ധകാരത്തിൽ അവൾ ആലോചിച്ചുകൊണ്ടിരുന്നു. ആ സംഭവം ഭയങ്കരമായി അവൾക്കു തോന്നി. ആ വൃദ്ധയായ മാഗ്ഗ്രററിനേയും അവരുടെ പൗത്രിയേയും തന്റെ സഹോദരൻ വഞ്ചിച്ചിരിക്കുന്നു. നിഷ്കളങ്കരും, ഔദാര്യനിധികളും അയാളെ പൂർണ്ണമായി വിശ്വസിച്ചിരുന്നവരുമായ അവരെ നിധി തട്ടിയെടുക്കുവാൻവേണ്ടി കെണിയിൽ കുടുക്കി

രിക്കുന്നു. താൻ ഇതു തീരുമാനിക്കുന്നതെങ്ങനെ? അവൾ അവഗാഢം ചിന്തിച്ചു.

വില്ലിയെ വിവരം ധരിപ്പിച്ചാലോ? അവൾ ചിന്തിച്ചു. മരവിപ്പിക്കുന്ന ഒരു ഭയം അവളെ ബാധിച്ചു. അവൾക്കു വേണ്ടിയല്ല; വില്ലി അറിയുന്ന പക്ഷം എന്തു സംഭവിക്കും? അയാളുടെ ജീവിതോദ്ദേശം അവസാനിക്കും. തന്റെ സഹോദരന്റെ വാക്കുകൾ അവൾ സ്മരിച്ചു. "നീ അയാളോടു പറയുകയാണെങ്കിൽ കമ്പനിയെ അറിയിക്കുവാൻ അയാൾ ബാധ്യസ്ഥനാകും." അതെ, അയാൾ അപ്രകാരം ചെയ്യും, നിശ്ചയം. അയാൾ നേരേ കമ്പനിയെ സമീപിച്ചു വിവരം ധരിപ്പിക്കും. അതിനു മടിക്കാത്ത നിഷ്കളങ്കസ്വഭാവമാണു് വില്ലിയ്ക്കുള്ളതു്. അതിന്റെ ഫലമോ? കമ്പനിയിൽനിന്നുള്ള നിഷ്കാസനം. വില്ലിയാണു പീററിനെ ജോലിയ്ക്കു ശുപാർശ ചെയ്തിട്ടുള്ളതു്. ആ വ്യവസായത്തിൽ ഒരിടത്തും അയാൾക്കു് ഉദ്യോഗം ലഭിക്കയില്ല. മററു ജോലിയൊന്നും അയാൾ സ്വീകരിക്കയുമില്ല.

വില്ലിയുടെ സർവ്വലക്ഷ്യവും, ജീവിതത്തിൽ താൻ തിരഞ്ഞെടുത്ത തൊഴിലും നഷ്ടപ്പെടും.

താഴത്തെ നിലയിൽനിന്നു് അമ്മ വിളിക്കുന്നതു് അവൾ കേട്ടു. "ഹെണ്ടി, പീററർ ഫോണിൽ വിളിച്ചു. അവൻ ഭക്ഷണത്തിനു വന്നെത്തും എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ അങ്ങനെ വരാത്തതിൽ അവനു മനസ്താപമുള്ളതുപോലെ തോന്നുന്നു."

എന്തുകൊണ്ടാണ് അയാൾ വരുന്നതെന്ന് അവൾക്കറിയാം. അമ്മയെ അവൾ വിവരം ധരിപ്പിക്കുമോ എന്നാണയാൾക്കു ഭയം. അതു തടയണം. ഇല്ല, താൻ അമ്മയെ വിവരം ധരിപ്പിക്കയില്ല. താൻതന്നെ ഇതു നേരിടണം. അവളുടെ തലച്ചോറു പൊളിക്കപ്പെടുന്നതുപോലെ തോന്നി; എന്തു ചെയ്യണം? തൻെറ ഭാവിവരനെ വിവരം ധരിപ്പിക്കയോ?

കൈകൊണ്ടു കണ്ണുകൾ അമർത്തി. തനിക്കു് ആലോചിക്കുവാൻ സമയം വേണം. വില്ലി ഞായറാഴ്ചവരെയും പ്രവർത്തനനിരതനായിരിക്കും. ആ രണ്ടു ദിവസങ്ങൾ ആലോചിച്ചുറയ്ക്കുവാൻ ലഭിക്കും. അല്ലെങ്കിൽ സമയമെന്തിനു്? ഇപ്പോൾത്തന്നെ ആലോചിക്കാവുന്നതല്ലേ?

വില്ലിയോടു വിവരം പറഞ്ഞാലും അയാൾ തന്നെ വിവാഹം കഴിക്കും. അതിനൊട്ടും മടിക്കയില്ല. അത്ര ദൃഢമായി അവളെ സ്നേഹിച്ചിരുന്നതുകൊണ്ടു് ഉടനെ അയാൾ വിവാഹം നടത്തുകയേയുള്ളു. കാലക്രമത്തിൽ ഉദ്യോഗത്തിൽനിന്നു നിഷ്കാസിതനായാൽ തൻെറ ഹൃദയത്തിനു സ്വസ്ഥതയുണ്ടാകയില്ല. എല്ലാദിവസവും രാത്രിയും പകലും തൻെറ വിചാരം ഇതായിരിക്കും. അവൾക്കു തന്നോടുതന്നെ വിദ്വേഷം തോന്നി. ഇല്ല, അങ്ങനെയുള്ള ഒരു ജീവിതം സാദ്ധ്യമല്ല.

അയാളോടു വിവരം പറയുകയെന്നുവെച്ചാൽ അയാളുടെ അനുകമ്പയ്ക്കു യാചിക്കുന്നതുപോലെയല്ലേ? "ഞാൻ നിരപരാധിയാണു്. അതിൽ എനിക്കു് ഒരു

പങ്കുമില്ല. ദയവുചെയ്ത് എന്നെ സ്വീകരിച്ചാലും." എന്നു പറയുന്നതുപോലെയല്ലെ. അവൾ നേരേ പറകയില്ല. എന്നാലും അങ്ങനെയല്ലെ തോന്നിക്കയുള്ളു.

താൻ കാര്യം തുറന്നുപറയാതിരുന്നാലും ആ ചിന്ത ഏതുസമയത്തും തന്നെ വിട്ടുമാറുകയില്ല. എട്ടു മാസങ്ങൾക്കുശേഷം സംഗതി പുറത്താകുമ്പോൾ, തനിക്കറിവില്ലായിരുന്നു എന്നു നടിക്കുക. ഇല്ല, സാധിക്കയില്ല. തന്റെ ജീവിതകാലം മുഴുവനും താൻ ലജ്ജിക്കേണ്ടതായി വരും.

ഹണി വീണ്ടും വീണ്ടും ചിന്തിച്ചു. ഒരു എത്തും പിടിയും കിട്ടുന്നില്ല. താൻ എന്തുതന്നെ ചെയ്താലും ഒരു ദുരന്തപരിണാമമായിരിക്കും ഫലം. താഴത്തെ നിലയിൽ അമ്മയും കമലയുംകൂടെ സംസാരിക്കുന്നതുപോലെ തോന്നി. കുറെ കഴിഞ്ഞപ്പോൾ പീററിന്റെ ആഗമനവും അവൾ മനസ്സിലാക്കി. അയാളോടു വീണ്ടും സംസാരിച്ചാലേ ? ഇല്ല, ഉച്ചയ്ക്കു താൻ കണ്ട മനസ്ഥിതി തന്നെയായിരിക്കും ഇപ്പോഴും.

കടനത്തിന്റെ ഉഗ്രത മറെറല്ലാ വൈഷമ്യങ്ങളേയും തട്ടിമാററി. പെട്ടെന്ന് അവൾ ഒരു കാര്യം മനസ്സിലാക്കി. താനും വില്ലിയുമായുള്ള സർവ്വബന്ധങ്ങളും അറുപോയിരിക്കുന്നു. അയാൾ തന്നിൽനിന്ന് അകലണം, അല്ല അകററണം. എന്നാൽ മാത്രമേ അയാൾക്കു രക്ഷയുള്ളു. കാര്യം പുറത്താകുന്ന സമയം അയാൾ മററു വല്ല രാജ്യങ്ങളിലുമായിരിക്കണം. ഹണിയുമായുള്ള ബന്ധം

17861

അപ്പോൾ എല്ലാവരും വിസ്മരിക്കും. അയാളെ ജോലിയിൽനിന്നു പിരിച്ചുവിടുകയുമില്ല.

കിടക്കയിൽ അവൾ നിവർന്നിരുന്നു. കൈത്തലങ്ങൾ കൂട്ടിത്തിരുമ്മി. അഗ്നികുണ്ഡത്തിൽ കിടന്നെരിയുന്നതുപോലെ അവൾക്കു തോന്നി. താൻ അയാളെ പറഞ്ഞയയ്ക്കണം. വിവാഹം ചെയ്യുവാൻ നിവൃത്തിയില്ല. കദനഭാരം താങ്ങുവാനാവുന്നില്ല. അവൾ സ്വയം പറഞ്ഞുപോയി. "ഇല്ല, എനിക്കു സാധിക്കയില്ല. അസാദ്ധ്യമാണ്." താഴെ പുറകുവശത്തെ വാതൽ അടയുന്ന ശബ്ദം അവൾ കേട്ടു. തന്റെ സഹോദരൻ തോട്ടത്തിൽ നടക്കുവാൻ പോകയാണ്. അതാ തോട്ടത്തിൽ അയാളുടെ എരിയുന്ന സിഗററ്റ്. കൂടുതൽ ആലോചിക്കാതെ പിൻഭാഗത്തെ ചവിട്ടുപടികൾ ഇറങ്ങി അവളും അങ്ങോട്ടു തിരിച്ചു.

കാൽപ്പെരുമാററം കേട്ട് പീററർ തിരിഞ്ഞുനോക്കി.

"ഹെണ്ണീ!"

"ചേട്ടാ, ചേട്ടൻ അങ്ങനെ ചെയ്യരുത്." അവൾ വളരെ പതുക്കെ പറഞ്ഞു. "ആ പരിപാടി നിത്തണം."

"നീ വീണ്ടും അതുതന്നെ പറകയാണോ? അതൊരിക്കൽ പറഞ്ഞുകഴിഞ്ഞതല്ലേ?"

"ചേട്ടാ, ചേട്ടൻ എന്താണു ചെയ്യുന്നതെന്നു മനസ്സിലാക്കുന്നില്ല. എന്റെ ജീവിതം പിഴുതുകളയുകയാണു."

"നീ വിവാഹം കഴിക്കുക. മററൊന്നും ചിന്തിക്കേണ്ട. എല്ലാവർക്കും വേണ്ടതു ലഭിക്കും.''

അവളുടെ നയനങ്ങൾ രൌദ്രതയാർന്നു "എല്ലാവർക്കും വേണ്ടതെന്താണു്? അപമാനവും നിന്ദയും! ഞാൻ ഇതറിഞ്ഞുകൊണ്ടു് വില്ലിയെ വിവാഹം ചെയ്യണമെന്നാണോ ചേട്ടൻ പറയുന്നതു്?"

"നീ അതൊക്കെ മറക്കുക. എട്ടു മാസങ്ങൾക്കുള്ളിൽ നീ നല്ല നിലയെ പ്രാപിക്കും. അപ്പോൾ നിങ്ങൾ രണ്ടുപേരും എനിക്കു നന്ദി പറയും."

അവളുടെ ഹൃദയം നുറുങ്ങുന്നതുപോലെ തോന്നി. "ആ പാവപ്പെട്ട പിന്റോകുടുംബത്തെ ചേട്ടൻ വതിക്കുകയാണു്. ചേട്ടനെ നിർവ്യാജം സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നവരാണു് ആ വൃദ്ധയും പൌത്രിയും. പാവം ബീനാ! അവളുടെ മനോഹരമായ നയനങ്ങൾ കാൻവാസിൽ പകത്തുവാൻ ചേട്ടൻ എന്തുമാത്രം ആഗ്രഹിച്ചിരുന്നു."

അപ്പോഴാണു് അയാൾ ഞെട്ടുന്നതു് അവൾ കണ്ടതു്. "അവൾ ഒന്നിനും വിഷമിക്കേണ്ടിവരികയില്ല. അവളെ രക്ഷിക്കുവാൻ വേണ്ടതു ഞാൻ ചെയ്തുകൊള്ളാം."

"ഞാൻ ചേട്ടനുമായി വാഗ്വാദം നടത്തുന്നില്ല. ചേട്ടന്റെ പ്രവൃത്തി ഭയങ്കരമാണു്. ചേട്ടൻ ഉൾപ്പെടെ എല്ലാവരുടെയും നാശമാണു് അനന്തരഫലം. സത്യവും നീതിയും മേന്മയുമെല്ലാം ഇതോടെ നശിക്കും.''

അയാൾ പതുക്കെ ചിരിച്ചു ''ഞാൻ എന്തു ചെയ്യണമെന്നാണു് നീ പറയുന്നതു്? അവിടെ ചെന്നു വ

സ്തുവിൻെറ ആധാരം തിരിച്ചുകൊടുത്ത് മാപ്പിരക്കണ മെന്നോ? ഓരോ മനുഷ്യനും ഓരോ സന്ദർഭം ഉണ്ടാകും. എനിക്കു ലഭിച്ച സന്ദർഭം ഞാൻ വിനിയോഗിച്ചു."

"ചേട്ടൻ അങ്ങനെ ചെയ്തയില്ലെ?''

"ഇല്ല.''

"എല്ലാവരുടേയും എല്ലാററിൻേറയും നാശമായാൽ കൂടി?''

"നീ അതൊക്കെ മറക്കും. കടലിൽ ഇനിയും മത്സ്യങ്ങളുണ്ട്.''

പുറകുവശത്തെ കതകു തുറന്നു. ടോർച്ചിൻെറ വെളിച്ചം അവർ കണ്ടു. വില്ലിയുടെ മുഴങ്ങുന്ന ശബ്ദം. "ഞാൻ ഫണിയെ കണ്ടുകൊള്ളാം, അമ്മെ.'' അയാൾ പറയുന്നതുകേട്ടു.

വില്ലി അവരുടെ നേരേ നടന്നുവരുന്നതു് ഫണിയും പീററവും കണ്ടു.

അയാളുടെ കാറിൻെറ ശബ്ദം അവർ കേട്ടിരുന്നില്ല. അവർ സംസാരത്തിൽ ആമഗ്നരായിരുന്നപ്പോഴായിരിക്കണം അയാൾ എത്തിയിട്ടുള്ളതു്.

"ഹാ! അമ്മ പറഞ്ഞു, നിങ്ങൾ ഇവിടെ ഉണ്ടാകുമെന്നു്. പീററവും ഉണ്ടല്ലോ." അയാളുടെ ശബ്ദം സ്നേഹാർദ്രമായിരുന്നു

പീററർ ഒരടി പുറകോട്ടു വച്ചു. ''ഞാൻ വിചാരിച്ചതു് വില്ലിക്കു് ഇന്നു രാത്രി ജോലിയുണ്ടെന്നാണു്."

"ജോലി ഉണ്ടായിരുന്നു. പക്ഷേ, ഇന്നു ഫണിയെ പട്ടണത്തിൽവെച്ചു കണ്ടതായി മുകന്ദൻ പറഞ്ഞു. എ

ന്തെങ്കിലും പ്രത്യേകകാരണമുണ്ടാകും എന്നു കരുതി പോന്നതാണു്."

"ക്ഷമിക്കണം. ഞാൻ പോയി ഭക്ഷണം കഴിക്കട്ടെ.'' പീററർ ഗൃഹത്തിനുനേരേ നടന്നു.

ഹണിയ്ക്കു തയ്യാറെടുക്കുവാൻ ഇനി സമയം വേണ്ട. ആലോചിക്കുവാനും ഇനി സമയം നഷ്ടപ്പെടുത്തുകയില്ല. അവഠം ഇപ്പോഠംതന്നെ വേണ്ടതു പ്രവത്തിക്കണം. അല്ലാത്തപക്ഷം തിരിച്ചെടുക്കുവാൻ സാധിക്കാത്തതും ലജ്ജാകരവുമായ ഒരു ഭാവിയായിരിക്കും തന്നെ കാത്തിരിക്കുക.

"ഓമനെ, നിന്നെ കാണുവാൻ വരാഞ്ഞതിൽ ക്ഷമിക്കണം." വില്ലിയുടെ നയനങ്ങഠം പ്രകാശമാനങ്ങളായി കാണപ്പെട്ടു. "എനിക്കു നല്ല ജോലിത്തിരക്കായിരുന്നു. പോരുവാൻ തീരെ സൌകര്യപ്പെട്ടില്ല. എന്തെന്നിലും പ്രത്യേകകാരണങ്ങഠം ഉണ്ടായിട്ടാണോ എന്നെ കാണുവാൻ ആവശ്യപ്പെട്ടതു്?"

ഒരു മിനിററിനുള്ളിൽ അയാഠം തന്നെ ആലിംഗനം ചെയ്യുമെന്നു് അവഠംക്കറിയാം. അപ്പോഠം അവഠം ശക്തിഹീനയാകും. അവളുടെ എല്ലാ തീരുമാനങ്ങളും തവിടുപൊടിയാകും. അവഠം മെല്ലെ നടന്നു് ആ അരയാൽവൃക്ഷത്തിൽ പിടിച്ചു.

''എന്തു സംഭവിച്ചു?" അയാളുടെ ശബ്ദം ഭീതി കലൻതായിരുന്നു. "നിനക്കു സുഖമില്ലേ?''

അവഠംക്കതു് അസാദ്ധ്യമായിത്തോന്നി. എന്തു ഭയങ്കരം! ശക്തി ക്ഷയിച്ചു; മനസ്സാക്ഷി അവളെ ശകാ

രിച്ചു; അവളുടെ ശരീരത്തിൽനിന്നും സ്പന്ദിക്കുന്ന അവളുടെ ഹൃദയം പറിച്ചെടുക്കുന്നതുപോലെയും അനുഭവവേദ്യമായി.

"വില്ലി, എനിക്ക് ഒരു കാര്യം പറയുവാനുണ്ട്."

അവളുടെ സ്വരത്തിൻെറ പ്രത്യേകതകൊണ്ടായിരിക്കണം അയാറം വീണ്ടും തിരക്കി. "എന്തെങ്കിലും പിശകുണ്ടായോ?"

"അതെ.'' ഇനി താമസിച്ചുകൂടാ. മടികൂടാതെയും പിന്നിലേയ്ക്കു നോക്കാതെയും ഉടനടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കത്തിയെടുത്തു തങ്ങളുടെ ജീവിതമാകുന്ന മാംസം കുത്തി മുറിവേല്പിക്കണം. "അങ്ങ പോകണം വില്ലി. എന്തുകൊണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. അങ്ങ പോയേ മതിയാകൂ.''

കേട്ടെങ്കിലും അയാറംക്ക് ഒന്നും മനസ്സിലായില്ല.

"നീയെന്താണു പറയുന്നതു് ഹണീ?" അയാറം അവളുടെ നേർക്കടുത്തു. അവറം അകന്നുമാറി. അയാളുടെ കൈ അവറം തട്ടിമാററി. അയാളുടെ ശിരോമാന്ദ്യം മാററുവാൻ അപര്യാപ്തമായി.

അടിയേററതുപോലെ വില്ലി നിന്നു.

"ഹണീ, ഇതു വാസ്തവമാണോ?" അയാളുടെ സ്വരം തീരെ താഴ്ന്നും പതറിയുമിരുന്നു. അവളുടെ ഹൃദയം അത്യധികം വേദനിച്ചു. അവറം തലയിളക്കി. കാഴ്ച നഷ്ടപ്പെട്ട ഒരു സ്ത്രീയെപ്പോലെ അവറം അരയാൽ വൃക്ഷത്തിൽ ചാരിനിന്നു.

ഇരുവരും ഒരു നിമിഷനേരത്തേയ്ക്കു് അനങ്ങാതെ

നിന്നുപോയി. ഷോക്കേററ വില്ലിയുടെ സംസാരശ കതി നഷ്ടപ്പെട്ടു. ഭവനാന്തർഭാഗത്തുനിന്നും സംസാരവും പൊട്ടിച്ചിരിയും കേരംക്കാം. തോട്ടത്തിൽ ചന്ദ്രിക പ രന്നു.

"നീ എന്നെ വിവാഹം ചെയ്യുകയില്ലെന്നുള്ളതു തീർച്ചയാണോ?"

അയാളുടെ ഇടറന്ന, മുറിവേററ ശബ്ദം അവളുടെ ശ്രവണങ്ങളിൽ പതിച്ചു അതുകേട്ട് അവളുടെ ആ ത്മാവ് നുറുങ്ങുകയായിരുന്നു.

"അതെ." മരവിച്ച തന്റെ അധരങ്ങരംകൊണ്ടു വരം മന്ത്രിച്ചു. "അതെ, എനിക്കു സാദ്ധ്യമല്ല. എന്തു കൊണ്ടാണെന്നു പറയുവാനും വയ്യ. ഒരു കാരണവും ഇ ല്ല. കാരണം ഒന്നും പറയുവാൻ എനിക്കു സാദ്ധ്യമല്ല."

അയാളുടെ ശ്വാസോച്ഛ്വാസം അവരംക്കു കേരം ക്കാം. അതു പണ്ടത്തെപ്പോലെ ശക്തിയിലല്ല. കണ്ണു കരം തുറക്കുവാൻ അവരംക്കു ധൈര്യമില്ല.

"അതെ, എനിക്കറിയാം. അതു നിനക്കു പററിയ ജീവിതമല്ല."

അയാരം അതു തെററിദ്ധരിക്കുകയാണു ചെയ്തിരു ക്കുന്നതു്. അതു് ഏററവും അധികം വേദനാജനകമായി തോന്നി. ഒരു വിധത്തിൽ നോക്കിയാൽ അതു് ആശ്വാ സകരംതന്നെ.

"ഹണീ! എല്ലാം ഒരു തെററാണെന്നു നീ എന്നോ ടു പറയൂ. നീ അതു് യഥാർത്ഥത്തിൽ അർത്ഥമാക്കിയി ട്ടില്ല. എപ്പോഴുമെന്നതുപോലെ നാം രണ്ടുപേരും ഒന്നെ

ണെന്നു പറയൂ ഹെന്റീ.'' വിഷാദാത്മകമായിരുന്നു അയാളുടെ സ്വരം.

ദുസ്സഹമായി ഹെന്റിയ്ക്കു തോന്നി. അയാളുടെ നിരാശയും ദൈന്യതയും അവൾക്കു താങ്ങാനാവുന്നതിൽ കവിഞ്ഞതായിരുന്നു. ഒരു നിമിഷംകൂടി ആ നിലയിൽ കഴിഞ്ഞാൽ അവൾ അയാളുടെ കരങ്ങളിൽ പതിക്കും.

"ഹെന്റീ. എന്റെ ഹെന്റീ!"

ധൈര്യം വീണ്ടെടുത്തുകൊണ്ടു് അവൾ ഭവനത്തിലേയ്ക്കോടി.

## 10

തുടർന്നുള്ള ഓരോ ദിവസവും അവസാനമില്ലാത്തതായി ഹെന്റിയ്ക്കു തോന്നി. അവൾ ആരോടും ഒന്നും പറഞ്ഞില്ല. അവൾ ചെയ്തതു തീരെ അന്യായമാണു്. ദയാലേശമില്ലാത്തതായിരുന്നു അവളുടെ പ്രവൃത്തി. ഒന്നും വിശദീകരിച്ചതുമില്ല. അവളുടെ ഭാവിജീവിതം അന്ധകാരസമ്മിശ്രമായി തോന്നി. അവൾക്കിപ്പോൾ ജോലിയില്ല; വിശ്വാസമർപ്പിക്കുവാൻ ആരുമില്ല. ജീവിതത്തിലാദ്യമായി ഏകാന്തജീവിതത്തിന്റെ നിസ്സഹായതയും ശൂന്യതയും അവൾ മനസ്സിലാക്കി.

അവളുടെ മാതാവു വളരെ നയത്തോടെയാണു് അവളോടു പെരുമാറിയതു്. എന്താണു സംഭവിച്ചതെ

ന്നറിയുവാൻ ആ നല്ല അമ്മ അവളെ നിർബ്ബന്ധിച്ചി ല്ല. അഗാധമായതും അവരെ സംബന്ധിച്ചതുമായ എ ന്തോ സംഭവവികാസങ്ങൾ ഉണ്ടായിട്ടുള്ളതായി അവർ ഊഹിച്ചു. വിവാഹത്തിനുള്ള ഒരുക്കങ്ങൾ അവർ ഏ റെറടുത്തതുപോലെ വിവാഹം മാററിവച്ചതുമൂലമുള്ള കാര്യങ്ങളും അവർതന്നെ നിർവ്വഹിച്ചു. വസ്ത്രങ്ങൾ, ആ ഭരണങ്ങൾ മുതലായവയ്ക്കുവേണ്ടി കൊടുത്തിരുന്ന ഓർ ഡറുകൾ തിരിച്ചെടുത്തു. സന്ദർശകരെ സ്വീകരിച്ചു ക ല്ല്യാണം മാററിവച്ചതിനെപ്പററി ചില വിശദീകരണ ങ്ങളും കൊടുത്തു. ഹണിയുടെ സ്നേഹിതകൾ വന്നാലും അമ്മതന്നെയാണു് അവരെ സ്വീകരിച്ചിരുന്നതു്. മക ളെ സന്തോഷപ്രദമല്ലാത്ത ഒന്നിലും അവർ ഇടപെടു ത്തിയില്ല. ഫോൺസന്ദേശങ്ങൾപോലും അവരാണു സ്വീകരിച്ചിരുന്നതു്. ഹണിയ്ക്കു് അമ്മയോടു് എന്തെ ന്നില്ലാത്ത കൃതജ്ഞത തോന്നി.

ഒരു കാര്യത്തിൽ അവൾക്കു സന്തോഷം തോന്നി യതു് പീററിന്റെ അസാന്നിദ്ധ്യമാണു്. ജോലി രാ ജിവെച്ചു് പീററർ എവിടെയോ പോയിരിക്കുന്നു. എ വിടെയാണു് അയാൾ പോയിരിക്കുന്നതെന്നു് അവൾ ക്കറിഞ്ഞുകൂടാ. ദിവസങ്ങൾ കടന്നുപോകുന്നതോടുകൂടി പീററിന്റെ കടപ്പാടുകൾ താൻ ഏറെറടുക്കുന്നതാണു യുക്തമെന്നവൾക്കു തോന്നിത്തുടങ്ങി. അയാൾക്കതി നുള്ള ബോധംപോലും ഉണ്ടായില്ലല്ലോ എന്നോർത്തു് അവൾ ഖേദിച്ചു. പീറററുമായുള്ള രക്തബന്ധം അയാ ളുടെ പ്രവൃത്തികളിലൂടെയും അവളുമായി ബന്ധിക്ക

പ്പെട്ടിരിക്കുന്നു. ആ സ്മരണ അവളുടെ മൗനവ്രതത്തെ യും ചലനരാഹിത്യത്തെയും ഉപേക്ഷിക്കുവാൻ നിർബ്ബന്ധിതയാക്കി. പിൻേറാകുടുംബത്തിലേയ്ക്കു പോയി അവക്കു വേണ്ട സഹായം ചെയ്തുകൊടുക്കണമെന്നു് അവളുടെ മനസ്സാക്ഷി അവളെ ഉൽബോധിപ്പിച്ചു. എന്തു ചെയ്യണമെന്നവൾക്കറിഞ്ഞുകൂടാ. ആ ഒരു മാർഗ്ഗമേ അവൾ തെളിഞ്ഞുകണ്ടുള്ളു. ആ വഴിയ്ക്കു ശ്രമിക്കുക തന്നെയെന്നു് അവളുറച്ചു.

മധുവിധു കഴിഞ്ഞു് തിരിച്ചെത്തേണ്ട ദിവസമായിരുന്നു അന്നു്. അവൾക്കു് ഒരു ദീർഘയാത്ര ചെയ്യേണ്ടിയിരിക്കുന്നു എന്നു് ഹെണി മാതാവിനോടു പറഞ്ഞു. എവിടേയ്ക്കാണെന്നു് അമ്മ അന്വേഷിച്ചില്ല.

"നീ അങ്ങനെ ചെയ്യണമെന്നു ഞാൻ ആഗ്രഹിച്ചിരിക്കയായിരുന്നു. ഈ ഭവനപരിസരം വിട്ടു നീ എവിടെയെങ്കിലും പോയി കുറച്ചു സമയം വിനിയോഗിക്കുന്നതു നല്ലതായിരിക്കും."

"ചേട്ടൻ എപ്പോൾ വരുമെന്നു് അമ്മയ്ക്കറിയാമോ?"

മരിയ അവരുടെ മെലിഞ്ഞ കൈകൾ കൂട്ടിത്തിരുമ്മി. "ശരിയായി എനിക്കറിഞ്ഞുകൂടാ മകളെ. ഏതാനും ദിവസങ്ങൾക്കുള്ളിൽ വരുമായിരിക്കും."

ഹെണി നേരേ നോക്കിയില്ല. "അമ്മേ, അമ്മയ്ക്കു ഞാൻ വളരെ നന്ദി പറയുന്നു. കഴിഞ്ഞ എല്ലാ കാര്യങ്ങളും അമ്മ ശരിയായി നിർവ്വഹിച്ചു. യാതൊരു കാര്യത്തിനും എന്നെ നിർബ്ബന്ധിക്കുകയോ ചോദ്യങ്ങൾ ചോദിക്കുകയോ ചെയ്തിട്ടില്ല."

അമ്മ അല്പനേരം മൌനമായിരുന്നു. "ഞാൻ എങ്ങനെയാണു് ദിവസങ്ങൾ തള്ളിനീക്കിയതെന്നു മാത്രം നീ അറിഞ്ഞിരുന്നെങ്കിൽ! നീ നിദ്രാരഹിതയായി കഴിയുകയാണെന്നു ഞാൻ അറിഞ്ഞിരുന്നു. നിന്റെ മുറിയിലെ നിശ്ശബ്ദതയും എന്നെ അസ്വസ്ഥയാക്കി. മകളെ, ഞാനൊന്നു പറയട്ടെ. ഞാൻ ഒരിക്കൽ നിന്നോടു പറഞ്ഞിട്ടുള്ളതാണു്. നീ കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുക്കരുതു്. അങ്ങനെയാണോ നീ ഇപ്പോൾ ചെയ്യുന്നതെന്നു് ഞാൻ സംശയിക്കുന്നു. നീ എന്തോ ഭാരം തനിയെ ചുമക്കുകയാണോ എന്നു ഞാൻ സ്വയം ചോദിച്ചുപോകാറുണ്ടു്. നിന്റെ ഭാരം താങ്ങുന്നതിനു് ആരുമില്ലെന്നാണോ നിന്റെ ധാരണ?"

ഹണി നേരേ നോക്കിയിരുന്നു. അമ്മ നിശ്ശബ്ദം മകളെ സൂക്ഷ്മപരിശോധന നടത്തി. തനിയെ ഭാരം ചുമക്കുകയാണോ എന്ന ചോദ്യം അവരുടെ ഇടയിൽ തങ്ങിനിന്നു.

"നമുക്കതു സാധിക്കയില്ല." മരിയ പറഞ്ഞു.

പുറത്തു വാതുക്കൽ മണിയടിക്കുന്നതു കേട്ടു. അമ്മ ഉടൻതന്നെ ചാടിയെണീററു. പുത്രിയെ ബുദ്ധിമുട്ടിക്കുന്നതു് അവൾക്കിഷ്ടമല്ല. "ഞാൻ പോകാം ഹണി, നീ ഇവിടെ നിൽക്കൂ."

ഹണി അടുക്കളയിൽ നിന്നു ശ്രദ്ധിച്ചു. ആ ശബ്ദം കേട്ടു് അവർ ഞെട്ടി. നിറപ്പകിട്ടാന്ന വസ്ത്രങ്ങൾ ധരിച്ച ജയയെയാണു് അവർ ജാലകത്തിലൂടെ കണ്ടതു്.

"എന്നെ ഓർക്കുന്നുണ്ടോ? ഞാൻ ഒരു പ്രത്യേകകാര്യത്തിനാണു് വന്നതു്." അവൾ പറയുന്നതു കേട്ടു.

ഹെണി അവളുടെ മുറിയിലേയ്ക്കു പോയി ജയയുടെ രത്നഹാരം എടുത്തുകൊണ്ടുവന്നു. അവൾ സന്ദർശകമുറിയിൽ ജയയുടെ സമീപത്തേയ്ക്കു ചെന്നു "ജയെ, ഇതു തിരിച്ചുതരുവാൻ ഞാൻ മറന്നുപോയി. ക്ഷമിക്കണം."

ജയയുടെ പുരികക്കൊടികൾ വളഞ്ഞു. അവൾ സാത്ഭുതം ഹെണിയെ നോക്കി. "ഓ, ഇതിന്റെ കാര്യം ഞാൻ ഓർത്തതുപോലുമില്ല. ഞാൻ സ്വപ്നത്തിൽപ്പോലും..."

അവളുടെ വദനത്തിൽ പ്രത്യക്ഷപ്പെട്ട അമ്പരപ്പ് സ്വാഭാവികമായിരുന്നു. "ക്ഷമിക്കണം, ജയെ. ഞാൻ ഇപ്പോഴാണു് ഇക്കാര്യം ഓർത്തതു്. ഉടനെ ഞാൻ മടക്കിത്തരേണ്ടതായിരുന്നു. ഇരിക്കുന്നില്ലേ ജയെ?"

അമ്മയ്ക്കു വേണമെങ്കിൽ പോകാമെന്നു് ഹെണി ആംഗ്യം കാണിച്ചു. അല്പനേരത്തെ സംഭാഷണത്തിനുശേഷം അവർ എന്തോ പറഞ്ഞു് ഗൃഹാന്തർഭാഗത്തേയ്ക്കു പോയി. തനിച്ചായപ്പോഴാണു് അമ്മയെ പറഞ്ഞയച്ചതു് തെററായിപ്പോയെന്നു് ഹെണിക്കു മനസ്സിലായതു്.

"ഞാൻ വന്നതു് ഒരു കാര്യം നിന്നെ പറഞ്ഞുമനസ്സിലാക്കുന്നതിനാണു്." ചാരിയിരുന്നു് അവളിൽ ദൃഷ്ടികളുറപ്പിച്ചുകൊണ്ടു് ജയ പറഞ്ഞു. "നിന്നെയും വില്ലിയെയും കുറിച്ചു ചിലതു പറയുവാനാണു് ഞാൻ

വന്നതു്. പറയുന്നതു നന്നല്ലായിരിക്കാം. എന്നാലും പറയാതിരിക്കുവാൻ എനിക്കു സാധിക്കുന്നില്ല."

ഓക്കാപ്പുറത്തുള്ള ഒരടി. ഹണി നിശ്ശബ്ദയായിരുന്നുപോയി.

"ഞാൻ സംസാരിച്ചുകഴിയുന്നതുവരെയും ഒന്നും പറയരുതു്. വില്ലിയെ എനിക്കറിയാം. എനിക്കു നല്ല പരിചയമുണ്ടു്. നിന്നെ അസ്വസ്ഥയാക്കിയേക്കാം. പക്ഷെ, ഞങ്ങൾതമ്മിൽ വെറും സ്നേഹത്തെക്കവിഞ്ഞു യാതൊന്നുമുണ്ടായിരുന്നില്ലെന്നു മനസ്സിലാക്കണം. ഞാനറിയുന്നിടത്തോളം വില്ലി വളരെ നല്ല ഒരു മനുഷ്യനാണു്. കാപട്യമില്ലാത്ത ഒരാൾ. നിന്നെ ഉപദ്രവിക്കുകയോ വഞ്ചിക്കുകയോ ചെയ്തിട്ടില്ലെന്നു് എനിക്കു നിശ്ചയമുണ്ടു്. അങ്ങനെ നീ കരുതുന്നുണ്ടെങ്കിൽ അതു തെററിദ്ധാരണ മാത്രമാണു്. അങ്ങനെ നീ കരുതുന്നുണ്ടെങ്കിൽ നീ അയാളോടു ക്ഷമിക്കണം."

"ജയെ, അങ്ങനെ ഒരു കാര്യവും...."

"ഓ, ഞാൻ പറയട്ടെ—" അക്ഷമയോടെ കൈകൊണ്ടു തടഞ്ഞുകൊണ്ടു് അവൾ തുടർന്നു: "ഞാൻ ഒരു കുട്ടിയല്ല; ഹൃദയമില്ലാത്തവളുമല്ല. ഈ സംഭവം എനിക്കു സഹിക്കുവാൻ സാധിക്കുന്നില്ല. ഞാൻ എന്തിനാണു് ഇതിൽ ഇടപെടുന്നതെന്നു് നീ കരുതിയേക്കും. നിന്നെ എനിക്കു വലിയ പരിചയമില്ല. എന്നിരുന്നാലും ഞാൻ നിന്നെ ഇഷ്ടപ്പെടുന്നു. എനിക്കില്ലാത്ത പലഗുണങ്ങളും നിനക്കുണ്ടു്. വില്ലിക്കു ചേരുന്നവൾ നീയാണെന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ടു് തെററി

ധാരണകഠം നീക്കി നിങ്ങഠം യോജിപ്പിലെത്തണം. ഇതെന്നെ വളരെ വേദനിപ്പിക്കുന്നുണ്ടു്."

ജയയുടെ തുറന്ന സംസാരവും ഫണിയുടെ ഹൃദയത്തെ സ്പർശിച്ചു. മുൻപു താൻ പരിചയപ്പെട്ട ജയയെയല്ല ഇപ്പോഠം അവഠം കണ്ടതു്. താൻ അവളെ തെററിധരിച്ചുപോയി. സ്വാതന്ത്ര്യത്ത അവഠംക്കില്ലെന്നോ? രത്നമാലയിൽ അവളുടെ ദൃഷ്ടികഠം പതിച്ചു. അതും ജയയുടെ ഉദാരമനസ്ഥിതിയുടെ അടയാളമല്ലേ?

"ജയെ, നിങ്ങളുടെ ഈ ഉദ്യമത്തിനു ഞാൻ നന്ദി പറയുന്നു. എൻെറ കൃതജ്ഞത പറഞ്ഞറിയിക്കുവാൻ പ്രയാസം. പക്ഷെ, ഈ കാര്യത്തെപ്പററി ചർച്ചചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല."

ജയ ഫണിയുടെ കരങ്ങഠം ഗ്രഹിച്ചുകൊണ്ടു. "നിന്നെക്കാഠം അല്പംകൂടി പ്രായംഎനിക്കുണ്ടു്. ലോകപരിചയം എനിക്കാണു കൂടുതൽ. ഈകാര്യത്തെപ്പററിസംസാരിക്കുവാൻ നിനക്കിഷ്ടമില്ലെന്നുപറഞ്ഞതല്ലോ. അതു് നിനക്കെന്നെ വിശ്വാസമില്ലാഞ്ഞതുകൊണ്ടാണു്. അന്യരുടെ കാര്യങ്ങളിൽ തലയിടുന്ന ഒരു പരിചിതയായി നീ എന്നെ കണക്കാക്കിയേക്കാം. ഇതുകാരണം ഞാൻ എന്തുമാത്രം വൈഷമ്യം അനുഭവിക്കുന്നുണ്ടെന്നുള്ളതു് ഞാൻ നിന്നെ പറഞ്ഞുമനസ്സിലാക്കുന്നതെങ്ങനെ? ഞാൻ വില്ലിയെ ഇഷ്ടപ്പെടുന്നതുകൊണ്ടായിരിക്കാം. ഇല്ല, ഇതു് അതിലും ഉപരിയാണു്. ഒരു പക്ഷെ, നിങ്ങളിരുവരോടുമുള്ള മമത കൊണ്ടാകാം. അന്നു് ആദ്യമായി നിങ്ങളെ കണ്ടുമുട്ടിയ ദിവസം എൻെറ സ്മരണയിലെത്തു

ന്നു. നിന്നെ പരിചയപ്പെട്ടതിയപ്പോൾ വില്ലിയുടെ നയനങ്ങളിലെ പ്രകാശം ഞാൻ കണ്ടു. അയാളുടെ ഓരോ സംസാരവും ഭാവവും ഞാൻ സൂക്ഷിക്കയായിരുന്നു."

ധാരമുറിയാതെ ജയ സംസാരിച്ചുകൊണ്ടിരുന്നു. പ്രഥമസന്ദർശനത്തിലെ ഓരോ നിസ്സാരകാര്യങ്ങളും അവൾ പ്രത്യേകം എടുത്തുപറഞ്ഞു. ഫണിയുടെ ഹൃദയം ക്ഷുഭിതമായി. ജയയുടെ സംസാരം യഥാർത്ഥമാണോ? അതോ മനഃപൂർവ്വം തന്നെ വേദനിപ്പിക്കുവാൻവേണ്ടി കഴിഞ്ഞതെല്ലാം കുത്തിപ്പൊക്കുകയാണോ? ഒന്നും നിശ്ചയിക്കുവാൻ അവൾക്കു കഴിഞ്ഞില്ല.

"വില്ലി ആകെ വ്യത്യസ്തനായിരിക്കുന്നു. അതെനിക്കു സഹിക്കുവാൻ കഴിയുന്നില്ല. ഓരോ ദിവസവും ഊണും ഉറക്കവുമില്ലാതെ തള്ളിനീക്കുന്നതു ഞാൻ കാണുകയാണു്. ആ മുഖത്തു വേദനയാണു തെളിഞ്ഞുകാണുന്നതു്."

ഫണിയുടെ ഹൃദയത്തെ കുത്തിപ്പിളക്കുന്ന ഒരു ക്രൂരമ്പു്. വില്ലിയെ കൺമുൻപിൽ കാണുന്നതുപോലെ അവൾക്കു തോന്നി. അയാൾ എന്തുമാത്രം യാതനയനുഭവിക്കുന്നുണ്ടാകാം. അവൾ കൈകൾ കൂട്ടിഞെരിച്ചു. നയനങ്ങൾ ഉള്ളിലേയ്ക്കു വലിയുന്നതുപോലെ അവൾക്കു തോന്നി.

"നീ ആരോടെങ്കിലും സംസാരിക്കണം. സ്വയം വിഴുങ്ങുകയല്ല വേണ്ടതു്. എന്നോടെങ്കിലും തുറന്നുപറയരുതോ? നിങ്ങളെ ഇരുവരെയും എനിക്കറിയാം. നിങ്ങളെ സഹായിക്കുവാനും എനിക്കു സാധിച്ചേക്കും. എന്നോടു പറയൂ ഫണീ!"

എന്തോ ഒന്നു് അവളെ നിയന്ത്രിക്കുന്നതായി അവൾക്കു തോന്നി. ഇല്ല, ഈ സംസാരം തുടരുവാൻ വയ്യ. അവൾ ഇരിപ്പിടത്തിൽനിന്നും എണീററു.

"ഇല്ല, എനിക്കു പറയുവാൻ നിവൃത്തിയില്ല."

തൻെറ ശ്രമം ഫലിക്കയില്ലെന്നു ജയയ്ക്കു മനസ്സിലായി. അവൾ ഭുജം ചലിപ്പിച്ചുകൊണ്ടു് എണീററു. "കൊള്ളാം, നിൻെറ ഇഷ്ടം. പുറത്തുനിന്നുള്ള എന്തെങ്കിലും പ്രേരണയായിരിക്കും എന്നു ഞാൻ കരുതി. നിൻെറ പിതാവു തടഞ്ഞിട്ടായിരിക്കാം.."

ഹണി തുറിച്ചുനോക്കി. "എൻെറ പിതാവു മരിച്ചിട്ടു മൂന്നു വർഷങ്ങളായി."

ഹണി വാതുക്കലേയ്ക്കു തിരിഞ്ഞു. "പീറററിനെ സംബന്ധിച്ചു് എന്തെങ്കിലുമായിരിക്കുമോ?"

ഹണി അറിയാതെ ഒന്നു ഞെട്ടി.

"പീററർ എത്ര നല്ലവനാണു്. അയാൾ വില്ലിയുടെ സുഹൃത്തു കൂടിയല്ലേ? എല്ലാവരും അയാളെ ഇഷ്ടപ്പെടുന്നു. പിൻെറാകുടുംബത്തിലെ ആ അമ്മയ്ക്കും പുത്രിയ്ക്കും അയാളെ എന്തു സ്നേഹവും വിശ്വാസവുമാണെന്നോ! സാധാരണ ആരെയും, ബാങ്കിലെ ചെക്കു പോലും വിശ്വസിക്കുന്ന കൂട്ടത്തിലല്ല ആ വൃദ്ധ. എന്തുകൊണ്ടോ പീററർ പെട്ടെന്നു് ജോലിയിൽനിന്നു പിരിഞ്ഞുപോയി."

"ചെട്ടൻ ഏതുതരം ജോലിയും അങ്ങനെ ഉപേക്ഷിക്കുന്ന പ്രകൃതക്കാരനാണു്."

"ശരിയാണു്. വേറൊന്നു കിട്ടുന്നതിനു മുൻപല്ലേ

ജോലിയിൽനിന്നും പിരിഞ്ഞതു്? എന്നാൽ ഞാൻ പോകുന്നു ഫണീ.''

അവൾ പോയതു് ഫണി അറിഞ്ഞില്ല. ജയയുടെ വാക്കുകൾ അവളെ സ്പർശിച്ചു. "ബാങ്കിലെ ചെക്കുപോലും വിശ്വസിക്കാത്തവരാണു് ആ വൃദ്ധ." അവൾ കുറേനേരം ചലനരഹിതയായി നിന്നുപോയി. ജയയുടെ കാറിൻെറ ശബ്ദം വിദൂരതയിൽ ലയിച്ചു. അമ്മ തോട്ടത്തിലെന്തോ പ്രവൃത്തിയിലേർപ്പെട്ടിരിക്കുകയാണു്. എന്തുകൊണ്ടായിരിക്കാം ജയ അങ്ങനെ പറഞ്ഞതു്? പീറററുടെകുടുംബത്തെപ്പററി അവൾക്കെന്തറിയാം? തന്നെപ്പോലെതന്നെ ജയയ്ക്കും അവരെ നല്ല പരിചയമില്ല. അവരുടെ സ്വഭാവരീതികളും നല്ലവണ്ണം മനസ്സിലാക്കുവാൻ അടുത്തു സമ്പർക്കമില്ല. എന്തെങ്കിലും പ്രത്യേകപരിചയത്തിൽ നിന്നല്ലാതെ ഇതൊന്നും അറിയുവാൻ മാർഗ്ഗമില്ല. ജയ പറഞ്ഞതരത്തിലുള്ള കുടുംബം ബീനായുടേതുതന്നെ.

അവൾ ആ മുറിയിൽ അങ്ങുമിങ്ങും നടന്നു. എന്തോ തെളിഞ്ഞുവരുവാൻ തുടങ്ങി, ഓരോ പൈശകലങ്ങൾ അവൾ ഒന്നിച്ചുചേർത്തു. അതെ, തൻെറ സഹോദരനിൽനിന്നുള്ള അറിവാണു്. പീററർ അതറിയിക്കണമെങ്കിൽ അയാളുടെ പ്ലാനും ജയ അറിഞ്ഞിരിക്കണം. പീറററിൻെറ ഉദ്ദേശം അറിഞ്ഞിട്ടുണ്ടെങ്കിൽ അതിൻെറ അർത്ഥം അവൾ......

എല്ലാം ഇപ്പോൾ അവൾക്കു മനസ്സിലായി. പീററും ജയയുംകൂടി രൂപീകരിച്ചതാണു് ആ പദ്ധതി

പീററിന്ന പണം നല്കീയതും അവരംതന്നെ. അയാറം ക്ക പരിചയമുള്ള ആക്കംതന്നെ അത്രയും പണമുണ്ടാക യില്ല. ജയയുമായി ഫണി പരിചയപ്പെടുന്നതിനുമുൻ പുതന്നെ അവർ തമ്മിൽ പരിചിതരായിരിക്കണം. അവർ പരിചിതരായിട്ട വളരെ വളരെ മാസങ്ങളായി ക്കാണും. എണ്ണ കണ്ടുപിടിച്ച വിവരവും അവളല്ലാതെ മററാരും അറിഞ്ഞിട്ടില്ല.

ഫണിയുടെ ഹൃദയഫലകത്തിൽ എല്ലാം തെളി ഞ്ഞുകണ്ടു. പീററിനെ ജയ ആ രഹസ്യം അറിയിക്കു കയാണു ചെയ്തിട്ടുള്ളതു്. ആ പദ്ധതി ആവിഷ്ക്കരിച്ച തും തൻെറ സഹോദരൻ ആയിരിക്കയില്ല. എല്ലാം ജയയുടെ വിദ്യയാണു്.

നല്ല വിലയേറിയ വസ്ത്രങ്ങളും ഒരു കാറും അവരം ക്കുണ്ടു്. ഇഷ്ടംപോലെ എവിടെയും അവരംക്കു താമ സിക്കാം. സവ്വ സുഖസൗകര്യങ്ങളും മുകുന്ദൻ അവരംക്കു നൽകിയിട്ടുണ്ടു്. ആദ്യത്തെ ദിവസം അവളെപ്പററി സംസാരിച്ചപ്പോരം വില്ലി പറഞ്ഞ വാക്കുകരം അവളു ടെ സ്മൃതിമണ്ഡലത്തിലെത്തി. "അവരം ദുരാഗ്രഹി യാണു്. പണമാണു് അവളുടെ ആരാധനാപാത്രം."

ഫണിയുടെ തലച്ചോറു പുകഞ്ഞു. ജയയെപ്പോ ലെ അവളും പെട്ടെന്നു് ഓരോ തീരുമാനത്തിലെത്തുക യാണോ? താൻ വളരെ കടന്നു ചിന്തിക്കുകയാണു്. താൻ തൻെറ സഹോദരനെ ഇതിൽനിന്നും ഒഴിച്ചു് എല്ലാം ജയയുടെ പുറത്തു കെട്ടിവയ്ക്കുകയാണോ? അ ല്ല, അതിനല്ല അവളുടെ ശ്രമം. അയാറം ചെയ്തിട്ടുള്ള

പ്രവൃത്തി ഒരു പ്രകാരവും ന്യായീകരിക്കാവുന്നതല്ല. പക്ഷെ, ഇതിൻെറ ഒരു പങ്കാളി മാത്രമാകാനാണു സാദ്ധ്യത. അയാളെപ്പററി സംസാരിച്ചപ്പോൾ ഒരു പുച്ഛരസമാണു് ആദ്യത്തെ ദിവസം ജയയുടെ സംസാരത്തിൽ സ്ഫുരിച്ചതു്. ഇതിൻെറ പരമാധികാരി ജയ തന്നെ.

അതെ, പീററർ അവിടവിടെനിന്നു കിട്ടിയ വിവരങ്ങൾ ശേഖരിച്ചു മനസ്സിലാക്കിയതല്ല എന്നു കണ്ടുപിടിച്ചിട്ടുണ്ടെന്നുള്ള രഹസ്യം. ജയ അയാളോടു പറഞ്ഞിട്ടുള്ളതാണു്. പിൻേറാകുടുംബം അയാളിൽ അർപ്പിച്ചിരുന്ന സ്നേഹവിശ്വാസാദരങ്ങൾ ദൂഷണം ചെയ്യുവാൻ അയാളെ പ്രേരിപ്പിച്ചതും അവൾതന്നെ. പല സന്ദർഭങ്ങളിലും അവർ ഇതിനെപ്പററി സംസാരിച്ചിട്ടുണ്ടാകും. ബാങ്കിൽനിന്നു ജയ ചെക്കു കൊണ്ടുവന്നു കൊടുക്കാമെന്നു് ഏററിരിക്കണം. പീററർ വിളൂരടിക്കിലുള്ള വിശ്വസ്ഥനായ ഒരു ദല്ലാളിനെ കണ്ടുപിടിച്ചു് പിൻേറാകുടുംബത്തെ സമീപിക്കുവാനും പറഞ്ഞിട്ടുണ്ടാകും. രഹസ്യം കാക്കേണ്ടതിൻെറ ആവശ്യകതയും അവൾക്കറിയാം. ജയയുടെ നാമധേയം ഈ ഇടപാടിൽനിന്നു് ഒഴിവാക്കുകയും ചെയ്തു. അതെ, അവളുടെ ഭർത്താവല്ലെ എന്നുഗവേഷണത്തിൻെറ ചാർജ്ജു വഹിക്കുന്നതു്!

മുകുന്ദനും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ? അവൾക്കു നിശ്ചയമില്ല. അയാൾ കൌശലക്കാരനായി തോന്നിയില്ല. തുറന്നു പറയുന്ന രീതിയിലുള്ള ഒരു നല്ല മനു

ഷ്യൻ. അയാൾ വില്ലിയുമായി പങ്കുചേർന്ന് ഒരു കമ്പനി തുടങ്ങാമെന്നല്ലേ പറഞ്ഞിരുന്നതു്. അതിനുവേണ്ടി പതിനായിരം ഉറപ്പിക മൂലധനമായി അയാൾ കരുതിയിട്ടുണ്ടു്. മുകുന്ദന്റെയും ജയയുടെയും പേരിലാണു് പണം ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നതു്. അയാളുടെ അറിവുകൂടാതെ വേണമെങ്കിൽ ജയയ്ക്കു പണം എടുക്കാം.

അമ്മ പുറകുവശത്തെ മുററത്തുകൂടെ അകത്തു കടന്നു. "നിന്റെ സന്ദർശക പോയല്ലോ. നീ വളരെ വിഷമിച്ചിരിക്കുന്നതുപോലെ തോന്നുന്നുണ്ടു്. അവൾ നിന്നെ കൂടുതൽ ശല്യപ്പെടുത്തിയിരിക്കും.''

"ഇല്ല, അമ്മെ. അവരുടെ ആഗമനം ഏതായാലും നന്നായെന്നു് എനിക്കു തോന്നുന്നു. കാര്യങ്ങൾ നിസ്സാരമായി തള്ളാതെ അതിനെ സുധീരം നേരിടുകയാണു വേണ്ടതെന്നു് എനിക്കു ബോദ്ധ്യമായി. ചേട്ടൻ എപ്പോഴാണു് മടങ്ങിവരുന്നതെന്നു് അമ്മയ്ക്കറിഞ്ഞുകൂടെ?"

അമ്മ കൈകൾ കൂട്ടിഞെരിച്ചു. പുത്രന്റെ പേരു കേൾക്കുമ്പോൾ ആ തള്ള അങ്ങനെ ചെയ്യാറുള്ളതാണു്. "ഇല്ല. ആ യുവതി നിന്റെ ദീർഘയാത്ര മുടക്കിയില്ലല്ലോ?"

"ഞാൻ നാളെ പോകാം അമ്മെ." ഹെണി മെല്ലെ പറഞ്ഞു.

# 11

പിറേറദിവസം അതിരാവിലെ ഹെന്നി തൻെറ കാറിൽ കയറി യാത്രയായി. വളഞ്ഞുപുളഞ്ഞുള്ള പാതകളിൽക്കൂടി അവൾ സശ്രദ്ധം കാറോടിച്ചുപോയി. ഇരുവശങ്ങളിലും വൻമരങ്ങൾ പടൎന്നു പന്തലിച്ചുനിന്നിരുന്നു. പച്ചയുടയാട ചാൎത്തിയ വയലുകളും ആമ്പൽപ്പൊയ്കകളും കടന്നു് അവൾ മന്ദം പൊയ്ക്കൊണ്ടിരുന്നു. ചില സ്ഥലത്തു് താമരപ്പൂക്കൾ വിരിയുവാൻ തുടങ്ങിയിരുന്നു. പൂൎവ്വകാലസ്മരണകൾ പലതും അവൾക്കുണ്ടായി. അതു് അവളെ വേദനിപ്പിക്കുകയും ചെയ്തു.

വില്ലിയുമൊത്തു യാത്രചെയ്തപ്പോൾ അവർ വിശ്രമിച്ച സ്ഥലങ്ങളും മററും അവൾ സ്മരിച്ചു. ഇന്നു് നിരാശയും ഏകാന്തതയുമാണു് അവളുടെ സഹചാരികൾ. "ഞാൻ ഇന്നു് ഏകാകിനിയാണു്". പക്ഷെ, നിസ്സഹായയല്ല. ചില കാൎയ്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞു. അവയെപ്പററി കൂടുതൽ ഗ്രഹിക്കുവാനും ഇടയായി. ജയ എന്നെപ്പററി എന്തിനാണു് വിഷമിക്കുന്നതെന്നും എനിക്കു മനസ്സിലായി. ഞാൻ കേവലം ഒരപരിചിതയാണെങ്കിലും അവൾക്കു് ഉപദ്രവകാരിയായി തീൎന്നേക്കാം. ജയ വിവാഹമോചനം നേടണമെന്നു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവൾ എല്ലാം രഹസ്യമായി സൂക്ഷിക്കും. വിവാഹബന്ധത്തിൽനിന്നു വേർപെട്ടാലേ അവൾക്കു് തൻെറ പദ്ധതി നടപ്പിൽ വരുത്തുവാൻ സാധിക്കയുള്ളു. ചേട്ടൻെറ മുഖം ഞാൻ കാണുന്നതുപോ

ലെ തോന്നുന്നു. ആ മുഖത്തു് ആശയക്കുഴപ്പങ്ങളും, ദുര ന്താനുഭവസ്മരണകളും നിഴലിക്കുകയാണു്. മനസ്സാക്ഷി ചേട്ടനെ ഭത്സിക്കുന്നുണ്ടാകും. ബീനായുടെ നാമധേയം ഉച്ചരിച്ചപ്പോൾ ചേട്ടൻെറ നയനങ്ങൾ ചുരുങ്ങുന്നതു ഞാൻ കണ്ടതാണു്. അവരിൽക്കൂടി മാത്രമാണു ഞാൻ ഒരു മാർഗ്ഗം കാണുന്നതു്. ആ മാർഗ്ഗം സ്വീകരിക്കുക തന്നെ."

ഹണി വേറൊരു റോഡിൽക്കൂടി ബീനായുടെ വ സതിയിലെത്തി. ബീനാ സ്ഥലം സൂക്ഷിപ്പുകാരനായ കൃഷിക്കാരനോട്ടു് സംസാരിച്ചുകൊണ്ടു നില്ക്കുന്നതു് അ വൾ കണ്ടു.

ഹണിയെ ദർശിച്ച ആ കുമാരിയുടെ കൊച്ചുവദനം പ്രകാശിച്ചു. കൃഷിക്കാരനെ വിട്ടുംവച്ചു് അവൾ ഹണി യുടെ അടുക്കലേയ്ക്കു് ഓടിയെത്തി. "ഹാ, ചേച്ചി വന്നല്ലൊ. എനിക്കു് എന്തു സന്തോഷമുണ്ടെന്നോ?"

"നീയും വലിയമ്മയും സുഖമായിരിക്കുന്നോ എന്ന റിയുവാൻ വേണ്ടിയാണു് ഞാൻ വന്നതു്."

"ചേച്ചി വീട്ടിലേയ്ക്കു വരു. ഞാൻ തനിച്ചാണു്. വലിയമ്മ ആസ്പത്രിയിലാണു്. ഡോക്ടർമാരുടെ പരി ശോധനയിൽ കഴിയുന്നു. ശസ്ത്രക്രിയയ്ക്കു മുൻപു് പല പരിശോധനകളും നടത്താനുണ്ടു്."

"ഞാൻ ഇതറിഞ്ഞിരുന്നില്ല. അപ്പോൾ നീ തനി ച്ചാണോ ഇവിടത്തെ കാര്യങ്ങളെല്ലാം അന്വേഷിക്കു ന്നതു്?"

"എനിക്ക് അധികം ജോലിയൊന്നും ഇല്ല. എല്ലാം മത്തായിച്ചേട്ടൻ നടത്തിക്കൊള്ളും." അവരുടെ ആ കൊച്ചുവീട്ടിൽ താമസിക്കുന്ന കൃഷിക്കാരന്റെ നേരെ ചൂണ്ടിക്കൊണ്ടവൾ പറഞ്ഞു. ഹണിയുടെ കരങ്ങൾ ഗ്രഹിച്ചുകൊണ്ട് അവൾ വീടിന്റെ നേക്കു നടന്നു. വലിയമ്മയെപ്പററി പലതും അവൾ സംസാരിച്ചു. ഓപ്പറേഷൻ നടത്തുന്നതിൽ അവക്കു ഭയമാണെന്നും, എന്നാൽ അതൊന്നും വലിയമ്മ പുറത്തു കാണിക്കാതെ പെരുമാറുകയാണ് എന്നും മററും പറഞ്ഞു. കഴിഞ്ഞ സംഭവങ്ങളെപ്പററിയൊന്നും അവൾ സംസാരിച്ചില്ല. ഹണി എന്തിനാണ് അപ്പോൾ അവിടെ വന്നതെന്നതിനെപ്പററിയും പരാമർശിച്ചില്ല. "ചേച്ചിയെ കണ്ടതുകൊണ്ട് എനിക്കു വളരെ സന്തോഷമായി. ഞാൻ ഇവിടെ തനിച്ചായതിനാൽ വളരെ വിഷമിക്കയാണ്."

"ഈ സ്ഥലം വിററതുകൊണ്ട് നിങ്ങൾ എവിടേയ്ക്കെങ്കിലും മാറിക്കാണുമെന്നാണ് ഞാൻ കരുതിയതു്."

"ഇല്ല. വാങ്ങിച്ചവർ ആരായാലും ഒന്നും സംഭവിക്കാത്തതുപോലെ ഞങ്ങൾ ഇവിടെ താമസിച്ചുകൊള്ളുവാൻ ആവശ്യപ്പെട്ടിരിക്കുന്നു." ബീനാ ഭുജം ചലിപ്പിച്ചുകൊണ്ടു പറഞ്ഞു. "എന്തുകൊണ്ടാണെന്നു് എനിക്കറിഞ്ഞുകൂടാ. എന്നാൽ എനിക്കു് ഇതു സൗകര്യമായി. ഇവിടെ എനിക്കു പല ബന്ധുക്കളും ഉണ്ടു്. അവരുടെകൂടെ വേണമെങ്കിൽ എനിക്കു താമസിക്കാം. പക്ഷെ, ഞാൻ ഒരു വലിയ പരിഷ്കാരിയാണെന്നു്

അവർ പറയുന്നു." അവൾ അല്പസമയം മിണ്ടാതിരുന്നു. "ചേട്ടനു സുഖമാണോ?"

"ചേട്ടൻ വീട്ടിലില്ല. കുറച്ചുനാളായി ഞങ്ങൾ കണ്ടിട്ടുതന്നെ.''

നിലത്തുനിന്നും കുനിഞ്ഞു് ഒരു ഇല എടുത്തു നോക്കിക്കൊണ്ടു് ബീനാ ചോദിച്ചു. "ഇപ്പോഴും ചിത്രരചന നടത്തുന്നുണ്ടോ?"

"എനിക്കു തോന്നുന്നില്ല. ചേട്ടൻ മുൻപു് അതിൽ തല്പരനായിരുന്നു. പക്ഷെ, ഒരു ഭയങ്കരമായ മാററം. പണ്ടു് ആലോചനാശീലനും ഉദാരനുമായിരുന്നു. പഴയ ചേട്ടനെ ഞാൻ പിന്നീടു കണ്ടതു് ഇവിടെയായിരുന്നപ്പോൾ മാത്രമാണു്.''

ബീനായുടെ കയ്യിലിരുന്ന വൃക്ഷപത്രം താഴെ വീണു. മൌനാവലംബികളായി അവർ. ഇരുവരും കുറച്ചുനേരം നടന്നു. വൃക്ഷങ്ങളുടെ ഇടയിലും മറവമായി വെടിമരുന്നു നിറച്ചു് കത്തിച്ച കുഴികൾ മൂടിയിരിക്കുന്നതായി കാണപ്പെട്ടു. ആ ഗ്രാമാന്തരീക്ഷത്തിൻെറ വാസന വായുവിൽ തങ്ങിനില്ക്കുന്നതായി ഹെന്റിക്കു തോന്നി.

"അതെ, ഞാനും അദ്ദേഹത്തിൻെറ രണ്ടു രൂപങ്ങൾ കണ്ടു. വളരെ ഉന്മേഷവാനും വിനോദപ്രിയനുമായിരുന്നു ചിലപ്പോൾ. നിസ്സഹായനായും നിരുന്മേഷവാനായും ചിലപ്പോൾ കാണപ്പെട്ടിരുന്നു. മിന്നലിൻെറ ശക്തിയാൽ ക്ഷതമേററ ഒരു ചുവന്ന പക്ഷിയെ ഞാൻ ഒരിക്കൽ കണ്ടു. ചിറകുകൾ സുഖപ്പെട്ടതോടെ

സ്വജാതിയെ തിരിച്ചറിയാതെ അതു കാക്കകളുടെ കൂട്ടത്തിൽ ചേരുവാൻ ശ്രമിച്ചു."

ബീനായുടെ സൂക്ഷ്മനിരീക്ഷണപാടവം, സഹനശക്തി, സ്വരത്തിൽ പ്രത്യക്ഷപ്പെട്ട നിസ്സഹായത, മുതലായവ ഹണിയെ അവളിലേയ്ക്കു കൂടുതൽ ആകർഷിച്ചു. ഇതാ ഒരു ഏകാന്തജീവി! ജീവിതം വിടരുന്നതിനു മുൻപുതന്നെ കൂമ്പടഞ്ഞുപോയിരിക്കുന്നു. "യുദ്ധം പല ഭീകരപ്രവൃത്തികളും ചെയ്തിട്ടുണ്ടു്. ആളുകൾ പല തരക്കാരായാണു തിരിച്ചെത്തിയിരിക്കുന്നതു്." ഹണി പറഞ്ഞു. ബീനായും അതു സമ്മതിച്ചു. "അദ്ദേഹം യുദ്ധകാര്യങ്ങളെപ്പറ്റി പലതും പറയുമായിരുന്നു. അതും ഉറക്കത്തിൽ. ദുഃസ്വപ്നങ്ങൾ കണ്ടു രാത്രി ഭയപ്പെട്ടു ഞങ്ങളെ ഉണർത്താറുണ്ടു്. വലിയമ്മ വളരെ പ്രയാസപ്പെട്ടാണു്, ശാന്തനാക്കി അദ്ദേഹത്തെ കിടത്തുന്നതു്." പെട്ടെന്നു് മാപ്പിരക്കുന്ന ഒരു നോട്ടത്തോടെ അവൾ നിർത്തി. "ചേച്ചീ, ക്ഷമിക്കണം, ഞാൻ ഇത്രയും തുറന്നു സംസാരിക്കരുതായിരുന്നു."

"ഇല്ല ബീനാ. നീ അങ്ങനെ സംസാരിക്കണമെന്നാണു് എൻെറ ആഗ്രഹം. ചേട്ടൻ സ്വയം മനസ്സിലാക്കുന്നതിലേറെ നീ ചേട്ടനെ മനസ്സിലാക്കിയിരിക്കുന്നു."

ബീനാ തുടർന്നു. "ചില ദിവസങ്ങളിൽ വളരെ സന്തുഷ്ടനായി കാണപ്പെടും. അതു വളരെ അപൂർവ്വമാണുതാനും. അത്താഴഭക്ഷണം കഴിഞ്ഞു ഞങ്ങൾ ചന്ദ്രികയിൽ നടക്കാനിറങ്ങും. ആ വൃക്ഷങ്ങളുടെ ഇടയിൽക്കൂ

ടെ നടന്നു ചില നിസ്സാരകാര്യങ്ങൾ പ്രവർത്തിക്കും. ഒന്നുകിൽ കല്ലുകൾ പെറുക്കി ജലാശയത്തിൽ എറിയും. ചിലപ്പോൾ അദ്ദേഹം എന്തെങ്കിലും പൂക്കളിറുത്തു് എന്റെ തലമുടിയിൽ തിരുകും.'' അല്പം ലജ്ജയോടെ അവൾ പറഞ്ഞു.

ഹെണിയ്ക്കു് ഒന്നും പറയുവാൻ കഴിഞ്ഞില്ല. ബീനായുടെ ചിത്രീകരണം അവളെ വേദനിപ്പിച്ചു. ഒന്നും സംസാരിക്കാതെ അവർ നടന്നു. ഹെണി ബീനായുടെ കൈക്കു പിടിച്ചു. ആ നിമിഷം, എന്തോ ഒന്നു് അവർ പരസ്പരം കൈമാറിയതായി തോന്നി. അതെ, അവർ പരസ്പരം മനസ്സിലാക്കി. ഇരുവരും അനുരാഗബദ്ധർ. അതുകൊണ്ടു് അവർ അന്യോന്യം പറയാതെതന്നെ ഓരോരുത്തരുടേയും അന്തർഗതങ്ങൾ മനസ്സിലാക്കുകയാണു ചെയ്തതു്. ആ നിമിഷംമുതൽ അവർ സുഹൃത്തുക്കളായിത്തീർന്നു

അവർ ഭവനത്തിൽ സംസാരിച്ചുകൊണ്ടു കഴിച്ചുകൂട്ടി. തന്റെ വലിയമ്മ അമൂല്യമായി കരുതുന്ന പല വസ്തുക്കളും ബീനാ ഹെണിയ്ക്കു കാണിച്ചുകൊടുത്തു. വെള്ളിപ്പാത്രങ്ങൾ, വിവിധതരത്തിലുള്ള തുന്നൽപണികൾ മുതലായവ നോക്കി കുറെനേരം ഹെണി നിന്നു. ആ പെൺകുട്ടിയുടെ നിഷ്കളങ്കതയിൽ അവൾ ആഹ്ലാദചിത്തയായി.

# 12

ബീനായുടെ മുറിയുടെ ചുമരിൽ പൂർത്തിയാക്കാത്ത അവളുടെ ചിത്രം തൂങ്ങിക്കിടന്നിരുന്നു. ഗൗരവം കലന്ന ആ കൊച്ചുമുഖം സംസാരിക്കുന്നതുപോലെ തോന്നി. ശാന്തതയും ആശയും തെളിഞ്ഞുനിന്നിരുന്നു. ആ തൂലിക എവിടെവെച്ചാണു് നിൎത്തിയതെന്നു് നോക്കുന്നയാളിനു മനസ്സിലാക്കാമായിരുന്നു. അതെ, ആ പക്ഷിയെപ്പോലെ കാക്കകളുടെ കൂട്ടത്തിൽ ചേരുന്നതിനുള്ള ശ്രമത്തിലാണു് അതു് ഉപേക്ഷിക്കപ്പെട്ടിട്ടുള്ളതു്.

അവർ ഇരുവരുംകൂടി ഭക്ഷണം തയ്യാറാക്കി ബീനായുടെ കറികൾ വളരെ രുചികരമായി ഹണിയ്ക്കുതോന്നി. വൃത്തിയും ചിട്ടയുമുള്ള അടുക്കള ഹണിയെ വേദനിപ്പിച്ചു. അതെ, ആ ഭവനവാസികളുടെ ലളിതവും ശാന്തവുമായ ജീവിതം ദുരാഗ്രഹം മൂത്ത തന്റെ സഹോദരൻ പിച്ചിച്ചീന്തുകയാണു ചെയ്തിരിക്കുന്നതു്.

"ശസ്ത്രക്രിയയ്ക്കു് ഒരു വലിയതുക വേണ്ടിവരും. അതു് അധികംനാൾ ആസ്പത്രിയിൽ താമസിക്കുന്നതുകൊണ്ടാണു്. ഡോക്ടർ നോബിൾ വളരെ ഔദാൎയ്യമാണു കാണിച്ചിരിക്കുന്നതു്. സുഖപ്പെടുമെന്നു് അദ്ദേഹത്തിനു പൂൎണ്ണവിശ്വാസമുണ്ടു്."

"ഡോക്ടർ നോബിൾ. റോയൽ ആസ്പത്രിയിലെ ഡോക്ടർ?"

"അതെ, അദ്ദേഹം വിദഗ്ദ്ധനാണെന്നു കേട്ടു. കൊണ്ടു ഞാൻ വലിയമ്മയെ ആ ആസ്പത്രിയിലേയ്ക്കു കൊണ്ടുപോയി."

"ബീനാ, ഞാൻ അവിടെയാണു ജോലി ചെയ്തിരുന്നതു്. അദ്ദേഹത്തെ എനിക്കു നല്ല പരിചയമുണ്ടു്. സമർത്ഥനായ നേത്രരോഗഭിഷഗ്വരൻ! നീ എങ്ങനെയാണു് ആസ്പത്രിയിൽ പോകുന്നതു്?"

"ഓ, ഞാൻ ബസ്സിൽ യാത്രചെയ്യും. ഒരു ദീർഘയാത്രയാണെങ്കിലും അതൊരു ബുദ്ധിമുട്ടല്ല."

ഹെൻറിയ്ക്കു് പെട്ടെന്നു് എന്തോ ഒരു ഭൂതോദയം ഉണ്ടായി. "ബീനാ, നിനക്കു ഞങ്ങളുടെകൂടെ വന്നു താമസിച്ചാലെന്താ? ആസ്പത്രിയിലേയ്ക്കു് അവിടെനിന്നു് അധികം ദൂരമില്ല. ദിവസവും പോയി യാതൊരു പ്രയാസവുംകൂടാതെ വലിയമ്മയെ കാണാമല്ലോ."

ബീനാ വിസമ്മതിച്ചു. പക്ഷേ, ഹെൻറി വിട്ടില്ല. ബീനായെ സഹായിക്കുവാൻ പററിയ ഒരവസരം കൈവന്നിരിക്കുന്നു. അതെ, മററ കക്ഷികളെ ഇതു സാരമായി ബാധിക്കയും ചെയ്യും.

"നീ വിസമ്മതിക്കരുതു ബീനാ, എനിക്കു് ഇനി വേറൊന്നും കേൾക്കണ്ട. അമ്മ നിങ്ങളെപ്പററി കേട്ടിട്ടുണ്ടു്. നിൻെറ സാന്നിദ്ധ്യം അമ്മയ്ക്കും വളരെ സന്തോഷകരമായിരിക്കും. നീയും വലിയമ്മയും ചേട്ടനോടു വളരെ ഔദാര്യമായി പെരുമാറിയിട്ടുണ്ടെന്നു് അമ്മയ്ക്കറിയാം."

ബീനായുടെ നയനങ്ങളിൽ പെട്ടെന്നു് ഒരു ആശ

യുടെ കിരണം ഹണി ദർശിച്ചു. തൻെറ സഹോദരനെ പ്പററി സ്മരിച്ചപ്പോഴാണ് അതുണ്ടായതു്. "ഞാൻ നി ങ്ങൾക്ക് ഒരു അധികപ്പററായിരിക്കുകയില്ലെ?"

"ഒരിക്കലുമില്ല ബീനാ. ഞങ്ങളുടെ ഗൃഹം വലു താണു്. പല മുറികളുമുണ്ടു്. ചേട്ടൻ വന്നാലും താമസി ക്കുന്നതിനു മുറിയുണ്ടു്. ഞാൻ അമ്മയ്ക്കു് ഒരു കൂട്ടല്ല; അതുകൊണ്ടു് നിൻെറ സാന്നിദ്ധ്യം അമ്മയ്ക്കു് ആനന്ദ പ്രദമായിരിക്കും. ഇവിടെ നീ ഒന്നും ചെയ്യേണ്ടതായി ല്ലല്ലൊ. ആ കൃഷിക്കാരൻ എല്ലാം നോക്കിക്കൊള്ളും."

"അയാൾ എല്ലാം അന്വേഷിച്ചുകൊള്ളും. പക്ഷെ, ഞാൻ......"

"നീയൊട്ടും വിഷമിക്കേണ്ട. എല്ലാം തീർച്ചപ്പെ ട്ടതിക്കഴിഞ്ഞു." ബീനായുടെ കൈകളിൽ ബലമായി പിടിച്ചുകൊണ്ടു് ഹണി പറഞ്ഞു: "നീ ഉച്ചയ്ക്കുശേഷം എൻെറകൂടെ പോരികയാണു്. ഞാൻ പോയി അമ്മ യ്ക്കു ഫോൺ ചെയ്യട്ടെ. അപ്പോൾ അമ്മ നമ്മളെ കാ ത്തിരിക്കും."

"ഓ, ഒരു കാര്യം. എൻെറ ഉടുപ്പുകൾ കൊണ്ടു പോകുവാൻ പററിയ തുകൽപ്പെട്ടി ഉണ്ടോ എന്നു ഞാൻ മുകളിലെ അറയിൽ പോയി നോക്കട്ടെ."

ഒരു കാര്യം ഹണിയുടെ ഓർമ്മയിൽ പെട്ടില്ല. അവൾക്ക് അത്രയധികം അഭിനിവേശം ഉണ്ടായിരുന്നു. ഫോൺചെയ്യുന്നതിനു പട്ടണത്തിലേയ്ക്കു പോകേണ്ടി യിരുന്നു.

ബീനാ പെട്ടി തിരയുന്നതിൽ വ്യാപൃതയായിരു

ന്നു. ഫണി യാത്രതിരിച്ചു. സുപരിചിതമായ പാലവും മററു സ്ഥലങ്ങളും കടന്നു കാർ മുന്നോട്ടു പോയി. ഉച്ച സമയമായതുകൊണ്ടു് അധികം ആരെയും വഴിയിൽ കണ്ടില്ല. എല്ലാവരും അവിടവിടെ ജോലിയിലായിരിക്കും. വില്ലിയുടെ ഓഫീസുകെട്ടിടത്തിനു മുൻപിൽ വാഹനങ്ങളൊന്നും ഇല്ലായിരുന്നു. അവിടം കടന്നു് അവൾ മരുന്നുഷോപ്പിന്റെ മുൻപിലെത്തി. അവൾ കാർ നിത്തിയ ഉടനെ സിഗററുവില്ലനസ്ഥലത്തുനിന്നും മുകുന്ദൻ ഇറങ്ങിവരുന്നതു കണ്ടു.

"ഹാ, ഫണിയോ?" അയാളുടെ വൈരനയനങ്ങൾ ആശ്ചര്യഭരിതങ്ങളായി. അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു. "എന്താ ഫണീ സുഖമല്ലെ? ജയയെ കാണുവാൻ വന്നതായിരിക്കും?"

"അല്ല, അല്ല." അവൾ കാർ സ്റ്റാർട്ടാക്കുവാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ ഈവഴി പോകുകയായിരുന്നു."

"ഫണീ, ഒരു നിമിഷം നിൽക്കൂ." കാറിന്റെ മറുപുറത്തേയ്ക്കു നടന്നുകൊണ്ടു മുകുന്ദൻ പറഞ്ഞു: "നിങ്ങൾ നേരെ പോകുകയാണെങ്കിൽ ഞാൻകൂടി വരുന്നു. എനിക്കു് ഒരു സ്ഥലത്തുവച്ചു് ജയയെ കാണുവാനുണ്ടു്. അവൾ നിന്നെ ക്ഷണിച്ചിരിക്കുമെന്നാണു് ഞാൻ കരുതിയതു്."

ഫണി ധർമ്മസങ്കടത്തിലായി. ഇതിനകം മുകുന്ദൻ കാറിൽ സ്ഥലംപിടിച്ചുകഴിഞ്ഞു. "ആ ദുരന്ത സംഭവത്തിൽ ഞാൻ വളരെ വ്യസനിക്കുന്നു. ഞാനും

ജയയുംകൂടെ ഇതുസംബന്ധിച്ചു വഴക്കിലായി. അവരം നിങ്ങളെ കാണുവാൻ വന്നതിൽ ഞാൻ സന്തോഷിക്കുന്നു."

എത്രയും വേഗം പട്ടണത്തിനു പുറത്തു കടക്കണമെന്നായിരുന്നു ഹണിയുടെ ഉദ്ദേശം. അവരം വേഗം കാറോടിച്ചു. വഴിമദ്ധ്യേയുള്ള പെട്രോരം നിറയ്ക്കുന്ന സ്ഥലത്തു ചെന്നു് അമ്മയ്ക്കു ഫോൺ ചെയ്യാമെന്നു് അവരം കരുതി.

"ഞാൻ ഇതിൽ ഇടപെടേണ്ടതില്ല" അയാരം സൌഹാർദ്ദതയിൽ പറഞ്ഞു. "ഞങ്ങളിൽ ഒരാളെ സംബന്ധിച്ചായതുകൊണ്ടു് എല്ലാവർക്കും ഇതിൽ ഖേദമുണ്ടു്, സഹപ്രവർത്തകർ എല്ലാവരും ഒരു കുടുംബത്തിൽപെട്ടവരെപ്പോലെയാണു പ്രവർത്തിക്കുന്നതു്. തുറന്നുപറയുന്നതിൽ ഹണി പരിഭവിക്കരുതു്. വില്ലിയെപ്പോലെ ഉത്തമനായ ഒരു മനുഷ്യനെ കാണുകയില്ല. അതു തിരസ്കരിച്ചതു നന്നായില്ല. വിധവയായ മാതാവിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെയ്ക്കുകയല്ലെ ചെയ്തിരിക്കുന്നതു്?"

ഹണി ആശ്ചര്യപ്പെട്ടുകൊണ്ടു് പെട്ടെന്നു് തല തിരിച്ചു് അയാളെ നോക്കി. "ഇതു സത്യമല്ല. ആരാണു് ഇപ്രകാരം പറഞ്ഞതു്?"

മുകുന്ദൻ കണ്ണുകരം ചിമ്മി. "ജയ പറഞ്ഞു."

ഉദിച്ചുപൊങ്ങിയ രോഷം നിയന്ത്രിച്ചുകൊണ്ടു് ഹണി പറഞ്ഞു: "ജയ പെട്ടെന്നു് എന്തു തീരുമാനവും എടുക്കുന്ന കൂട്ടത്തിലാണു്."

"അതെ, ഹണി പറഞ്ഞതാണു ശരി. അതാണ് അവശംക്കുള്ള ദോഷം. ആദ്യം ആ കാർ വാങ്ങിച്ചപ്പോശം അവശംക്കു നിറം ഇഷ്ടമായില്ല. പിന്നീട് അതും മാറി." അയാശം ചിരിച്ചുകൊണ്ടു പറഞ്ഞു: "എന്നെ ആദ്യമായി കണ്ടപ്പോശം ഈ കമ്പനിയുടെ ഉടമസ്ഥൻ ഞാനാണെന്നു് അവശം കരുതി." അയാശം അസ്വസ്ഥനായി കാലുകശം മടക്കുകയും നിവർത്തുകയും ചെയ്തുകൊണ്ടിരുന്നു. "ഹണി ഞങ്ങളുടെ കൂട്ടത്തിൽ വരാത്തതുകൊണ്ടു് എനിക്കു മനസ്താപമുണ്ടു്. നിങ്ങശംക്കു് അവളെ നന്നാക്കുവാൻ കഴിയുമെന്നു ഞാൻ കരുതുന്നു. അവശം ബുദ്ധിയില്ലാത്തവളാണെന്നു ഞാൻ പറകയില്ല. എന്തെല്ലാം സുഖസൗകര്യങ്ങശം ഉണ്ടായിട്ടും അവശം സംതൃപ്തയല്ല. ആരംഭത്തിൽ ഞാൻ അവളെ വ്യാമോഹിപ്പിച്ചുകാണും. അതുകൊണ്ടായിരിക്കാം."

അയാശം തൻെറ ഭാരം ഇറക്കുവാൻ തുനിഞ്ഞടിക്കുകയാണു്. ഒരു പക്ഷെ, പത്നിയുടെ സ്വഭാവവൈജ്ഞാനയായതുകൊണ്ടു് നിർത്തുവാൻ കഴിയാഞ്ഞിട്ടാകാം.

അയാശം വീണ്ടും അസ്വസ്ഥതയോടെ കാലുകശം മടക്കുകയും നീട്ടുകയും ചെയ്തുകൊണ്ടിരുന്നു. "ചിലപ്പോശം എന്തുചെയ്യണമെന്നറിയാതെ ഞാൻ കുഴങ്ങും. അവശം എപ്പോഴും ധനം സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാണു്. ഒന്നും അവളെ തൃപ്തിപ്പെടുത്തുകയില്ല. ചന്ദ്രനുവേണ്ടി കേഴുന്ന ഒരു പിഞ്ചുപൈതലിനെപ്പോലെയാണു് അവശം. ഞാൻ ബുദ്ധിമുട്ടി ജോലി ചെയ്യുന്നവനാണു്.

എന്നാലും അവർ ആഗ്രഹിക്കുന്നത്രയും പണം ഉണ്ടാക്കുവാൻ പ്രാപ്തനല്ല."

അയാളുടെ ഈ വിശ്വാസാർപ്പണത്തിൽ ഹെന്റിയ്ക്കു വിഷമവും ദയയും തോന്നി. "നിങ്ങൾ സ്വയം ആത്മനിന്ദ ചെയ്യേണ്ട ആവശ്യമില്ല. വേണ്ടതുപോലെ നിങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. എല്ലാ സംരംഭങ്ങളിലും വിജയം കൈവരിച്ചിട്ടുമുണ്ട്."

"അതു് ഹെന്റിയ്ക്കു തോന്നുകയാണ്. എനിക്കു നല്ല ശമ്പളം കിട്ടുന്നുണ്ട്; എന്നാലും ഒന്നും തികയുകയില്ല. അവർ ആശിക്കുന്നതെല്ലാം ഞാനവർക്കു കൊടുക്കുന്നുണ്ട്. അവളുടെ പൂർവ്വചരിത്രം എനിക്കറിയാം. ഈ ലോകത്തിൽ എനിക്കു സാധിക്കുന്നതെല്ലാം, ഒരു കാര്യമൊഴിച്ചു്, ഞാൻ നൽകും. ഒരു വലിയ തുക ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. അതു ഞാൻ കൈവിടുകയില്ല. സ്വതന്ത്രമായ ഒരു ഭാവിക്ക് ഉതകുന്നതിനുവേണ്ടിയാണ്. വില്ലിയും ഞാനുംകൂടെ ഒരു കമ്പനി തുടങ്ങണമെന്നാഗ്രഹമുണ്ട്. അതിനു ഞാൻ അത്യാകാംക്ഷയോടെ കാത്തിരിക്കുകയാണ്. ജോലിയിൽനിന്നു പിരിയുവാൻ വില്ലിയ്ക്കിഷ്ടമില്ല. പക്ഷെ, എപ്പോഴെങ്കിലും അയാളുടെ മനസ്സു വ്യതിചലിപ്പിക്കുവാൻ എനിക്കു കഴിയും. അന്നു ഞങ്ങൾ കമ്പനി തുടങ്ങും. അതൊക്കെ കൊണ്ടാണ് ഞാൻ ആ സംഭവത്തിൽ ഖേദിക്കുന്നതു്. അല്ലെങ്കിൽ നാം എല്ലാവരും ഒരുമിച്ചാകുമായിരുന്നു. ഹെന്റി ജയയ്ക്കൊരു മാതൃകയായിരിക്കും. അതു് അവളിൽ പല പരിവർത്തനങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു."

എന്തു പറയണമെന്ന് ഹെണിയ്ക്കറിഞ്ഞുകൂടാ. ആ വഞ്ചനാനാടകത്തിൽ മുകുന്ദനു പങ്കില്ലെന്നവൾ മനസ്സിലാക്കി. അയാൾ നിഷ്കളങ്കതയോടെ സംസാരിക്കുന്നു; അയാളുടെ സ്വഭാവം കണ്ണാടിയിലെന്നതുപോലെ തെളിഞ്ഞുകണ്ടു. ഭാര്യയെ കണ്ണുമടച്ചാരാധിക്കുന്ന ആ നിഷ്കളങ്കമനുഷ്യനോട് അവൾക്കു സഹതാപം തോന്നി. അവളുടെ ഹൃദയം വേദനിക്കുകയും ചെയ്തു. താൻ നിക്ഷേപിച്ചിട്ടുള്ള പണത്തെപ്പററി അയാൾ അന്വേഷിച്ചിട്ട് എത്ര നാളായിക്കാണണം എന്നവൾ ആശ്ചര്യപ്പെട്ടു. അയാളെ ചിലപ്പോൾ വിദൂരസ്ഥലത്തേയ്ക്കു് സ്ഥലംമാററിയേക്കാം. അങ്ങനെ വരുന്നപക്ഷം വളരെ വളരെ കാലത്തേയ്ക്കു് ജയ പണമെടുത്ത വിവരം അയാൾ അറികയില്ല.

"ഇങ്ങനെ തുറന്നു സംസാരിക്കുന്നതിൽ ക്ഷമിക്കണം." മുകുന്ദൻ പെട്ടെന്ന് എന്തോ ഓർമ്മിച്ചതുപോലെ പറഞ്ഞു "ഞാൻ സംസാരിക്കുവാൻ തുടങ്ങിയിട്ട് നിർത്തുവാൻ കഴിയുന്നില്ല. ഹെണിയോട് ആർക്കും ഹൃദയംതുറന്നു സംസാരിക്കുവാൻ തോന്നും." കാർ പ്രധാന പാതയിൽ എത്തി. "നിൽക്കണെ ഹെണി, അവിടെയാണ് അവൾ നില്ക്കാമെന്നു പറഞ്ഞതു്. അതാ അവൾ കാറിൽനിന്നും ഇറങ്ങുന്നു."

ഒരു ഭക്ഷണശാലയുടെ മുൻപിൽ അവൾ കാറിൽ നിന്നും ഇറങ്ങുകയായിരുന്നു. മുകുന്ദൻ കൈകാട്ടി വിളിച്ചു. ഒരുമിച്ചു കാറിൽ യാത്രചെയ്ത സ്വഭർത്താവിനേയും ഹെണിയേയും കണ്ടു ജയ തുറിച്ചുനോക്കിക്കൊണ്ടു്

അവിടെ നിന്നു. അവൾക്കു അതു് അവിശ്വസനീയമായി തോന്നി.

"ഹാ, ഓമനെ! ഞാൻ ഹണിയെ പട്ടണത്തിൽ വെച്ചു കണ്ടുമുട്ടി.'' അയാൾ ഹണിയുടെ നേരെ തിരിഞ്ഞു. ''വരൂ, നമുക്കു ഭക്ഷണം കഴിക്കാം."

''അതെ, വരൂ" ജയയും ഭർത്താവിനെ അനുകരിച്ചു. അപ്പോഴും അവൾ നിർന്നിമേഷയായി നോക്കുകയായിരുന്നു. അവളുടെ നയനങ്ങളിലും ഒരു ചോദ്യം തങ്ങിനില്ക്കുന്നതായി ഹണിയ്ക്കു തോന്നി. "നീ എന്താണു് എൻെറ ഭർത്താവിനോടു സംസാരിച്ചുകൊണ്ടിരുന്നതു്?"

"വളരെ ഉപകാരം. ഞാൻ ഊണു കഴിച്ചു. ഇനി ഞാൻ യാത്രതിരിക്കട്ടെ."

ജയ അധരങ്ങൾ നനച്ചു. "ഞാൻ ഒരു ദിവസം അവിടെ വരും. അന്നു നമുക്കൊരുമിച്ചു് എൻെറ ഭവനത്തിൽ ആഹാരം കഴിക്കണം.''

# 13

ഹൃദയംഗമമായ ഒരു സ്വീകരണമാണു് ബീനായ്ക്കു മരിയയിൽനിന്നും ലഭിച്ചതു്. കാർ വരുന്നതുകണ്ടു് അവർ ഇറങ്ങിച്ചെന്നു. ബീനായുടെ കൈവകരങ്ങൾ ഗ്രഹിച്ചുകൊണ്ടു് അവർ പറഞ്ഞു: "ബീനാ, നീ വന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. സ്വഭവനത്തിലെന്നപോലെയുള്ള സുഖസൗകര്യങ്ങൾ നല്കുവാൻ

സാധിച്ചാൽ മതിയായിരുന്നു. എന്റെ മകനെ നിങ്ങൾ അത്രമാത്രം സല്ക്കരിച്ചിരുന്നു."

"ഓ, അതു സാരമില്ലായിരുന്നു." ബീനാ പറഞ്ഞു. അവളുടെ നയനങ്ങൾ സന്തോഷത്താലും കൃതജ്ഞതയാലും പ്രകാശിതങ്ങളായി. "അമ്മയും ചേച്ചിയെപ്പോലെതന്നെയാണ്. എനിക്കു വളരെ പരിചയമുള്ളതുപോലെ തോന്നുന്നു."

മറിയ ചിരിച്ചുകൊണ്ടു് ബീനായെ ആലിംഗനം ചെയ്തു. "മുകളിലേയ്ക്കു വരൂ മകളെ. നിന്റെ മുറി മുകളിലാണ്."

"ഇന്നു കമലം വന്നിട്ടില്ല. അവളുടെ ഭർത്താവിനു സുഖമില്ലാത്തതിനാൽ ജോലിസ്ഥലത്തുനിന്നു വീട്ടിലേയ്ക്കയച്ചു. അവനെ ശുശ്രൂഷിക്കുവാൻ ഞാൻ അവളെ പറഞ്ഞയയ്ക്കുകയാണു ചെയ്തതു്. അതുകൊണ്ടു് ഊണിനു വലിയ വിഭവങ്ങളൊന്നും കാണുകയില്ല."

അനാഥയായ കമലയെ അവർക്കനുരൂപനായ ഒരു ജോലിക്കാരനു് അവർ വിവാഹംചെയ്തു കൊടുത്തിരുന്നു. എന്നാലും അവൾ ദിവസവും രാവിലെ വന്നു ഗൃഹജോലികൾ ചെയ്തുപോന്നു. വൈകുന്നേരം ഭർത്തൃഗൃഹത്തിലേയ്ക്കു പോകയും പതിവായിരുന്നു.

"അമ്മെ, ഞാനുംകൂടി സഹായിക്കാം. ഞാൻ ഒരു വിരുന്നുകാരിയായി മാത്രം വന്നതല്ല." ബീനാ പറഞ്ഞു.

"ബീനായുടെ കറി വളരെ രുചികരമാണ്. പലഹാരവും അപ്രകാരംതന്നെ. പക്ഷെ നമുക്കു് അവളെക്കൊണ്ടു ജോലി ചെയ്യിപ്പിക്കുവാൻ പാടില്ല."

"ഓ, ഒരിക്കലുമില്ല." തൻെറ പുത്രിയേയും ബീനായേയും കെട്ടിപ്പിടിച്ചുകൊണ്ടു് അമ്മ പറഞ്ഞു: "കുറച്ചുനേരം നിങ്ങൾ വിശ്രമിക്കു മകളെ. അതിനുശേഷം നമുക്കു നിൻെറ വലിയമ്മയെ പോയി കാണാം. അവർ അപ്പോൾ ആശ്ചയ്യപ്പെടും."

ബീനായ്ക്കു് അവളുടെ മുറി നന്നെ ഇഷ്ടപ്പെട്ടു. കട്ടിലിൽ കിടക്ക വിരിച്ചിരുന്നു. മററു വേണ്ട സകല സജ്ജീകരണങ്ങളും അവിടെയുണ്ടായിരുന്നു. മേശപ്പുറത്തു ഭംഗിയായി അലങ്കരിച്ച ഒരു പുഷ്പമഞ്ജുഷയും. അവിടെ കിടന്ന ഒരു കസേരയിൽ അവൾ അല്പനേരം ഇരുന്നു.

കുറച്ചുനേരം മൗനാവലംബിയായിരുന്നശേഷം അവൾ പറഞ്ഞു: "ചേച്ചീ, എൻെറ ജീവിതത്തിലെ വലിയ ഒരനുഭവമാണു്. എങ്ങനെ പറയണമെന്നു് എനിക്കറിഞ്ഞുകൂടാ. ചേച്ചിയുടെ അമ്മ എത്ര നല്ലവരാണു്! എൻെറ മാതാപിതാക്കൾ ഞാൻ വളരെ ചെറുപ്പമായിരുന്നപ്പോൾ മരിച്ചുപോയി. ഒരിക്കലും ഞാൻ അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത അവരുടെ ലാളനയെപ്പററി ഓത്തുപോകുന്നു."

"ഞാൻ ഈയിടെയാണെന്നു തോന്നുന്നു അമ്മയുടെ പ്രവൃത്തികളെ ശരിയായി അഭിനന്ദിക്കുവാൻ തുടങ്ങിയതു്." ഹണി ഇരുന്നു തൻെറ കരങ്ങൾ നോക്കിക്കൊണ്ടു പറഞ്ഞു. "അമ്മ നിശ്ശബ്ദയായി, ഞാനറിയാതെതന്നെ എനിക്കുവേണ്ടി പല കായ്യങ്ങൾ നടത്തുന്നു."

"വലിയമ്മയെ കാണുവാൻ 'നമുക്കു' പോകാം എന്നു പറഞ്ഞപ്പോഴേ ഞാൻ അതു മനസ്സിലാക്കി."

ഹെണി അപ്പോഴും അവളുടെ കൈകടം നോക്കിക്കൊണ്ടു പറഞ്ഞു: "ബീനാ, അമ്മയുമായി നീ കൂടുതൽ അടുക്കണമെന്നു ഞാൻ വിശ്വസിക്കുന്നു. തന്നെപ്പററിത്തന്നെ ചിന്തിക്കാത്തതുകൊണ്ടു് അമ്മയ്ക്കു് ഏകാന്തത അനുഭവപ്പെടുകയില്ല."

നാലരമണിയായപ്പോഴം അവർ ആസ്പത്രിയിലെത്തി. തനിക്കു സന്ദർശകസമയത്തല്ലാതെ വന്നു കാണുന്നതിനുംവേണ്ടി വലിയമ്മയെ ഒരു പ്രത്യേകമുറിയിൽ കിടത്തുന്നതിനു ബീനാ ഏർപ്പാടുചെയ്തു. വീണ്ടും ആസ്പത്രിയിൽ വരുവാൻ ഇടയായതു് ഹെണിയ്ക്കു് ഒരു പുതിയ അനുഭവംപോലെ തോന്നി. അവിടത്തെ തന്റെ സഹപ്രവത്തകരോടിടപെടുവാൻ അവനുക്കു കൂടുതൽ മനസ്സാന്നിദ്ധ്യം വേണ്ടിവന്നു.

ഇവിടെയും അവളുടെ മാതാവിൻെറ മുൻകൈ അവനും കണ്ടു. അവനുക്കു പരിചയമുണ്ടായിരുന്നവരെല്ലാം കുറച്ചുനാളം കാണാതിരുന്ന ഒരാളെ കാണുന്നതുപോലെയുള്ള സന്തോഷപ്രകടനങ്ങളാണു് പ്രദശിപ്പിച്ചതു്. പ്രായംചെന്ന ആ നഴ്സ് അവരെ മാഗ്ഗററിൻെറ മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവർ അകത്തു പ്രവേശിച്ചപ്പോഴം മാഗ്ഗററിൻെറ പ്രായംചെന്നതെങ്കിലും സുന്ദരമായ വദനത്തിൽ ശൂന്യതയാണു് ഒരു നിമിഷത്തേയ്ക്കു കണ്ടതു്. ആ മുറിയിൽ കാഴ്ചയ്ക്കു കൗതുകമുള്ള യാതൊന്നും ഉണ്ടായിരുന്നില്ല. മരിയ കുറെ

യധികം മനോഹരപുഷ്പങ്ങൾ കൊണ്ടുവന്നിരുന്നു. പുഞ്ചിരിതൂകുന്ന ആ മൂന്നു വദനങ്ങളും ചുററും കണ്ട ആ വൃദ്ധ ആനന്ദത്തുന്ദിലയായി.

"ഹാ! എൻെറ കൊച്ചുമകളെ എപ്പോഴും എനിക്കു കാണുവാൻ സാധിക്കുമെന്നോ!"

"വലിയമ്മെ, എനിക്കു ദിവസവും വരാം. ഇവരുടെ ഗൃഹത്തിലേയ്ക്കു നടന്നുപോകുവാനുള്ള ദൂരമേയുള്ളു."

"എൻെറ കുഞ്ഞുങ്ങൾ ഒരു യുവതിയോടൊത്തുപോലെയാകും. ഞാൻ എൻെറ വീടിനെയും അതിലെ ചെടികളെയും എന്തുമാത്രം സ്നേഹിക്കുന്നെന്നോ!'' അവർ മരിയയുടെ കൈക്കു പിടിച്ചു. "നിങ്ങൾ വളരെ ദയയുള്ളവരാണു്.''

"തോട്ടമുണ്ടാക്കുവാൻ ഇഷ്ടമാണോ?'' മരിയ അവരോടു ചോദിച്ചു.

''ഇതാ, എൻെറ കൈ നോക്കു.'' കൈകൾ നിവത്തികാണിച്ചുകൊണ്ടു് അവർ പറഞ്ഞു: ''എന്തെങ്കിലും മണ്ണിൽ വളരുവാൻ കഴിച്ചുവെയ്ക്കണം. അല്ലെങ്കിൽ ജീവിതം ശൂന്യമായി എനിക്കു തോന്നും. ഹാ! ഇതെന്താണു്?'' ഒരുതരം സുരഭിലകുസുമങ്ങൾ സൂക്ഷിച്ചു നോക്കിക്കൊണ്ടു് അവർ പറഞ്ഞു: "ഇത്തരം പുഷ്പങ്ങൾ അവിടെയില്ല."

''അതാണു് 'രാത് കീ റാണി'. ഞാൻ ഇപ്പോൾ അതു വളത്തുവാൻ തുടങ്ങിയതേയുള്ളു."

അമ്മമാരുടെ സംഭാഷണഗതികണ്ടു ഹണിയും

ബീനായും പരസ്പരം നോക്കി. ആ സന്ദർഭത്തിലാണു് ഡോക്ടർ നോബിൾ കടന്നുവന്നതു്.

"ഇതു് ആസ്പത്രിയാണോ പൂന്തോട്ടമാണോ?" അദ്ദേഹം ചിരിച്ചുകൊണ്ടു ചോദിച്ചു.

അദ്ദേഹം ഒരു നിമിഷനേരത്തേയ്ക്കു് അങ്ങനെ നിന്നുപോയി. ആ വൃദ്ധനയനങ്ങളിൽ വിനോദം സ്ഫുരിച്ചുകണ്ടു.

"ഡോക്ടർ, ഇവക്കു് എന്തെങ്കിലും ചെടികൾ ഈ മുറിയിൽ വെച്ചുപിടിപ്പിക്കുന്നതിനു് അനുവാദം കൊടുക്കുമോ? മുറി വൃത്തികേടാക്കാതെ സൂക്ഷിച്ചുകൊള്ളാം." മരിയ ചോദിച്ചു.

"എനിക്കു് എന്തെങ്കിലും മണ്ണിൽ ചെയ്യുന്നതു് വളരെ ഇഷ്ടമാണു്."

"അതിനെന്താണു്? എന്തെങ്കിലും ഇഷ്ടംപോലെ ഇവിടെ വെച്ചുപിടിപ്പിച്ചുകൊള്ളൂ." ആ ഉദാരമനസ്കനായ ഭിഷഗ്വരൻ അനുവാദം നല്കി.

അന്നത്തെപ്പോലെയുള്ള ആനന്ദപ്രദമായ ഒരു സായാഹ്നം ആ ആസ്പത്രിമുറിയിൽ ഒരിക്കലും ഉണ്ടായിട്ടില്ല. സമയം അതിക്രമിച്ചതു് അവരിൽ ആർക്കും അറിവുണ്ടായില്ല. മാഗ്ഗററിനു ഭക്ഷണവുമായി ഒരു പരിചാരിക മുറിയിൽ കടന്നുവന്നപ്പോഴാണു് അവക്കു് ഓർമ്മയുണ്ടായതു്. പുറത്തെ മുറിയിൽവെച്ചു് അവർ വീണ്ടും ഡോക്ടർ നോബിളിനെ കാണുകയുണ്ടായി.

"ഇതിനാണു ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരുന്നതു്. അവരുടെ ആരോഗ്യം വളരെ മോശമാണു്. എന്തെങ്കി

ലും മനസ്സിനിണങ്ങിയ പ്രവൃത്തിയിലേർപ്പെട്ടാൽ അവരുടെ ശരീരത്തിനും മനസ്സിനും ഉന്മേഷം ഉണ്ടാകും.' തൻെറ രോഗിയുടെ അഭ്യുദയകാംക്ഷിയായ ആ ഡോക്ടർ പറഞ്ഞു.

"അതെ, അവർ എന്നെപ്പോലെ ഒരു ഗ്രാമീണസ്ത്രീയാണു്. വൃഥാ സമയം കഴിച്ചുകൂട്ടുവാൻ വളരെ പ്രയാസമായി തോന്നുക സ്വാഭാവികമാണു്." മരിയ പ്രതിവചിച്ചു.

"നിങ്ങളോടു വിശേഷവിധിയായി ഇതിനെപ്പററിയൊന്നും പറയണമെന്നില്ലല്ലോ." ഡോക്ടർ ഹണിയുടെ നേരേ തിരിഞ്ഞു. "എന്താ ഹണീ, വീണ്ടും ആസ്പത്രിയിൽ ജോലിയ്ക്കു് അപേക്ഷിച്ചുവോ?"

"ഇല്ല ഡോക്ടർ." ഹണി മറവശത്തേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു.

"നിൻെറ ആദ്യത്തെ ഉദ്യോഗം നഷ്ടപ്പെട്ടു. എന്നാലും കുട്ടികളുടെ വാർഡിൽ നിനക്കു പലതും ചെയ്യുവാനുണ്ടാകും. എന്തെങ്കിലും അവരെ വായിച്ചുകേൾപ്പിക്കുക, കാൽ സ്വാധീനമില്ലാത്ത കുട്ടികളെ വടിപിടിച്ചു നടത്തിക്കുക മുതലായ ചില്ലറ ജോലികൾ ചെയ്യാമല്ലോ. ബുദ്ധിമുട്ടുള്ള മൂന്നോ നാലോ മണിക്കൂറുകളായിരിക്കും ദിവസവും. ശമ്പളം കിട്ടുകയില്ല. പക്ഷെ, അതു നിനക്കു മാനസോല്ലാസത്തിനു വക നൽകും."

"ഡോക്ടർ എനിക്കും വരാമോ?" ബീനാ ചോദിച്ചു.

"എന്തുകൊണ്ടു പാടില്ല. നിനക്കു് ആസ്പത്രിയുമാ

യി കൂടുതൽ അടുപ്പമുണ്ടാകും. നിൻെറ വലിയമ്മയ്ക്കു വലിയ സന്തോഷവും ആയിരിക്കും," ഡോക്ടർ അറിയിച്ചു.

ഭവനത്തിലേയ്ക്കുള്ള മടക്കയാത്രയിൽ അവർ ഇതിനെപ്പററി പലതും സംസാരിച്ചു. ഓരോരുത്തരുടേയും സമയം എങ്ങനെ വിനിയോഗിക്കണമെന്നും, എന്തെല്ലാം സജ്ജീകരണങ്ങൾ ചെയ്യണമെന്നും മററും അവർ തീരുമാനിക്കയുണ്ടായി. ബീനായുടെ ആഗമനം എല്ലാവരുടെയും ജീവിതത്തിൽ ഒരു പുതിയ ഉണർവ്വുണ്ടാക്കി. ഇടയ്ക്കിടയ്ക്ക് അമ്മയുടെ മുഖത്തു പുഞ്ചിരി പരക്കുന്നതു് ഫണി കാണാറുണ്ടു്. ബീനായുടെ കരിമീൻ കണ്ണുകൾ ചിലപ്പോൾ തിളങ്ങുന്നതും ഫണി സൂക്ഷിക്കാറുണ്ടു്. അതിൻെറയൊക്കെ പിന്നിൽ എന്താണെന്നും അവൾക്കറിയാം. തൻെറ സഹോദരൻെറ കൊടിയ വഞ്ചനയുടെ ആഘാതം അവരുടെ മേൽ പതിക്കുന്നതു് എപ്പോഴാണെന്നു് അവൾ ഭയപ്പെട്ടു.

## 14

പിറേറദിവസം ഉച്ചകഴിഞ്ഞാണു് അവർ പ്രതീക്ഷിച്ചിരുന്ന ഫോൺസന്ദേശം ലഭിച്ചതു്. അവളും ബീനായും ആസ്പത്രിയിൽനിന്നു വന്നിട്ടു് അധികനേരം ആയില്ല. അടുത്തുള്ള ഒരു സുഹൃത്തിൻെറ ഗൃഹത്തിൽനിന്നും കുട്ടികൾക്കുവേണ്ടിയുള്ള ചില പുസ്തകങ്ങൾ വാ

ങ്ങിക്കണം. അവർ അവിടേയ്ക്കു പുറപ്പെടുവാൻ ഒരു ങ്ങിയപ്പോഴാണു് അമ്മ വിളിക്കുന്നതു കേട്ടതു്.

"മകളെ, ഹണീ! ഇതാ നിന്നെ ജയ ഫോണിൽ വിളിക്കുന്നു."

അവരംക്കൊട്ടും ഇഷ്ടമില്ലാതെയാണു് ഫോൺ റിസീവർ കയ്യിലെടുത്തതു്. "എന്താ ഹണീ, ഞാൻ മുൻപു പറഞ്ഞതുപോലെ ഇന്നു് എൻെറകൂടെ ഭക്ഷണത്തിനു വരുമോ? ഞാൻ വന്നു കൊണ്ടുപോരാം."

"വളരെ ഉപകാരം. പക്ഷെ, ഇന്നു എനിക്കു് ഒരു സ്നേഹിതയുടെ ഗൃഹത്തിൽ പോകേണ്ടതുണ്ടു്."

"'അതെവിടെയാണു്?''

''നിങ്ങളുടെ സമീപപ്രദേശത്തുതന്നെ.''

"അങ്ങനെയാണെങ്കിൽ എൻെറ താമസസ്ഥലത്തു വരാമല്ലോ. അവിടമെല്ലാം കാണിക്കണമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. അല്പനേരം സംസാരിച്ചിട്ടു് എന്തെങ്കിലും പാനീയം കുടിച്ചു പിരിയാം.''

ആ ശബ്ദധ്വനിയിൽ എന്തോ ഒരു പ്രത്യേകത. ഇരുവരും പരസ്പരം മനസ്സിലാക്കുന്നതുപോലെ സംഭാഷണത്തിനും എന്തോ ഒഴിച്ചുകൂടാത്ത ആവശ്യകതയുള്ളതുപോലെ തോന്നി. രണ്ടുപേരുടേയും പരിചയത്തിനു് എന്തോ ഒരു വ്യതിയാനം ഇരുപത്തിനാലു മണിക്കൂറുകരംക്കകം സംഭവിച്ചിരിക്കുന്നു. ഭക്ഷണശാലയിൽ വെച്ചു് അവർ അധികം സംസാരിച്ചിട്ടില്ല. അവരുടെ വീക്ഷണത്തിലായിരുന്നു എല്ലാം നിഗ്രഢമായിരുന്നതു്.

"നാം തമ്മിൽ അത്യാവശ്യമായി സംസാരിക്കേണ്ടിയിരിക്കുന്നു. എൻെറ ഭവനമാണ് അതിനു പററിയ സ്ഥലം." എന്നു ജയ പറയുന്നതുപോലെ ഫണിയ്ക്കു തോന്നി.

"ശരി, ഞാനിവിടെ കാത്തുനില്ക്കാം."

ജയ എട്ടോ ഒൻപതോ മിനിററുകൾക്കുള്ളിൽ വന്നെത്തി. ഫണി ഗേററിനു സമീപം കാത്തുനില്ക്കുകയായിരുന്നു. ജയയെ വീട്ടിനുള്ളിലേയ്ക്കു ക്ഷണിക്കുവാൻ ഫണി ഉദ്ദേശിച്ചില്ല: പക്ഷേ, അപ്രതീക്ഷിതമായിരുന്നു ആ സംഭവം. ജയ കാറിൽത്തന്നെ മന്ദസ്മേരമുഖിയായി ഇരുന്നു. പെട്ടെന്ന് പുറകുവശത്തെ വാതായനത്തിൽക്കൂടി ബീനാ തോട്ടത്തിലേയ്ക്കിറങ്ങിവന്നു. അവിടെ സുലഭമായി പഴുത്തുനിന്ന തക്കാളികൾ പറിക്കുവാൻ തുടങ്ങി. ജയയുടെ നോട്ടം അവളിൽത്തന്നെ തറച്ചുനിന്നുപോയി.

"ആഹാ, അയാൾ അവളെ വിവാഹം ചെയ്തു അല്ലേ?" ശ്വാസോച്ഛ്വാസവേഗമടക്കിക്കൊണ്ട് അവൾ പറഞ്ഞു.

ജയ വീണ്ടും അവളുടെ പതിവുപോലെ തീരുമാനിച്ചുകഴിഞ്ഞു. "ചേട്ടൻെറ കാര്യമാണെങ്കിൽ നിങ്ങൾക്കു തെററിപ്പോയി. അവളുടെ വലിയമ്മ ആസ്പത്രിയിലായതുകൊണ്ട് ബീനാ ഞങ്ങളുടെ ഒരു അതിഥിയായി താമസിക്കുകയാണ്."

ജയയ്ക്കു വിശ്വാസം വന്നില്ല. "അതിഥിയോ?"

"നിങ്ങൾക്ക് അവളെ പരിചയമുണ്ട് എന്നറിയുന്നതിൽ ഞാൻ അതിശയിക്കുന്നു." ഹണി പറഞ്ഞു.

ഒരു നിമിഷനേരത്തേയ്ക്കു് ജയ ഒന്നും സംസാരിച്ചില്ല. തെരുവുകളിൽക്കൂടി കാർ വേഗത്തിൽ ഓടിക്കയായിരുന്നു. "കുടുംബം മുഴുവനും ഒരുതരം ആർദ്രത പടർന്നുപിടിച്ചിരിക്കയാണു്." അവൾ പറഞ്ഞു.

"എന്റെ കുടുംബത്തെപ്പററിയാണോ നിങ്ങൾ പറയുന്നതു്?"

"തീർച്ചയായും. അയാൾ അവളെ സ്നേഹിച്ചിരുന്നെന്നു് എനിക്കറിയാം. അതൊരു ചെറുതോതിലായിരുന്നു. അവളുടെ ചിത്രം വരയ്ക്കുക മുതലായവ ചെയ്യുമായിരുന്നു. പക്ഷെ, ഒരു ഭവനത്തിൽതന്നെ തന്റെ കൂടെ താമസിപ്പിക്കുവാൻ തക്കവിധത്തിൽ അത്രയധികം സ്നേഹത്തിലായിരുന്നില്ല എന്നാണു് ഞാൻ മനസ്സിലാക്കിയതു്.''

ഹണി ചിന്തിച്ചു. അവളുടെ നയനങ്ങൾ ചുരുങ്ങി. "പക്ഷെ ചേട്ടനല്ല, ഞാനാണു ക്ഷണിച്ചുവരുത്തിയതു്."

"ഓ, നീയാണോ?" ആശ്ചര്യത്തോടെ ജയ പറഞ്ഞു. ''അപ്പോൾ നീയാണു് അവളെ ക്ഷണിച്ചുവരുത്തിയതു്."

എന്തോ ഒരു പന്തികേടു തോന്നി ആ സംസാരത്തിൽ. വീണ്ടും എന്തോ പറയുവാൻ അവൾ ഒരുങ്ങിയെങ്കിലും അവൾ സ്വയം നിയന്ത്രിക്കുകയാണു ചെയ്തതു്. പക്ഷെ അവളുടെ ആശ്ചര്യഭരിതങ്ങളായ നയന

ങ്ങളിൽ ഒരു ചോദ്യം തങ്ങിനില്ക്കുന്നതുപോലെ ഹെണ്ടിയ്ക്കു തോന്നി. "അപ്പോൾ ഇതിൻെറ അർത്ഥം?"

കാർ യൂക്കാലിപ്റ്റസ് മരങ്ങളുടെ മുൻപിൽ നിന്നു. ജയ വളരെ മുൻകരുതലോടും എന്നാൽ പുഞ്ചിരിതൂകിക്കൊണ്ടും പറഞ്ഞു: "ഇതാ, ഇതാണു് എൻെറ സൗധം. അല്പം ഏകാന്തതയിലായിപ്പോയി."

"അതെ, മിക്കവാറം ഏകാന്തമായ ഒരു സ്ഥലത്തായിരുന്നു ആ ഭവനം. തെരുവിൽനിന്നും അല്പം ഉള്ളിലേയ്ക്കു മാറിയും യൂക്കാലിപ്റ്റസ് വൃക്ഷങ്ങളാൽ മറയ്ക്കപ്പെട്ടും സ്ഥിതിചെയ്തിരുന്നു. വളഞ്ഞുപുളഞ്ഞുള്ള ഒരു പാതയിൽക്കൂടി അവർ ഗൃഹത്തിലേയ്ക്കു നടന്നു. ഇടയ്ക്കു് ഒരു ചെറിയ കുളം. ഒരു നീന്തൽക്കുളം എന്നു് പറയുന്നതിലും ഭേദം അതു് ഒരു അലങ്കാരവസ്തു എന്നു പറയുന്നതാണു്. അതിൻെറ മദ്ധ്യഭാഗത്തു് ഒരു മാർബിൾപ്രതിമയും കാണപ്പെട്ടു.

സൌധത്തിൻെറ താഴത്തെ നിലയിലെ പ്രധാന മുറിയിൽ അവർ എത്തി. മുറിയുടെ ഒരു മൂലയ്ക്കു് ഒരു പിയാനോ വെച്ചിരുന്നു. വിലയേറിയ ഒരു പരവതാനികൊണ്ടു് തറ മുഴുവൻ ആവൃതമായി കാണപ്പെട്ടു. തേക്കുതടികൊണ്ടുള്ള മേശപ്പുറത്തു് ദന്തനിർമ്മിതമായ പല വസ്തുക്കളും സ്ഥലംപിടിച്ചിരുന്നു. "ഒരു ധാരതാമസിച്ചിരുന്ന ഭവനമായിരുന്നു ഇതു്. അവർ ഇംഗ്ലണ്ടിലേയ്ക്കു പോകുന്ന വിവരം എൻെറ ഭർത്താവറിഞ്ഞു. അദ്ദേഹം ഇതു വാങ്ങിക്കുകയാണു ചെയ്തതു്. ഉടമസ്ഥർ ചില സാധനങ്ങൾ ഇവിടെവെച്ചു മറന്നുപോയി.

ഞാൻ അതിനെപ്പററി അവക്കെഴുതുകയുണ്ടായി. ചില വെള്ളിപ്പാത്രങ്ങളും മററും മറന്നിരിക്കുന്നു. മുകളിലൊക്കെ പോയി അവിടമെല്ലാം കാണണ്ടെ? അവിടമെല്ലാം എന്തു മനോഹരമാണെന്നോ!"

"വേണ്ട, എനിക്കു് ഇവിടെ ഇരുന്നാൽതന്നെ എല്ലാം കാണാം." ഫണി പറഞ്ഞു.

വെൽവെററ കുഷ്യനിട്ട സെററിയുടെ ഒരുവശത്തു് ഫണി ഇരുന്നു. ജയ ഐസ്സു് ചേർത്തു് എന്തോ പാനീയം തയ്യാറാക്കി ഒരു ഗ്ലാസ്സ് ഫണിയുടെ മുൻപിൽ മേശപ്പുറത്തു വെച്ചു.

"ഇതൊരു വ്യത്യസ്ഥലോകമാണു്. സാധാരണക്കാക്കു് അപ്രാപ്യമായ ഒരു പുതിയ ലോകം."

"പിൻേറാകുടുംബക്കാരെപ്പോലെയുള്ളവക്കു്, അല്ലെ?"

"അതെ, വാസ്തവം." ജയ ഫണിയുടെ സമീപം വന്നിരുന്നു. അവരം പുഞ്ചിരിച്ചുകൊണ്ടു് ഫണിയുടെ നയനങ്ങളിലേയ്ക്കു നോക്കി. "അതേ, അങ്ങനെയുള്ളവക്കു് അധികം സമ്പത്തു് ഒരു വലിയ നാശമായിരിക്കും. അങ്ങനെ തോന്നുന്നില്ലേ? അവരുടെ ലളിതജീവിതവും ചിന്താഗതികളും പാടെ ഇളകിമറിയും. പക്ഷെ, ഓരോ ചെറിയ തുകകളായി പണം ലഭിക്കുകയാണെങ്കിൽ അതു് അവക്കു കൂടുതൽ ഉപകാരപ്രദമായിരിക്കും.'' ജയ പാനീയം നിറഞ്ഞ അവളുടെ ഗ്ലാസ്സുയർത്തി. "പിൻേറാകുടുംബത്തിൻെറ സകല അഭ്യുദയങ്ങൾക്കും വേണ്ടി നമുക്കിതു പാനംചെയ്യാം."

എന്തൊരു അഹമ്മതി! ഹണി വിചാരിച്ചു. മറന്നുവെച്ചുപോയ സാധനം സ്വന്തമാക്കുവാൻ അവൾ ആഗ്രഹിക്കുന്നില്ലപോലും! പക്ഷെ, പീറ്റർകുടുംബത്തിന്റെ നിധി മോഷ്ടിക്കുന്നതിൽ അവൾക്കു വൈഷമ്യമില്ലതാനും. അവളുടെ സദാചാരത്തിന്റെ ശൂന്യത; മനസ്സിലെ നികത്താനാവാത്ത വിള്ളൽ! ആ വിടവ് അവൾ ചാടിക്കടക്കയാണു്. ജോലിയിൽനിന്നു പിരിച്ചുവിടുന്ന രണ്ടു പരിചാരകരെപ്പോലെ പീറ്റർകുടുംബത്തിൽപെട്ടവരെ പെൻഷൻ കൊടുത്തു പിരിച്ചുവിടാമെന്ന വ്യാമോഹം! ഇതു പറഞ്ഞായിരിക്കും ആ രാക്ഷസി തന്റെ സഹോദരനെ മനസ്സു തിരിപ്പിച്ചിട്ടുള്ളതു്. ആ നിധികൊണ്ടു് പീറ്റർകുടുംബത്തിനു് വലിയ പ്രയോജനമൊന്നും ഉണ്ടാകയില്ലെന്നും അതു തങ്ങൾക്കായിരിക്കും കൂടുതൽ ഉപകാരപ്രദമെന്നും പീററിനെ പറഞ്ഞു ധരിപ്പിച്ചുകാണണം."

"നാം എപ്പോഴും അതിലേയ്ക്കുതന്നെ തിരിയുന്നതുകൊണ്ടു ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. നിങ്ങൾ എന്തിനാണു് ബീനായെ അവിടെ താമസിപ്പിച്ചിരിക്കുന്നതു്?"

"അവൾ എന്റെ സ്നേഹിതയായതുകൊണ്ടു്. സാധാരണക്കാരായ ഞങ്ങൾക്കു പരസ്പരം സഹായിക്കണമെന്നുണ്ടാകും."

"ഇതിനെപ്പററിയാണോ നീ എന്റെ ഭർത്താവിനോടു് ആലോചിച്ചതു്?"

"നിങ്ങളുടെ ഭർത്താവിനോടോ?"

"അതെ, നീ പറയുന്ന തരത്തിലുള്ള വിസ്തൃത മായ ഉദാരമനസ്ഥിതി വെച്ചുകൊണ്ടു സംസാരിച്ചോ? അന്നു നിൻെറ കാറിൽ സഞ്ചരിച്ചപ്പോഠം എന്താണു് നിങ്ങഠം സംസാരിച്ചതു്?"

ഇപ്പോഴാണു് അവഠം കാര്യത്തിൽ പ്രവേശിച്ച തു്. ഫണി വിചാരിച്ചു. "നിങ്ങളെപ്പററിയാണു സം സാരിച്ചതു്. അയാളുടെ ഹൃദയം കാൻതിന്നുന്ന ഒരു വിഷയം. നിങ്ങളെ സന്തുഷ്ടയാക്കുന്നതിനു് എന്താണു ചെയ്യേണ്ടതെന്നറിയാതെ കുഴങ്ങുകയാണയാഠം. വരുന്ന തിലും വേഗം അപ്രത്യക്ഷമാകുന്ന അയാളുടെ ആദായം കൊണ്ടു് എന്തെല്ലാം സാധനങ്ങളാണു് നിങ്ങഠംക്കു വാ ങ്ങേണ്ടതെന്നാണു് മുകുന്ദൻെറ ആലോചന. ഒരു കാര്യം മാത്രം സ്വന്തമായി ആയാഠം ആഗ്രഹിക്കുന്നുണ്ടു്. ഭാ വി സുരക്ഷിതമാക്കുന്നതിനു് ആരെങ്കിലുമായി പങ്കുചേ ന്നു് ഒരു കമ്പനി രൂപീകരിക്കുക എന്നൊരാഗ്രഹം. അതു സ്വതന്ത്രമായി വേണംതാനും. കുറച്ചു പണം താൻ കരുതിയിട്ടുണ്ടു് എന്നു പറഞ്ഞു.'' ഫണി തെ ല്ലിട തൻെറ സംസാരം നിൎത്തി. കൗതുകംകൊണ്ടു കത്തു ന്നത്രയും ശക്തിയോടെ അവഠം പറഞ്ഞു: "പണം ഇ പ്പോഴും അവിടെയുണ്ടോ എന്നു് ഈയിടെ അന്വേഷി ച്ചതായി അയാഠം പറഞ്ഞില്ല.''

ജയ ഞെട്ടുന്നതു് ഫണി കാണാതിരുന്നില്ല. അവ ളുടെ മുഖത്തു് ഒരു പരിഭ്രമവും. ഗ്ലാസ്സ മേശപ്പുറത്തു വെയ്ക്കുന്ന ഭാവത്തിൽ അവഠം പെട്ടെന്നു തിരിയുന്നതും ഫണി കണ്ടു. ഫണിയ്ക്കു് അത്രമാത്രം മതിയായിരുന്നു.

അവളുടെ സംശയം സ്ഥിരീകരിക്കപ്പെട്ടു. ആ ഇട പാടു നടത്തുന്നതിനുള്ള ധനാഗമമാൎഗ്ഗം ഫണിയ്ക്കു മനസ്സിലായി.

ജയ മേശപ്പുറത്തു ഗ്ലാസ്സു വെച്ച ഭാഗത്തേയ്ക്കു നോക്കിക്കൊണ്ടു് വളരെനേരം അനങ്ങാതിരുന്നു. കരാംഗുലികൾ തണുപ്പു ബാധിച്ചതുപോലെ ഇടയ്ക്കിടെ തിരുമ്മുന്നുണ്ടായിരുന്നു. "അപ്പോൾ പീററർ നിങ്ങളോടാ വിവരം പറഞ്ഞു അല്ലേ?" അവൾ പറഞ്ഞു: "അയാൾ ഇത്രയും വലിയ ഒരബദ്ധം കാണിച്ചതു് വിശ്വാസയോഗ്യമായി തോന്നുന്നില്ല. ഒരുപക്ഷേ, വിവാഹം തടവാൻ വേണ്ടിയായിരിക്കാം." അവൾ വീണ്ടും വിഗതധൈൎയ്യം കൈക്കൊണ്ടു. അവൾ ഹൃദയപൂൎവ്വവും വിശ്വാസാൎപ്പണം ചെയ്തുകൊണ്ടും ഫണിയോടു പറഞ്ഞു: "എന്നെ സംബന്ധിച്ചിടത്തോളം വിവാഹം മുടക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. എനിക്കു നിങ്ങളോടും വില്ലിയോടും വളരെ സ്നേഹമുണ്ടു്. നമ്മുടെ ഉദ്ദേശം ദുരന്തപൎയ്യവസായിയായി തീരുന്നപക്ഷം നിങ്ങൾ ഞങ്ങളുടെ പക്ഷത്തു ചേരുമെന്നു് ഞാൻ പീററിനോടു പറഞ്ഞു. ഞാൻ നിങ്ങളുടെ ബുദ്ധിസാമൎത്ഥ്യത്തെ ആശ്രയിക്കാമെന്നു കരുതി."

ഫണിയ്ക്കു ശ്വാസവേഗത അനുഭവപ്പെട്ടു. എല്ലാം സമ്മതിച്ചുകഴിഞ്ഞു. അവിടെ അന്നുച്ചയ്ക്കുശേഷം ചെന്നപ്പോൾ അവൾ ഇത്രയും അറിയാമെന്നു കരുതിയിരുന്നില്ല. ജയയുടെ നേത്രങ്ങളിലേയ്ക്കുതന്നെ അവൾ നോക്കിക്കൊണ്ടിരുന്നു. തന്റെ സഹോദരനെ അവളു

ടെ ഇംഗിതാനുവർത്തിയാക്കിയതു് എങ്ങനെയാണെന്നു് ഇപ്പോഠം ഫണിയ്ക്കു മനസ്സിലായി. അവളുടെ ജിഹ്വാ വിശേഷം അതിശയനീയംതന്നെ!

“ഇപ്പോഴും ഞാൻ ഫണിയുടെ ബുദ്ധിവൈഭവത്തെ ആശ്രയിക്കുന്നു.” ജയ പറഞ്ഞു: “നീ ഞങ്ങളുടെ പക്ഷത്തല്ലായിരിക്കാം. നിങ്ങളുടെ കുടുംബം മുഴുവനും ഇതിൽ ആമഗ്നയായിരിക്കയാണു്. അതുകൊണ്ടു് നീ എന്തുമാത്രം ശ്രമിച്ചാലും അതു വിഫലമാകുകയേയുള്ളു. നിൻെറ ഉദ്ദേശം എന്താണെന്നു് ഞാൻ മനസ്സിലാക്കുന്നു. ബീനായെ നിൻെറ ഭവനത്തിലേയ്ക്കു ക്ഷണിച്ചു വരുത്തിയതുതന്നെ പീററിനെ സ്വാധീനപ്പെടുത്തുന്നതിനല്ലേ? അയാളെ പെട്ടെന്നു് ഇംഗിതാനുവർത്തിയാക്കാവുന്നതുകൊണ്ടു് ആ മാർഗ്ഗം സ്വീകരിക്കാമെന്നാണു് നിൻെറ വിചാരം.”

“അങ്ങനെ നിഷ്പ്രയാസം പെട്ടന്നെ സ്വാധീനപ്പെടുത്തുവാൻ നിനക്കു കഴിഞ്ഞോ?”

“അയാളുടെ ഇപ്പോഴത്തെ മാനസികനിലയ്ക്കു് എന്തുവേണമെങ്കിലും ചെയ്യിക്കാം. എല്ലാക്കാര്യങ്ങളും വേണ്ടപോലെ മുൻപിൽ ബദ്ധമായി നിരത്തിവെയ്ക്കുകയേ വേണ്ടൂ. അതിൻെറ പ്രതിഫലനം ഉടനെയുണ്ടാകും. പക്ഷെ, രണ്ടു വഴിക്കും പ്രവൃത്തിപ്പിയ്ക്കാവുന്നതാണു്. അയാളല്ല ഇതിൻെറ നട്ടനായകത്വം വഹിക്കുന്നതു് എന്നോർത്തുകൊള്ളണം. എന്നോടും നേരിടേണ്ടി വരും.”

അവരം തൻെറ തലമുടി തലോടിക്കൊണ്ടു് സന്തോഷത്തോടെയാണു് ഇതു പറഞ്ഞതു്.

"എൻെറ അധീനത്തിൽ ഒന്നിലധികം മാർഗ്ഗങ്ങരം—ഉപകരണങ്ങരം ഉണ്ടെന്നു് ഓർമ്മയിരിക്കട്ടെ. ഞാൻ എങ്ങനെയാണു വിവരിക്കുക! എൻെറ സ്ത്രീത്വത്തിൻെറ വശീകരണവിദ്യ ഞാൻ അയാളിൽ പ്രയോഗിച്ചു എന്നു നീ കരുതേണ്ട. അതു ഞാൻ മറെറാരു വശ്യത്തിലേയ്ക്കായി കരുതിവെച്ചിരിക്കുകയാണു്.''

അവളുടെ നീണ്ട ത്രികോണാകൃതിയിലുള്ള നയനങ്ങളിൽ മന്ദസ്മിതം കളിയാടി. ''പഴയ അനുരാഗം ആനന്ദസന്ദായകമായി തോന്നിയേക്കാം. അതും ഒരു മനുഷ്യൻ നിരാശനായിത്തീരുന്ന സന്ദർഭത്തിൽ! ഞാൻ പീററിൻെറ മാനസികദുർബ്ബലതയെ ചൂഷണം ചെയ്തതുപോലെ മററുള്ളവരിലും പ്രവർത്തിക്കുവാൻ എനിക്കു കഴിയും."

ഫണിയുടെ കോപം നിയന്ത്രണാതീതമായിരുന്നു. അവളുടെ ഹൃദയസ്പന്ദനം വർദ്ധിച്ചു. "പണം നീ എല്ലാവിധം വിനിയോഗിച്ചു എന്നറിയുന്ന മാത്രയിൽ നിന്റെ ഭർത്താവിൻെറ പ്രതികരണം എന്തായിരിക്കുമെന്നാണു് നീ കരുതുന്നതു്?"

ജയ ചഞ്ചലചിത്തയായില്ല. അവരം കൂസൽകൂടാതെ പറഞ്ഞു. "വേറൊരു കാര്യമുണ്ടു്. എനിക്കു നിൻെറ അമ്മയോടു വളരെ താല്പര്യമാണു്. മക്കളെ അത്യധികം സ്നേഹിക്കുന്ന ഒരു തള്ള. എപ്പോഴും ഉന്മേഷവതി. ആരോഗ്യമില്ലാത്ത ഒരു സ്ത്രീ. നിൻെറ പിതാ

വിൻെറ നിര്യാണം അവക്ക് ഒരു ആഘാതമായിരുന്നിരിക്കണം. നിൻെറ സഹോദരൻെറ പ്രവൃത്തി അറിയുമ്പോഴുള്ള രണ്ടാമത്തെ ഷോക്ക് എന്തുതന്നെ അവരിൽ അടിച്ചേല്പിക്കുമെന്ന് നീ കരുതുന്നു?"

ജയ ഹണിയുടെ നേക്കു ചാഞ്ഞു. അടുപക്ഷാഭാവത്തിലായിരുന്നു അപ്പോഴം അവരം. "അവരെ വിവരം ധരിപ്പിക്കവാൻ നീ എന്നെ പ്രേരിതയാക്കരുതു്. ഞാനൊരു ഹൃദയശൂന്യയല്ലെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലൊ. ഞാൻ നിന്നെ പല പ്രകാരത്തിലും ഇഷ്ടപ്പെട്ടു. നിന്നെ ദ്രോഹിക്കണമെന്ന് എനിക്കു വിചാരമില്ല. നിൻെറ ജീവിതവുമായി ഇതു ബന്ധിക്കയില്ല. ഒരുപ്രകാരത്തിലും നിന്നെ ഉപദ്രവിക്കയുമില്ല. വിവാഹംതന്നെ നിത്തിവയ്ക്കേണ്ട ആവശ്യമില്ലായിരുന്നു. ബീനായെ നിങ്ങളുടെ ഗൃഹത്തിൽ കൊണ്ടുവന്നതു തെററായിപ്പോയി. നിൻെറ അമ്മയ്ക്കു് അവളെ ഇപ്പോഴം മനസ്സിലായി. ആ പെൺകുട്ടിയെ അവർ ഇഷ്ടപ്പെട്ടുണ്ടാകും. കാര്യം മനസ്സിലാകുന്നതു് അവക്കു വളരെ വിപത്തിനു കാരണമാകും."

## 15

ഹണി എണീററു. അവരംക്കു ജയ നൽകിയ പാനീയം അവരം കുടിച്ചിരുന്നില്ല. ജയയുടെ കരം പെട്ടെന്ന് അവളെ തടഞ്ഞു. ഒരു ശാന്തതയും അപ്രകാരം

DISTRIBUTING LIBRARY
No. ...............
KOTTAYAM

തന്നെ ശൂന്യതയും ജയയുടെ സുന്ദരവദനത്തിൽ പ്രതിബിംബിച്ചു.

“എന്റെ മുഖത്തു നോക്കു.” അതൊരാജ്ഞയായിരുന്നു. “ഞാൻ ഒരു ചെറിയ കുട്ടിയായിരുന്നപ്പോൾ ധരിക്കുന്നതിനു നല്ല വസ്ത്രങ്ങൾ ഉണ്ടായിരുന്നില്ല. ഒരു പലഹാരക്കടയുടെ സമീപമായിരുന്നു എന്റെ ഭവനം. എപ്പോഴും ജാലകങ്ങളിൽക്കൂടി എത്തിനോക്കിക്കൊണ്ടു് ഞാൻ കൊതിയൂറുമായിരുന്നു. അന്നു തീർച്ചപ്പെടുത്തി അതെല്ലാം ഞാൻ വാങ്ങിക്കുമെന്നു്.” അവളുടെ ലോചനങ്ങളിൽ ദൃഢത കളിയാടി. ‘‘ആരും എന്നെ തടയാൻപോകുന്നില്ല. നീയോ, എന്റെ ഭർത്താവോ ആരു തന്നെ ശ്രമിച്ചാലും സാദ്ധ്യമല്ല.”

ജയ ഫണിയുടെ കരത്തിൽനിന്നും കൈ പിൻവലിച്ചു. അവൾ ഞെളിഞ്ഞിരുന്നു. “അപ്പോൾ കാര്യങ്ങളുടെ കിടപ്പു് ഇതാണു്.” അവൾ നിസ്സാരഭാവത്തിൽ പറഞ്ഞു. “നമുക്കിപ്പോൾ പരസ്പരം മനസ്സിലാക്കാം. നാം രണ്ടുപേരും പ്രവർത്തിക്കയില്ല. ഇരുവർക്കും ഉപയുക്തമായ ആയുധങ്ങൾ കൈവശമുണ്ടു്. പക്ഷെ, നമ്മൾ അവ ഉപയോഗിക്കവില്ല.’’ ഫണിയെ വാതുക്കലേയ്ക്കവൾ നയിച്ചു. “നാം തമ്മിൽ സംസാരിക്കുവാൻ സാധിച്ചതു് ഏതായാലും നന്നായി. ഉററ സുഹൃത്തുക്കളെപ്പോലെ നമുക്കു പെരുമാറാം. തമ്മിൽ കണ്ടുമുട്ടുമ്പോൾ മന്ദസ്മിതം പൊഴിക്കയും ചെയ്യാം.”

ഫണി തന്റെ സുഹൃത്തിന്റെ ഭവനത്തിൽ താൻ ചെയ്യേണ്ട പ്രവൃത്തികൾ യാന്ത്രികമായി ചെയ്തുതീർത്തു.

ജയയുമായുള്ള സംഭാഷണം അവളുടെ ഹൃദയത്തിൽ ചലനമുണ്ടാക്കിക്കൊണ്ടിരുന്നു. ആരംഭത്തിൽ അവൾക്കായിരുന്നു വിജയം. ജയയെക്കൊണ്ടു് എല്ലാം തുറന്നു പറയിക്കുവാൻ അവൾക്കു കഴിഞ്ഞു. പക്ഷെ, അവസാനം അവൾതന്നെ പരാജയമടഞ്ഞതായി ഹെന്നിക്കു തോന്നി. അവൾ ശക്തയായ ഒരു എതിരാളിയോടാണു് പോരാടിയതു്. ആ പോരാളിയാകട്ടെ തന്റെ കുശാഗ്രബുദ്ധിയുപയോഗിച്ചു് അവളെ അപജയപ്പെടുത്തുവാനും ഭയപ്പെടുത്തുവാനും പരമാവധി ശ്രമിച്ചിട്ടുണ്ടു്. ജയ തന്നെ വിശ്വസിക്കുന്നു. സുരക്ഷിതമാണെന്നു കരുതി സത്യം തുറന്നു പറയുവാൻ അവൾക്കു് ലേശംപോലും ഭയമില്ലായിരുന്നു. ഹെന്നി തന്റെ മാതാവിന്റെ ആരോഗ്യരക്ഷയെ സർവ്വോപരി കരുതുന്നുണ്ടെന്നു് ജയ മനസ്സിലാക്കിയിരുന്നു. ആ ആയുധം പ്രയോഗിച്ചു മുകുന്ദനെ വിവരം ധരിപ്പിക്കുന്നതിൽനിന്നും അവളെ പിന്തിരിപ്പിക്കാമെന്നു് അവൾ നിശ്ചയിച്ചു. ഈ കാര്യം അവൾ അനുസ്മരിപ്പിച്ചപ്പോഴാണു് താൻ തന്റെ മാതാവിനെ എന്തുമാത്രം വിലമതിക്കുന്നു എന്നുള്ള വിവരം ഹെന്നി ഗ്രഹിച്ചതു്. അതെ, എന്തുതന്നെ സംഭവിച്ചാലും അമ്മ ഒരിക്കലും ഒന്നും അറിയരുതു് എന്നു് അവളാഗ്രഹിച്ചു. അവൾക്കു് നിസ്സഹായത തോന്നി. അമ്മയെ രക്ഷിക്കണം; അതേ സമയം തന്റെ പ്രവർത്തനവും പുരോഗമിക്കണം. ഒരു കൈകൊണ്ടു കുഴിക്കണം: മറേറ കരംകൊണ്ടു് അതു മൂടുകയും വേണം.

"നീ എന്തുമാത്രം ശ്രമിച്ചാലും അതു വിഫലമാകയേ ഉള്ളു" ജയയുടെ വാക്കുകൾ അവളുടെ കാതുകളിൽ മുഴങ്ങി. താൻ ബീനായെ ഭവനത്തിൽ കൂട്ടിക്കൊണ്ടുവന്നതു് തെററായിപ്പോയോ? അവൾ ആ ചിന്ത മാററിവെച്ചു. ജയ പറഞ്ഞതിൽ എന്തുമാത്രം കാപട്യവും, പൊള്ളത്തരവും ഉണ്ടാകാം. അവളുടെ ബാല്യകാലത്തെപ്പററി സത്യമാണവൾ പറഞ്ഞിട്ടുള്ളതു്.

ഫണിയുടെ മാർഗ്ഗം തടഞ്ഞു കുടുക്കിൽപെടുത്തിയതുപോലെയാണു് അവൾക്കു തോന്നിയതു്. ഒന്നുമാത്രം അവൾ നേടിയിരിക്കുന്നു. അതെ, യുദ്ധം നേരിട്ടു തുടങ്ങിയിരിക്കുന്നു. കാലം പൊയ്ക്കൊണ്ടിരിക്കുന്നു. കാലക്രമത്തിൽ ജയ വിജയശ്രീലാളിതയാകുമോ?

ഫണി സ്വഗൃഹത്തിലെത്തി. അവിടെ മറെറാരുതരത്തിലുള്ള അഗ്നിപരീക്ഷണം അവളെ കാത്തിരിക്കുന്നു! ചേട്ടൻ വന്നുകഴിഞ്ഞു. എപ്പോഴാണു് വന്നതെന്നറിഞ്ഞുകൂടാ. അമ്മയും ബീനായുമായി സംസാരിക്കുകയാണു്, ഒരു അഭിനയംപോലെ. അയാളുടെ നീലനയനങ്ങൾ ഫണിയുടേതുമായി കൂട്ടിമുട്ടി. വിവരിക്കുവാൻ പിടിയില്ലാത്ത എന്തോ ഒന്നു് അതിൽ അടങ്ങിയിരുന്നില്ലേ?

കുട്ടികൾക്കുള്ള പുസ്തകങ്ങളും വഹിച്ചുകൊണ്ടു് ഫണി മുകളിലേയ്ക്കുള്ള ഗോവണിപ്പടികൾ കയറുവാൻ തുടങ്ങി. "എനിക്കു വളരെ ക്ഷീണം തോന്നുന്നു. യാത്ര ചെയ്തു വിഷമിച്ചു. ഞാൻ മുകളിലേയ്ക്കു ചെല്ലട്ടെ."

പീററർ അമ്മയോടും ബീനായോടും ക്ഷമാപണരൂപ ത്തിൽ പറഞ്ഞു.

മുറിയിൽ കയറി പുസ്തകങ്ങൾ കിടക്കയിൽ വെച്ചതേയുള്ളു. പീററും അവളുടെ മുറിയിൽ കടന്നു. അയാൾ വാതിൽ അടച്ചുകൊണ്ടു് അവളുടെ തല്പത്തിനു സമീപമെത്തി അവളുടെ അടുത്തു നിലകൊണ്ടു. അയാളുടെ വദനം അമർത്തിയ രോഷത്താൽ വിളറിയിരുന്നു.

"ബീനായെ ഉടനെ പുറത്താക്കണം. ഈ ഗൃഹത്തിൽനിന്നും ബഹിഷ്കരിക്കണം. നിനക്കു മനസ്സിലായോ?" പല്ലു കടിച്ചുകൊണ്ടു് അയാൾ പറഞ്ഞു.

"എന്തിനു്?" അവൾ അവൻെറനേരെ തിരിഞ്ഞുനിന്നു. ജയയോടു് അവൾക്കു തോന്നിയ അമർഷം പുറത്തുചാടി. "എന്തിനു്? ചേട്ടനു് എല്ലാം നേരെയാകുവാൻ വേണ്ടിയാണോ? ചേട്ടൻെറ പാത തെളിക്കുവാനല്ലെ? അവൾ ഒരു വിലങ്ങുതടിയാണു് അല്ലെ? ചേട്ടൻ വഞ്ചിച്ച ആ പെൺകുട്ടിയെ നോക്കുവാൻ ധൈര്യമില്ല. ഹൃദയത്തിൽനിന്നും അവളുടെ സജീവാവസ്ഥ തുടച്ചുമാററണംപോലും, ചോക്കുകൊണ്ടുള്ള വര വെട്ടിക്കളയുന്നതുപോലെ." അവളുടെ ശബ്ദം ഇടറി. കോപം ഉജ്ജ്വലിച്ചു. "പക്ഷെ, അവളെ എനിക്കു വേണം. ഞാൻ സ്നേഹിക്കുന്ന ഒരു ഉത്തമസുഹൃത്താണവൾ. കാപട്യവും വിശ്വാസവഞ്ചനയും എന്തെന്നറിയാത്ത ഒരു നിഷ്കളങ്ക. ഞാൻ അവളെ സ്നേഹിക്കുന്നു. ചേട്ടൻ വഞ്ചിച്ചിട്ടുത്ത എല്ലാററിനും ഞാൻ അവൾക്കു കടപ്പെട്ടിരിക്കുകയാണു്. എനിക്കു സാധിക്കുന്ന വിധത്തിലെ

ല്ലാം ഞാൻ അവളെ സഹായിക്കും. അതാണു ചേട്ടൻ അമ്മയ്ക്കും എനിക്കും നൽകിയിരിക്കുന്നതു്. ഞങ്ങളുടെ ജീവിതം മുഴുവനും നിലനില്ക്കുന്ന ഒരു കടപ്പാടു്!"

അയാൾ അങ്ങനെതന്നെ നിന്നുപോയി. മുഖം വിളറി; വാക്കുകൾ തൊണ്ടയിൽ തങ്ങിനിന്നു.

"നീ അമ്മയെ വിവരം ധരിപ്പിച്ചോ?''

"ഇല്ല, എന്താ പറയണമെന്നുണ്ടോ? ഓ, അതാണു ഞാൻ ഏററവും അധികം ഭയപ്പെടുന്നതു്. പക്ഷേ, പറയാതെ കഴിയുവാൻ സാധിക്കുമെന്നു തോന്നുന്നോ? ദിവസങ്ങളും മാസങ്ങളും കഴിയുന്തോറും അമ്മയ്ക്കു പ്രായം കൂടും. ശക്തി ക്ഷയിക്കും. ഒടുവിൽ അതറിയുവാൻ ഇടവരികയാണെങ്കിൽ സഹിക്കുവാനുള്ള ശക്തി ഉണ്ടാകയുമില്ല. ആ ചിന്ത ചേട്ടൻെറ ഹൃദയവേദിയിൽനിന്നു നീക്കംചെയ്യുവാൻ കഴിയുമോ?" അവളുടെ കോപകാലുഷ്യം പൊട്ടിച്ചിതറി. "ചേട്ടാ, ചേട്ടനെ ഞാൻ വിശ്വസിച്ചിരുന്നു. എൻെറ ചേട്ടൻ! അതെ, ചേട്ടൻ എനിക്കു് ഒരു അത്ഭുതസ്വരൂപമായിരുന്നു. ഒരുമിച്ചു നാം സ്കൂളിൽ പോയി. എൻെറ തലമുടി പിടിച്ചുവലിച്ച ഒരു ആൺകുട്ടിയോടു ചേട്ടൻ മല്ലിട്ടു. പക്ഷേ, ചേട്ടൻ ഇപ്പോൾ ആരായിത്തീന്നു? 'ഇനിമുതൽ ചേട്ടനെ ഞാൻ അറികയില്ല. ചേട്ടൻ ആരാണെന്നും എനിക്കറിഞ്ഞുകൂടാ.''

അയാൾ അവളുടെ ഭുജങ്ങളിൽ പിടിച്ചു. അവളുടെ മാംസപേശികൾ വേദനിച്ചു. "ഞാൻ നിനക്കു താ

ക്കീട്ടു തരുന്നു. ഒന്നുകിൽ ബീനായെ പുറത്താക്കണം, അല്ലെങ്കിൽ ഞാൻ താമസം മാററം.''

''ഓ, തുടന്നു പറയൂ!" അവളുടെ ശബ്ദം വിറയാന്നിരുന്നു. "ഒരു കള്ളനു് ഒളിച്ചോടാതെ എന്താണു നിവൃത്തി? ചതിക്കുവാനും കളവു ചെയ്യുവാനും അല്ലാതെ ചേട്ടനെ എന്തിനു കൊള്ളാം? എന്നിട്ടു് ഒരു ഭീരുവിനെപ്പോലെ ഒളിച്ചോടുക!'' അവൾ പെട്ടെന്നു കിടക്കയിൽ ഇരുന്നു; ആദ്യമായാണു് അവൾ പൊട്ടിക്കരയുക. ശിരസ്സു കരതലങ്ങളിൽ താങ്ങി; വാക്കുകൾ പതറി. "ഓ, ചേട്ടാ, എനിക്കു കഴിയുന്നില്ല. എനിക്കു വിശ്വസിക്കുവാൻ സാധിക്കുന്നില്ല. എൻെറ സഹോദരൻ ആയിരിക്കയില്ല, ഒരിക്കലുമില്ല. അഴിക്കൂ ചേട്ടാ, എല്ലാം നിർത്തു. ഞങ്ങളുടെ ജീവിതം തിരിച്ചുതരിക. ഭയങ്കരം! ഞാൻ....ഞാൻ...ഇപ്പോഴും ആശിക്കുന്നു... എല്ലാം നശിച്ചിട്ടും."

സാലഭഞ്ജികപോലെ പീററർ നിന്നു. അയാളുടെ മാംസപേശികൾ തെല്ലും ചലിച്ചില്ല. പക്ഷെ, ഒരു നിമിഷനേരത്തേയ്ക്കു് അയാളുടെ ഹൃദയം പ്രക്ഷുബ്ധമായി.

മുഖം വികാരരഹിതമായി മാറി. ശബ്ദം ഉറച്ചതായിരുന്നു അയാൾ സംസാരിച്ചപ്പോൾ.

''സ്നേഹവികാരത്തിൻെറ ഒരു കണിക.'' അയാൾ പറഞ്ഞു. "കാര്യം നിസ്സാരം, ശരിയായിട്ടുള്ളതു്. ആക്രമം ഉപദ്രവകരവുമല്ല."

അയാൾ തിരിഞ്ഞു മുറി വിട്ടിറങ്ങി.

# 16

പക്ഷെ, പീററർ താമസം മാററിയില്ല. മുതലവികാരമോ വികാരരാഹിത്യമോ എന്തുകൊണ്ടാണെന്ന് ഹണിയ്ക്കു മനസ്സിലായില്ല. ഒരുകിൽ ധൈര്യപ്രദർശനമായിരിക്കാം. ഏതായാലും അയാൾ ആഹാരസമയത്തെല്ലാം അതിൽ പങ്കുകൊണ്ടു പിന്നീട് എല്ലാവരുമായി സംസാരിക്കും. സ്നേഹവും മര്യാദയും അയാൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു.

പരിതസ്ഥിതിക്കനുസരിച്ച് പെരുമാറാമെന്നായിരിക്കാം അയാളുടെ വിചാരം. ജയയുടെ കാപട്യം നിറഞ്ഞ വിശദീകരണങ്ങൾ താൻ തെററല്ല ചെയ്യുന്നതെന്ന ധാരണ അയാളിൽ ഉളവാക്കിയിട്ടുണ്ട്.

അകത്തു കടക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഇരുമ്പുമറകൊണ്ട് അയാൾ ആവൃതനായിരുന്നു. വളരെ സൂക്ഷ്മനിരീക്ഷണം ചെയ്താൽ മാത്രമേ അതു മനസ്സിലാകയുള്ളു.

ഹണി സശ്രദ്ധം അയാളെ സൂക്ഷിച്ചുവന്നു. ബീനായുടെ നേരെയുള്ള അയാളുടെ പെരുമാററത്തിൽ ഒരല്പം വ്യതിയാനം വന്നതായി അവൾക്കു തോന്നി. അയാൾ അവളെ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കുന്നതായും കാണാതിരുന്നില്ല. ചിലപ്പോൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ബീനാ അവളുടെ വലിയമ്മയുടെ നേരമ്പോക്കുകളും, ആസ്പത്രിയിലെ കുട്ടികളുടെ കസ്സ

തിത്തരങ്ങളും മററം പറയുക പതിവാണു്. അവളുടെ ആ ഇരിപ്പിൽ പീററർ ആകൃഷ്ടനായിരിക്കുന്നതുപോലെ ഹണിയ്ക്കു തോന്നാറുണ്ടു്. അയാറം അവളുടെ വദനത്തിൽ പ്രത്യക്ഷപ്പെടുന്ന ഭാവരസങ്ങറം സൂക്ഷിക്കുകയാവാം. അപരാധി ചിലപ്പോറം തൻെറ ശത്രുവിനാൽ ആകർഷിക്കപ്പെട്ടേക്കാം. ഹണിയ്ക്കു് അവളുടെ സഹോദരനെ നല്ലതുപോലെ അറിയാം. അയാറം ദുർബ്ബുദ്ധിയും എന്തും ഗോപ്യമായി സൂക്ഷിക്കുന്നവനുമാണു്. അയാളുടെ ബാഹ്യരൂപംകൊണ്ടു് ഒന്നും മനസ്സിലാക്കുവാൻ സാധിക്കയില്ല. അപകടമതിയാണു് അയാറം. സ്ത്രീകറം കായികമായും മാനസികമായും പുരുഷന്മാരേക്കാറം എളുപ്പത്തിൽ വളരുന്നു. അവളുടെ അനുഭവത്തിൽനിന്നുതന്നെ അവറം പഠിച്ചിട്ടുള്ള പാഠമാണു്. പീറററിനേക്കാറം അവറംക്കു പ്രായക്കുറവായിരുന്നെങ്കിലും പ്രായപൂർത്തിയായതോടെ തൻെറ സഹോദരൻ തന്നേക്കാറം മനഃശക്തി കുറഞ്ഞവനാണെന്നു് ഹണി മനസ്സിലാക്കി. പാകതയും മനോദാർഢ്യവും തനിക്കാണു കൂടുതലെന്നു് അവറം അറിഞ്ഞിരുന്നു.

പീറററിനെ ഏതുവിധവും നേർവഴിക്കു തിരിക്കണം. ബീനായുടെ നിത്യസഹവാസവും അതിനു വഴി തെളിക്കാതിരിക്കയില്ല. ആരും അവളെ ഇഷ്ടപ്പെടും. അത്രയ്ക്കു ശാലീനതയും മാധുര്യവും അവറംക്കുണ്ടു്. ആരെയും സഹായിക്കുവാൻ അവറം സദാ തയ്യാറാണു്. അവറം ഒരിക്കലും അലംഭാവം പ്രദർശിപ്പിച്ചിരുന്നില്ല. എന്നാലും എല്ലാക്കാര്യത്തിനും അവറംക്കു് സമയം ലഭി

ച്ചിരുന്നു. മരിയ എന്തെങ്കിലും ചെടികൾ മുറിച്ചു ന ട്ടുകയാണെങ്കിൽ ബീനായും അവരെ സഹായിച്ചുകൊ ണ്ടു് തോട്ടത്തിലുണ്ടാകും. എന്തുചെയ്യുന്നതിലും ബീ നാ അവരെ സഹായിച്ചുവന്നു. എന്തെങ്കിലും ഭക്ഷണ പദാൎത്ഥം ആരെങ്കിലും ഇഷ്ടപ്പെടാതെ വന്നാൽ ബീനാ അതിനു് ഒരു പുതിയ രൂപം കൊടുക്കുവാൻ നിർദ്ദേ ശിക്കും. അടുത്ത പ്രാവശ്യം ഭക്ഷണസമയത്തു് അതു തന്നെ വേറൊരു തരത്തിൽ പാകപ്പെടുത്തി വിളമ്പുക യും ചെയ്യും. ഫണി ഏതെങ്കിലും വിധത്തിൽ സങ്കട പ്പെടുന്നതു കണ്ടാൽ ബീനാ അവളുടെ അടുത്തു കൂടും. താൻ കുഗ്രാമത്തിൽ കാണാത്ത പല കാഴ്ചകളും കാണു ന്നതിനു തന്നെ ടൗണിൽ കൊണ്ടുപോകുവാൻ ബീനാ നിർബ്ബന്ധിച്ചുതുടങ്ങും.

ബീനായ്ക്കു ചീട്ടുകളിക്കുവാനും അറിയാം. ചില ദിവസങ്ങളിൽ വൈകുന്നേരം മൂന്നുപേൎക്കും ജോലിയൊ ന്നുമുണ്ടാകയില്ല അപ്പോൾ അവർ കാർഡുകളിക്കും. അവൎക്കറിഞ്ഞുകൂടാത്ത ചില കളികൾ ബീനാ കാണി ച്ചുകൊടുക്കും. അങ്ങനെ അവരെ ചിരിപ്പിക്കുന്നതിനും ആനന്ദിപ്പിക്കുന്നതിനും ബീനായ്ക്കു കഴിഞ്ഞിരുന്നു.

പീററർ ബീനായെ കാറോടിക്കുവാൻ പഠിപ്പിച്ചു. അതൊരത്ഭുതം തന്നെയായിരുന്നു. അതിൽ യാതൊ രസാധാരണത്വവും ഇല്ലായിരുന്നെങ്കിലും അവളുടെ ക ഴിവിനെ വൎദ്ധിപ്പിക്കുക എന്ന നിലയിൽ കണക്കാക്കാ മായിരുന്നു. ഫണിയെ അതും വിസ്മയാധീനയാക്കി. അയാൾതന്നെയാണു് അതിനു തുനിഞ്ഞതു്. പട്ടണ

ത്തിൽ ചുററിസഞ്ചരിക്കുന്നതിന് അതവൾക്ക് കൂടുതൽ സഹായകമാകുമെന്ന് അയാൾ പറഞ്ഞു. ബീനായെ രഹസ്യമായി സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിനായിരിക്കും അയാൾ ആ മാർഗ്ഗം സ്വീകരിച്ചതെന്ന് ഫണി കരുതി. എന്തുതന്നെയായാലും അയാൾ വളരെയധികം സമയം അവളുടെകൂടെ ഏകാന്തമായി കഴിച്ചുകൂട്ടുകയാണ് ചെയ്തിട്ടുള്ളതു്. ഈ സന്ദർഭങ്ങളിൽ എന്തൊക്കെയാണു സംഭവിച്ചിരിക്കുക എന്നുള്ളതു് ഫണിയെ സംബന്ധിച്ചിടത്തോളം അജ്ഞാതമായിരുന്നു. പക്ഷെ, ബീനായുടെ കുവലയനയനങ്ങളിലെ പ്രകാശം അനുനിമിഷം വർദ്ധിച്ചുവരുന്നതായി ആശങ്കയോടും വേദനയോടുംകൂടി ഫണി വീക്ഷിക്കാതിരുന്നില്ല.

ഒരിക്കൽ പീററിൻെറ വദനത്തിൽ ഏത്ര കരുതിയിരുന്നിട്ടും നിഗ്രഹനം ചെയ്യുവാൻ കഴിയാതിരുന്ന ഒരു വികാരം ഫണി കണ്ടു. ഒരുദിവസം രാവിലെ അവർ നാലുപേരും പ്രഭാതഭക്ഷണത്തിനിരുന്നു. ബീന ഒരു ആപ്പിൾപഴമെടുത്തു മുറിച്ചു. കത്തി യദൃച്ഛയാ തെററി അവളുടെ തള്ളവിരലിൽ മുറിവേല്ക്കുകയുണ്ടായി. അമ്മ ഭയപ്പെട്ടു; എന്നാൽ ബീനാ ചിരിച്ചതേയുള്ളു. മുഖത്തു വ്യസനഛായയോടുകൂടി പീററർ നോക്കിയിരുന്നുപോയി.

മുറിവു നിസ്സാരമായിരുന്നു; എന്നാലും പീററർ വേദനിച്ചതു് എന്തുകൊണ്ടു്? അതിനേക്കാൾ വലിയ ദ്രോഹം അയാൾ അവളോടു ചെയ്തിട്ടില്ലേ? പിന്നെ ഈ സാരമില്ലാത്ത മുറിവിൽ സങ്കടപ്പെടുന്നതെന്തിന്?

പല ദിവസങ്ങളിലും ഇതിനെപ്പററി ചിന്തിച്ച് ഫണി ആശ്ചര്യപ്പെട്ടു. ഒരുദിവസം ഉറക്കംവരാത്ത ഒരു രാത്രി മിന്നൽപോലെ ഫണിയ്ക്കു് അതിന്റെ ഹേതു ബോദ്ധ്യമായി. അതെ, അവളേയും വില്ലിയേയും പററിഓർത്തപ്പോഴാണതു ഗ്രഹിക്കുവാൻ കഴിഞ്ഞതു്. അസഹനീയമായ ഈ വിരഹാവസ്ഥയിൽപോലും വില്ലിയ്ക്കു് എന്തെങ്കിലും പരുഷവാക്കല്ലാനിടയായാൽ തൻെറ ഹൃദയവേദന എന്തുമാത്രമായിരിക്കും! വിദ്വേഷവും വെറുപ്പും തോന്നിയിരുന്നാലും തൻെറ സഹോദരനിൽ അവൾക്കു് സഹതാപം അങ്കുരിച്ചു.

തന്നാൽ വഞ്ചിതയായ ഒരു പെൺകുട്ടിയിൽ അനുരാഗബദ്ധനാകുന്നതിൽപരം നിർഭാഗ്യം മറെറന്തുണ്ടു്?

ഫണിയുടെ ഹൃദയത്തിൽ വേദനയും ആശങ്കയും ഓളംതല്ലി. പ്രവർത്തിക്കുന്നതിനു പററിയ അവസരം ഇതാണു്; ഏതെങ്കിലും വിധത്തിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കണം. നിദ്രാരഹിതങ്ങളായ നീണ്ട രാത്രികളിൽ അവൾ ഇതു് ആലോചിച്ചുറച്ചു. അന്നു ഞായറാഴ്ചയായിരുന്നു രാവിലെ അവൾ ഉടുത്തൊരുങ്ങി ബീനായുടെ മുറിയിലെത്തി.

"ബീനാ, ചേട്ടൻ വരച്ച നിൻെറ ചിത്രമില്ലെ, അതു് പൂർത്തിയാകാത്ത നിൻെറ ചിത്രം. ഞാൻ നിന്റെ വീട്ടിൽ ചെന്നു് അതെടുത്തുകൊണ്ടുവരട്ടെ?"

"ഓ, തീർച്ചയായും." തൻെറ ചുരുണ്ട വാർകുന്തളം ഭംഗിയായി പിന്നിക്കെട്ടുന്നതിൽ വ്യാപൃതയായിരുന്നു, ബീനാ ആശ്ചര്യത്തോടെ പെട്ടെന്നു തിരിഞ്ഞു

കൊണ്ടു പറഞ്ഞു. "എന്റെ ശയനമുറിയിൽ തൂക്കിയി ട്ടുണ്ടുചേച്ചീ! പക്ഷെ, അതെന്തിനാണിപ്പോറം ചേച്ചീ?"

നിലക്കണ്ണാടിയിൽ ബീനായുടെ നയനങ്ങളോടിട പെടാതെ തിരിഞ്ഞുകൊണ്ടു് ഹണി പറഞ്ഞു. "എനി ക്കിപ്പോറം അങ്ങനെ ഒന്നു തോന്നി. അമ്മ അതൊന്നു കാണട്ടെയെന്നു കരുതി. പോരെങ്കിൽ ചേട്ടൻ അതു കാണുമ്പോറം വീണ്ടും ചിത്രരചനയിൽ ഏർപ്പെടട്ടെ എന്നും ഉദ്ദേശമുണ്ടു്."

"ചേച്ചീ! ഇന്നെനിക്കു് ഒരു ബാലികയെ പള്ളി യിൽ കൊണ്ടുപോകണം. അതിനുശേഷമുള്ള സമയം വലിയമ്മയുടെകൂടെ കഴിച്ചുകൂട്ടണമെന്നാണാഗ്രഹം. നാ ളെ തിങ്കളാഴ്ചയല്ലെ? ഞാൻ നാളെ പോയി ആ പടം എടുത്തുകൊണ്ടുവരാം."

"വേണ്ട, വേണ്ട. ഞാൻതന്നെ ഇപ്പോറം പോ കാം. ഒരു ദീർഘയാത്ര എനിക്കു് ആനന്ദപ്രദമാണു്."

# 17

അവറം തനിയെ പുറത്തു കടന്നു. ഉച്ചയ്ക്കു മുൻപു തന്നെ അവറം ബീനായുടെ ഗൃഹം സമീപിച്ചു. വില്ലി യുടെ കമ്പനിയും മററമുള്ള ഭാഗത്തേയ്ക്കു കടക്കാതെ മററു വിജനമായ റോഡുകളിൽക്കൂടിയാണു് അവറം യാ ത്രചെയ്തതു്. ഗേററിനകത്തു കടന്നപ്പോറം മാത്രമേ താ ക്കോൽ താൻ എടുക്കാതിരുന്ന വിവരം ഓർമ്മിച്ചുള്ളു.

അവരം നേരേ സൂക്ഷിപ്പുകാരനായ കഷ്കൻ താമസിക്കു ന്ന ചെറുഗൃഹത്തിലേയ്ക്കു തിരിഞ്ഞു. ഉടുത്തൊരുങ്ങിയ അയാരം പുറത്തുവരുന്നതാണവരം കണ്ടതു്. അയാരം സാദരം അവളെ സമീപിച്ചു. അവരം ബീനായുടെ സ്നേഹിതയാണെന്നു് അയാരംക്കറിയാം.

"ഞാൻ എന്തെങ്കിലും ചെയ്യാനുണ്ടോ കുഞ്ഞേ?" അയാരം തിരക്കി.

"എനിക്കു ഭവനത്തിൽനിന്നും ഒരു സാധനം എടു ക്കണം. നിങ്ങളുടെ കയ്യിൽ താക്കോലുണ്ടോ?"

"താക്കോലോ? ഇല്ല. അങ്ങനെ ഒന്നുണ്ടായിരു ന്നില്ല. വീടു തുറന്നുകിടക്കുകയാണു്. ഞാൻ പോകട്ടെ"

അയാരം ഗേററുകടന്നു് ഇറങ്ങിപ്പോയി.

ഹെണി തൻെറ കാർ ആ കുടിലിനു സമീപം നി ത്തി. അവരം വിസ്തൃതമായ ആ വളപ്പിലെ കാടുകരം കടന്നു ഭവനത്തിലെത്തി. അയാരം പറഞ്ഞതുപോലെ വാതൽ തുറന്നുകിടന്നിരുന്നു. പുറത്തു തെളിഞ്ഞ ചെ ളിയിൽ ഒരു പാദമുദ്ര അവരം കണ്ടു. ജയയുടെ ക്കുാട്ടു കരം! അവരം ആ പുരയിടത്തിൻെറ ഉടമസ്ഥയല്ലെ. അവിടെ വന്നതാകാം. താൻ ആ കഷ്കനോടു ചോദി ക്കേണ്ടതായിരുന്നു. അവരംക്കു് അസ്വസ്ഥത തോന്നി. ഓ, ഞായറാഴ്ച ഉല്ലസിച്ചുനടക്കുന്നതിനു പകരം ജയ ആ വിജനസ്ഥലത്തു വരികയൊ? അതുണ്ടാവില്ല.

ഭവനം ശൂന്യവും നിശ്ശബ്ദവുമായിരുന്നു. ഹെണി മുറികളിൽ അങ്ങുമിങ്ങും നടന്നു. ചിലപ്പോരം നിശ്ച ലയായി നിന്നു് അവിടെയുണ്ടായിരുന്നവരെപ്പററി ചി

ന്തിക്കും. മുറികളിലെ ഉപകരണങ്ങൾ ആധുനികമായിരുന്നില്ല. കസേരകൾ ആ കുടുംബത്തിലെ അടുത്ത തലമുറയെ പ്രതീക്ഷിച്ചു കഴിയുകയായിരിക്കും. മാഗ്ഗററിന്റെ ഒരു മങ്ങിയ ചിത്രം ചുമരിൽ തൂക്കിയിരുന്നു. അവരുടെ വസ്ത്രധാരണം പുരാണകാലത്തെ അനുസ്മരിപ്പിച്ചു. ധൂളിശകലം എങ്ങും കാണ്മാനുണ്ടായിരുന്നില്ല. പൊടിയുള്ള സ്ഥലമല്ലായിരുന്നു അതു്. അന്നു് അവർ ഉച്ചയൂണു കഴിഞ്ഞു് വൃത്തിയാക്കിയിട്ടുള്ളതുപോലെ അടുക്കള കാണപ്പെട്ടു.

ബീനായുടെ കിടക്കയുടെ സമീപം ഒരു പീഠത്തിൽ ഹണി വളരെ സമയം ഇരുന്നു. അവൾ വെള്ളയടിച്ച നടവഴിയിലേയ്ക്കു നോക്കി. വൈക്കോൽപ്പുര നിശ്ചലമായി സ്ഥിതിചെയ്തിരുന്നു. ആ അരയാൽവൃക്ഷത്തെ പകുതി ചററി കാണപ്പെട്ട ഇരിപ്പിടം പഴയപടി തന്നെയുണ്ടു്. അന്നു് എത്ര ആനന്ദത്തോടുകൂടിയാണു് അവരെല്ലാം അവിടെ നിന്നിരുന്നതു്! ഒരു കർഷകനായി ജീവിക്കണമെന്നുള്ള തന്റെ അഭിലാഷം പീററർ പുറപ്പെടുവിച്ചതും അവിടെവച്ചാണു്. അയാൾക്കു ബീനായുമായി അവിടെ സ്ഥിരതാമസമാക്കിക്കൂടെ? അയാൾക്കു് വിലമതിച്ച ചിത്രരചന ശാന്തമായി അവിടെ നടത്താമായിരുന്നു. വയലിൽ കൃഷിചെയ്യുന്നതിനും കഴിയും. രണ്ടു കുടുംബങ്ങളും ഏകോപിച്ചു ഭക്ഷണാദികളിൽ പങ്കുകൊള്ളാം. അവളുടെ മാതാവും ബീനായുടെ വലിയമ്മയും തോട്ടത്തിൽ നടന്നു് അവരുടെ ആഗ്രഹാനുസരണം ചെടി വളർത്തുന്നതിൽ സന്തുഷ്ടരാകുമായിരുന്നു.

അവൾ മുകളിൽ തൂങ്ങുന്ന പൂർത്തിയാകാത്ത ആ ചിത്രം നോക്കി. ചേട്ടന്റെ വികാരം എന്തായിരിക്കും അതു കാണുമ്പോൾ?

ആ ചിത്രത്തിലെ നിർമ്മലനയനങ്ങൾ വർത്തമാനഭൂതകാലത്തെപ്പററി എന്തായിരിക്കും നിർദ്ദേശിക്കുക? ഹെണി ചിത്രം മുകളിൽനിന്നും എടുത്തു. അതിൽതന്നെ ദൃഷ്ടികൾ പതിച്ചുകൊണ്ട് അവൾ ഇരുന്നു. അയാൾക്കു മാത്രം സുഗ്രാഹ്യമായ ഭാഷയിൽ ഈ ഭവനത്തിന്റെ പ്രൌഢസ്വരം ആ നയനങ്ങൾ അയാളെ ഗ്രഹിപ്പിക്കാതിരിക്കയില്ല. അയാളുടെ ഹൃദയം അയാളെ നിശ്ചയമായും പഴിക്കും.

അവൾ എത്രനേരം ആ നിലയിൽ ഇരുന്നു എന്ന് അവൾക്കുതന്നെ നിശ്ചയമില്ല. പെട്ടെന്ന് പുറത്തുകേട്ട ഒരു സംസാരം ചിന്തയിൽനിന്ന് അവളെ ഉണർത്തുകയാണു ചെയ്തതു്. "ആശ്ചര്യമായിരിക്കുന്നു; വാതിൽ തുറന്നുകിടക്കുന്നല്ലോ."

ഹെണി ഞെട്ടി. എവിടെവെച്ചു കേട്ടാലും ആ ഇഴഞ്ഞുവലിഞ്ഞ സ്വരം അവൾക്കു മനസ്സിലാകും. പൂമുഖത്തിന്റെ ചവിട്ടുപടിയിലാണ് ആ ശബ്ദം കേട്ടതു്. അതിനു മറുപടി നൽകിയ ശബ്ദം അവളുടെ സിരാതന്തുക്കളെ മരവിപ്പിച്ചു.

"ഗ്രാമപ്രദേശങ്ങളിൽ കതകുകൾ സാധാരണ തുറന്നിടുക പതിവാണു്. അവർ പള്ളിയിൽ പോയിരിക്കാം." വില്ലിയുടെ മുഴങ്ങുന്ന ശബ്ദം.

പൂമുഖത്തു് കാലടിശബ്ദം കേട്ടു. അവൾ നിന്നി

രുന്ന മുറിയുടെ ഒരു മൂലയിൽനിന്നു നോക്കിയാൽ പൂമുഖത്തിൻെറ ചില ഭാഗങ്ങൾ കാണാം. ജയയുടേയും വില്ലിയുടേയും പെട്ടെന്നുള്ള ഒരു ദൃശ്യം അവൾക്കു ലഭിച്ചു.

"ആരെങ്കിലും ഇവിടെയുണ്ടോ?" ജയ വിളിച്ചു ചോദിച്ചു.

ഹണിയുടെ ഹൃദയം ശക്തിയായി തുടിച്ചു. അവളിരിക്കുന്ന മുറിയിലേയ്ക്കു് ജയയുടെ ദൃഷ്ടികൾ എത്തുകയില്ലെന്നു് അവൾ സമാശ്വസിച്ചു. അല്പം മാറിനിന്നു നോക്കുകയാണെങ്കിൽ കാണുവാനിടയുണ്ടു്. പക്ഷെ, സൂര്യരശ്മിയും അവളെ അവരുടെ കാഴ്ചയിൽനിന്നു മറയ്ക്കുകയാണു ചെയ്യുന്നതു്. അവരുടെ ശ്രദ്ധയും മററു കാര്യങ്ങളിലായിരുന്നു.

ജയ കതകടച്ചു. ഒരു സോഫ ചൂണ്ടിക്കൊണ്ടു് അവൾ പറഞ്ഞു: "ഇതു നോക്കൂ, കൈകൊണ്ടുള്ള കൊത്തുപണി. നമുക്കു് അല്പസമയം ഇവിടെ ഇരിക്കാം. എന്തോ കാരണംകൊണ്ടു് അവൾ താമസിക്കുന്നതാകാം."

ഹണി പതുക്കെ എണീററു. പക്ഷെ, അവൾക്കു് എങ്ങും പോകുവാൻ നിവൃത്തിയില്ല. അവൾ നേരേ ഇറങ്ങിപ്പോകുകയാണെങ്കിൽ അവർ കേൾക്കും; പുറകുവശത്തെ വാതിൽ ഭവനത്തിൻെറ എതിർഭാഗത്താണു്. ആ നിലയിൽ അവൾക്കു് പൂമുഖത്തിൻെറ കുറച്ചു ഭാഗം കാണാം. രണ്ടുപേരും ആ സോഫായിൽ പരസ്പരാഭിമുഖമായി ഇരിക്കയാണു്.

"ബീനാ അവളുടെ വലിയമ്മയെ അയൽവാസികളിൽ ആരുടെയെങ്കിലും ഗൃഹത്തിൽ കൊണ്ടുപോയിരിക്കാം. രഹസ്യമായി സംസാരിക്കുവാൻ അതാണു മാർഗ്ഗമെന്നു് അവൾ കരുതിയിട്ടുണ്ടാകണം. ബീനായെ നിങ്ങൾക്കു നല്ല പരിചയമുണ്ടോ?''

''നല്ല പരിചയമുണ്ടു്."

ഹണിയ്ക്കു് അനങ്ങുവാൻ കഴിഞ്ഞില്ല. തൻെറ കാമുകൻെറ മുഖം കണ്ട മാത്രയിൽ അവൾ തളർവാതം പിടിപെട്ടപോലെയായി. ആ വദനം വളരെ മ്ലാനമായിരുന്നു. അയാളുടെ നയനങ്ങൾ കുഴിഞ്ഞിരുന്നു. വിസ്തൃതമായ ഫാലപ്രദേശത്തു് ചുളിവുകൾ കാണപ്പെട്ടു. പണ്ടത്തെ വില്ലിയെയല്ല അവൾ കണ്ടതു്.

"സമയമെന്തായി?" ജയ ചോദിച്ചു. വില്ലി മിണ്ടിയില്ല.

"വില്ലിയുടെ വാച്ചിൽ എത്ര മണിയായി?'' ജയ ചോദ്യം ആവർത്തിച്ചു.

"പന്ത്രണ്ടു്."

അവളെപ്പോലെതന്നെ ആ കാഴ്ചകൾ വില്ലിയിലും പല മാററങ്ങൾ വരുത്തിയിരുന്നു. അയാൾ എന്തോ അഗാധചിന്തയിലാണ്ടവനെപ്പോലെ തോന്നി. ദൂരത്തു നിന്നു വിളിച്ചുവരുത്തിയതുപോലെയായിരുന്നു അയാൾ വാച്ചിൽ നോക്കിയതു്. ഭുജങ്ങൾ മുൻപോട്ടു വളഞ്ഞിരുന്നു. കരങ്ങൾ ബലഹീനങ്ങളായി മുട്ടിന്മേൽ തളർന്നു കിടന്നിരുന്നു.

"നാം വളരെ നേരത്തേയാണു് എത്തിയിരിക്കുന്ന

ത്ത്." ജയ ഇടയ്ക്കിടെ വില്ലിയെ നോക്കിക്കൊണ്ടിരുന്നു. "കഴിഞ്ഞ പ്രാവശ്യം ഞാൻ ഇവിടെ വന്നപ്പോൾ അവൾ പറഞ്ഞതു് ഉച്ചയ്ക്കു നിങ്ങളെ കൊണ്ടുവരണമെന്നാണു്. അവൾ പതുക്കെ മന്ത്രിച്ചതുകൊണ്ടു് ചിലപ്പോൾ എനിക്കു സമയം തെററിപ്പോയതാകാനും മതി. ഫണി മുറിയിൽനിന്നും പോയപ്പോൾ അവൾ വളരെ ധൃതിയിലാണു് പറഞ്ഞതു്. എന്തോ അതിപ്രധാനമായ കാര്യങ്ങൾ അവൾക്കു നിങ്ങളെ അറിയിക്കാനുണ്ടെന്നു പറഞ്ഞു.''

ഇതാണു് ഫണിയെപ്പററിയുള്ള പ്രഥമപരാമർശം. ഞാൻ സ്വപ്നം കാണുകയാണോ? അതോ പകൽ നടക്കുന്ന എന്തോ അഭിനയമോ? വില്ലിയ്ക്കു സന്ദേശം! അതും ബീനായിൽനിന്നും! ഫണി പുറത്തുപോയപ്പോൾ ബീനാ ജയയ്ക്കു നല്കിയ രഹസ്യസന്ദേശം! ജയത്ത് ഗൃഹത്തിൽ കൂടക്കൂടെ വന്നിരുന്നതുപോലെയും അവൾ അവിടത്തെ വിശ്വസ്തമിത്രമെന്നപോലെയും തോന്നി. ഫണി തലകുലുക്കി അവൾക്കു് ഒന്നും മനസ്സിലായില്ല.

"എനിക്കു കഴിയുന്നതെല്ലാം ഞാൻ തീർച്ചയായും ചെയ്തു.'' ജയ തുടന്നു: "ബീനായെ ഫണിയ്ക്കു വളരെ വിശ്വാസമായതുകൊണ്ടു് അവൾക്കു പലതും അറിയാം." ജയയുടെ നീണ്ട നയനങ്ങൾ വില്ലിയെ സൂക്ഷിക്കുന്നുണ്ടായിരുന്നു. ഇടയ്ക്കിടെ അവളുടെ കരം തലമുടിയിൽ പതിയുന്നുമുണ്ടു്. അവളുടെ നീണ്ട തലമുടി കറുപ്പു പച്ചറിബ്ബൺകൊണ്ടു് മദ്ധ്യത്തിൽ കെട്ടിയിരുന്ന

തേയുള്ളു. ഇളംചുവപ്പുനിറമുള്ള ലോലമായ സിൽക്കു ബ്ലൌസും കടുംനീലയായ ഒരു നൈലോൺ സാരിയും ധരിച്ച അവർ മനോഹാരിണിയായി കാണപ്പെട്ടു.

"ഹെണി എങ്ങനെയിരിക്കുന്നു?"

"ഓ, ഹെണിയോ? എങ്ങനെ കഴിയുന്നെന്നോ?'' ജയ ചിരിച്ചുകൊണ്ടു് അവളുടെ നീണ്ട കരാംഗുലികൾ അയാളുടെ ഷർട്ടിൻെറ കയ്യിൽ അർപ്പിച്ചു. ''വില്ലി, നിങ്ങൾ ഇപ്പോഴും നിരാശനായി കഴിയുകയാണോ? ഏതെങ്കിലും ഒരു കാര്യം തെററിപ്പോയാൽ സ്ത്രീകൾ അതുകൊണ്ടൊന്നും കലുങ്ങുകയില്ല. ഞാൻ അവിടെ ചെന്നപ്പോൾ അവൾ ഒരു സുന്ദരിയായി കാണപ്പെട്ടു പുതിയ പ്രണയബന്ധത്തിലായതുപോലെ അവളുടെ കണ്ണുകൾ വെട്ടിത്തിളങ്ങി."

കരങ്ങൾ രണ്ടും കാൽമുട്ടിനിടയിൽവെച്ചുകൊണ്ടു് വില്ലി ഇരുന്നു. കൈകൾ ചുരുട്ടുകയും നിവർക്കുകയും ചെയ്തുകൊണ്ടിരുന്നു.

''വില്ലീ, നിങ്ങൾ നിങ്ങളെപ്പററിത്തന്നെ ഓർക്കണം.'' അയാളുടെ നേരെ അല്പംകൂടെ അടുത്തിരുന്നുകൊണ്ടു് അവർ പറഞ്ഞു. ''ഇങ്ങനെ കഴിഞ്ഞുകൂടുന്നതു് ബുദ്ധിശൂന്യമാണു്. എന്നും ചിന്തിച്ചുകൊണ്ടിരിക്കുമോ? എന്തെങ്കിലും ഒരു മാററം അത്യാവശ്യമാണു്. ഇഷ്ടമില്ലെങ്കിലും അതിനായി മനഃപൂർവ്വം ശ്രമിക്കണം. ഒരു സ്ത്രീയെത്തന്നെ കാംക്ഷിച്ചുകൊണ്ടിരിക്കുന്നതിൽ അർത്ഥമില്ല. നിങ്ങളോടവർ പെരുമാറിയ രീതിയാണു് പ്രാധാന്യമായി തോന്നുന്നതു്."

അവരം ചിരിച്ചു. കൈകരം പൊക്കി തലമുടി കെട്ടു് ഉയർത്തി. "പ്രണയത്തെ സംബന്ധിച്ചിടത്തോളം അതു സത്യമാണു്. അങ്ങനെ നിങ്ങരംക്കു തോന്നുന്നില്ലേ? ഒരു മനുഷ്യൻ നിങ്ങളിൽ ഗാഢാനുരക്തനാകുന്നുമെങ്കിൽ അയാളെ നല്ലവണ്ണം ഒന്നു വേദനിപ്പിക്കണം. അയാരം ഒട്ടും പ്രതീക്ഷിച്ചിരിക്കാത്ത അവസരത്തിൽ വേണംതാനും. യാതൊരു വിശദീകരണവും കൂടാതെ ഒഴിഞ്ഞുമാറണം. അപ്പോരം അയാളുടെ ഹൃദയം പ്രക്ഷുബ്ധമാകും. ആ യുവതിയെപ്പററിത്തന്നെ ചിന്തിക്കും. അവരം തന്നിൽനിന്നു് അകന്നതെന്തുകൊണ്ടു് എന്നു് ആലോചിക്കും. ഞാൻ അങ്ങനെ നിങ്ങളോടു പെരുമാറാഞ്ഞതിൽ ഇപ്പോരം ഖേദിക്കുന്നു."

അവരം റിബൺ അഴിച്ചുമാററി; തലമുടി കുടഞ്ഞിട്ടു അയാളെ നോക്കി ഒരു മധുരമന്ദഹാസവും.

"ഞാൻ നിങ്ങളോടു് എപ്പോഴും ഒരേവിധത്തിലായിരുന്നു പെരുമാറിയിരുന്നതു്.''

വില്ലി വെറുതെ നോക്കിയിരുന്നു.

''ഞാൻ ഓർമ്മകരം അയവിറക്കുകയാണു്.'' അവരം റിബൺ അവരുടെ മദ്ധ്യത്തിൽ സോഫയിൽ ഇട്ടു. "നാം കടപ്പുറത്തു ചെലവഴിച്ച നിമിഷങ്ങരം ഓക്കുന്നുണ്ടോ?"

വില്ലി മുൻചോട്ടു ചാഞ്ഞു് അവളിൽനിന്നും തെല്ലകലെയായി ഇരുന്നു. "ബീനായ്ക്കു് എന്നോടു് എന്താണു പറയാനുള്ളതെന്നു് എനിക്കു മനസ്സിലാകുന്നി

ല്ല. ഫണിയ്ക്കു് എന്നോടെന്തെങ്കിലും പറയാനുണ്ടെ ങ്കിൽ അവരം നേരിട്ടു പറയുമല്ലൊ?"

"അതു് എനിക്കും മനസ്സിലാകുന്നില്ല." ജയ തന്റെ ഭുജം ചലിപ്പിച്ചു. "പക്ഷെ, ഞാൻ പറയട്ടെ വില്ലി. ഇതെല്ലാം സ്ത്രീകളുടെ ഒരു നയം മാത്രമാണു്. പുരുഷന്മാരെ കരങ്ങളിപ്പിക്കുക അവക്കൊരു കൌതുകമാണു്. ഒരുതരം ശക്തി. അതിന്റെ പ്രതികരണം കണ്ടു് അവർ സന്തോഷിക്കുന്നു."

"നിനക്കു തെററിപ്പോയി." വില്ലി അറിയിച്ചു. "ഫണി ആ തരക്കാരിയല്ല. അവരം നേരേപോകുന്ന പ്രകൃത ക്കാരിയാണു്. എന്തെങ്കിലും ചെയ്യണമെന്നുകരുതിയാൽ, അവരംക്കു് എന്തുതന്നെ സംഭവിച്ചാലും ശരി അവരം ഉടനെ പ്രവത്തിക്കും." ഭുജവലയങ്ങളിലെ ഭാരം ഇറക്കുവാനെന്നപോലെ വില്ലി തോരം കുലുക്കി. "എനിക്കൊന്നും മനസ്സിലാകുന്നില്ല. രാവും പകലും ഞാൻ ചിന്തിക്കും. പക്ഷെ, ഒരെത്തും പിടിയും കിട്ടുന്നില്ല."

വില്ലി എണീററു. അയാരം മുറിയുടെ ഒരു ഭാഗത്തെയ്ക്കു നീങ്ങി. ഫണിയ്ക്കു് ഇപ്പോരം അയാളെ കാണുവാൻ കഴിയുന്നില്ല. ശബ്ദം മാത്രം കേരംക്കാം.

"ജീവിതത്തിന്റെ ഒരു വശം, പരുപരുത്ത ഒരു വശം മാത്രമാണെന്നാണു ഞാൻ ആദ്യം കരുതിയതു്. ഞാൻ വ്യാകുലപ്പെട്ടു; ഹൃദയത്തിൽനിന്നു് ആ വിചാരം മാററുവാൻ കഴിയുന്നില്ല മറെറന്തോ കാര്യമാണെന്നു് ഇപ്പോരം എനിക്കു തോന്നുന്നു."

"ഓ, നിങ്ങൾ ഇത്ര വിഷമിക്കുന്നതെന്തിനു്?" ജയയുടെ ഇഴഞ്ഞുവലിഞ്ഞ ശബ്ദം. "എല്ലാം കഴിഞ്ഞില്ലെ? ഇന്നു വേറൊരു ദിവസമാണു്." അവൾ അയാളുടെ നേരേ അവളുടെ മെലിഞ്ഞ കരം നീട്ടി. "ഇവിടെ വന്നിരിക്കൂ. ഇവിടം വളരെ നിശ്ശബ്ദവും ശാന്തവുമാണു്. കുറഞ്ഞൊരു കാലമായി നമുക്കു സംസാരിക്കുവാൻ സന്ദർഭം ലഭിക്കുന്നില്ല"

അവളുടെ നീട്ടിയ കരം സ്വീകരിക്കപ്പെട്ടില്ല. "ഞാൻ ഒരു മറയനെപ്പോലെ പെരുമാറി" വില്ലി തുടർന്നു: "എന്നെ അവൾ പറഞ്ഞയച്ച ദിവസം. ഞാൻ അവിടെ താമസിച്ചു് അവളോടു സംസാരിക്കേണ്ടതായിരുന്നു. കാരണം അറിയുവാനും ശ്രമിച്ചില്ല. എനിക്കു ഷോക്കേററതുപോലെ തോന്നിയതുകൊണ്ടു് അശക്തനായി ഭവിച്ചു. ഏതായാലും അവിടെ പോവുകതന്നെ. അവളോടു സംസാരിക്കണം."

"ഓ, മണ്ടനാകാതെ വില്ലീ! നിങ്ങൾ എന്തുചെയ്യും? അവളുടെ ഗൃഹത്തിൽ വലിഞ്ഞുകയറും. ഒരു രംഗം സൃഷ്ടിക്കും; വിശദീകരണം ആവശ്യപ്പെടും." അവൾ കരാംഗുലികൾകൊണ്ടു സോഫായുടെ കയ്യിൽ താളം പിടിച്ചു. അല്പസമയം അനങ്ങാതിരുന്നു. "നിങ്ങൾക്കു് അങ്ങനെ നിർബ്ബന്ധമാണെങ്കിൽ ഞാൻ ഒരു കാര്യം ചെയ്യാം. അവളെ എൻെറ ഗൃഹത്തിൽവെച്ചു കണ്ടുമുട്ടുവാൻ സന്ദർഭമുണ്ടാക്കാം."

അയാൾ വീണ്ടും ഫണിയുടെ ദൃഷ്ടിപഥത്തിൽ എത്തി. അയാളുടെ കറുത്ത നയനങ്ങൾ ജയയിൽ തറ

ച്ചുനിന്നു. "അങ്ങനെ ചെയ്യാമോ? അതിനു നിനക്കു സാധിക്കുമോ?"

"അതെ, സാധിക്കും." അവൾ ചുവപ്പുചായം തേച്ച തന്റെ നഖങ്ങൾ നോക്കി. "ഒരിക്കൽ അവൾ എന്റെ താമസസ്ഥലത്തു വന്നിരുന്നു. ഇനിയും ക്ഷണിച്ചുവരുത്താൻ എനിക്കു കഴിയും. ഒരു ദിവസം വൈകുന്നേരം ഞാനവളെ വരുത്താം. അപ്പോൾ നിങ്ങളവിടെ ഉണ്ടായിരുന്നാൽ മതി."

അയാളുടെ ക്ഷീണിച്ച വദനത്തിൽ എന്തോ വ്യതിയാനം സംഭവിച്ചതായി ഫണി കണ്ടു ആശയും താല്പര്യവും പ്രതിബിംബിച്ചു.

## 18

"നീ അങ്ങനെ ചെയ്യുമോ? അവളെ കാണുവാനും സംസാരിക്കുവാനും ഞാൻ എന്തുമാത്രം ആഗ്രഹിക്കുന്നു." അയാൾ ഇടയ്ക്കു നിത്തി. "ഇങ്ങനെ കഴിഞ്ഞുകൂടിയാൽ ഞാൻ നശിച്ചുപോകും. എനിക്കൊന്നും ചെയ്യുവാൻ കഴിയുന്നില്ല. ഒന്നിലും താല്പര്യം തോന്നുന്നില്ല. ഒരു യന്ത്രംപോലെ ജോലിചെയ്യുന്നു. ഞാൻ മററുള്ളവക്ക് ഒരു ഉപദ്രവകാരിയാണ്. ഡൈനാമൈററ് പ്രയോഗിക്കുന്ന സമയം അതിൽത്തന്നെ ദത്തശ്രദ്ധനാകുവാൻ സാധിക്കുന്നില്ല. അങ്ങനെയുള്ള ഞാൻ മററുള്ളവക്ക് ഉപദ്രവം വരുത്തിവെയ്ക്കുയേ ഉള്ളു, ഞാൻ മുൻപു പറ

ഞ്ഞതുപോലെ ജോലിയിൽനിന്നു പിരിയാമെന്നു കരുതുന്നു."

"അതു നിരർത്ഥകമാണു്. പിരിഞ്ഞുപോയാൽ നിങ്ങൾ എന്തുചെയ്യും? മുകുന്ദനുമായി പങ്കുചേൻ കമ്പനി തുടങ്ങുമോ?"

'ഇവിടെനിന്നു് എവിടേയ്ക്കെങ്കിലും കടക്കുന്നതിനു് എന്തുവേണമെങ്കിലും ചെയ്യും." വില്ലി മൊഴിഞ്ഞു.

"ഓ, അതു്..." അവൾ പെട്ടെന്നു നിത്തി. "അതാരാണു്?" അവൾ ജാലകത്തിൽക്കൂടി പുറത്തേയ്ക്കു നോക്കി. ആശ്ചര്യശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് "ആരോ ഉങ്ങോട്ടു വരുന്നു.''

ഞെട്ടിക്കൊണ്ടു് അവളെഴുന്നേററു. ''ഓ, ദൈവമെ! എൻെറ ഭത്താവു്!'' അവൾ വില്ലിയുടെ നേരേ തിരിഞ്ഞു. ആ മുഖം വിവണ്ണമായി. "വില്ലീ, നിങ്ങൾ ഇവിടെനിന്നു പോകണം. ഉടൻതന്നെ പോകണം."

വില്ലി തുറിച്ചുനോക്കി. ഒരു കാറിൻെറ കതകു തുറക്കുന്ന ശബ്ദം!

"വില്ലീ, വില്ലീ, ദയവുചെയ്തു പോകണം. ഇതൊരൊഴിഞ്ഞ ഭവനമല്ലേ? നമ്മളെ രണ്ടുപേരെയും ഒരുമിച്ചു്...അതും തനിച്ചു്....അദ്ദേഹം കണ്ടാൽ..."

വില്ലി അവളെ നോക്കിക്കൊണ്ടുതന്നെ നിന്നു. ''അതിനെന്താണു്? ദൈവമെ! മുകുന്ദൻ ബുദ്ധിമാനാണു്.''

വാതിൽ തുറന്നു; മുകുന്ദൻ വാതില്ക്കൽ നില്ക്കുന്നു

അയാളുടെ വദനം വികാരശൂന്യമായി കാണപ്പെട്ടു. വാതിലിൻെറ പിടിയിൽനിന്നും അയാറം കൈ വിട്ടു. രണ്ടുപേരെയും മാറിമാറി നോക്കിക്കൊണ്ടു് അയാറം നിന്നു.

വില്ലിപറഞ്ഞു: "മുകുന്ദൻ, നിങ്ങറം എവിടെനിന്നു വരുന്നു? നിങ്ങറംക്കും ഈ ഗൃഹവാസികളെ കാണുവാനുണ്ടോ?"

മുകുന്ദൻ അനങ്ങാതെതന്നെ നിന്നു. "പിൻേറാ കുടുംബക്കാർ ഇവിടെ താമസിക്കുന്നില്ലെന്നു് എനിക്കറിയാം."

വില്ലി ജയയുടെ നേരേ തിരിഞ്ഞു. അവറം ചിരിച്ചുകൊണ്ടു പറഞ്ഞു: "ഓ, അതാണു ബീനാ അവിടെ താമസിക്കുന്നതു്. പക്ഷെ, അവറം പറഞ്ഞതു് ഉച്ചയ്ക്കു് ഇവിടെവെച്ചു കാണാമെന്നാണു്. ഒരു പക്ഷെ, സമയം എനിക്കു് തെററിപ്പോയതായിരിക്കാം." അവറം പെട്ടെന്നു കുനിഞ്ഞു് സോഫായിൽ ഇട്ടിരുന്ന റിബൺ കയ്യിലെടുത്തു. "എന്താണു നിങ്ങറം ഇങ്ങനെ നോക്കുന്നതു്?" അവറം ഭർത്താവിനോടായി ചോദിച്ചു. "ഞങ്ങറം പഴയ സുഹൃത്തുക്കളാണു്. രണ്ടുപേക്കു് അല്പ സമയം സംസാരിച്ചുകൊണ്ടിരിക്കുവാൻ പാടില്ലേ? ഞങ്ങറം പരസ്പരം സഹായിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണു്. ഞാൻ വില്ലിയെ സഹായിക്കുന്നു. ഇവിടെവെച്ചു കാണണമെന്നു ബീനാ പറഞ്ഞു. ഇവിടം വിജനമാണെന്നു് എനിക്കറിഞ്ഞുകൂടായിരുന്നു. വില്ലി പ

റഞ്ഞതുപോലെ നിങ്ങൾ എങ്ങിനെ ഇവിടെ വന്നു ചേർന്നു?"

മുകുന്ദൻ ഉരിയാടിയില്ല. അയാൾ കതക നല്ലവണ്ണം തുറന്നു.

"വില്ലി, എനിക്കു നിങ്ങളെ ഓഫീസിൽവെച്ച് ഒന്നു കാണണം. നിങ്ങൾ പിരിഞ്ഞുപോകണമെന്നുണ്ടെങ്കിൽ നമുക്ക് എല്ലാമൊന്നു ചെക്കുചെയ്യണം."

അയാൾ വാതിൽ തുറന്നുപിടിച്ചുകൊണ്ടു നിന്നു. ജയയും വില്ലിയും പുറത്തു കടന്നു. മുകുന്ദനും അവരെ പിൻതുടൎന്നു. അയാൾ വാതിൽ വലിയ ശബ്ദത്തോടെ വലിച്ചടച്ചു. കാർ സ്റ്റാർട്ടുചെയ്യുന്നതു് ഹണി കേട്ടു. ശബ്ദം വിദൂരതയിൽ ലയിച്ചു.

വളരെനേരം ഹണി നിശ്ചലയായി നിന്നുപോയി! ചിത്രമെടുത്തുകൊണ്ടു്, അവൾ ഹാൾ കടന്നു് തന്റെ കാർ കിടന്നിരുന്ന പ്രദേശത്തേയ്ക്കു നടന്നു. കാവല്ക്കാരൻ അയാളുടെ ചെറുഗേഹത്തിൽനിന്നും പുറത്തിറങ്ങി വരികയായിരുന്നു. അയാൾ വിഷണ്ണനായി കാണപ്പെട്ടു.

"വളരെപ്പേർ വന്നല്ലോ. കൊച്ചമ്മ ആസ്പത്രിയിൽനിന്നും വരാറായോ?"

"ഇല്ല." ഹണി പറഞ്ഞു. എന്താണു പറഞ്ഞതെന്നു് അവൾക്കുതന്നെ രൂപമില്ലായിരുന്നു.

അവൾ അതിവേഗത്തിൽ കാർ പായിച്ചു. അപ്പോഴും ഓടുന്നതുപോലെയായിരുന്നു അവളുടെ ശ്വാസ

ഗതി. ഇടയ്ക്കിടെ അവൾ തലകുലുക്കി; സ്വപ്നത്തിൽ നിന്നും വിമുക്തയാകുന്നതിന്നു ശ്രമിക്കുന്നതുപോലെ.

അവൾ കണ്ടതിന്റെയെല്ലാം അത്ഥമെന്തു്? കായികമായ ഒരു പരീക്ഷണമോ? ജയയുടെ അഭിനയം കേമംതന്നെ! വില്ലിയുടെ നേരെയുള്ള വലവീശൽ. താൻ ഉപയോഗിക്കുകയില്ലെന്നു പറഞ്ഞ ആ ആയുധമാണു് ജയ ഇപ്പോൾ ഉപയോഗിച്ചിരിക്കുന്നതു്. അതിനെപ്പററി ചിന്തിക്കുന്നതുതന്നെ ദുസ്സഹം. താൻ അതു സഹിക്കുകയും ദൃക്സാക്ഷിയാകയും ചെയ്തില്ലേ? അവൾക്കു് വല്ലാത്ത ഒരസുഖം അനുഭവപ്പെട്ടു. ആ ഭവനം ശൂന്യമാണെന്നു് ജയയ്ക്കറിയാമായിരുന്നു. വില്ലിയുമായി ഏകാന്തതയിൽ കഴിച്ചുകൂട്ടുന്നതിനുവേണ്ടി അവൾ ഒരു കള്ളക്കഥ കെട്ടിച്ചമച്ചു. അവളുടെ മുറിയിലേയ്ക്കു് വില്ലിയെ വരുത്തുന്നതിനു് വേറൊരു വിദ്യയും. അവിടെയും അവൾ തനിച്ചായിരിക്കും. ഫണിയുടെ അസാന്നിദ്ധ്യത്തിനു് എന്തെങ്കിലും ഒരു ഒഴികഴിവും പറയും. ഇതു് എത്രപ്രാവശ്യം നടത്താൻ സാധിക്കും? വില്ലിയുടെ തളന്ന ശക്തിയെ അവൾ ചൂഷണം ചെയ്യുകയാണു്.

അവളുടെ പദ്ധതികൾ അപരിഷ്കൃതങ്ങളും എന്നാൽ ലജ്ജാവിഹീനങ്ങളുംതന്നെ. അവളുടെ നാടകാഭിനയത്തിൽ വെറുപ്പു തോന്നിയിട്ടായിരിക്കണം വില്ലി തിരിഞ്ഞുനിന്നുകളഞ്ഞതു്. അവൾ തലമുടിക്കെട്ടഴിച്ചിട്ടു് പുഞ്ചിരിയോടുകൂടി വില്ലിയെ ക്ഷണിച്ചതുപോലെയാണു തോന്നിയതു്. ജയയെ സംബന്ധിച്ചിടത്തോ

ളം ഒരു പുതിയ ആവിഷ്കരണം. അവൾ ഉടനടി എന്തും പ്രവർത്തിക്കുന്ന കൂട്ടത്തിലാണു്. എല്ലാ ഊടുവഴികളും അവൾക്കു സുപരിചിതമാണു്. അനുരാഗത്തെപ്പററിയുള്ള അവളുടെ സംസാരംതന്നെ അതിനു മകുടോദാഹരണം. അവളുടെ ഈ പെരുമാററത്തിൽ സുഗ്രാഹ്യമല്ലാത്ത മറെറന്തോ ഉണ്ടാകാം. ഫണിയ്ക്കു് ഒന്നും മനസ്സിലായില്ല. ആദ്യത്തെ ശ്രമത്തിൽ തോൽവി പിണഞ്ഞപ്പോൾ സോഫായുടെ കയ്യിൽ കൊട്ടിക്കൊണ്ടു കൂസൽകൂടാതെ അവൾ ഇരുന്നില്ലേ? അവളുടെ വദനത്തിൽ എന്തോ ഒരു പ്രത്യേകവികാരം ഉണ്ടായിരുന്നു. അതെ, അവൾ ചിന്തിക്കയായിരുന്നു, വില്ലിയെ കുരുക്കിൽപെടുത്തുന്നതിനുള്ള മററു വിദ്യകൾ.

പക്ഷെ, മുകുന്ദൻെറ സാന്നിദ്ധ്യത്തിൽ അവൾ വലിയ ഒരു തെററാണു ചെയ്തതു്. തലമുടി കെട്ടിയിരുന്ന റിബൺ സോഫായുടെ പുറത്തുനിന്നും പെട്ടെന്നു കുനിഞ്ഞെടുത്തില്ലേ? അവരെ ഒന്നിച്ചു കണ്ടപ്പോഴുണ്ടായ ഷോക്കിൽ മുകുന്ദൻ ആ തെളിവു കണ്ടില്ലായിരിക്കാം. ഒരു പക്ഷെ, പെട്ടെന്നുള്ള പരിഭ്രമത്താലും ഭയംകൊണ്ടും അവൾ ആലോചനാശൂന്യമായി പ്രവർത്തിച്ചതാകാം. അതും ജയയ്ക്കു യോജിച്ച പ്രവൃത്തിയല്ല. കണ്ണിൽ പെടാത്ത എന്തോ ഒന്നു് അതിൽ ഉണ്ടു് ഫണിയ്ക്കു് അതെന്താണെന്നു കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല.

മഴ പെയ്യുവാൻ തുടങ്ങിയിരുന്നു. കാറിൻെറ മുൻവശത്തെ സ്ഫടികജാലകത്തിൽ മഴത്തുള്ളികൾ തട്ടിക്കൊ

ണ്ടിരുന്നു. അതിനൊപ്പം അവളുടെ ചിന്തയും എത്ര ശ്രമിച്ചിട്ടും മാറാതെ അവളെ അലട്ടി. വില്ലി ഉദ്യോഗത്തിൽനിന്നു പിരിയുമെന്നു പറഞ്ഞു. ജയയുടെ പ്രേരണ വല്ലതും അതിലുണ്ടോ? അതൊഴിവാക്കുവാനാണു് അവൾ ശ്രമിച്ചിട്ടുള്ളതു്. അവളുടെ ഉദ്ദേശവും ത്യാഗസന്നദ്ധതയും അതിനായിരുന്നില്ലേ? വില്ലി അവിടെവച്ചു് അതു പറഞ്ഞപ്പോൾ അവൾ കരഞ്ഞുപോയി. അയാളുടെ ക്ഷീണസ്വരവും ദൃഢനിശ്ചയവും ബ്ലേഡുകൊണ്ടു് അവളെ മുറിവേല്പിച്ചതുപോലെ അവൾക്കു് അനുഭവവേദ്യമായി. വിവരിക്കുവാനാവാത്ത വേദനകളാണു് അന്നത്തെ രാത്രിയ്ക്കുശേഷം അവളനുഭവിച്ചുവന്നതു്. ദൈവമെ! ഈ വിധത്തിൽ സംഗതികൾ കുഴഞ്ഞുമറിഞ്ഞുവരുവാൻ അനുവദിക്കരുതെ! ജയ അയാളെ പിൻതിരിപ്പിക്കയില്ല. മുകുന്ദനും അയാളുടെ അവസാനവാചകത്തിൽ അതു് അംഗീകരിച്ചതായല്ലേ പറഞ്ഞതു്. നിസ്സഹായയായി നോക്കിനില്ക്കുവാനേ അവൾക്കു കഴിവുള്ളു. അവളുടെ പ്രവൎത്തികൾതന്നെ തന്റെ നേരേ തിരിഞ്ഞു കുത്തുകയാണു്.

എന്തിനു താൻ നിയതിയെ പഴിക്കുന്നു? എല്ലാം സ്വയം വരുത്തിവെച്ചതാണു്.

ആ കോരിച്ചൊരിയുന്ന മഴയത്തു് ഭയങ്കരമായി എല്ലാം അവൾക്കു മനസ്സിലായിത്തുടങ്ങി.

# 19

"ഹണീ." മേൽപ്പുറത്തു കൈയെത്തിച്ച് അവളുടെ കൈ തടഞ്ഞുകൊണ്ടു് മരിയ പറഞ്ഞു: "എന്തെല്ലാമാണു സംഭവിക്കുന്നതു്?"

"എനിക്കു മനസ്സിലാകുന്നില്ല അമ്മേ."

"ഈ ഭവനത്തിൽ എന്തോ തകരാറുണ്ടു്. എന്താ കാര്യം? എന്തൊക്കെയാണു നടക്കുന്നതു്?"

അമ്മ അവളുടെ കൈക്കു പിടിച്ചിരുന്നതുകൊണ്ടു് തുളഞ്ഞുകയറുന്ന ആ നയനങ്ങളിലേയ്ക്കു നോക്കി ഹണി നിന്നു.

അന്നു ബുധനാഴ്ചയായിരുന്നു. വൈകുന്നേരം എന്തോ കാര്യത്തിനായി പുറത്തുപോയി തിരിച്ചുവന്നപ്പോൾ അമ്മ അടുക്കളയിൽ ഇരിക്കുന്നതു് അവൾ കണ്ടു. തനിച്ചങ്ങനെ ഇരിക്കുക പതിവില്ല. തുന്നൽപണിയിലേർപ്പെട്ടിരിക്കുന്നതുപോലെ കാണപ്പെട്ടു. പക്ഷെ, സൂചിയും നൂലും അപ്പോഴും കൂടയിൽനിന്നും പുറത്തെടുത്തിരുന്നില്ല.

ഹണിയുടെ നയനങ്ങൾ ഭക്ഷണമുറിയിലും പ്രധാനമുറിയിലും ഒരു പരിശോധന നടത്തി.

"അവരെല്ലാം എവിടെ അമ്മേ?"

"അകത്തെങ്ങും ഇല്ല. ബീനാ നടക്കുവാൻ പോയി. പീററർ തോട്ടത്തിൽ ഇരിക്കയാണു്." അവർ

തോട്ടത്തിലേയ്ക്കു കൈ ചൂണ്ടി. "അതാണു് മിക്കവാറം എന്നെ വിഷമിപ്പിക്കുന്നതു്. ഈയിടെ അവൻ ഇങ്ങനെ തനിച്ചിരിക്കുക പതിവാണു്." അവർ അടുത്തുള്ള ഒരു കസേര ചൂണ്ടിക്കാണിച്ചു. "അല്പസമയം അവിടെ ഇരിക്കൂ മകളെ. നീ വളരെ ക്ഷീണിച്ചായിരിക്കും വന്നിരിക്കുന്നതു് എനിക്കു കിടക്കുകയും വേണം. പക്ഷേ, എനിക്കു ചിലതു സംസാരിക്കുവാനുണ്ടു്."

അവൾ അമ്മയുടെ സമീപം കസേരയിൽ ഇരുന്നു. അവൾക്കു ഭയം തോന്നി; സംസാരം ഒഴിവാക്കുവാനും നിവൃത്തിയില്ല. ഒരു ബാലികയ്ക്കു് അവളുടെ ജന്മദിനത്തിൽ കൊടുക്കുന്നതിനു് ഒരു സ്ഫടികപ്പാത്രം അവൾ വാങ്ങിയിരുന്നു. അതു മടിയിൽ വെച്ചു് അതു പൊതിഞ്ഞ മേനിക്കടലാസ്സ് സ്പർശിച്ചുകൊണ്ടു് അവൾ ഇരുന്നു

"ഇതു നല്ലതാണെന്നു് എനിക്കു തോന്നി. അമ്മയ്ക്കിതു കാണണ്ടേ?"

അവൾ പറഞ്ഞതു് അമ്മ കേട്ടതായി തോന്നിയില്ല. "എനിക്കു മനസ്സിലാകാത്ത ഏതാണ്ടെല്ലാം ഉണ്ടെന്നു തോന്നുന്നു. പല സൂചനകളും നിർദ്ദേശങ്ങളും ഞാൻ കേൾക്കുന്നുണ്ടു്. പക്ഷേ, എനിക്കൊരെത്തും പിടിയും കിട്ടുന്നില്ല. എന്തോ തകരാറു സംഭവിച്ചിട്ടുണ്ടു്. പീററർ വരച്ച ആ ചിത്രം—കഴിഞ്ഞ ഞായറാഴ്ച നീ അതു കൊണ്ടുവന്നപ്പോൾ എനിക്കു് എന്തതിശയവും ആനന്ദവും തോന്നിയെന്നോ! അവൻ വരച്ചിട്ടുള്ളവയിൽവെച്ചു് ഏററവും നല്ല ചിത്രം! പക്ഷേ, അവൻെറ ഭാവഭേദം നീ സൂക്ഷിച്ചോ? തീർച്ചയായും നീയും

അതു കണ്ടിരിക്കും. അടിയേററതുപോലെ, സുഖക്കേട്ട പിടിപെട്ടവനെപ്പോലെ അവൻ വിവർണ്ണനായി. ഇതെന്നെങ്കിലും പൂർത്തിയാക്കുമോ എന്ന് ബീനാ ചോദിച്ചപ്പോഴം അവൻ ഒരു മറുപടിപോലും പറഞ്ഞില്ല. അവൻെറ ചിത്രം തന്നെ ഇത്ര ഭയങ്കരമായ, ഭയപ്പെടുത്തുന്ന ഒരു മാററം അവനിൽ ഉണ്ടാക്കിയ കാരണം? നിനക്കെങ്കിലും അതു പറഞ്ഞുതരാമോ?"

ഹണി അവളുടെ ബാഗ് അടക്കുകയും തുറക്കുകയും ചെയ്തു. കാറിൻെറ താക്കോൽ നോക്കി. "അമ്മെ, ചേട്ടൻെറ സ്വഭാവം അമ്മയ്ക്കറിയാമല്ലൊ. ഒരുത്തക്കും ചേട്ടൻെറ പ്രകൃതം മനസ്സിലാക്കുവാൻ സാധിക്കയില്ല."

"അവൻ ഏകാന്തത ഇഷ്ടപ്പെടുന്നു. കുട്ടികളുടെ ഒരു ലോകത്തിലാണോ എന്നു തോന്നിപ്പോകും. പക്ഷെ, അവനെ മനസ്സിലാക്കാം. എന്തോ ഒരു കാര്യം നിഗ്രഹനം ചെയ്യുന്നുണ്ട്. ഞാൻ അറിയാത്ത എന്തോ ഒരു സംഗതി. നീ ആ ചിത്രം കൊണ്ടുവന്ന നിമിഷം മുതൽ അവൻ ആ കുട്ടിയെ നോക്കുന്നില്ല. അവളുമായി തനിച്ചിരിക്കുന്നതിൽനിന്നു് അവൻ ഒഴിഞ്ഞുമാറുന്നു. കാറോടിക്കുവാനും ഇപ്പോഠം അവൻ ചഠിപ്പിക്കുന്നില്ല."

ഹണി ഒന്നും പറഞ്ഞില്ല. എല്ലാം അവഠം കാണുന്നുണ്ടായിരുന്നു. എന്നാലും കാണാത്തതുപോലെയാണു് അവളുടെ ഭാവം. സംഭവവികാസം അവഠംക്കെതിരെ വരുന്നതായുള്ള മറെറാരു തെളിവും സൂചനയും.

അമ്മ തയ്യൽസാമാനങ്ങളടങ്ങിയ കൂട അടച്ചു വെച്ചു. "അവർ രണ്ടുപേരും പരസ്പരം സ്നേഹിക്കണമെന്നാണു് എന്റെ ആഗ്രഹം. കുറച്ചുനേരത്തേയ്ക്കു് അങ്ങനെ തോന്നുകയും ചെയ്തു അതു് എന്റെ സ്വാർത്ഥതാല്പര്യമായിരിക്കാം. ബീനാ ഒരു നല്ല പെൺകുട്ടിയാണു്. പീററിനുവേണ്ടി ഞാൻ അവളെ കാണുന്നതുപോലെ തോന്നാം. എന്നാൽ അങ്ങനെയല്ല. അവൾ അവനിൽ അനുരക്തയാണു്. എന്തോ അവരുടെ ഇടയ്ക്കു കടന്നു കൂടിയിട്ടുണ്ടു്. അതു നാം വിചാരിക്കുന്നതിലും വിപുലമാണു്. ഇവിടത്തെ അന്തരീക്ഷംതന്നെ. അതെ, ഈ ഭവനത്തിന്റെ വായുവിലും അതു കുടികൊള്ളുന്നു."

അവർ നിർത്തി. മുഖത്തു വീണുകിടന്നിരുന്ന തലമുടി കൈകൊണ്ടു നേരെയാക്കി. ആ വൃദ്ധനയനങ്ങളിൽ എന്തോ ഒരു വിഷാദം നിർല്ലീനമായിരുന്നു. "ചിലപ്പോൾ നീയും അതിൽ പങ്കുകാരിയാണെന്നു് എനിക്കു തോന്നിപ്പോകുന്നു. നീയും പീററും എന്തോ ഒന്നു് എന്നിൽനിന്നും ഒളിക്കുന്നുണ്ടു്."

ഹെണിയുടെ ഹൃദയം തുടിച്ചു. "അമ്മെ, ഞാൻ അനുഭവിച്ച വ്യഥയല്ലാതെ മറെറാന്നുമില്ല. ഞാൻ ആരോടും മുൻപത്തെപ്പോലെയല്ലല്ലൊ. അമ്മയോടുപോലും ഞാൻ പഴയ മനഃസ്ഥിതിയിലല്ല പെരുമാറുന്നതു്." എങ്ങനെയും ഒഴിഞ്ഞുമാറണം. "പ്രിയപ്പെട്ട അമ്മെ, അമ്മ ഇതുവരെയ്ക്കും എല്ലാം അറിയുന്നതുപോലെയും സഹിക്കുന്നതുപോലെയുമായിരുന്നില്ലെ...."

"പക്ഷെ, ഇതു് അങ്ങനെയല്ല. എന്തോ അസാ

ധാരണമായ ഒന്നു സംഭവിക്കുവാനിരിക്കുന്നു. അങ്ങനെ യാണെനിക്കു തോന്നുന്നതു്. ഭയങ്കരമായ ഒരാപത്തു വരുവാൻപോകുന്നതായി തോന്നുന്നു. നിസ്സാരകാൎയ്യമായാലും ഞാനതിനു പ്രാധാന്യം കല്പിക്കുകയാണു്. പീററിന്റേയും ആ മുകുന്ദന്റെ ഭാൎയ്യ... എന്താണവളുടെ പേരു്...ഞാൻ ഒരുമിച്ചു കണ്ട വിവരം നിന്നോടു പറഞ്ഞോ?''

''ഇല്ല.'' ഫണിയുടെ മാംസപേശികഠം ചുരുങ്ങുന്നതായി അവഠംക്കു തോന്നി.

"കഴിഞ്ഞ തിങ്കളാഴ്ചയായിരുന്നു. ഞാൻ മാൎക്കററിൽനിന്നും മടങ്ങിവരുന്ന സമയം. അപ്പോഴാണു് ആ കാർ കണ്ടതു്. അതു് ആരുടെയും ശ്രദ്ധ ആകൎഷിക്കുന്നതല്ലെ. പീററർ ആ കാറിൽ അവളുടെകൂടെ ഇരിക്കുന്നതു ഞാൻ കണ്ടു. കാർ മിന്നൽപ്പിണർപോലെ പാഞ്ഞുപോയി. എന്നാലും ഞാൻ അവരുടെ മുഖഭാവങ്ങഠം കാണാതിരുന്നില്ല. അവർ രണ്ടുപേരും എന്തിനെയോപററി തൎക്കിക്കുന്നതായി എനിക്കു തോന്നി."

ഫണി ചിരിക്കുവാൻ വൃഥാ ശ്രമിച്ചു. ''റോഡിൽ വെച്ചു് അവഠം ചേട്ടനെ കണ്ടിരിക്കാം. ഇറങ്ങേണ്ട സ്ഥലത്തു് ഇറങ്ങാമെന്നു പറഞ്ഞു് ചേട്ടനെ കാറിൽ കയററിക്കാണും. അതിൽ യാതൊരു അസാധാരണത്വവും ഇല്ല."

"എന്നാൽ അവർ എന്തിനെപ്പററിയായിരിക്കും വാഗ്വാദം നടത്തിക്കൊണ്ടിരുന്നതു്?"

''എനിക്കു് ഊഹിക്കുവാൻ കഴിയുന്നില്ല അമ്മ

തന്നെ പറഞ്ഞില്ലെ, അമ്മയുടെ ഊഹാപോഹങ്ങഠം ഓരോന്നിനും നിറപ്പകിട്ടു കൊടുക്കുന്നെന്നു്."

മരിയ അവരുടെ തണുത്ത കൈകൊണ്ടു് ഹെനിയുടെ കൈക്കു പിടിച്ചു. "എനിക്കു തോന്നുന്നതു് നീയും എന്നോടു തുറന്നല്ല സംസാരിക്കുന്നതെന്നാണു്. അസുഖകരമായതും എന്നെ വേദനിപ്പിക്കുന്നതുമായ കാൎയ്യങ്ങഠം എന്നെ ഗ്രഹിപ്പിക്കാതെ കഴിക്കുവാൻ നീ ആഗ്രഹിക്കുമെന്നു് എനിക്കറിയാം. ഹെനീ, ഇതെല്ലാം എൻെറ ഊഹം മാത്രമാണു്. ഒരു ആശങ്കയല്ലാതെ തെളിവൊന്നും എനിക്കില്ല. എന്നാൽ നിന്നെ എനിക്കറിയാം. എല്ലാ ഉത്തരവാദിത്വവും സ്വയമേറെറടുത്തുകൊണ്ടു് നീ സ്നേഹിക്കുന്ന മററുള്ളവരെ ഒഴിവാക്കണമെന്നാണു് നിൻെറ ആശ."

അവർ ഹെനിയുടെ കരങ്ങഠം മന്ദമായമർത്തി. "ആ ഉദാരമനഃസ്ഥിതി നല്ലതല്ല മകളെ. നിന്നെപ്പോലെ തന്നെ മറെറാരാളെ സംബന്ധിക്കുന്ന കാൎയ്യമാണെങ്കിൽ നീ തന്നെയല്ല അതു് അയാഠംക്കു വേണ്ടി രഹസ്യം പാലിക്കേണ്ടതു്. അതു തെററാണു്. മറെറയാഠംക്കും സന്ദർഭം നൽകണം. നിന്നോടു ചേൎന്നു് കാൎയ്യങ്ങഠം തീരുമാനിക്കുവാൻ അയാഠംക്കും സൌകൎയ്യം ഉണ്ടാകണം. അയാളുടെ ആശയങ്ങളും കഴിവുകളുംകൂടി നിൻേറതിനോടു ചേൎത്തു വിനിയോഗിക്കണം. നീ കാണാത്ത ചിലതു് കാണുവാൻ അയാഠംക്കു കഴിഞ്ഞേക്കും. അതു നിന്നെപ്പോലെതന്നെ മറെറയാളുടെയും പ്രശ്നമാണെന്നു

കരുതുക. മുഴുവനും തനിച്ചേറ്റെടുക്കുവാൻ ശ്രമിക്കരുത് അതു പകുത്തെടുക്കുകയാണു നല്ലതു്."

ഒടുവിലത്തെ വാചകത്തിനു് അവർ അല്പം ശക്തി നൽകി. പതിവനുസരിച്ചുള്ള അവരുടെ ശാന്തസ്വരത്തിലായിരുന്നു അവർ പറഞ്ഞതു്. മരിയ തന്റെ തയ്യൽസാമാനങ്ങളുമായി എണീററു. അവർ കുനിഞ്ഞു് അവളെ ചുംബിച്ചു.

"നീ ക്ഷീണിച്ചുവന്നിരിക്കുമ്പോഴാണു ഞാൻ പ്രസംഗിക്കുന്നതു്." അവർ പറഞ്ഞു. "പങ്കുചേരുന്നതിൻെറ ആവശ്യകത നിന്നെ പറഞ്ഞുമനസ്സിലാക്കണമെന്നു് ഞാൻ കരുതി. നല്ല കാര്യങ്ങൾ പങ്കിടുന്നതു് ഒരവകാശംതന്നെയാണു്. പക്ഷെ, പരസ്പരം സ്നേഹിക്കുന്നവർ അസുഖകരമായവയും പങ്കിടുമെന്നുള്ളതു് ഒരു കർത്തവ്യം കൂടിയാണു്."

അമ്മ അവരുടെ മുറിയിലേയ്ക്കു പോയി. ശിരസ്സ് കൈത്തലംകൊണ്ടു താങ്ങി ഹണി പിന്നെയും കുറേനേരംകൂടി അവിടെ ഇരുന്നു. കാര്യങ്ങൾ ഗ്രഹിക്കാതെ അമ്മ വീണ്ടും സംഭവങ്ങളുടെ ഉള്ളിലേയ്ക്കു ചികഞ്ഞു നോക്കുകയാണു്. അവരുടെ മദ്ധ്യത്തിൽ ആ ചോദ്യം വീണ്ടും മുഴങ്ങി. "നീ തെററാണോ ചെയ്യുന്നതു്?' എന്തു പറയണമെന്നു അവൾക്കറിഞ്ഞുകൂടാ. നിരാശാജനകമായ ഒരു ചോദ്യം അവളുടെ ഹൃദയത്തിൻെറ അഗാധതലത്തിൽനിന്നും മുഴങ്ങി. "എനിക്കു് ഒന്നും ചെയ്യുവാൻ സാധിക്കുമായിരുന്നില്ല."

കുറച്ചുകഴിഞ്ഞപ്പോൾ അവൾക്കു മറെറാരുസംശ

യം അങ്കുരിച്ചു. ബീനാ അങ്ങനെ തനിച്ചു നടക്കാൻ പോകുക പതിവില്ലാത്തതാണു്. ഹെണ്ടി എഴുന്നേറവ് അവർ പതിവായി സവാരിക്കു പോകാറുള്ള ഭാഗത്തേയ്ക്കു നടക്കുവാനിറങ്ങി. മുൻവശത്തെ പാതവിട്ടു് നടന്നുതുടങ്ങിയപ്പോൾ ബീനാ എതിർഭാഗത്തുകൂടി വരുന്നതു് അവൾ കണ്ടു.

"ബീനാ, നിനക്കു് അസുഖമൊന്നുമില്ലല്ലോ?"

"എനിക്കൊന്നുമില്ല ചേച്ചി!" വളരെ ലാഘവത്തിൽ അവൾ പറഞ്ഞു. പക്ഷേ, അവൾ ഹെണ്ടിയുടെ നയനങ്ങളിലേയ്ക്കു നോക്കാതെയായിരുന്നു സംസാരിച്ചതു്. "ഞാൻ അങ്ങനെ നടന്നു് ആ വലിയ മരുന്നുവില്പനശാലയിൽ ചെന്നു. അവിടത്തെ ഫോൺബുക്കിൽ പിൻേറാകുടുംബത്തിൽപെട്ട ആരുടെയെങ്കിലും പേരു കാണുമോ എന്നറിയാനായിരുന്നു."

"ഫോൺബുക്കിലോ?" ഹെണ്ടി സാത്ഭുതം ചോദിച്ചു.

"അതെ, എന്റെ ബന്ധുക്കളിൽ ചിലർ ഈ പരിസരത്തു താമസിക്കുന്നുണ്ടെന്നു് എനിക്കറിയാമായിരുന്നു." അതേ ലാഘവസ്വരത്തിൽത്തന്നെ അവൾ പറഞ്ഞു. "ആരോ ഉദ്യോഗാർത്ഥം പട്ടണത്തിൽ പോന്നതായി എനിക്കറിയാം. അദ്ദേഹത്തിന്റെ പേരു് ആർച്ചി എന്നാണു്. നല്ല ഉയരമുള്ള അദ്ദേഹം ഒരു രസികനുംകൂടിയാണു്. ഭാര്യ കൃശഗാത്രിയായ ഒരു സ്ത്രീ. ഞാൻ ഫോണിൽ അവരെ വിളിച്ചപ്പോൾ അവർക്കു് വളരെ സന്തോഷമായി. ഞാൻ നേരത്തേതന്നെ അവരെ ഓർമ്മിക്കേണ്ടതായിരുന്നു."

# 20

അവർ തിരിച്ചു ഗൃഹത്തിലേയ്ക്കു നടന്നു. എന്തോ ഒരു തണുപ്പും അസ്വസ്ഥതയും ഉദരത്തിൽ അനുഭവപ്പെടുന്നതായി ഹെണിയ്ക്കു തോന്നി. ഫോൺബുക്ക് അവരുടെ ഭവനത്തിൽ തന്നെയുണ്ട്. അതിൽ നോക്കുന്നതിനു പകരം അവൾ മരുന്നുകടയിൽ പെറമ തന്റെ ബന്ധുക്കൾക്കു ഫോൺ ചെയ്തിരിക്കുന്നു.

ബീനാ കല്പടികൾ ചവിട്ടി ഇറങ്ങുമ്പോൾ ഹെണി അവളെ പിടിച്ചുനിർത്തി. "ബീനാ, വേണ്ട. നിനക്കു പോകുവാൻ സാധിക്കയില്ല. ഇല്ല. ദയവുചെയ്തു പോകരുത്."

"ഫ്രെഡ്ഡീ നോക്കൂ." വളരെനേരം അവൾ ഇതിനെപ്പററി ചർച്ച ചെയ്തിരുന്നതുപോലെ തോന്നുമായിരുന്നു. "ഞാൻ നിങ്ങളുടെകൂടെ താമസിക്കുവാൻ തുടങ്ങിയിട്ട് വളരെ നാളുകളായി. ഇത്രയും നാൾ താമസിച്ചതുതന്നെ ഭയങ്കരമായി എനിക്കു തോന്നുന്നു. ഞാൻ നിങ്ങൾക്ക് ഒരു ഭാരമായിത്തീർന്നിരിക്കുകയാണ്."

"ഭാരമൊ? നിനക്ക് എങ്ങനെ അതു പറയുവാൻ കഴിയുന്നു?" ഹെണി ബീനായുടെ തോളിൽ പിടിച്ചു കുലുക്കി. "അതു ശരിയല്ല ബീനാ. നീ ഞങ്ങളുടെ കുടുംബത്തിലെ ഒരംഗത്തെപ്പോലെയാണ്. നീ ഇല്ലാതെ ഞങ്ങൾക്കു കഴിഞ്ഞുകൂടുവാൻ നിവൃത്തിയില്ല. എന്നിട്ടും നീ ഒരു ഭാരമാണെന്നു പറയുന്നല്ലൊ."

"ശരി. എന്നാൽ ഞാൻ മറെറാരാൾക്കു് ഒരു ഭാരമാണു്." അവൾ തൻെറ ചെറിയ വദനം തിരിച്ചുകൊണ്ടു്, നയനങ്ങൾ താഴ്ത്തി പറഞ്ഞു. "ചേച്ചീ, ഇങ്ങനെ അല്ലായിരുന്നു ഞാൻ കരുതിയിരുന്നതു്. ഈ പ്രകൃതം വ്യത്യാസപ്പെട്ടും എന്നു ഞാൻ ആശിച്ചു. പക്ഷെ, കഴിഞ്ഞ ഞായറാഴ്ച സത്യാവസ്ഥ എനിക്കു ബോദ്ധ്യമായി."

"പക്ഷെ, ചേട്ടൻെറ ഭാവപ്രകൃതം നിൻെറ നേക്കല്ലായിരുന്നു. നീയുമായി അതിനു് ഒരു ബന്ധവുമില്ല. അതു് ആ ചിത്രത്തെ സംബന്ധിച്ചായിരുന്നു."

"ചേച്ചീ, ആ ചിത്രം എൻേറതാണു്." നേരേനോക്കാതെ ബീനാ പറഞ്ഞു. "ആദ്യംമുതല്ക്കുതന്നെ എനിക്കു് ഈ വിചാരമുണ്ടായിരുന്നു. ഞാൻ എവിടെയാണു നില്ക്കുന്നതെന്നു് എനിക്കു നിശ്ചയമില്ലായിരുന്നു. അദ്ദേഹം വന്ന ആദ്യദിവസം, ചേച്ചി ഇല്ലായിരുന്നു. എന്നെ കണ്ടയുടനെ തിരിഞ്ഞോടുവാൻ ഭാവിച്ചപോലെ തോന്നി. എനിക്കതു ശരിയായി പറഞ്ഞറിയിക്കുവാൻ വയ്യ. പിന്നീടു വ്യത്യാസപ്പെടുകയും എന്നെ കാറോടിക്കുവാൻ പഠിപ്പിക്കുകയും ചെയ്തെങ്കിലും ഒരു അരക്ഷിതാവസ്ഥ എനിക്കു് അനുഭവവേദ്യമായിരുന്നു. അദ്ദേഹത്തിൻെറ അനുഭാവം എന്താണെന്നു് എനിക്കു മനസ്സിലായില്ല. എന്നാൽ കഴിഞ്ഞ ഞായറാഴ്ച അതു പ്രത്യക്ഷപ്പെടുകതന്നെ ചെയ്തു. അന്നുമുതൽ.........
ചേച്ചീ, ഇതു തുടന്നുകൊണ്ടുപോകുവാൻ ഞാൻ അശക്തയാണു്."

നിസ്സഹായതയോടെ ഹണി പറഞ്ഞു. "ഓ, ബീനാ, അതിൽ ഒരർത്ഥവുമില്ല. നീ ഒന്നുകൂടി ആലോചിക്കുക. എനിക്കുവേണ്ടി നീ അങ്ങനെ ചെയ്യരുതല്ലേ?"

ബീനാ അവളുടെ ഗൗരവമാർന്നതെങ്കിലും നിഷ്കളങ്കനയനങ്ങൾകൊണ്ടു് ഹണിയെ വീക്ഷിച്ചു "ചേച്ചീ, ചേച്ചിയ്ക്കു് എന്നോടു വളരെ സ്നേഹമുണ്ടെന്നു് എനിക്കറിയാം. കാര്യങ്ങൾ ഗ്രഹിക്കുമെന്നു ഞാൻ മനസ്സിലാക്കുന്നു. പരിതഃസ്ഥിതികൾകൊണ്ടു് ഞാൻ ഇവിടെ താമസിക്കുന്നതു ശരിയല്ല. ഞാൻ രാവിലെ എന്റെ ബന്ധുക്കളുടെ അടുക്കൽ പോകുന്നതാണു്."

ഹണി നിശ്ചലയായി നിന്നു. താൻ നില്ക്കുന്നിടം താഴ്ന്നുപോകുന്നതുപോലെ അവൾക്കു തോന്നി. സ്നേഹപൂർവ്വം അവൾ ബീനായുടെ ഹസ്തം ഗ്രസിച്ചു. അവൾ ഗൃഹാന്തർഭാഗത്തേയ്ക്കു കടന്നു. "ബീനാ, നീ ചേട്ടനോടു പറഞ്ഞോ?"

"ഇല്ല, പറഞ്ഞിട്ടില്ല."

ഹണി നേരെ പുറത്തേയ്ക്കാണു പോയതു്. അവൾ പിന്നിലെ വാതായനത്തിൽക്കൂടെ തോട്ടത്തിലേയ്ക്കു നടകൊണ്ടു. മുല്ലവള്ളികൾ ചമച്ച ലതാനികുഞ്ജത്തിൽ പീററർ ഒരു പ്രതിമാസമാനം ഇരിക്കുന്നതു കണ്ടു. കൈകൾ മുട്ടിന്മേൽ വെച്ചുകൊണ്ടു് മുൻപോട്ടാഞ്ഞു നിലത്തു നോക്കിയിരിക്കയാണു്. വലത്തുകയ്യിലെ വിരലുകൾക്കിടയിൽ സിഗററ് എരിഞ്ഞുകൊണ്ടിരുന്നു.

അവൾ അടുത്തു. അയാൾ തലയുയർത്തി നോക്കിയില്ല.

"ചേട്ടാ, ബീനാ പോകുന്നു. അവൾ രാവിലെ ഇവിടെനിന്നും പോകുകയാണ്."

സിഗററ താഴെ വീണു. ആ ഒരു ചലനം മാത്രമേ ഉണ്ടായുള്ളു. ഇരുട്ടായിത്തുടങ്ങിയിരുന്നതിനാൽ അയാളുടെ വദനം കാണുവാൻ കഴിഞ്ഞില്ല.

"അതു ചേട്ടൻ കാരണമാണ്." ഹെന്നി തുടന്നു. "ഞാൻ ആ ചിത്രം കൊണ്ടുവന്നപ്പോൾമുതലുള്ള ചേട്ടൻെറ പെരുമാററംകൊണ്ടാണ്. അവൾ തിരസ്കരിക്കപ്പെട്ടിരിക്കുന്നു എന്നാണ് ധാരണ. ചേട്ടനു മനസ്സിലാകുന്നുണ്ടോ? ചേട്ടൻ അവളെ തിരസ്കരിച്ചിരിക്കുന്നു എന്നാണവളുടെ സങ്കടം."

ഇപ്പോൾ അവൾക്ക് അയാളുടെ ശ്വാസോച്ഛ്വാസം കേൾക്കാം. വളരെ പ്രയാസപ്പെട്ടുകൊണ്ടുള്ള ശ്വാസഗതി. അയാളുടെ തോൾവലയങ്ങളും, കൈകളും മടക്കിവെച്ച ഷർട്ടിൻെറ കൈയും അവൾക്കു നല്ലവണ്ണം കാണുവാൻ കഴിയുമായിരുന്നു. കഴുത്തിൻെറ പിന്നിലുള്ള ഞരമ്പുകൾ ജൃംഭിച്ചുനിന്നിരുന്നു.

"അതിൻെറ അർത്ഥം ചേട്ടൻ ഇനി അവളെ കാണുകയില്ലെന്നാണ്. ചേട്ടൻെറ വഴിത്താരയിൽ ഇനി അവൾ പ്രവേശിക്കയില്ല. എനിക്കവളെ അറിയാം. അവളുടെ പ്രകൃതവും ഞാൻ മനസ്സിലാക്കുന്നു. ചേട്ടന്റെ ജീവിതത്തിൻെറ ഒരററത്ത് അവൾ പററിക്കൂടുകയില്ല. അവൾ പോകുന്നതു നന്മയ്ക്കായിരിക്കും."

അയാളുടെ ഭുജങ്ങൾ ചലിച്ചു. ശരീരം മുഴുവനും

അത്യധികമായ വേദന അനുഭവിക്കുന്നതുപോലെ തോന്നിക്കുമായിരുന്നു.

"ഓ, ചേട്ടാ, ഞാൻ എന്തുമാത്രം മനോവേദന അനുഭവിക്കുന്നുണ്ടെന്ന് ചേട്ടനറിയാമോ? അതെ, ചേട്ടനു വേണ്ടിത്തന്നെ. ചേട്ടൻ ആ വേദനയുടെ ആഴം അറിയുന്നുണ്ടോ? ഇപ്പോഴത്തെ ചേട്ടന്റെ രൂപത്തെ നോക്കുക. ആ ചിത്രം വരച്ച ചേട്ടനെയും നോക്കുക. എന്തു വ്യത്യാസം! ചേട്ടന്റെ പൌരുഷവും, ആത്മാവും ധൈര്യവും യുദ്ധരംഗത്ത് നഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ ഇപ്പോൾ അതെല്ലാം നശിക്കുകയാണ്. അവളുടെ അടുക്കൽ ചെല്ലുക; എല്ലാം പറയൂ ചേട്ടാ. ചേട്ടൻ ചെയ്ത പ്രവൃത്തി ഇല്ലാതാക്കുക. ചേട്ടാ, ഞാൻ കേണപേക്ഷിക്കുകയാണ്. ചെല്ലൂ ചേട്ടാ. ചേട്ടന്റെ ഒടുവിലത്തെ സന്ദർഭമാണ്."

അയാളുടെ ഹൃദയത്തിൽ തിരമാലകൾ തല്ലിയടിച്ചു; മാംസപേശികൾ വിജൃംഭിതങ്ങളായി.

ചങ്ങലകൊണ്ടു ബന്ധിച്ച നിസ്സഹായനായ ഒരുവനെപ്പോലെ അവൾക്കു തോന്നിച്ചു. സർവ്വശക്തികളും സംഭരിച്ച് അയാൾ ബന്ധനവിമുക്തനാകുവാൻ ശ്രമിക്കുകയാണ്.

"ഒരു പ്രയോജനവുമില്ല" ഇടറിയ ചരുക്കൻശബ്ദത്തിൽ അയാൾ പറഞ്ഞു. "എനിക്കൊന്നും ചെയ്യുവാൻ നിവൃത്തിയില്ല. വസ്തു വാങ്ങിയ മനുഷ്യൻ അതു ജയയ്ക്കു കൈമാറിക്കഴിഞ്ഞു."

അപഹാസ്യമായ എന്തോ ഒന്ന് ആ രാത്രിയ്ക്കു

ള്ളയ്യുപോലെ തോന്നി. ചന്ദ്രിക അതിൻെറ പാലൊ ളിച്ചീന്തുകൾ നഗരം മുഴുവനും വിതറി. എന്തോ മായാ ശക്തി ആ വെള്ളിനിലാവിൽ അന്തർലീനമായിട്ടുണ്ടു്. വൃക്ഷത്തലപ്പുകളിൽ പ്രത്യക്ഷപ്പെട്ട ആ ശീതകിരണ ങ്ങൾ വെള്ളച്ചാട്ടത്തിൻെറ പ്രതീതി തോന്നിപ്പിക്ക മായിരുന്നു. അവൾ അങ്ങനെ നടക്കുകയാണ്. കടന്നു പോകുന്ന ജാലകങ്ങളിൽക്കൂടി ഗാനശകലങ്ങൾ അവളു ടെ ശ്രവണേന്ദ്രിയങ്ങളിലും പതിയുന്നുണ്ടു്. ചില സ്ഥ ലങ്ങളിൽനിന്നു പൊട്ടിച്ചിരികളും. കാറുകൾ അവിട വിടെയായി കിടന്നിരുന്നു. ചില ഗേററുകളുടെ ഉള്ളിൽ നിന്നും മന്ദസമീരണൻ റോസ, മുല്ല മുതലായ സുമങ്ങളു ടെ സുഗന്ധവും കവർന്നുകൊണ്ടുപോരുന്നുണ്ടു്. ഊടുപാ തകൾപോലും ചന്ദ്രരശ്മി തട്ടി തിളങ്ങിക്കൊണ്ടിരുന്നു.

## 21

ഹണി നടക്കുകയാണു്, എങ്ങോട്ടെന്നില്ലാതെ. എത്രദൂരം നടന്നുവെന്നും അവൾക്കു നിശ്ചയമില്ല. അവ സാനിക്കാത്ത രാത്രിയിലെ അവസാനിക്കാത്ത യാത്ര പോലെ. നടപ്പിനു് അർത്ഥമോ ലക്ഷ്യമോ ഇല്ല, ആശ യുമില്ല. അവൾ ഒരു വഴി തിരഞ്ഞെടുത്തു; പക്ഷേ ആ മാർഗ്ഗത്തിലുള്ള അവളുടെ ശ്രമത്തിൻെറ ഫലമൊ തോൽവി. എല്ലാം ഭയങ്കരമായവിധത്തിൽ അവൾ ക്കെതിരായി പരിണമിച്ചു; ലേശം ഭയമില്ലാതെ പള്ളി

ളിച്ചുകാട്ടുകയാണു ചെയ്തതു്. ഇനിയൊന്നും നോക്കുവാനില്ല; അവളുടെ ഭയങ്കര ത്യാഗം മാത്രം അവശേഷിച്ചിരിക്കുന്നു. അതെ, ആ ത്യാഗം ഭയങ്കരമായിരുന്നു. അവളുടെ ജീവിതത്തിൻെറ ഒരു ഭാഗം—സന്തോഷപൂർണ്ണവും ക്ലേശരഹിതവുമായ ദിവസങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു.

അതെ, അന്നത്തെ യുവതിയല്ല ഇന്നിപ്പോൾ ആ തെരുവിൽക്കൂടെ നടന്നുപൊയ്ക്കൊണ്ടിരിക്കുന്നതു്.

എല്ലാം എന്തിനുവേണ്ടിയായിരുന്നു? വില്ലിയുടെ ഭാവി സുരക്ഷിതമാക്കുന്നതിനു് അവൾ ശ്രമിച്ചു; എന്നാൽ അയാൾ അതു സ്വയം ഉപേക്ഷിക്കുവാൻപോകുയാണു്. തൻെറ സഹോദരനെ മാനസാന്തരപ്പെടുത്തുവാൻ—അയാൾ ചെയ്ത പ്രവൃത്തിയെ അഴിച്ചുപണിയുവാൻ അവൾ ശ്രമിച്ചു. അതും വിഫലമായി. അയാൾ അതിനു് അപ്രാപ്തനായിരിക്കുന്നു. അവൻ ബീനായെ സ്വഗൃഹത്തിൽ കൊണ്ടുവന്നു. ജയ പറഞ്ഞതുപോലെ അമ്മ അവളെ നിർവ്യാജം സ്നേഹിക്കയും ചെയ്യുന്നു. എന്നെങ്കിലും കള്ളി വെളിച്ചത്തായാൽ ഫലം ചിന്താതീതമായ വിപത്തായിരിക്കും.

ബീനാ മാത്രമല്ല, ആസ്പത്രിയിൽ കിടക്കുന്ന ആ ഉത്തമയായ വൃദ്ധപോലും സ്നേഹപാശത്താൽ തങ്ങളുമായി ബന്ധപ്പെട്ടുകഴിഞ്ഞു. അതെ, അവർ അമ്മയുടെ ഒരു സ്നേഹിതയാണു്. അമ്മ വിലമതിക്കുന്ന—അമ്മയെ സന്തുഷ്ടരാക്കുന്നവരാണു് അവർ രണ്ടാളും. അവൾ മുൻപു ബീനായോടു പറഞ്ഞതു് എത്രയോ വാസ്തവമാ

ണു്. "നീ ഞങ്ങളുടെ കുടുംബാംഗങ്ങളിൽ ഒരാളാണു്." ആ രണ്ടു കുടുംബങ്ങളും ഒന്നായതുപോലെയാണു കഴിയുന്നതു്. എന്നാൽ താൻതന്നെ ക്രൂരവും ആപല്ക്കരവുമായ വിധത്തിൽ ഉയർത്തിയ പാറയിൽ തട്ടി ഇതാ ഉടയുവാൻ പോകുന്നു. എല്ലാം കൂടുതൽ വഷളാക്കുവാൻ സഹായിക്കുകയാണവൾ ചെയ്തതു്.

സിഗററ കയ്യിൽ പിടിച്ചുകൊണ്ടു് നില്ക്കുന്ന വില്ലിയെ അവൾ കാണുന്നതുപോലെ തോന്നി. ബീനായുടെ ഗൃഹത്തിൽ കണ്ട വില്ലി—അവൾ അയാളെ സ്മരിച്ചു. അയാളുമായി ചിലവഴിച്ചിട്ടുള്ള ഓരോ നിമിഷവും അവളോർത്തു. അങ്ങനെ ചിന്താസരണിയിൽ കൂടി അവളൊഴുകിനടന്നു. അതെ, ഓരോ മധുരസ്മരണകളും അയവിറക്കിക്കൊണ്ടു്.

"ഓ, വില്ലീ, വില്ലി" അവൾ കരഞ്ഞുകൊണ്ടു് അധികം ശബ്ദത്തിലല്ലാതെ പറഞ്ഞു: "അങ്ങു് എവിടെയാണു്? എന്തുചെയ്യുന്നു? ഞാൻ വിചാരിക്കുന്നതുപോലെ അങ്ങു് എന്നെ സ്മരിക്കുന്നുണ്ടോ? വരൂ, വില്ലീ എന്നോടു സംസാരിക്കൂ, എന്നെ സഹായിക്കുക. ഞാൻ എന്തു തെററു ചെയ്തു? എന്താണു ഞാൻ ചെയ്യാതിരുന്നതു്?"

പക്ഷെ, മറുപടിയുണ്ടായില്ല—ആ നിശാവേളയിൽ അവളുടെ കാൽച്ചുവടുകൾ മാത്രം ശബ്ദിച്ചു. അവളുടെ ആത്മാവു് അയാളോടു മന്ത്രിച്ചു: "ജോലി ഉപേക്ഷിക്കരുതു്. അങ്ങയുടെ ജീവിതവും ഭാവിയും നശിപ്പിക്കരുതു്. എന്നെപ്പററിയുള്ള സകല സ്മരണ

കളും അകന്നുപോകും. വിഷമിക്കരുതേ. അഞ്ജയുടെ ദിവസങ്ങൾ കടന്നുപോകും. കാലക്രമേണ എല്ലാം മങ്ങി മാഞ്ഞുപോകും. സ്മരണപോലും ഉണ്ടാകയില്ല."

അവൾ വളരെ സാവധാനം നടന്നു. "ഇതെൻെറ അവസാനമാണു്" അവൾ വിചാരിച്ചു. "ഞാൻ തോററു. എനിക്കെന്തു സംഭവിക്കും? എവിടെയെങ്കിലും പോകാമെന്നു് അമ്മയോടു പറയും. അമ്മ തന്റെകൂടെ പോരുന്നതിനു പറയണം."

അവളുടെ ഹൃദയം കൂടുതൽ പ്രക്ഷുബ്ധമായി. വിദൂരസ്ഥലങ്ങൾ കൺമുൻപിൽ അവൾ ദർശിച്ചു — ഡൽഹി മദ്രാസ്, ബോംബെ. എവിടെയെങ്കിലും ജോലി സമ്പാദിക്കുക. എന്നിട്ടു് എല്ലാം വിസ്മൃതകോടിയിൽ തള്ളുക.

അവൾ ഒടുവിൽ സ്വഭവനത്തിൽത്തന്നെ എത്തിച്ചേർന്നു. അമ്മയുടെ മുറിയിലെ ദീപം അണഞ്ഞുകഴിഞ്ഞിരുന്നു. താഴത്തെ നിലയിൽ ആരെയും അവൾ കണ്ടില്ല. പുറകുവശത്തെ വാതായനത്തിലൂടെ തൻെറ മുറിയിലേയ്ക്കു പോകാമെന്നു് അവൾ കരുതി. അടുക്കളയിൽ അവൾ വിളക്കു കത്തുന്നതു് കണ്ടു മേശയ്ക്കരികിൽ ബീനാ ഇരിക്കുന്നതാണവൾ കണ്ടതു്.

ആ ചെറിയ വദനം വിളറിയിരുന്നു. ആ ഇരിപ്പിൽ എന്തോ ഒരു വല്ലായ്മ തോന്നി. നിശ്ചലയായി തൻെറ കരങ്ങളിൽതന്നെ നോക്കിക്കൊണ്ടിരുന്ന ബീനായുടെ സമീപം ഫണി എത്തി. അവളെ സ്പർശിക്കുകയോ, സംസാരിക്കുകയോ ചെയ്യുമായിരുന്നു. പക്ഷേ

അവരം സ്വയം നിയന്ത്രിക്കുകയാണു ചെയ്തതു്. അതെ, അവിടെയായിരുന്ന തന്റെ അമ്മയും ഇരുന്നിരുന്നതു്; ഇതേവിധത്തിൽതന്നെ ആലോചനാധീനയായി. എന്നാൽ ഇപ്പോഠം ഒരു വലിയ വ്യത്യാസം അടുക്കളയിൽ തോന്നി. ബീനായിൽനിന്നായിരുന്ന ആ വ്യത്യാസം നിഴ്ഗളിച്ചതു്. ഇതുവരെയ്ക്കും ഏററവും ഹൃദ്യമായ നിലയിലായിരുന്ന അവരുടെ ജീവിതം. ഇപ്പോഠം വളരെ അകൽച്ച തോന്നി.

ഈ നിശ്ചലാവസ്ഥയിൽ അവരം കുറേനേരം കഴിച്ചു. "അദ്ദേഹം എന്നോടു പറഞ്ഞു." ബീനാ ആ നിശ്ശബ്ദത ഭഞ്ജിച്ചു.

ഹെണി അവളുടെ സമീപമിരുന്നു. അവളുടെ ഹൃദയത്തിൽ വികാരങ്ങളുടെ ഒരു വേലിയേററംതന്നെ ഉണ്ടായി. ഹെണി ആ അനാഥബാലികയ്ക്കുവേണ്ടി വാങ്ങിയ സമ്മാനം അപ്പോഴും ആ മേശപ്പുറത്തുണ്ടായിരുന്നു. കൂടെ അമ്മയുടെ തുന്നൽസഞ്ചിയിൽനിന്നു വീണ ഒരു അംഗുലീകവചിതവസ്തുവും. എന്തോ ചില സംഭവവികാസങ്ങഠം ഉണ്ടായിരിക്കുന്നു. ബീനാ ശാന്തസ്വരത്തിൽ പറഞ്ഞുതുടങ്ങി.

"ഞാൻ പോകുന്ന വിവരം അദ്ദേഹത്തെ ധരിപ്പിക്കുന്നതിനായി ഞാൻ ചെന്നു. ചേച്ചി പോയതിനു ശേഷമായിരുന്നു. സത്യമെല്ലാം അദ്ദേഹം എന്നോടു പറഞ്ഞു"

താൻ ഇതുവരെ അനുഭവിച്ചതെല്ലാംകൂടി ഹെണിയുടെ ഹൃദയത്തെ ശൂന്യമാക്കിത്തീർത്തു. താങ്ങാനാവാ

ത്ത ഒരു ഭാരം അവളെ കീഴ്പ്പെടുത്തുന്നതായി അവ ൾക്കു തോന്നി. ആ പ്രാശാന്തനയനങ്ങളെ നേരിടുവാൻ അവൾക്കു കെല്പില്ലാതായി. ശിരസ്സു കുനിച്ചുകൊണ്ടു് അവൾ കാത്തിരുന്നു.

"എന്നെ നേരിടുവാൻ അദ്ദേഹത്തിനു കഴിഞ്ഞ തെന്തുകൊണ്ടാണെന്നു് ഞാൻ ഇപ്പോൾ മനസ്സിലാക്കു ന്നു. എന്റെ നേക്കുള്ള അദ്ദേഹത്തിന്റെ വികാരങ്ങളെല്ലാം ഞാൻ അറിയുന്നു. എല്ലാം എന്നോടു തുറന്നുപറഞ്ഞു. ആദ്യംമുതൽ അന്ത്യംവരെ. ചേച്ചി അറിഞ്ഞിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.'

ഹണിയുടെ ഹൃദയത്തിലെ ഭാരംനിമിത്തം രണ്ടു പ്രാവശ്യം അവൾ സംസാരിക്കുവാൻ ശ്രമിക്കയുണ്ടായി.

"ശരി, എനിക്കറിയാം."

അതേ ശാന്തസ്വരത്തിൽ ബീനാ തുടന്നു: "ചേ ച്ചി അറിഞ്ഞിരുന്നെങ്കിൽ എന്തുകൊണ്ടാണു് എന്നെ അറിയിക്കാഞ്ഞതു്?"

ആ ചോദ്യം മുറിയിൽ മുഴങ്ങുന്നതായി തോന്നി. ഉത്തരം നല്കുവാൻ സാധിക്കാത്ത നിശിതമായ ചോദ്യം. ''എന്റെ സുഹൃത്തുക്കൂടെ ആയിരുന്നിട്ടും എന്തുകൊണ്ടാ ണു് എന്നെ അറിയിക്കാഞ്ഞതു്?"

"എനിക്കു സാധിക്കുമായിരുന്നില്ല ബീനാ. പറ യുവാൻ ഞാൻ അശക്തയായിരുന്നു. ആശയുണ്ടായിരു ന്നിടത്തോളംകാലം പറയുവാൻ സാധിക്കുമായിരുന്നി ല്ല. എല്ലാം ചേട്ടൻ അഴിച്ചുപണിയുമെന്നു ഞാൻ ആ ശിച്ചു; പ്രതീക്ഷിച്ചു. എന്നാൽ ഇന്നു രാത്രി മാത്രമാ

ണ് ആ ആശ അസാദ്ധ്യമാണെന്നു ഞാൻ മനസ്സിലാക്കിയതു്." അവളുടെ ശിരസ്സ് പൂർവ്വാധികം നമ്രമായി. "ബീനാ, നിന്നോടുള്ള കടപ്പാട് എനിക്കൊരിക്കലും തീർക്കുവാൻ സാധിക്കയില്ലെന്നു ഞാൻ അറിഞ്ഞിരുന്നു. പക്ഷെ ശ്രമിക്കണമെന്നു ഞാൻ ആഗ്രഹിച്ചു."

"ചേച്ചിക്കു് എന്നോടു് ഒരു കടപ്പാടും ഇല്ല. എപ്പോഴും ഞാൻ സ്നേഹിക്കുന്നതും ഇഷ്ടപ്പെടുന്നതുമായ ഒരാളായിരിക്കണം ചേച്ചി എന്നാണു് എൻെറ ആഗ്രഹം."

പെട്ടെന്നു് ഹണിയുടെ കണ്ണുകളിൽനിന്നു് അശ്രുപ്രവാഹമുണ്ടായി. അവൾക്കു സംസാരശക്തി ഉണ്ടായില്ല. മേശപ്പുറത്തിരുന്ന തൻെറ കൈത്തലങ്ങൾ വിറയ്ക്കുന്നതു് അവൾ കണ്ടു.

"അദ്ദേഹത്തോടുള്ള എൻെറ വികാരങ്ങൾ ചേച്ചി മനസ്സിലാക്കിയിരുന്നു എന്നാണു ഞാൻ വിചാരിച്ചിരുന്നതു്. അതിൽ ചേച്ചിക്കു വിശ്വാസമുണ്ടെന്നും എനിക്കറിയാം. അതെ, അതുകൊണ്ടുതന്നെയാണു് ചേച്ചി എന്നെ ഇവിടെ കൊണ്ടുവന്നതെന്നും ഞാൻ വിചാരിക്കുന്നു. ആ വികാരങ്ങളുടെ ആഴം നല്ലവണ്ണം ചേച്ചിയ്ക്കറിയാം. അതുകൊണ്ടു് ചേച്ചി അതിൽ വിശ്വസിക്കയും ചെയ്യുന്നു. വളരെ നേരമായി ഞാൻ ഇവിടെ ഇരുന്നു് ആലോചിക്കുവാൻ തുടങ്ങിയിട്ടു്. ഈ കാരണമൊന്നുകൊണ്ടാണോ ചേച്ചി ചേച്ചിയുടെ വിവാഹം റദ്ദുചെയ്തതു്?"

സമ്മതഭാവത്തിൽ ഫണിയുടെ ശിരസ്സ് അല്പമൊന്നു ചലിച്ചു.

"എനിക്കറിഞ്ഞുകൂടാ....... എനിക്കറിഞ്ഞുകൂടാ." ബീനായുടെ ശബ്ദത്തിൽ ആശ്ചര്യം സ്ഫുരിച്ചു. "എന്തു ചെയ്യണമെന്നോ എന്തു പറയണമെന്നോ എനിക്കറിഞ്ഞുകൂടാ ചേച്ചീ. ഞാൻ മിക്കവാറും നശിച്ച ഒരുവളെപ്പോലെ തോന്നി. അദ്ദേഹം നശിച്ചു കാണപ്പെട്ടതുപോലെ ഞാനും നശിച്ചവളായി തോന്നുന്നു." അവളുടെ ശിരസ്സ് സാവധാനത്തിൽ താണു. കൈത്തലത്തിൽ ശിരസ്സുണച്ചുകൊണ്ടു് അവരം ആദ്യമായി തേങ്ങിക്കരഞ്ഞു. "അദ്ദേഹം എവിടെപ്പോയാലും ഏതു സ്ഥിതിയിലായാലും ഞാനും അങ്ങനെതന്നെ. അതാണു് എന്റെ ജീവിതം. അതുമാത്രം എനിക്കറിയാം."

## 22

ടെലഫോൺബെൽ മുഴങ്ങി. അതു മുഴങ്ങുവാൻ തുടങ്ങിയിട്ടു് എത്രനേരമായി എന്നു രണ്ടു യുവതികളും അറിഞ്ഞില്ല. ഫണി എഴുന്നേററു് ടെലഫോൺ ഇരിക്കുന്ന മുറിയിലേയ്ക്കു ചെന്നു. വളരെ അകലെനിന്നും ആരോ വിളിക്കുന്നതായിരുന്നു.

തന്റെ സ്വരം വീണ്ടെടുക്കുന്നതിനു് ഫണിയ്ക്കു് ഏതാനും സെക്കൻറുകൾ വേണ്ടിവന്നു.

ഓപ്പറേററർ ഫോൺകണക്ഷൻ ശരിപ്പെടുത്തു

ന്നതു് അവരം കേട്ടു. ഒടുവിൽ അവരം കേട്ട ശബ്ദം മുകുന്ദൻേറതായിരുന്നു. അതു പരുക്കനും, ധ്രുതഗതിയിലും, ശ്വാസം വിടാതെ പറയുന്നതുപോലെയും അവരംക്കു തോന്നി.

"ജയ അവിടെയുണ്ടോ ഫണ്ണീ?"

ഫണ്ണിയുടെ പുരികക്കൊടികരം വളഞ്ഞു. "ഇല്ല" അവരം പ്രത്യുത്തരം നൽകി.

"ഫണ്ണി നിങ്ങളുടെ വീട്ടിൽ ഉണ്ടാകുമെന്നാണല്ലോ ഞാൻ ഗ്രഹിച്ചിരുന്നതു്. ഇന്നത്തെ സായാഹ്നം ജയയുടെകൂടെ കഴിക്കുമെന്നല്ലേ ഉദ്ദേശിച്ചിരുന്നതു്?"

വീണ്ടും ഓർമ്മയുടെ ചുരുളുകരം ഫണ്ണി വിടത്തുതുടങ്ങി. മുകുന്ദൻെറ സ്വരത്തിൽ എന്തോ ഒരു വല്ലായ്മ. അതിൽ അല്പം ഹാസ്യരസം ധ്വനിക്കുന്നില്ലേ? നിഷേധരൂപത്തിലുള്ള ഒരു മറുപടി പ്രതീക്ഷിച്ചുകൊണ്ടുള്ള ചോദ്യംപോലെ തോന്നി. ആ സ്വരത്തിൻെറ പിന്നിലുള്ള കോപാഗ്നി ജ്വലിപ്പിക്കുന്നതിനുകൂടിയല്ലേ ആ ചോദ്യം?

"നിങ്ങരം പറയുന്നതു് എന്താണെന്നു് മനസ്സിലാകുന്നില്ല." ഫണ്ണി മെല്ലെ പറഞ്ഞു. "ഞാൻ ജയയെ കണ്ടില്ല. അവരുമായി ഒരു കൂടിക്കാഴ്ചയ്ക്കു് ഇന്നു രാത്രിയോ മററതെങ്കിലും രാത്രിയോ നിശ്ചയിച്ചിട്ടുമില്ല."

സ്വയം നിയന്ത്രിക്കുവാൻ മുകുന്ദൻ ഭഗീരഥപ്രയത്നം ചെയ്യുന്നതുപോലെ തോന്നിച്ചു. ശാന്തനായി സംസാരിക്കുവാൻ ഒരു മനുഷ്യൻ ചെയ്യുന്ന വിഫലശ്രമംപോലെ.

"ഇന്നത്തെ തപാലിൽ ടൈപ്പുചെയ്ത ഒരു സന്ദേശം എനിക്കു ലഭിക്കയുണ്ടായി. എൻെറ ഭാര്യയുടെ ഇന്നു രാത്രിയിലെ പരിപാടികറം സൂക്ഷിച്ചുകൊള്ളുമെന്നായിരുന്നു അതു്. പക്ഷെ, സാധാരണയായി ഇങ്ങനെയുള്ള ഊമക്കത്തുകറം ഞാൻ സാരമായി ഗണിക്കാറില്ല. എന്നാൽ ഇതുപോലെയുള്ള ഒന്നു് ഏതാനും ആഴ്ചകറംക്കു മുൻപും എനിക്കു കിട്ടി. അതു് ഒരു ഞായറാഴ്ചയായിരുന്നു. ആറംപാർപ്പില്ലാത്ത ഒരു കഷ്ടഭവനത്തിൽ എൻെറ ഭാര്യയുടെ പ്രവർത്തനങ്ങറം ശ്രദ്ധിക്കണമെന്നായിരുന്നു അതിൽ. ആ സൂചന ശരിയായിരുന്നു. അതുകൊണ്ടു് ഇതും ശ്രദ്ധിക്കണമെന്നു് ഞാൻ നിശ്ചയിച്ചു. നിങ്ങളെ മറയായി പിടിച്ചുകൊണ്ടു് ഞങ്ങളുടെ ഭവനത്തിൽ അവറം ആരെയോ സ്വീകരിക്കുകയാണു്."

റിസീവർ കണ്ണുങ്ങളോടടുപ്പിച്ചു് ഒരു പാവയെപ്പോലെ നില്ക്കുകയാണു് ഹണി. അവളുടെ തൊണ്ട ചുരുങ്ങി; ശബ്ദം പുറത്തുവന്നില്ല.

"ഞാൻ വീട്ടിലേയ്ക്കു ഫോൺചെയ്തു. ആറ പ്രാവശ്യമെങ്കിലും വിളിച്ചിട്ടുണ്ടാവണം." അയാളുടെ സ്വരം കോപംകൊണ്ടു വിറച്ചു. "ഹണിയുടെ ഉദ്ദേശം എന്താണു്? ഞാൻ അങ്ങനെ ചോദിക്കരുതെന്നോ? ഞാൻ വീട്ടിലേയ്ക്കു് ഉടൻ പോവുകയാണു്."

അവറം നിന്നു ചലനരഹിതയായി, ഫോൺ കണക്ഷൻ നിന്നതിനുശേഷവും. ആ സന്ദേശം അവളുടെ ജീവിതത്തിൻെറ എല്ലാ വശങ്ങളെയും സ്പർശിക്കുന്നതാ

യിരുന്നു. ഏതാനും നിമിഷം അവൾക്കു് ഒന്നും ചെയ്യു വാൻ കഴിഞ്ഞില്ല. തുടരെത്തുടരെയുള്ള സംഭവവികാസങ്ങൾ അവളെ ആകെ ഉലച്ചു. മനസ്സാന്നിദ്ധ്യംതന്നെ നശിച്ചതായി അവൾക്കു തോന്നി. ജയയുടെ വസതിയിൽ ഹെണിയ്ക്കു് ഒരു കൂടിക്കാഴ്ച. ബീനായുടെ ഗൃഹത്തിൽവെച്ചു് അവളുടെ ചെവിയിൽ പതിഞ്ഞ ആ സംഭാഷണം അവളോർത്തു. അതെ, ജയ പറഞ്ഞതാണു് വില്ലിയും അവളുമായി ഒരു കൂടിക്കാഴ്ചയ്ക്കു് രംഗസംവിധാനം ചെയ്യാമെന്നു്.

അടുക്കളയിലേയ്ക്കു് അവൾ വിളിച്ചുപറഞ്ഞു. "എനിക്കുവേണ്ടി കാത്തിരിക്കു, ബീനാ. ഞാൻ വേഗം വരാം."

ഒരു വിധത്തിൽ ഹാളിൽനിന്നും അവളുടെ താക്കോലെടുത്തു. അന്ധകാരത്തിൽ തപ്പിത്തടഞ്ഞു പൂമുഖത്തുകൂടെ അവൾ പുറത്തിറങ്ങി. വൈകുന്നേരം അവളുടെ യാത്രകഴിഞ്ഞു കൊണ്ടിട്ട സ്ഥാനത്തുതന്നെ കാർ കിടന്നിരുന്നു. അവൾ കാറിൽ കയറി. കാർ തെരുവിലൂടെ പാഞ്ഞുപോയി.

എല്ലാം, എല്ലാം അവളുടെ ഹൃദയഫലകത്തിൽ തെളിഞ്ഞുതുടങ്ങി. ഒന്നു് — ആ ഞായറാഴ്ച ബീനായുടെ ഗൃഹത്തിൽവെച്ചു ജയ പ്രദർശിപ്പിച്ച തെരക്കും, അസ്വാഭാവികതയും മുൻനിശ്ചയമനുസരിച്ചും മനഃപ്പൂർവ്വവും ആയിരുന്നുവെന്നു് അവൾ ഗ്രഹിച്ചു. ജയയുടെ ഓരോ ചലനവും അവൾ മുൻകൂട്ടി വിഭാവനം ചെയ്തിരുന്നതുപോലെയായിരുന്നു. തലമുടി ബന്ധി

ച്ചിരുന്ന റിബൺ അഴിച്ചു; മനഃപ്പൂർവ്വം തന്നെയാണു് സോഫയിൽ ഇട്ടതു്. മുകുന്ദന്റെ സാന്നിദ്ധ്യത്തിൽ അവരം അതു പെട്ടെന്നു് കടന്നെടുത്തു. വില്ലിയും അവളുമായി അവിഹിതബന്ധമുണ്ടെന്നു് മുകുന്ദൻ ധരിക്കുവാൻവേണ്ടി! അവരുടെ സംഭാഷണത്തിനിടയ്ക്കു് മുകുന്ദൻ വന്നുചേരണമെന്നും അവരം അന്നു നിശ്ചയിച്ചിരുന്നു നിരത്ഥകമായി തോന്നിയെങ്കിലും അതായിരുന്നു വാസ്തവം. ജയതന്നെയാണു് മുകുന്ദനു് ആ ഊമക്കത്തയച്ചിട്ടുള്ളതും.

അന്നു് ആ കഷ്ടകഭവനത്തിൽ വന്നുചേരണമെന്നു് അവരം തന്റെ ഭത്താവിനു മുന്നറിയിപ്പു നൽകിയിരുന്നു. മുകുന്ദനെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി അവരം രംഗസജ്ജീകരണവും ഇണക്കിയിരുന്നു. ഇപ്പോരം അവളും വില്ലിയുമായുള്ള രണ്ടാമത്തെ രഹസ്യസമാഗമവും മുകുന്ദന്റെ നയനങ്ങളെ വഞ്ചിക്കുന്നതിനുവേണ്ടിത്തന്നെ. അതിനുംവേണ്ടി മുകുന്ദനെ ഊമക്കത്തുമുഖാന്തിരം അറിയിച്ചിരിക്കുന്നു. അവരുടെ മദ്ധ്യത്തിൽ അയാരം വന്നു ചാടുന്നതിനുവേണ്ടി ഒരുക്കിയ കുരുക്കു്.

എല്ലാം നല്ലവണ്ണം തെളിഞ്ഞു് ഹണി കണ്ടു. ജയയ്ക്കു പെട്ടെന്നു പ്രവത്തിക്കേണ്ട ഘട്ടം സമാഗതമായിരിക്കുന്നു. ഭത്താവിന്റെ സംശയം ദ്വിഗുണീഭവിപ്പിച്ചു കോപാന്ധനാക്കിത്തീക്കുക. വില്ലിയുടെ സംസാരമാണു് ഇതിനിടയാക്കിയതു്. അതെ, തന്റെ ജോലി രാജിവെയ്ക്കുമെന്നുള്ള നിശ്ചയം അയാരം പറഞ്ഞുപോയി. വില്ലി രാജിവെയ്ക്കുകയാണെങ്കിൽ മുകുന്ദൻ അ

യാളെ പങ്കുചേർത്തു് പുതിയ കമ്പനി തുടങ്ങുന്നതിനു് അയാളെ നിർബ്ബന്ധിക്കും. വില്ലിയ്ക്കും അതിനു വിസമ്മതമില്ലെന്നു തോന്നി. ഇവിടെനിന്നും എവിടേയ്ക്കെങ്കിലും പോകുന്നതിനു് ആ മാർഗ്ഗം സ്വീകരിച്ചേക്കാനിടയുണ്ടു്. ഈ പുതിയ സംരംഭം ജയയെ അമ്പരപ്പിച്ചു; അതെ, മുകുന്ദനു് ആ പതിനായിരം ഉറുപ്പികയുടെ ആവശ്യം നേരിടും. അടുത്ത ദിവസം കമ്പനി തുടങ്ങണമെന്നു മുകുന്ദൻ കരുതുകയാണെങ്കിൽ, അന്നു് അയാൾ പണത്തിനായി ചെല്ലും. ഈ ഒരു കാരണമാണു ജയയെ തന്റെ പുതിയ പദ്ധതിയ്ക്കു രൂപം കൊടുക്കുവാൻ പ്രേരണ നല്കിയതു്. വില്ലിയും മുകുന്ദനുമായുള്ള ബിസിനസ്സു തുടങ്ങുന്നതിനു മുൻപുതന്നെ അവരുടെ സുഹൽബന്ധം തകർക്കണം. അല്ലെങ്കിൽ തീർച്ചയായും മുകുന്ദൻ ജയ പണമെടുത്ത വിവരം അറിയുവാൻ ഇടയാകും.

അതെ, അവൾക്കു ഉടനടി പ്രവർത്തിക്കേണ്ടിയിരുന്നു. വില്ലിയോടുള്ള പഴയ പ്രണയം പുതുക്കണമെന്നു് അവൾ ആഗ്രഹിച്ചിട്ടില്ല; അതുപോലെതന്നെ ഫണിയെ വഞ്ചിക്കണമെന്ന മനഃപ്പൂർവ്വമായ ഉദ്ദേശത്തോടെയുമല്ല അവൾ സന്മാർഗ്ഗവിരുദ്ധമായ ഈ നടപടികളൊരുക്കിയതു്. പരിതഃസ്ഥിതികളുടെ സമ്മർദ്ദം, നിശാവേളകളിലെ നീണ്ട ആലോചനകൾ, അവളുടെ ഭയാശങ്കകൾ മുതലായവകളാണു് ഇതിനു പ്രേരിതയാക്കിയതു്. അവളുടെ ഉപാധി, അതേ ഏകമാർഗ്ഗം ഇതു മാത്രമായിരുന്നു. ആകസ്മികമായും ഭയങ്കരമായ

വിധത്തിലും രണ്ടു പുരുഷന്മാരും തമ്മിൽ സംഘട്ടനം ഉണ്ടാകയാണെങ്കിൽ പങ്കാളിത്വത്തിന് ഇടയാകയില്ല. അന്തർദ്ധാനംചെയ്തു തൻെറ കൈമുതലിനുവേണ്ടി മുകുന്ദൻ കൈ നീട്ടുകയുമില്ല

ഫണി ഒരു തിരിവു കഴിഞ്ഞപ്പോൾ പെട്ടെന്ന് മുൻപേപോകുന്ന വില്ല്യിയുടെ കാർ കണ്ടു. ജയയുടെ കെട്ടിടം മറച്ചുനിന്നിരുന്ന വൃക്ഷങ്ങളുടെ ഇടയ്ക്ക് അയാളുടെ കാർ നിർത്തി. തെരുവു ശാന്തവും ചന്ദ്രികാവൃതവുമായിരുന്നു. അവിടെയെങ്ങും നിശ്ശബ്ദം. പ്രകൃതിയും. അവിടത്തെ ശ്മശാനമൂകതയും, സർവ്വോപരി വൃക്ഷനിബിഡതയും സന്ദർഭോചിതമായിരുന്നു.

എതിർവശത്ത് തരുഛായയിൽ ഫണിയും കാർ നിർത്തി; അവൾ വൃക്ഷങ്ങളുടെ മറപിടിച്ച് മുന്നോട്ടു നീങ്ങി. വളഞ്ഞുപുളഞ്ഞ പാതയിൽക്കൂടി, പാദചലനം ഉണ്ടാക്കാതെ, അവൾ മുൻവശത്തെ വാതുക്കലെത്തി. അവിടെ ഇരുവശവും അന്ധകാരമായിരുന്നു. മുറിയിൽനിന്നു നിർഗ്ഗളിച്ച അരണ്ട വെളിച്ചം മാത്രമേ ഉണ്ടായിരുന്നുള്ളു.

അവൾ വാതുക്കൽനിന്നു ശ്രദ്ധിച്ചു. അകത്തുനിന്നും റേഡിയോഗാനം വളരെ മന്ദമായി കേൾക്കാം. സ്വാധീനത വെളിപ്പെടുത്തുന്ന രൂപത്തിൽ ഒരു ഇഴഞ്ഞുവലിഞ്ഞ സ്വരം ഫണി ശ്രവിച്ചു.

"തീർച്ചയായും അവൾ വരാതിരിക്കയില്ല. അല്പം താമസം നേരിടുക്കുമെന്ന് എന്നോടു പറകയുണ്ടായി. അവൾക്കു വീട്ടിൽ താമസിക്കുന്ന ഒരതിഥിയുണ്ടല്ലോ.

അതിഥികരം ഉണ്ടെങ്കിൽ വളരെ ബുദ്ധിമുട്ടാണു്. നിശ്ചിതസമയത്തു പുറപ്പെട്ടുവാൻ സാധിച്ചെന്നു വരികയില്ല. പക്ഷെ, നിങ്ങരം ഇവിടെ ഉണ്ടാകുമെന്നു് അവരംക്കു് ഒരു ഊഹംപോലുമില്ല. അതുകൊണ്ടും ചഞ്ചലപ്പെടേണ്ട. അവളെ കാണുവാനുള്ള അത്യാകാംക്ഷകൊണ്ടു് നിങ്ങരംക്കു പലതും തോന്നാം. ശാന്തമായിരിക്കു. അല്പംകൂടെ കുടിക്കരുതോ?''

ഹെണി വാതിൽപ്പിടിയിന്മേൽ കൈവെച്ചു മെല്ലെ അമത്തി. നിശ്ശബ്ദം കതകു തുറന്നു. അതെ, പ്രവേശനകവാടം ബന്ധിച്ചിരുന്നില്ല; മുകുന്ദനെ അനായാസേന പ്രവേശിപ്പിക്കുവാൻവേണ്ടി.

ഹെണി മന്ദം അകത്തു കടന്നു. അകത്തെ മുറിയിലെ കാഴ്ച വലിയ ഫാർമ്മാണിയം ഇരുന്നതിനാൽ സുസ്സാദ്ധ്യമായിരുന്നു ബരംബുകരം പകുതി മറച്ചിരുന്നതിനാൽ നേരിയ വെളിച്ചമേ ഉണ്ടായിരുന്നുള്ളു. ഉള്ളിലായി, ഗൃഹോപകരണങ്ങളുടെയും അപ്പുറത്തു് ജയയുടെ ശിരസ്സിൻെറ പിൻഭാഗം ദൃശ്യമായി. അവളുടെ ചായം തേച്ച നഖങ്ങളുള്ള കരംകൊണ്ടു് ഒരു ഗ്ലാസ്സെടുക്കുന്നതു് ഹെണി കണ്ടു. വാതിൽ മുൻപത്തെപ്പോലെ അടച്ചുകൊണ്ടു് ഫാർമ്മാണിയത്തിൻെറ മറയിൽ നിന്നും ഹെണി മാറിനിന്നു.

അന്നു് അവിടെ ചെന്നപ്പോരം ഹെണി ഇരുന്ന കസേരയിൽ വില്ലി ഉപവിഷ്ടനായിരിക്കുന്നു. അയാളുടെ ഒരു ഭാഗം മാത്രം അവരംക്കു കാണാം. ജയ എന്തോ പാനീയവുമായി തിരിയുകയാണു്. അവളുടെ

കൃശഗാത്രം സമാകൎഷകമായിരുന്നു. ഹരിതവൎണ്ണത്തിലുള്ള അതിലോലമായ പട്ടുസാരിയും വെൽവെററ ബ്ലൗസുമാണ് അവൾ ധരിച്ചിരുന്നതു്. അവളുടെ അംഗസൗഷ്ഠവം ആരെയും ആകൎഷിക്കുന്നതായിരുന്നു. നിബിഡമായ കേശഭാരം അഴിഞ്ഞു നീണ്ടുകിടന്നിരുന്നു.

പാനീയം നിറഞ്ഞ ഗ്ലാസ്സ് വില്ലിയുടെ നേൎക്കു നീട്ടുമ്പോഴാണു് ഹണിയെ അവൾ കാണുവാൻ ഇടയായതു്. ഷോക്കേററതുപോലെ അവൾ വിറച്ചു; ഗ്ലാസ്സിൽ കിടന്ന ഐസുകട്ടകൾ അതിൽ കിടന്നു കലുങ്ങി. പാനീയത്തിൽ കുറെ പരവതാനിയിൽ പതിച്ചു.

ഒരു നിമിഷനേരത്തേയ്ക്കു് അവളുടെ കണ്ണുകൾ നിശ്ചലങ്ങളായി; പക്ഷെ, അതിൻെറ വിസ്തൃതി ക്രുടിവരുന്നതുപോലെ ഹണിയ്ക്കു തോന്നി. പാനീയം നിലത്തു തൂവിയപ്പോൾ വില്ലിയും ഒന്നുലകി. അയാളുടെ നയനങ്ങൾ ജയയുടെ മുഖത്തു പതിഞ്ഞു; പെട്ടെന്നു് അയാളുടെ നോട്ടം മുറികടന്നു് ഹണിയിലെത്തി.

മൂന്നുപേരിലും പൊട്ടുന്നനവേയുള്ള ആ സമാഗമത്തിൽ തയ്യാറെടുക്കാതിരുന്നതു വില്ലിയായിരുന്നു. അയാൾ ചാടി എണീററു. അയാളുടെ നയനങ്ങൾ തിളങ്ങുന്ന രണ്ടു ഗോളങ്ങളായി ഹണിയ്ക്കു തോന്നി.

"ഹണീ!" അയാളുടെ വദനത്തിൽ വ്യക്തമായി കണ്ടിരുന്ന ചാലുകൾ പോയിമറഞ്ഞു; ക്ഷീണം പമ്പകടന്നു. ആനന്ദാത്ഭുതങ്ങളുടെ ഉറവിടമായി കാണപ്പെട്ടു ആ വദനം.

# 23

"ഫണീ!" വീണ്ടും ആ വാക്കുമാത്രം അയാൾ ഉച്ചരിച്ചു. ശൂന്യതയിൽനിന്നു പുറപ്പെടുന്നതുപോലെയുള്ള ശബ്ദം. ഫണിയ്ക്കു് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. അവളുടെ മേനി വിറയാർന്നു. അയാളുടെ വിളി അവളുടെ ഹൃദയത്തെ സ്പർശിച്ചു.

അവളുടെ ചലനം അയാളിൽനിന്നും പിന്തിരിയുന്നതുപോലെ അയാൾക്കു തോന്നിയിരിക്കാം. "ഫണീ! പോകരുതു്, പോകരുതു്. അല്പം നിൽക്കൂ. ഞാനൊന്നു സംസാരിച്ചോട്ടെ. ഇതു നിനക്കു ഒരു ഷോക്കായിരിക്കുമെന്നു് എനിക്കറിയാം. എന്നാലും നിൽക്കൂ. നീ ഞാൻ പറയുന്നതു കേൾക്കണം."

ജയയുടെ സംഭ്രമം നീങ്ങി. ഗ്ലാസ്സ് മേശപ്പുറത്തു വെച്ചു. "ഫണീ, നിൽക്കൂ." അവൾ പറഞ്ഞു. "നീ നിശ്ശബ്ദയായി വരുന്നതുകണ്ടു് ഞാൻ ഞെട്ടിപ്പോയി. വീട്ടിൽ വരുന്നവരിൽനിന്നു് സാധാരണ അങ്ങനെ പ്രതീക്ഷിക്കാറില്ല." വലത്തെ കരംകൊണ്ടു് അവൾ സ്വയം ഇടത്തു ഭുജം അമർത്തി. അവൾ നിവർന്നുനിന്നു് ഫണിയെ നോക്കി പുഞ്ചിരിതൂകി.

"അതെ, അപ്രതീക്ഷിതമായിരുന്നു എന്നു് എനിക്കറിയാം." അവളെ ബോദ്ധ്യപ്പെടുത്തുന്ന വിധവും എന്നാൽ ധൃതഗതിയിലും വില്ലി പറഞ്ഞു. "എനിക്കു നി

ന്നോട്ട സംസാരിക്കേണ്ടിയിരുന്നു. ജയയെ ദയവുചെയ്ത് കുററപ്പെടുത്തരുതെ. നിന്നെ കാണുന്നതിനു് ഒരു സന്ദർഭം ഉണ്ടാക്കിത്തരുന്നതിനു ഞാൻ ജയയോട്ട് അപേക്ഷിച്ചിരുന്നു. എനിക്കവേണ്ടിയാണു് അവൾ ഇങ്ങനെ ഒരുക്കിയതു്."

"നിങ്ങൾക്കവേണ്ടിത്തന്നെ." ഫണിയുടെ ശബ്ദം താഴ്ന്നതും അർത്ഥവത്തുമായിരുന്നു. അവളുടെ സിരകളിൽ കൂടുതൽ രക്തപ്രവാഹമുണ്ടായി."

"അതെ, നിങ്ങൾക്കവേണ്ടി അവൾ......." ഓ, അയാളോട്ട പറയുവാൻ കഴിഞ്ഞിരുന്നെങ്കിൽ! പക്ഷെ, അവരുടെ ജീവിതത്തിലുണ്ടായ മാററം നീങ്ങിയിരുന്നില്ല. ഈ രാത്രിയിലെ സംഭവവികാസങ്ങളൊന്നും അവളുടെ പ്രിയജനനി അറിഞ്ഞിട്ടില്ല. ആ ആയുധം ഇപ്പോഴും ജയയുടെ കയ്യിൽത്തന്നെ "നിങ്ങൾ പോകണം." അവൾ പറഞ്ഞു. "ഇവിടംവിട്ട് ഉടനെ പോകണം."

"പോകാനോ" വില്ലിക്ക് ഒന്നും മനസ്സിലായില്ല. അയാളുടെ നയനങ്ങൾ പ്രത്യേകതരത്തിൽ നിരാശാദ്യോതകമായ ഭാഷയിൽ എന്തോ പറഞ്ഞു "ഫണീ, എൻെറ അടുക്കൽ വന്നാലും" എന്നു പറയുന്നതുപോലെ അവൾക്ക തോന്നി. പക്ഷെ, അയാൾ ഇങ്ങനെ പറയുകയാണു ചെയ്തതു്. "എനിക്ക മനസ്സിലാകുന്നില്ല. നീ എന്താണു് അർത്ഥമാക്കുന്നതു്? അതു് എങ്ങനെ, എന്നെ ബാധിക്കുമെന്നോ?"

സംസാരിച്ചു് അയാളെ താമസിപ്പിക്കണമെന്നു്

അയാൾ ഉദ്വേഗശീലിക്കുന്നതുപോലെ തോന്നി. എന്തെങ്കിലും പറഞ്ഞു താമസിപ്പിക്കുക.

"എനിക്കു വിവരിക്കുവാൻ സാദ്ധ്യമല്ല. നിങ്ങൾ പോകുകതന്നെ വേണം.'' ആ സ്വരത്തിൽ അത്യാവശ്യകത സ്ഫുരിച്ചു. ശബ്ദം വിറയാർന്നിരുന്നു. "നിങ്ങൾ പോകണം. ഉടൻതന്നെ ഇവിടം വിടണം. ഒട്ടും താമസിക്കരുതു്, എന്നോടു സംസാരിക്കുവാൻ ശ്രമിക്കുകയുമരുതു്. ഇവിടം വിട്ടു പോകുക; തിരിച്ചുവരികയും ചെയ്യരുതു്."

വല്ലാത്ത ഒരു പരിതഃസ്ഥിതി! ആത്മനിയന്ത്രണം ദുർവ്വഹമായി തോന്നി. ഒരു പരിപാടിയും തയ്യാറാക്കാതെയാണു് അവൾ അവിടെ ആഗതയായതു്. അയാളുടെ സാന്നിദ്ധ്യവും സാമീപ്യവും അവളെ ആകെ ചലിപ്പിച്ചു. അയാളെ അവൾ അവിടെനിന്നും കൊണ്ടു പോകയാണെങ്കിൽ അയാൾ അവളെ വിട്ടുപിരിയുകയില്ല. അവൾ നിസ്സഹായയായിത്തീരും. പകുതി സോഫയിൽ ചാഞ്ഞരീതിയിൽ ജയ നില്ക്കുകയാണു്. അവളുടെ നേത്രങ്ങളിൽ പുച്ഛരസം നിഴലിച്ചുകണ്ടു. അവൾക്കിനിയും അവസരമുണ്ടു്. ഈ രാത്രിയിലത്തെ ഉദ്ദേശം മറെറാരു ദിവസത്തേയ്ക്കു മാററാം. മറെറാരു രാത്രിയിൽ വീണ്ടും കളമൊരുക്കാം.

"വില്ലീ"! നിരാശയിൽനിന്നും ഉയർന്ന ഒരു വിളി. "ഞാൻ ഒരു കാര്യം മാത്രം ചോദിക്കുന്നു. എന്നെ ഇപ്പോൾ വിശ്വസിക്കുക. ഞാൻ ആവശ്യപ്പെടുന്നതുപോലെ ചെയ്യുക. ഇവിടംവിട്ടു പോകൂ. ഉടൻതന്നെ പോ

കുക. അവളുടെ അഭ്യത്ഥനയനുസരിച്ചു് ഒരിക്കലും വ രാതിരിക്കുക."

വില്ലി പരിപൂണ്ണമായി ശാന്തത അവലംബിച്ചു. അതൊരു വിസ്മയനീയമായ നിമിഷമായിരുന്നു. അ യാഠം അവളെത്തന്നെ നിന്നിമേഷനായി നോക്കിക്കൊ ണ്ടുനിന്നു. പക്ഷെ, ആ നോട്ടത്തിൽ എന്തോ ഒരു വ്യ ത്യസ്തത അവഠം ദശിച്ചു. അയാഠം അവളെ പഠിക്കു കയായിരുന്നു. അത്ഥവത്തായ നോട്ടം. അവളുടെ ഹൃദ യത്തിൻെറ ഉള്ളറകളിലേയ്ക്കു ചികഞ്ഞുനോക്കുകയായി രുന്നു അയാഠം.

"എന്തെല്ലാം ഊഹാപോഹങ്ങളും പ്രശ്നങ്ങളും!" നിസ്സാരഭാവത്തിൽ ചിരിച്ചുകൊണ്ടു് ജയ പറഞ്ഞു. "ഒരു വിധത്തിൽ പറഞ്ഞാൽ എന്നെ അധിക്ഷേപി ക്കുന്നതുപോലെയിരിക്കുന്നു. അവളുടെ വാക്കുകഠം അ സൂയകൊണ്ടു പുറപ്പെടുന്നതുപോലെ അത്ഥമാക്കാം. വാ സ്തവത്തിൽ അതു് ഹൃദയംഗമായ വേദനിപ്പിക്കുകയാണു്. നി ങ്ങളെ ഇരുവരെയും തമ്മിൽ യോജിപ്പിക്കുവാൻ ഞാൻ ചെയ്ത ശ്രമത്തിനുള്ള പ്രതിഫലം!"

വില്ലിയ്ക്കു ജയയുടെ സാന്നിദ്ധ്യബോധമില്ലായിരു ന്നു. അയാളുടെ മനസ്സും ശ്രദ്ധയും ഹണിയിൽ കേന്ദ്രീ കൃതമായിരുന്നു. നയനങ്ങളിൽ എന്തോ ഉദയംചെയ്യു ന്നതുപോലെ തോന്നി.

"നിന്നെയോ എന്നെയോ ബാധിക്കുന്ന ഒരു കാര്യ മല്ലായിരുന്നു അതു്." അയാഠം പറഞ്ഞു.

അവരെ കൂടാതെ യാതൊന്നും ലോകത്തിൽ ഇല്ലെ

ന്നുള്ള തോന്നൽ! കട്ടത്ത നിരാശയും നിസ്സഹായതയും! ഹൃദയം നുറുങ്ങി ഞെരിയുകയായിരുന്നു.

"പുറമെയുള്ള എന്തോ ഒരു കാര്യം. നിന്റെയോ എന്റെയോ പ്രവൃത്തിയല്ലാത്തതു്. രണ്ടു മാർഗ്ഗങ്ങൾ ഞാൻ ഉദ്ദേശിക്കുന്നു. ഒന്നു പീററർ; രണ്ടാമത്തേതു് മുകുന്ദനും കുടുംബവും."

"ഞാനാണെങ്കിൽ അവളെ അങ്ങനെ നിർബ്ബന്ധിക്കയില്ല." കർക്കശസ്വരത്തിൽ ജയ പറഞ്ഞു "അവൾക്കു് അപസ്മാരരോഗം ഉള്ളതുപോലെ തോന്നുന്നു. അങ്ങനെയുള്ള സ്ത്രീകളെ നിർബ്ബന്ധിക്കരുതു്. അവൾ വളരെ ക്ഷീണചിത്തയാണു്. സ്വയം മറന്നുകളയാനും ഇടയുണ്ടു്."

അയാളോടു് എല്ലാം തുറന്നു പറയുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിൽ! പരിഹാസദ്യോതകമായ മുഖഭാവത്തോടുകൂടി നില്ക്കുന്ന ആ രാക്ഷസിയുടെ കൌടില്യവും കൊടിയ വഞ്ചനയും പെട്ടെന്നു പറയുവാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു് ഹന്നി ആശിച്ചു. എന്തുകൊണ്ടു പറഞ്ഞുകൂടാ? ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ അവളെ തടുക്കുവാൻ ഒന്നും കാണുന്നില്ല. അവളുടെ അമ്മ ഒരു ബുദ്ധിഹീനയാണെന്നു തെററിദ്ധാരണ കൊണ്ടല്ല താൻ ഇതുവരെയും രഹസ്യം കാത്തിരുന്നതു്? അമ്മയുടെ വാക്കുകൾ അങ്ങകലെനിന്നും മുഴങ്ങുന്നതായി അവൾക്കു തോന്നി. "മററുള്ളവരെ ഒഴിവാക്കുന്നതു് എല്ലായ്പോഴും ഒരു ദയയായി പരിഗണിക്കുവാൻ പാടില്ല."

"മുകുന്ദനെയും മററം പററിയാണോ?" മുൻപോട്ടു ചാഞ്ഞിരുന്നുകൊണ്ടു വില്ലി ചോദിച്ചു. "അവളുടെ മുൻപിൽവെച്ചു അതു പറയുവാൻ പാടില്ലെങ്കിൽ അവരെ സംബന്ധിച്ചുള്ളതുതന്നെ. ഹണീ! ഞാൻ ചോദിക്കട്ടെ; മുകുന്ദനെയും മററം സംബന്ധിച്ചല്ലേ?"

ജയയും മുൻപോട്ടു ചാഞ്ഞു.

"ഞാൻ നിനക്കു മുന്നറിവുതരുന്നു." അവരം പറഞ്ഞു.

വില്ലി അവളുടെ നേർക്കു തിരിഞ്ഞു. "നീ എന്താണു് പറയുന്നതു്?" എന്തു മുന്നറിവാണു്? നീ അവളുടെ സ്നേഹിതയല്ല, അതു തീർച്ചതന്നെ.'' അയാരം വീണ്ടും ഹണിയുടെ നേരെ തിരിഞ്ഞു. "അവരം നിന്നെ ഇന്നു രാത്രി ക്ഷണിച്ചിരുന്നോ? എങ്ങനെയായാലും ഇതെന്തു് അത്ഭുതകരമായ കൂടിക്കാഴ്ചയാണു്?"

പെട്ടെന്നു് പുറത്തു് ഒരു ശബ്ദം. ധൃതിയിലും മനഃപ്പൂർവ്വമായുമുള്ള കാലൊച്ച. വാതിൽ ആരോ തള്ളി ത്തുറന്നു. എല്ലാവരും ആ ഭാഗത്തേയ്ക്കു തിരിഞ്ഞു. ഹണിയുടെ തൊണ്ട വരണ്ടു. മുകുന്ദൻ അത്രവേഗം വരുമെന്നു് അവരം പ്രതീക്ഷിച്ചിരുന്നതല്ല.

വാതിൽ മലക്കെ തുറന്നു. വിളറിയ ഒരു മുഖം വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു. അതു പീററായിരുന്നു. അടുത്തുനിന്നിരുന്ന രണ്ടാളുകളേയും അവൻ ശ്രദ്ധിച്ചില്ല. അയാരം നേരെ ജയയുടെ അടുത്തേയ്ക്കാണു ചെന്നതു്.

"ഞാൻ ആ പ്രമാണത്തിനാണു വന്നിരിക്കുന്നതു്." അയാഠം പറഞ്ഞു. അയാളുടെ നയനങ്ങളിൽനിന്നും തീ പറക്കുന്നതുപോലെ തോന്നി. "ഇപ്രാവശ്യം നിന്നോടു ഞാൻ അധികം വാഗ്വാദം ചെയ്യുവാൻ പോകുന്നില്ല. പ്രമാണം ഇവിടെയുണ്ടെന്നു് എനിക്കറിയാം. അതിനു വേണ്ടിയാണു ഞാൻ വന്നിരിക്കുന്നതു്."

അവളുടെ സ്വരം ശാന്തമായിരുന്നു; വദനം വിളറിയും. അയാഠം അവളെ ഭയപ്പെടുത്തുകയല്ലായിരുന്നു വികാരങ്ങളെ കവിഞ്ഞു മാരകമായ എന്തോ ഒന്നു് അയാളിൽ കുടികൊള്ളുന്നതായി തോന്നി. അതിൻെറ പ്രതിഫലനം ഉടനെ ജയയിൽ കാണാറായി. അവഠം പെട്ടെന്നു പുറകോട്ടു വലിഞ്ഞു; പുറം മതിലിൽ കൊണ്ടു.

"ഞാൻ ബീനായോടു പറഞ്ഞു. എല്ലാം അവളെ ധരിപ്പിച്ചു. എല്ലാം; നിനക്കു മനസ്സിലായോ? എന്റെ ജീവിതത്തിൽ എല്ലാം അവളാണു്. ഞാൻ അവളോടു പ്രവർത്തിച്ച തെററു തിരുത്തുവാൻ വയ്യാത്തതാണു്. പക്ഷെ, നിന്നെ തടയുവാൻ എനിക്കു കഴിയും. ഞാൻ ആ പ്രമാണം നശിപ്പിക്കാൻ പോകയാണു്." പീററർ പറഞ്ഞു.

ജയ ഭിത്തിയിൽ ചാരിനില്ക്കയാണു്, മതിലിൽ തറച്ച ഒരു ശലഭംപോലെ. അവളുടെ കണ്ണുകഠം വളരെ വലുതായതുപോലെ തോന്നി. ആ വദനത്തിൽ അത്ഭുതം മുററിനിന്നു.

# 24

വില്ലി മുമ്പോട്ടു ചെന്നു പീററററിൻെറ തോറംവലയത്തിൽ കൈ വെച്ചു. അയാളെ പിടിച്ചു തിരിച്ചു കൊണ്ടു് ചോദിച്ചു: "ഇതെന്താണു്? നിങ്ങറം എന്തിനാണിവിടെ വന്നതു്? എന്താണു സംഭവം?"

വളരെ നേരമായി ഹണി ഒരു അനിശ്ചിതാവസ്ഥയിൽ നില്ക്കുവാൻ തുടങ്ങിയിട്ടു്. സംഭവങ്ങറം ഒന്നിനു പുറകെ മററൊന്നായി കടന്നുവരുന്നു. അവളുടെ ഉദരത്തിൽ എന്തോ ഒരു വല്ലായ്മ. അപ്പോഴാണു് പീററററിൻെറ ദൃഷ്ടിയിൽ നിഴലിച്ചുകണ്ട മാരകമായ തിളക്കം നീങ്ങിയതു്. അയാറം ജിഹ്വാഗ്രംകൊണ്ടു തൻെറ ഉണങ്ങിവരണ്ട അധരോഷ്ഠം നനച്ചു. വില്ലിയോടു് അയാറം പറഞ്ഞു.

‘‘സത്യം നിങ്ങളും അറിഞ്ഞിരിക്കുന്നതുകൊള്ളാം. ഇനി യാതൊന്നും വകവെയ്ക്കാനില്ല. ഭൂമിയിലുള്ള യാതൊന്നുംതന്നെ ബാധകമല്ല. ഞാൻ എൻെറ ജീവിതവും പുറമെയുള്ള മാനുഷജീവിതങ്ങളും നശിപ്പിച്ചു. അതെ, പലരെയും, എന്നോടു സ്നേഹമുണ്ടായിരുന്ന നിങ്ങളെയും, കാര്യം ഗ്രഹിക്കുവാൻ ഇടയായ എൻെറ സഹോദരിയെയും നശിപ്പിച്ചു. അവറം ആരോടും ഒരു വാക്കു പറയാതെ, ഞാൻകാരണം വിവാഹവും വേണ്ടെന്നുവെച്ചു നിങ്ങളെ പറഞ്ഞയയ്ക്കുകയാണു ചെയ്തതു്. നിങ്ങറം കാര്യം മനസ്സിലാക്കരുതെന്നു് അവറം ആഗ്രഹി

ച്ചു. എങ്ങനെ നിങ്ങളുടെ മുഖത്തു നോക്കുമെന്ന് എനി ക്കറിഞ്ഞുകൂടാ. എന്നാലും ഞാൻ തുറന്നു പറയട്ടെ. ഞാ നും ജയയുംകൂടി ബീനായുടെ ഗൃഹവും വസ്തുക്കളും വാ ങ്ങി. അവരും പണം നൽകി. അവളുടെ ഭർത്താവി ന്റെ പണം അയാൾ അറിയാതെ എടുക്കുകയാണു ചെയ്തതു്. അതിന്റെ സൂത്രധാരത്വം ഞാൻ വഹിച്ചു. ഞാൻ വിദൂരവാസിയായ ഒരാളെക്കൊണ്ടു് വസ്തു വാങ്ങി പ്പിച്ചു. അയാൾ വാങ്ങുവാൻ വന്നപ്പോൾ ബീനായേ യും അവളുടെ വലിയമ്മയേയും പറഞ്ഞു സമ്മതിപ്പി ച്ചു. ഞാൻ അവരെ സൂത്രത്തിൽ പററിക്കുകയാണു ചെ യ്തതു്. അവരിൽനിന്നു ഞാൻ അപഹരിച്ചു; അങ്ങനെ ഞാൻ കണ്ടിട്ടുള്ളവരിൽവെച്ചു് സുന്ദരിയും സ്നേഹമയി യുമായ ഒരുവളെ എനിക്കു നഷ്ടപ്പെടുത്തി. പക്ഷെ, ഇപ്പോൾ ഒന്നും ചെയ്യുവാൻ നിവൃത്തിയില്ല. വസ്തു വാങ്ങിയ ആളിൽനിന്നും ജയ പ്രമാണം വാങ്ങി."

ഹെന്റിയുടെ ലോചനങ്ങൾ വില്ലിയിൽ മാത്രം ത റച്ചുനിന്നു. പീററർ സംഭാഷണം തുടങ്ങിയപ്പോൾ അയാൾ പെട്ടെന്നു് ഹെന്റിയെ ഒന്നു നോക്കി. അതി ന്റെ അർത്ഥം "ഒടുവിൽ ഞാൻ കാര്യം മനസ്സിലാക്കുന്നു" എന്നായിരുന്നു. പക്ഷെ, പീറററിന്റെ കഥാകഥനം പുരോഗമിക്കുംതോറും അയാളുടെ വദനം ഗൌരവപൂർണ്ണ മായി കാണപ്പെട്ടു. ഹെന്റിയുടെ ഹൃദയസ്പന്ദനം നിന്ന തുപോലെ അവനു തോന്നി. അയാളുടെ മുഖം വി കാരരഹിതമായിരുന്നു; ആ ഭാവപ്രകൃതിയുംതന്നെ വ ലിയ ഒരു പരിവർത്തനം. തനിക്കു സുപരിചിതനായ

വില്ലിയെയല്ല അവളുടെ മുന്നിൽ ദശിച്ചതു്. അവഠം സകലതും അറിഞ്ഞിരുന്നു; ഇപ്പോഠം വീണ്ടും കേഠംക്കുകയാണു്. പക്ഷെ, ഈ വഞ്ചനയുടെ ചരിത്രം കോടാലികൊണ്ടുള്ള ഒരാഘാതമായിട്ടാണു് വില്ലിയ്ക്കു് അനുഭവപ്പെട്ടതു.

ജയയിൽനിന്നും ഒരു ആശ്ചര്യശബ്ദം പറപ്പെട്ടു. അവളുടെ മുഖത്തു വീണ്ടും രക്തപ്രസാദമുണ്ടായി. അവഠം മതിലിന്നരികൽനിന്നും പെട്ടെന്നു മുൻപോട്ടു വന്നു. "എടാ വെറുക്കത്തക്ക വിഡ്ഢി!" അവഠം വിളിച്ചുപറഞ്ഞു. ചാട്ടയടിക്കു തുല്യമായിരുന്നു അവളുടെ ശബ്ദം. "നിൻെറ സ്വന്തം സഹോദരിയെ രക്ഷിക്കണമെന്ന വിചാരം പോലുമില്ല. ഒരു സാധാരണ പെൺകുട്ടിക്കുവേണ്ടി നീ ധൈര്യം വെടിഞ്ഞു് അടിയറവെച്ചില്ലെ? ഇപ്പോഠം ചില കെട്ടുകഥകളുമായി കയറിവന്നിരിക്കുന്നു! അപ്പോഠം നീ ഇതെല്ലാം തകക്കുവാൻ പോകയാണെന്നോ?" ജയ ആത്മധൈര്യം കൈക്കൊണ്ടിരുന്നു. അവളുടെ കണ്ണുകളിൽ ക്രൂരത തെളിഞ്ഞുനിന്നു. "നീ എല്ലാവരോടും പറയു; നിനക്കു് എന്തു നേടാമെന്നല്ലേ അറിയേണ്ടതു്. നിൻെറ ഭീഷണികൊണ്ടു് ഒരു പ്രയോജനവുമില്ല. എൻെറ ഉടമസ്ഥാവകാശം നിനക്കു വാങ്ങിച്ചെടുക്കാമെന്നു് കരുതുന്നുണ്ടോ? ഞാൻതന്നെ അതു നടത്തണമെന്നു നീ നിർബ്ബന്ധിക്കയാണെങ്കിൽ ഞാൻതന്നെ അതു നടത്തും. ഭൂമിയിലുള്ള യാതൊന്നിനും ആ യാഥാർത്ഥ്യം മാററവാൻ സാദ്ധ്യമല്ല. പിൻെറാകുടുംബത്തിൻെറ സർവ്വസ്വത്തിനും ഉടമസ്ഥത എനിക്കു മാത്രമാണു്."

വില്ലിയിൽനിന്നും യഥാർത്ഥ അവിശ്വാസം സ്ഫുരിക്കുന്ന ഒരു ചോദ്യം പുറപ്പെട്ടു. "പിന്റോകുടുംബമാണോ? നിങ്ങൾ മാഗ്ഗററ്റ് എന്ന ആ വൃദ്ധയുടെയും അവരുടെ പൌത്രിയുടെയും സ്ഥലത്തെയാണോ പരാമർശിച്ചതു്?"

"അതെ." ജയ പറഞ്ഞു. അവളുടെ ജ്വലിക്കുന്ന കോപാഗ്നി അയാളുടെ നേർക്കു തിരിച്ചു. "നിങ്ങൾക്കോ നിങ്ങളുടെ കമ്പനിക്കോ എന്തു ചെയ്യുവാൻ സാധിക്കും? ഒന്നും സാദ്ധ്യമല്ല. ഇതു ന്യായമാണു്; വില്പന നടന്നു. പണവും കൊടുത്തു; പ്രമാണം എന്റെ കയ്യിലും."

ഫണിയുടെ കണ്ണുകൾ അപ്പോഴും വില്ലിയിലായിരുന്നു. അയാളുടെ മുഖത്തു് അല്പം ഭാവവ്യത്യാസം അവൾ കണ്ടു. കേട്ടതൊന്നും അപ്പോഴും വിശ്വാസയോഗ്യമായി തോന്നുന്ന മട്ടല്ലായിരുന്നു ആ ഭാവം. പക്ഷേ, ആ ഗൌരവാവസ്ഥ മാറി. അയാൾ ഇപ്പോൾ ജയയെ നോക്കിയ നോട്ടത്തിൽ ദയനീയതയോടുകൂടിയ ഒരു പുച്ഛരസമാണു തെളിഞ്ഞുകണ്ടതു്.

"ഞങ്ങളുടെ കമ്പനി ഒന്നും ഇതിൽ ചെയ്യുകയില്ല. എന്തെങ്കിലും ചെയ്യുവാൻ ശ്രമിക്കുകപോലുമില്ല പിന്റോകുടുംബക്കാർ പലരും ഇവിടെയുണ്ടു്. പത്തോ പന്ത്രണ്ടോ കുടുംബക്കാർ ഈ പേരിൽ പലയിടങ്ങളിലായി താമസിക്കുന്നുണ്ടു്. പിന്റോകുടുംബത്തെപ്പററി നിനക്കു തെററിപ്പോയി." വില്ലി പറഞ്ഞു.

മുറിയിൽ നിശ്ശബ്ദത കളിയാടി. മന്ദമായ ശബ്ദ

ത്തിലുള്ള റേഡിയോഗാനം ആദ്യമായി അവരുടെ ശ്ര വണപുടങ്ങളിൽ മുഴങ്ങി.

വില്ലിയുടെ ശാന്തമെങ്കിലും നിശിതമായ ശബ്ദം തുടൎന്നു. "നിൻെറ ഭൎത്താവുതന്നെ ഒരിക്കൽ നിന്നോടു പറഞ്ഞതാണു്, പിൻേറാകുടുംബത്തെപ്പററിയുള്ള നിൻെറ ധാരണ തെററാണെന്നു്. ഞാനും ഹണിയും ആ ഹോട്ടലിൻെറ വരാന്തയിൽ ഉണ്ടായിരുന്ന സന്ദൎഭത്തിലാണു് മുകുന്ദൻ അതു പറഞ്ഞതു്. നീ ഒരിക്കലും ആ പിൻേറാകുടുംബക്കാരെ കണ്ടിട്ടില്ലെന്നും അറിയുകപോലും ഇല്ലെന്നും പറഞ്ഞതാണു്. എണ്ണയുല്പാദനത്തെ സംബന്ധിച്ചിടത്തോളം ഈ പിൻേറാകുടുംബത്തിൻെറ സ്ഥലം ഉപയോഗശൂന്യമാണു്. ഞങ്ങൾ എണ്ണ കണ്ടുപിടിച്ച സ്ഥലത്തുനിന്നും ഏകദേശം ഇരുപതു മൈലെങ്കിലും അകലെയാണു് ഈ സ്ഥലം."

പീററർ ഒരു ശബ്ദം പുറപ്പെടുവിച്ചു. അയാളുടെ കണ്ണുകൾ വൎണ്ണനാതീതമായ ആശയാൽ ശിരസ്സിനുള്ളിൽനിന്നും പുറത്തു ചാടുമോ എന്നു തോന്നിപ്പിക്കുന്ന വിധത്തിലായിരുന്നു. "ഓ, ഒരു തെററു്! തെററു്! സ്ഥലം മാറിപ്പോയി." അത്ഭുതസ്തോഭങ്ങളുടെ ഒരു കേളീരംഗമായിരുന്നു വദനം. ഇങ്ങനെ ഓരോ വാക്കുകൾ തേങ്ങിക്കരയുന്നവിധം അപ്പോഴപ്പോഴായി അയാളിൽനിന്നും പുറപ്പെട്ടു. "അതല്ല സ്ഥലം! ഒരു തെററു്! ആളുകൾ മാറിപ്പോയി." അത്ഭുതസ്തോഭങ്ങളുടെ ഒരു കേളീരംഗമായിരുന്നു അയാളുടെ വദനം. അയാളുടെ കരങ്ങൾ വിറച്ചു; ശരീരം വിറപൂണ്ടു തളൎന്നു മുട്ടുകുത്തി

വീഴുമോ എന്നുപോലും ശങ്കിക്കേണ്ടിയിരുന്നു. "ഓ, ദൈവത്തിനു നന്ദി! അവളിൽനിന്നും ഞാൻ അപഹരിച്ചിട്ടില്ല. ഞാൻ വഞ്ചിക്കപ്പെട്ടതില്ല. അവളോടു രമ്യതയിലാകുവാൻ ഞാൻ ശ്രമിക്കും. എനിക്കു സമയമുണ്ട്." അയാൾ ഹണിയുടെ നേർക്കു തിരിഞ്ഞു. "അവൾ എവിടെ? ബീനാ എവിടെ?"

"അവൾ ഗൃഹത്തിലുണ്ട്" ഹണി പറഞ്ഞു. "അവളുടെ അടുത്തേയ്ക്കു പോകു ചേട്ടനെ കാത്തിരിക്കയാണവൾ."

"ഇല്ല, ഇല്ല" ജയ വിളിച്ചുപറഞ്ഞു. "പീററർ നിൽക്കൂ, അല്പം ക്ഷമിക്കൂ." പക്ഷെ, ഒരു നോക്കോ വാക്കോ കൂടാതെ പീററർ മുറി വിട്ടിറങ്ങിപ്പോയിരുന്നു അപ്പോഴേയ്ക്കും.

ജയ ധൃതിയിൽ മേശയുടെ അടുക്കലേയ്ക്കു നടന്നു. മേശവലിപ്പു തുറന്ന് അതിനുള്ളിൽനിന്നും ഒരു കടലാസ്സു പുറത്തെടുത്തു. അതിൻെറ പുറത്ത് എന്തോ എഴുതി ഹണിയുടെ നേർക്കു തിരിഞ്ഞ് ആ കടലാസ്സ് അവളുടെ കയ്യിൽ തിരുകി.

"എന്നാൽ നീ ഇതു കൊണ്ടുപോകൂ! അവൾക്കു കൊടുക്കണം. എൻെറ അവകാശം ഒഴിഞ്ഞിരിക്കുന്നു. എൻെറ പണം തിരിച്ചുതരുവാൻ അവളോടു പറഞ്ഞാലും!"

അവിശ്വസനീയമായ ഈ നഗ്നസത്യം ബോദ്ധ്യമായതോടെ അസാധാരണതരത്തിലുള്ള ഒരു ഭയം അവളുടെ മുഖത്തു തെളിഞ്ഞുകണ്ടു. ഹണിയുടെ കയ്യിൽ

അവൾ കൊടുത്തതു് ആ പ്രമാണമായിരുന്നു. ഹെന്നി ജയയുടെ നീലനയനങ്ങളിലേയ്ക്കു നോക്കി. ഭയംകൊണ്ടു് അതു വലുതായതുപോലെ തോന്നി.

"എനിക്കതു വേണം. ഞാൻ അദ്ദേഹത്തിനോടെന്തുപറയും? എന്താണു ഞാൻ പറയേണ്ടതു്?" ജയ ജല്പിച്ചു.

ഹെന്നിയും വില്ലിയും അവളെ തുറിച്ചുനോക്കിക്കൊണ്ടുനിന്നു. അവൾ ഭയപ്പെടുന്ന ആളിന്റെ പേരു് അവൾ പറയണമെന്നില്ലല്ലോ. അവളുടെ ഭയത്തിന്റെ വലിപ്പം, അവളിൽ അതുചെലുത്തിയ സ്വാധീനത. ഇതാണു് അവരുടെ രണ്ടുപേരുടെയും ദൃഷ്ടികൾ അവളിൽ തറപ്പിച്ചതു്. അഹങ്കാരപ്രമത്തയും, വെറുക്കത്തക്കവളുമായി ഒരു നിമിഷം മുൻപുവരെ അവർ കണ്ട ജയയെയല്ല അവർ ഇപ്പോൾ കണ്ടതും. അവളുടെ അചഞ്ചലമായ നിലയും ഭാവവും പാടെ മാറിയിരുന്നു. അവളുടെ ബാഹ്യരൂപം ഉരിഞ്ഞുമാററി തൽസ്ഥാനത്തു് വേറൊന്നു പ്രതിഷ്ഠിച്ചതുപോലിരുന്നു. ഈ രൂപം പ്രായപൂർത്തിയായ ഒരു യുവതിയുടേതായിരുന്നില്ല; ഭയതരളിതമായ ഒരു ശിശുവിനെപ്പോലെ തോന്നി.

"നിങ്ങൾക്കു മനസ്സിലായില്ല." ജയയുടെ വദനം ചാമ്പൽവർണ്ണമായി. "ഞാൻ അദ്ദേഹത്തിന്റെ പണമെടുത്തു. ക്ഷമിക്കാനർഹതയില്ലാത്ത ഒരു കാര്യം അതാണു്."

ശൈശവത്തിന്റെ ഒരു പ്രദർശനമാണു താൻ കാണുന്നതെന്നു് ഹെന്നിയ്ക്കു തോന്നി. താൻ എല്ലാററി

നും മുകളിലായിരുന്നപ്പോഠം, ഒരു നിധി നേടാമെന്നുള്ള ധാരണ, സുരക്ഷിതബോധം അവഠംക്കു നൽകിയിരുന്നു. അപ്പോഠം അവഠം അഹംഭാവിയും അത്യധികം ആത്മവിശ്വാസമുള്ളവളുമായി കാണപ്പെട്ടു. ഇപ്പോഠം തന്റെ ഏകാഭിലാഷം ഛിന്നഭിന്നമായിത്തീരുകയാൽ അവഠം ഒരു ഭയങ്കര ശിക്ഷ പ്രതീക്ഷിക്കുകയാണ്.

"ഞാൻ എന്തുചെയ്യും?" അവഠം കരഞ്ഞുകൊണ്ടു പറഞ്ഞു: "എന്നെ സഹായിക്കണെ. ഞാൻ അച്ഛഗത്തിനോടെന്തുപറയും?"

അതിനു മറുപടി പറഞ്ഞതു വില്ലിയായിരുന്നു: "സത്യം തുറന്നുപറയുക."

"ഞാൻ പറയും!" അവഠം മെല്ലെ പറഞ്ഞു: "ഞാൻ നിങ്ങളോടു വാഗ്ദാനം ചെയ്യുന്നു, ഞാൻ സത്യം തുറന്നുപറയും." അവഠം വളരെ വിനീതയായിപറഞ്ഞു.

വില്ലി ഹണിയുടെ കരം ഗ്രഹിച്ചു. "നീ വളരെ വൈകിയിരിക്കുന്നു. ഈ കാര്യങ്ങളെപ്പററി നീ നേരത്തെതന്നെ ആലോചിക്കേണ്ടിയിരുന്നു. വരൂ ഹണി, നമുക്കു പോകാം."

ഹണി പിന്നെയും നിന്നു. അവഠം ഭയചകിതങ്ങളായ ആ കണ്ണുകളിലേയ്ക്കു നോക്കി; അവഠം പലതും ചിന്തിച്ചു. കടകളുടെ ജാലകങ്ങളിലൂടെ എത്തിനോക്കുന്ന ആ ചെറിയ പെൺകുട്ടിയെ അവഠം സ്മരിച്ചു. സ്വസഹോദരനേയും അവളോർത്തു. അയാളുടെ നേർക്ക് എങ്ങനെയാണ് സഹായഹസ്തം നീട്ടപ്പെട്ടതെന്നും, അതില്ലായിരുന്നുവെങ്കിൽ തൻെറ കർമ്മഫലം കൊണ്ടുതു

ന്നെ അയാളും നശിക്കമായിരുന്നുവെന്നും അവഠം അറി ഞ്ഞു. അപകചമതികളായ പലരും ഈ ലോകത്തിലു ണ്ടു്. അവരെ രക്ഷിക്കേണ്ടതു മററുള്ളവരുടെ ധർമ്മ മാണു്. ജയയെ ആ നിലയിൽ കണ്ടുകൊണ്ടു് മുറിവി ട്ടിറങ്ങുന്നതിൽ യാതൊരപാകതയും ഇല്ല. അവരുടെ ജീവിതത്തിൽനിന്നു് അവളെ ബഹിഷ്കരിക്കുവാനും നിവൃത്തിയില്ല. കമ്പനിയുടെ വേതനം പററുന്നവരു ടെ കൂട്ടത്തിൽ അവരൊന്നിച്ചു ജീവിക്കേണ്ടവരാണു്. പുതിയ കമ്പനികളുടെ പങ്കാളികളാകുന്നപക്ഷം അ വർ അതിലും കൂടുതൽ സമ്പക്കം പുലത്തേണ്ടിവരും. അതെ, അങ്ങനെയാണു് വില്ലി ഒരിക്കൽ പറഞ്ഞതു്. നാം നിത്യവും ഇടപെടുന്ന ആളുകളെ തിരഞ്ഞെടുക്കു വാൻ പ്രയാസമാണു്. ജയയെ നന്നാക്കുവാൻ സഹാ യിക്കണം. അതാണു ജീവിതമഹത്വം. പീററിനെ ഈ നിലയിൽ എത്തിക്കുവാൻ ഒരാളുടെ സഹായം ആ വശ്യമായി വന്നില്ലേ? അയാളെ ആരും വിശ്വസി ക്കുകയോ സഹായിക്കുകയോ ചെയ്യാതിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?

"പണത്തിൽനിന്നും കുറച്ചു് അവരുടെ ശസ്ത്രക്രി യയ്ക്കു ചെലവായിപ്പോയി. ബീനായ്ക്കുവേണ്ടി ഞാൻ പറയുകയല്ല. ഈ പരിതഃസ്ഥിതിയിൽ അവഠം ബാ ക്കിയുള്ള പണം കൈവശം വെയ്ക്കുമെന്നു് ഞാൻ വി ചാരിക്കുന്നില്ല. ഞാൻ എന്നെക്കൊണ്ടു കഴിയുന്നതു ചെയ്യാം." ഹണി ജയയോടു പറഞ്ഞു.

ജയയുടെ പ്രവൃത്തി ആശ്ചര്യകരമായിരുന്നു. അവരം ഫണിയുടെ കരം ഗ്രഹിച്ചു. അവളുടെ ശിരസ്സ് ഫണിയുടെതോളിൽ അർപ്പിക്കുകയും ചെയ്തു. അല്പസമയത്തേയ്ക്കുമാത്രം—വാക്കുകൾക്കതീതമായ വിധത്തിലുള്ള വികാരങ്ങൾ അവളനുഭവിക്കുന്നതായി തോന്നി.

വില്ലിയും ഫണിയും അവിടെനിന്നു പുറപ്പെട്ടു. അവർ വീട്ടിലേയ്ക്കു പോകുകയാണ്, ആനന്ദനിർവൃതിയിലാണ്ടുകൊണ്ട്, പ്രേമമകരന്ദം നുകർന്നുകൊണ്ട്.

"ഫണീ, നിൻെറ സ്വഭാവം അത്ഭുതാവഹംതന്നെ. നിനക്ക് എങ്ങനെ അവളോടു ദയ കാണിക്കുവാൻ കഴിഞ്ഞു?"

"എങ്ങനെ ഞാൻ കരുണ കാണിക്കാതിരിക്കും?" അവളുടെ ശിരസ്സ് അവനമ്രമായി. "ഓ, വില്ലി, വളരെ വളരെയേറെ എനിക്കു തിരിച്ചുകിട്ടി. അപ്പോൾ കൃതജ്ഞത കാണിക്കേണ്ടതല്ലെ? ഞാൻ ഒരു നല്ല പാഠം പഠിച്ചു."

"അതെ, എനിക്കറിയാം." വ്രീളയും ആനന്ദവും കലന്ന അവളുടെ കുവലയനയനങ്ങളിലേയ്ക്കു ഉററുനോക്കിക്കൊണ്ടു് വില്ലി പറഞ്ഞു. "ഫണീ, നീ ഇതു് ആരംഭത്തിൽതന്നെ എന്നെ അറിയിച്ചിരുന്നെങ്കിൽ ഇതൊന്നും സംഭവിക്കുമായിരുന്നില്ല."

"അമ്മയും അങ്ങനെ പറഞ്ഞു, ഞാൻ കഴിയുന്നതിലധികം ചുമക്കുകയാണെന്നു്. മററുള്ളവരുടെ ഉപദേശം ആരായേണ്ടതാണെന്നു ഞാൻ ഇപ്പോൾ മനസ്സിലാക്കി. ഞാൻ നല്ല കാര്യങ്ങൾ മാത്രം മററുള്ളവക്

പങ്കുവെയ്ക്കുവാൻ ആഗ്രഹിച്ചു. ചീത്തയായിട്ടുള്ള ഭാഗം എനിക്കുവേണ്ടിയും കരുതി." അവരം കൂടുതൽ ആത്മാത്ഥതയോടെ തുടൎന്നു: "ജയയ്ക്കു തെററുപററിയതുകൊണ്ടല്ല, എല്ലാം അങ്ങനെ പരിണമിക്കുകയാണു ചെയ്തതു്. എന്തുതന്നെ സംഭവിച്ചാലും ഞാൻ വില്ലിയെ അറിയിക്കേണ്ടതായിരുന്നു. ഇതാണു ഞാൻ പഠിച്ച പാഠം. ഞാൻ ഒരിക്കലും മറക്കാത്ത ഒന്നു്. അങ്ങയുടെ ജോലി നഷ്ടപ്പെട്ടാലും വേണ്ടില്ലായിരുന്നു, ഞാൻ പറയേണ്ടതായിരുന്നു."

"തീർച്ചയായും." വില്ലി പറഞ്ഞു. "എന്തുതന്നെ സംഭവിച്ചിരുന്നാലും നാം ഒന്നിച്ചിരിക്കുമായിരുന്നു. സത്യം പറഞ്ഞതുകൊണ്ടു് കമ്പനി എന്നെ ബഹിഷ്കരിക്കുമായിരുന്നെന്നു് എനിക്കു തോന്നുന്നില്ല. കമ്പനിയ്ക്കു മനുഷ്യത്വം ഇല്ലാതില്ല. ഒരു മനുഷ്യൻെറ ആത്മാത്ഥതയെപ്പററി അവർ അന്ധരുമല്ല. അഥവാ അവർ എന്നെ പുറത്താക്കിയിരുന്നെങ്കിൽ ഞാൻ മറെറന്തിനെങ്കിലും ശ്രമിക്കുമായിരുന്നു. അതെ, നീ അപ്പോരം എൻെറകൂടെ ഉണ്ടായിരിക്കുമല്ലൊ. അതാണു വേണ്ടിയിരുന്നതു്. ഞാൻ ജോലി ഉപേക്ഷിക്കുവാൻ പോകുയായിരുന്നു. നമ്മുടെ ഇടയ്ക്കുള്ള തടസ്സങ്ങരം നീങ്ങി എല്ലാം ശരിയായി തെളിയേണ്ടിയിരുന്നു" അയാരം അവളുടെ ഭംഗിയുള്ള തലമുടി തലോടി. "ഞാൻ അന്നു നിൻെറ മുടിയിൽ ചൂടിയ ആ പുഷ്പം നീ ഓക്കുന്നുണ്ടോ? അതിൻെറ അത്ഥവും?"

"ഉവ്വ് ഞാനോക്കുന്നു." അവരം മെല്ലെ പറഞ്ഞു.

"ഞാൻ അതു പഠിച്ചുകഴിഞ്ഞു—വിശ്വസ്ഥത. ഇപ്പോഠം ഞാൻ വാഗ്ദാനം ചെയ്യുകയാണു്—എന്തു സംഭവിച്ചാലും എന്തിനോടു നേരിട്ടാലും പരസ്പരം വിശ്വസിക്കുക. എന്തുതന്നെ വിലയായാലും ഞാൻ അങ്ങുമായി പങ്കുചേർന്നു് അനുഭവിക്കും—നന്മയും ദുരന്തമായവയും."

"ഫണി; ഓമനേ, നാം ഇതാ ഒടുവിൽ ഒന്നിച്ചിരിക്കുന്നു."

പരസ്പരം കൈകോർത്തുകൊണ്ടു് വില്ലിയും ഫണിയും ആ വെള്ളിനിലാവിൽ ഒരു പുതുപുലരിയെ പ്രതീക്ഷിച്ചുകൊണ്ടു് മന്ദം നടന്നുതുടങ്ങി.

★

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. MF3 Acc. No. 79059

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 14 OCT 2006 | | |
| 20 SEP 2008 | | |
| 23 NOV 2014 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

MP3
ANN-H
7൧05൧

അന്നി ജോസഫ്

ഹണി.